പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2011–2014)

## ഇരുപത്തിനാലാമത് റിപ്പോർട്ട്

(2014 ജനുവരി 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002–03 മുതൽ 2004–05 വരെയുള്ള വർഷങ്ങളിലേക്കുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള കണ്ണൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്**

519/2014.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 93 |
| അനുബന്ധം II : സർക്കാരിൽനിന്നും ലഭിച്ച മറുപടി | .. | 132 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)

## ഘടന

<u>അദ്ധ്യക്ഷൻ</u>

ശ്രീ. വർക്കല കഹാർ

<u>അംഗങ്ങൾ</u>

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. അച്ചുതൻ

,, എം. ചന്ദ്രൻ

,, കെ. കെ. ജയചന്ദ്രൻ

,, മുല്ലക്കര രത്നാകരൻ

,, എൻ. ഷംസുദ്ദീൻ *

,, കെ. ശിവദാസൻ നായർ

,, പി. ശ്രീരാമകൃഷ്ണൻ

,, ജി. സുധാകരൻ

,, എം. എ. വാഹിദ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

---

* ശ്രീ. കെ.എൻ.എ. ഖാദർ, എം.എൽ.എ. സമിതി അംഗത്വം രാജിവെച്ച ഒഴിവിലേക്ക് 2012 ജൂൺ 20 പ്രാബല്യത്തിൽ തെരഞ്ഞെടുക്കപ്പെട്ടു.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതിയുടെ (2011-14) ഇരുപത്തിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ (2002-03 മുതൽ 2004-05 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള കണ്ണൂർ ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2013 സെപ്റ്റംബർ 11-ാം തീയതി ചേർന്ന സമിതിയോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2014 ജനുവരി 23.

# റിപ്പോർട്ട്

## കണ്ണൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചത്

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03 മുതൽ 2004-05 വരെയുള്ള സമാഹൃത റിപ്പോർട്ടുകളിലെ ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്).

## ഉദയഗിരി ഗ്രാമപഞ്ചായത്ത്

## (1998 – 1999)

ഓഡിറ്റ് ഖണ്ഡിക

**മണ്ണിന് അധിക വില നൽകിയത്-അനുവദിക്കുന്നില്ല**

ഉപാധിരഹിത ഫണ്ടുപയോഗിച്ച് നടപ്പാക്കിയ എഴുപുറത്തോട് കൾവർട്ട് അപ്രോച്ച് റോഡ് നിർമ്മാണത്തിനാവശ്യമായ 55 ക്യൂബിക് മീറ്റർ മണ്ണിന് പ്രാദേശിക നിരക്കിൽ ക്യൂ.മീറ്ററിന് 79.30 രൂപ പ്രകാരം 4,362 രൂപ നൽകേണ്ടതിന് പകരം 550 ക്യൂ.മീറ്ററിന് 43,615 രൂപ നൽകിയിരിക്കുന്നു. 55 ക്യൂ.മീ. മണ്ണിന്റെ വില നൽകണമെന്ന കരാറുകാരന്റെ അപേക്ഷ ഉണ്ടായിട്ടും ഇത്രയധികം അളവ് വ്യത്യാസത്തിൽ അധികതുക നൽകിയത് ഗുരുതരമായ സാമ്പത്തിക തിരിമറിയായി കണക്കാക്കേണ്ടതാണ്. അധികമായി ചെലവ് ചെയ്ത 39,253 രൂപ പലിശയുൾപ്പെടെ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

കൂടാതെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത എട്ട് ഗുണഭോക്താക്കൾക്ക് 2,500 രൂപ വീതം ആനുകൂല്യം നൽകിയതുവഴി പദ്ധതിവിഹിതത്തിൽ 20,000 രൂപയുടെ നഷ്ടം പദ്ധതി ഫണ്ടിന് ഉണ്ടായിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.13.1(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റിൽനിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ചട്ടം ലംഘിച്ച് മണ്ണിന് അധികവില നൽകിയെന്ന ഓഡിറ്റ് പരാമർശത്തിന് വിശദീകരണം നൽകിയിട്ടുണ്ടോയെന്നും, എത്ര രൂപയാണ് അധികം നൽകിയത് എന്നുമുള്ള സമിതിയുടെ ചോദ്യത്തിന്, 39,253 രൂപ അധികമായി ചെലവു ചെയ്തു എന്നാണ് ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ളതെന്നും, എഴുപുറത്തോട് കൾവർട്ട് അപ്രോച്ച് റോഡ് നിർമ്മാണപ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ മെഷർമെന്റ് ബുക്ക് ഓഡിറ്റ് സമയത്ത് ഹാജരാക്കാൻ സാധിക്കാതെ പോയതാണ് ഇപ്രകാരം ഓഡിറ്റ് പരാമർശം ഉണ്ടാകാൻ കാരണമെന്നും ഉദയഗിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പിന്നീട് എം.ബുക്ക് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സർച്ചാർജ്ജ് നടപടികളിൽനിന്നും ഒഴിവാക്കിയതായും സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

2. സമിതിയുടെ പരിഗണനയിലിരുന്ന വിഷയം ലോക്കൽ ഫണ്ട് ഓഡിറ്റ് ഒഴിവാക്കുന്നതെങ്ങനെയാണെന്നുള്ള സമിതിയുടെ ചോദ്യത്തിന്, പ്രവൃത്തി സംബന്ധമായ എം.ബുക്ക് പരിശോധനയ്ക്കായി ആദ്യം നൽകിയിരുന്നില്ലെന്നും, രണ്ടാമത് പരിശോധിച്ചതിൽ ആവശ്യമായ മണ്ണിന്റെ അളവ് അടിസ്ഥാനമാക്കിയാണ് കൺവീനർക്ക് തുക നൽകിയതെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സർച്ചാർജ്ജ് നടപടികളിൽനിന്നും ഒഴിവാക്കാൻ ഡയറക്ടറോട് അപേക്ഷിക്കുക മാത്രമാണ് ചെയ്തതെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

3. ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചത് സംബന്ധിച്ച രേഖകൾ ഉണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, പഞ്ചായത്ത് മിനിറ്റ്സ് ബുക്കിൽ ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ ഉണ്ടെന്നും, ആയതിന്റെ രേഖകൾ കൊണ്ടുവന്നിട്ടുണ്ടെന്നും ഉദയഗിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

4. ഓഡിറ്റ് പരിശോധനാ സമയത്ത്, ആധികാരിക രേഖകളായ എം.ബുക്ക്, മിനിറ്റ്സ് എന്നിവ നൽകി വിശദീകരിച്ചിരുന്നെങ്കിൽ നേരത്തേതന്നെ ഓഡിറ്റ് പരാമർശം ഒഴിവാക്കാമായിരുന്നുവെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പുമായി സഹകരിക്കാത്തതുകൊണ്ടാണ് സമിതി മുൻപാകെ ഹാജരാകേണ്ടിവന്നതെന്നും സമിതി അഭിപ്രായപ്പെടുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**5. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനാ സമയത്ത് ആധികാരിക രേഖയായ എം.ബുക്ക് ഹാജരാക്കാത്തതാണ് 'ചട്ടം ലംഘിച്ച് മണ്ണിന് അധികവില നൽകി' യെന്ന ഓഡിറ്റ് പരാമർശത്തിന് ഇടയാക്കിയതെന്ന് സമിതി മുൻപാകെ ഹാജരാക്കിയ രേഖകളിൽനിന്നും തെളിവെടുപ്പ് വേളയിൽ നൽകിയ മറുപടിയിൽ നിന്നും സമിതിക്ക് ബോധ്യമായി. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാസമയത്ത് സമർപ്പിച്ച രേഖകളിൽനിന്നും ആവശ്യമായ മണ്ണിന്റെ അളവ് കണക്കാക്കിയാണ് കൺവീനർക്ക് തുക നൽകിയതെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർച്ചാർജ്ജ് നടപടികളിൽനിന്നും ഒഴിവാക്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശിച്ചിട്ടുള്ളതായും സമിതി നിരീക്ഷിച്ചു.**

**6. ഓഡിറ്റ് സമയത്ത് ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ രേഖപ്പെടുത്തിയ മിനിട്സ് ബുക്ക് ഹാജരാക്കാത്തതാണ് 'ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയതുവഴി നഷ്ടം സംഭവിച്ചുവെന്ന' ഓഡിറ്റ് പരാമർശത്തിന് വഴിതെളിച്ചതെന്ന് സമിതി വിലയിരുത്തുന്നു. ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ രേഖപ്പെടുത്തിയ മിനിട്സ് ബുക്ക് ഉദയഗിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി തെളിവെടുപ്പ് വേളയിൽ സമിതി മുൻപാകെ ഹാജരാക്കുകയും ആയത് സമിതിക്ക് നേരിട്ട് ബോധ്യപ്പെടുകയും ചെയ്തു.**

**7. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചതിൻപ്രകാരമുള്ള നഷ്ടം പദ്ധതി നടത്തിപ്പിൽ സംഭവിച്ചിട്ടില്ലെന്നും മറിച്ച് ഓഡിറ്റിന് രേഖകൾ സമർപ്പിക്കുന്നതിൽ വീഴ്ചയാണുണ്ടായിരിക്കുന്നതെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഓഡിറ്റ്**

**ഖണ്ഡികയിലെ തുകകൾക്കുള്ള തടസ്സങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, ലോക്കൽ ഫണ്ട് ഓഡിറ്റിനെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതാണെന്നും പരിശോധനാവേളയിൽ മതിയായ രേഖകൾ യഥാസമയം സമർപ്പിച്ച് ഇത്തരം തടസ്സങ്ങൾ ഒഴിവാക്കുവാൻ ബദ്ധശ്രദ്ധരാകണമെന്നും സമിതി ആവശ്യപ്പെടുന്നു.**

## കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

## (1997–1998)

ഓഡിറ്റ് ഖണ്ഡിക

**ചെലവിന്റെ അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല-അനധികൃത ചെലവ്-തുക തടസ്സപ്പെടുത്തുന്നു**

1997-98-ലെ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി നിർവ്വഹിച്ചിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ ഗുരുതരമായ ക്രമക്കേടുകളും അലംഭാവവും ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, ചെലവ്, അപ്രോപ്രിയേഷൻ രജിസ്റ്റർ, വർക്ക് ബിൽ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ബന്ധപ്പെട്ട ഫയലുകൾ, അളവു പുസ്തകങ്ങൾ എന്നിവയൊന്നും നിയമാനുസൃതം പരിപാലിക്കാതെ വളരെ ലാഘവബുദ്ധിയോടെ 51 വൗച്ചറുകളിലായി (1/7-3-1998 മുതൽ 61/2-6-1998 വരെ) 10,65,805 രൂപ ചെലവു ചെയ്തിട്ടുണ്ട്.

ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് നിർവഹിച്ച പ്രവൃത്തികളിലും മേൽക്കാണിച്ച എല്ലാ ക്രമരഹിത നടപടികളും സ്വീകരിച്ചിട്ടുള്ളതായി കാണുന്നു. യാതൊരു രേഖയുമില്ലാതെ ലക്ഷക്കണക്കിനു രൂപ നിർഭയം അലസമായി ചെലവഴിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കാണിച്ച രീതി സാമ്പത്തിക അച്ചടക്കത്തിന്റെ ബോധപൂർവ്വമുള്ള ലംഘനമാണ്. ഈയിനത്തിൽ 55 വൗച്ചറുകളിലായി (13/11-4-1997 മുതൽ 541/31-3-1998 വരെ) 9,61,584 രൂപ ചെലവു ചെയ്തിട്ടുണ്ട്. ടി ചെലവുകളുടെ നിജസ്ഥിതി ബോദ്ധ്യപ്പെടുന്നതിന് ഭരണ വകുപ്പിന്റെ അന്വേഷണം ശിപാർശ ചെയ്യുന്നതോടൊപ്പം ടി ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.13.2(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റിൽനിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് പണിക്ക് അനധികൃതമായി തുക നൽകി**

**(ഓഡിറ്റ് റിപ്പോർട്ട് 2001-02, ഖണ്ഡിക 7)**

അവസാന ബില്ല് തീർപ്പാക്കിയശേഷം മരാമത്ത് പണിക്ക് 10,000 രൂപ നൽകി. കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ നരിപ്പോട്ടുകരികുളം അഭിവൃദ്ധിപ്പെടുത്തൽ വേലയ്ക്കാണ് അന്യായമായി അധികം തുക നൽകിയത്.

പദ്ധതിക്ക് വിദഗ്ധ സമിതി സാങ്കേതികാനുമതി നൽകിയത് 65,000 രൂപയ്ക്കായിരുന്നു. 32,950 രൂപ മുൻകൂർ കൈപ്പറ്റിയ പണിയുടെ പ്രവൃത്തിമൂല്യം സാങ്കേതികാനുമതി തുകയിൽ പരിമിതപ്പെടുത്തി നികുതികൾ കിഴിച്ച് ബാക്കി 28,640 രൂപ കൺവീനർക്ക് നൽകി. 16-8-2000-ൽ അവസാന ബില്ല് തീർപ്പാക്കി. തുടർന്ന് 24-12-2001-ലെ പഞ്ചായത്തു കമ്മിറ്റി തീരുമാനമനുസരിച്ച് 31-12-2001-ൽ കൺവീനർക്ക് 10,000 രൂപ അധികം നൽകി. പണിയുടെ മെഷർമെന്റ് പ്രകാരം കമ്മിറ്റിക്ക് 10,000-ത്തിൽ അധികം രൂപ നൽകാനുണ്ടായിരുന്നെന്നും ആക്ഷൻ പ്ലാനിൽ അംഗീകരിച്ച പ്രകാരം 10,000 രൂപ നൽകുവാനുമായിരുന്നു പഞ്ചായത്ത് കമ്മിറ്റിതീരുമാനം.

അളവുമൂല്യം കണക്കാക്കിയാണ് അവസാനബില്ല് തീർപ്പാക്കിയത്. തുടർന്ന് 16 മാസങ്ങൾക്ക് ശേഷമാണ് പഞ്ചായത്ത് ഇങ്ങനെ തീരുമാനിച്ചത്. പ്രാദേശികനിരക്കിൽ മൂല്യം നിർണ്ണയിച്ച് 30 ശതമാനം അധികനിരക്ക് കൂടി ചേർത്താണ് കൺവീനർക്ക് പണം നൽകിയത്. വീണ്ടും 10,000 രൂപ കൂടി നൽകിയതിന് നീതീകരണമില്ല. എം.ബുക്കിലെ രേഖപ്പെടുത്തലുകൾക്ക് വിരുദ്ധവും സാങ്കേതികാനുമതി ലഭിച്ചതിൽ അധികരിച്ചിട്ടുള്ളതുമായ ടി പേമെന്റ് നിരാകരിക്കുന്നു. ഭരണസമിതിയുടെ തെറ്റായ തീരുമാനത്താൽവന്ന നഷ്ടമായതിനാൽ ടി നഷ്ടം ഉത്തരവാദിയായ പ്രസിഡന്റ്, സെക്രട്ടറി എന്നിവരിൽനിന്നും ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2003-04-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.16)

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റിൽനിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**വീട് അറ്റകുറ്റപ്പണി-ആനുകൂല്യം നൽകിയതിന് തെളിവില്ല**

**(ഓഡിറ്റ് റിപ്പോർട്ട് 1999-2000, ഖണ്ഡിക 25)**

വീട് അറ്റകുറ്റപ്പണിക്ക് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചതിന് തെളിവില്ല.

പദ്ധതി ആനുകൂല്യം ലഭിച്ചെന്നോ അറ്റകുറ്റപ്പണി നടത്തിയെന്നോ സമ്മതിച്ചുള്ള ഗുണഭോക്താക്കളുടെ രസീത് ഹാജരാക്കിയില്ല. മാത്രമല്ല മൂല്യനിർണ്ണയ രേഖകളും മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ടുമില്ല.

1999-2000-ത്തിലേതാണ് പദ്ധതി. 25 പേരെ ഗുണഭോക്താക്കളായി തിരഞ്ഞെടുത്തിരുന്നു. ഗുണഭോക്തൃ സമിതി കൺവീനർക്ക് മുൻകൂറായി പദ്ധതിവിഹിതം 1,10,000 രൂപ നൽകിയതായി കാണുന്നു.

മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമല്ലെങ്കിൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ലെന്നും ചെലവുതുക പാഴായി കണക്കാക്കി തിരിച്ചുപിടിക്കണമെന്ന എം.എസ്. 43/99 തീയതി 24-9-1999 സർക്കാർ ഉത്തരവിലെ നിർദ്ദേശാനുസരണം തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.I.3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റിൽനിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**പൂർത്തിയാക്കിയ മരാമത്ത് വേലയ്ക്ക് വീണ്ടും ചെലവ്**

**(ഓഡിറ്റ് റിപ്പോർട്ട് 2001-2002, ഖണ്ഡിക 7)**

അവസാന ബില്ല് തീർപ്പാക്കിയ മരാമത്ത് പണിക്ക് 16 മാസങ്ങൾക്ക് ശേഷം വീണ്ടും ചെലവ്.

ഗുണഭോക്തൃ സമിതി നിർവ്വഹിച്ച നരിപ്പോട്ടുകരികുളം അഭിവൃദ്ധി വേലയുടെ പേരിലാണ് 10,000 രൂപ 12/2001-ൽ പിൻവലിച്ചത്. പണിയുടെ അവസാന ബില്ല് 8/2000-ൽ തീർപ്പാക്കിയിരുന്നു. വീണ്ടും പണം നൽകിയതിന് വ്യക്തമായ വിശദീകരണമില്ല. മാത്രമല്ല പണിയുടെ മൂല്യനിർണ്ണയ രേഖകൾക്ക് വിരുദ്ധവുമാണ്. അതിനാൽ 10,000 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.I.3.2)

ഓഡിറ്റ് ഖണ്ഡിക

**പ്രിന്റിംഗ് പ്രസ്സ് നിർവ്വഹണ രേഖയില്ല**

**(ഓഡിറ്റ് റിപ്പോർട്ട് 2001-2002, ഖണ്ഡിക 15)**

പദ്ധതി നിർവ്വഹണ രേഖകളില്ലാതെ 1.5 ലക്ഷം രൂപ പിൻവലിച്ചു. 2000-2001-ലെ വനിതകൾക്ക് മിനി ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സ് എന്ന പദ്ധതിയുടെ പേരിലാണ് 3/01-ൽ തുക പിൻവലിച്ചത്. പദ്ധതി ലക്ഷ്യം നേടിയോ എന്നറിയാൻ പദ്ധതി നിർവ്വഹണരേഖകൾ ഒന്നും ഓഡിറ്റിന് 31-3-2002 വരെ ഹാജരാക്കിയിട്ടില്ല.

രേഖയില്ലാത്ത ചെലവ് ധനാപഹരണത്തിന് തുല്യമാണ്. തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.I.3.3)

ഓഡിറ്റ് ഖണ്ഡികകൾക്ക് ഗവൺമെന്റിൽനിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

8. കീഴല്ലൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച അഞ്ച് ഓഡിറ്റ് പരാമർശങ്ങളിൽ പരാമർശവിധേയനായ മുൻ സെക്രട്ടറി ശ്രീ. ബാലചന്ദ്രൻ സസ്പെൻഷനിലിരിക്കെ 31-10-2005-ന് റിട്ടയർ ചെയ്യുകയും 3-8-2006-ന് അദ്ദേഹം മരണപ്പെടുകയും ചെയ്ത സാഹചര്യത്തിൽ ടിയാന്റെ ഡി.സി.ആർ.ജി.-യിൽ നിന്നും തുക ഈടാക്കണമെന്ന്

സമിതി അഭിപ്രായപ്പെട്ടു. മൂന്ന് വർഷം കഴിഞ്ഞാൽ ഡി.സി.ആർ.ജി.-യിൽ നിന്നും പണം ഈടാക്കാൻ കഴിയില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഗവൺമെന്റ് ലയബിലിറ്റിക്ക് ലിമിറ്റേഷൻസ് ഇല്ലെന്നും, ഇതേ കാരണം പറഞ്ഞ് തുക ഈടാക്കാതിരുന്ന സെക്രട്ടറിക്കെതിരെ നടപടിയെടുക്കാൻ സമിതി ശിപാർശ നടത്തിയിട്ടുള്ളതായും സമിതി ചൂണ്ടിക്കാണിച്ചു.

9. ശ്രീ. ബാലചന്ദ്രന്റെ ഡി.സി.ആർ.ജി. രണ്ടു ലക്ഷത്തിൽ താഴെ മാത്രമാണു ള്ളതെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു. റിട്ടയർ ചെയ്യുന്നതു വരെയും ബാലചന്ദ്രനെ സസ്പെൻഷനിൽ നിറുത്തുകയും, ഇദ്ദേഹത്തിന്റെ കാര്യത്തിൽ കാര്യമായ തീരുമാനം എടുക്കാതിരുന്നത് മൂന്നു വർഷം കഴിഞ്ഞാൽ ഡി.സി.ആർ.ജി.യിൽ നിന്ന് തുക ഈടാക്കാൻ സാധിക്കില്ലെന്നുള്ള പ്രതീക്ഷ കൊണ്ടായിരിക്കാമെന്ന് സമിതി അഭിപ്രായപ്പെട്ടു.

10. ലയബിലിറ്റി ഫിക്സ് ചെയ്യാതെ ഡി.സി.ആർ.ജി.യിൽ നിന്ന് തുക ഈടാക്കാൻ സാധിക്കില്ലെന്നും, ശ്രീ. ബാലചന്ദ്രന്റെ പേരിലുള്ള മുഴുവൻ ലയബിലിറ്റിയും ഫിക്സ് ചെയ്ത് മുപ്പത് ദിവസത്തിനുള്ളിൽ ലോക്കൽ ഫണ്ട് ഓഡിറ്റിന് പരിശോധനയ്ക്കായി നൽകണമെന്നും സമിതി സെക്രട്ടറിയോട് ആവശ്യപ്പെട്ടു.

11. ഓഡിറ്റ് പരാമർശങ്ങളെക്കുറിച്ച് കീഴല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം സമിതി ആരാഞ്ഞതിന് റോഡ് പ്രവൃത്തികളിൽ, തുടർന്ന് വികസന പ്രവർത്തനങ്ങൾ നടത്താത്തതിനാലും കാലപ്പഴക്കമുള്ളതിനാലും പ്രവൃത്തി ചെയ്ത സമയത്തെ അവസ്ഥ മനസ്സിലാക്കാൻ കഴിയുന്നില്ലെന്ന് അദ്ദേഹം അറിയിച്ചു. ചെലവ് ചെയ്ത തുക സംബന്ധിച്ച രേഖകൾ ഒന്നും ലഭ്യമല്ലാത്ത സാഹചര്യത്തിൽ സൃഷ്ടി ക്കപ്പെട്ട ആസ്തികൾ പരിശോധിച്ചതിൽനിന്നും രണ്ട് കെട്ടിടങ്ങൾ, എട്ട് നടപ്പാലങ്ങൾ എന്നിവ ഇപ്പോഴും നല്ലനിലയിൽ ഉപയോഗിച്ചുവരുന്നതായി കീഴല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തുടർന്ന് അറിയിച്ചു.

12. ചെലവിന് അനുബന്ധമായ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ നല്ല നിലയിൽ ഉപയോഗിച്ചുവരുന്നുവെന്നുള്ള സ്റ്റേറ്റ്മെന്റിന് അർത്ഥമില്ലെന്നും, പ്രവൃത്തികൾ നടന്ന് പത്ത് വർഷമായതുകൊണ്ട് സബ്സിഡിയായി ഏതെങ്കിലും പദ്ധതി വിഹിതമോ, മറ്റ് ഏതെങ്കിലും ഫണ്ട് ഉപയോഗിച്ചോ പൂർത്തീകരിച്ചിരിക്കാമെന്ന് സമിതി അഭിപ്രായ പ്പെടുകയും ഇത്തരം കാര്യങ്ങൾ നോക്കേണ്ട എ.ഡി.പി., സെക്രട്ടറി എന്നിവർ ഇതിനെ കുറിച്ചൊന്നും പഠിക്കാതെയാണ് സമിതി മുൻപാകെ ഹാജരായിട്ടുള്ളതെന്നും സമിതി ചൂണ്ടിക്കാണിച്ചു.

13. സൃഷ്ടിക്കപ്പെട്ടിട്ടുള്ള ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയതിനുശേഷം, ശ്രീ. ബാലചന്ദ്രന്റെ പേരിലുള്ള ലയബിലിറ്റി ഫിക്സ് ചെയ്തതിന്റെ റിപ്പോർട്ട് പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുവാൻ എ.ഡി.പി.യോട് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തെത്തുടർന്ന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നും 7-4-2009-ലെ എൽ.എഫ്. 3196/സ്പെ.സെൽ.ജി2/09 നമ്പർ കത്തുപ്രകാരം ലഭിച്ച പുനഃപരിശോധന റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

14. 2002-03 ഖണ്ഡിക 7-13-2-1 പ്രകാരമുള്ള ഓഡിറ്റ് തടസ്സത്തിന്മേലുള്ള പരിശോധനയിൽ 17 നിർമ്മാണപ്രവൃത്തികളിൽ ഉണ്ടായ ബാദ്ധ്യത 2,81,258 രൂപയും റോഡ് പ്രവൃത്തികളിലുണ്ടായ ബാദ്ധ്യത 6,55,298.80 രൂപയും ചേർത്ത് 9,36,556.80 രൂപ നഷ്ടമുള്ളതായി എ.ഡി.പി. റിപ്പോർട്ട് ചെയ്തത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഉപാധിരഹിത ഫണ്ടുപയോഗിച്ച് 55 വൗച്ചറുകളിലായി 9,61,584 രൂപ ചെലവ് ചെയ്തതിൽ 3,53,059 രൂപയുടെ ചെലവ് വിവരം മാത്രമേ കണ്ടെത്തുവാൻ സാധിച്ചിട്ടുള്ളു എന്നും എ.ഡി.പി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വർക്ക് രജിസ്റ്ററോ, റോഡ് രജിസ്റ്ററോ സൂക്ഷിക്കാത്തതിനാലും കേഷ്ബുക്കിൽ ഏത് പ്രവൃത്തിക്ക് തുക നൽകി എന്ന് രേഖപ്പെടുത്താത്തതിനാലും ചെക്ക് കൗണ്ടർ ഫോയിലിൽ പ്രവൃത്തിയുടെ പേര് എഴുതാത്തതിനാലും ചെക്കുകളിൽ സെൽഫ് എന്ന് മാത്രം എഴുതിയതിനാലും തുടർ വർഷങ്ങളിൽ അനുബന്ധ പ്രവൃത്തികൾ നടന്നുവോ എന്ന് കണ്ടെത്താനായില്ല എന്നും എ.ഡി.പി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

15. 2003-04 ഖണ്ഡിക 3-13-16, 2004-05 ഖണ്ഡിക 3-13-1-3-2 പ്രകാരവും ഉള്ള ബാദ്ധ്യത 10,000 രൂപ പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് തുല്യ ഉത്തരവാദിത്വമാണെന്ന എ.ഡി.പി.യുടെ ശിപാർശ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

16. 2004-05 വർഷത്തെ 3-13-1-3-1 പ്രകാരമുള്ള ഓഡിറ്റ് തടസ്സം 1,10,000 രൂപയുടേതായിരുന്നു. 19 ഗുണഭോക്താക്കൾ 5,000 രൂപ വീതം കൈപ്പറ്റി വീട് അറ്റകുറ്റപ്പണി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട വീടുകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ട കാര്യവും എ.ഡി.പി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 6 ഗുണഭോക്താൾ 2,500 രൂപ വീതം കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത തുക തിരികെ ഈടാക്കാത്തതിനാൽ 15,000 രൂപ ബാദ്ധ്യതയായി എ.ഡി.പി. റിപ്പോർട്ട് ചെയ്തത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

17. 2002-03, 2003-04, 2004-05 വർഷങ്ങളിലെ സമാഹൃത റിപ്പോർട്ടുകളിൽ പറഞ്ഞിരിക്കുന്ന തടസ്സങ്ങൾ പ്രകാരമുള്ള ആകെ ബാദ്ധ്യത 9,56,556.80 രൂപയാണെന്ന് കണക്കാക്കി എ.ഡി.പി. സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

### നിഗമനങ്ങൾ/ശിപാർശകൾ

18. കീഴല്ലൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട അഞ്ച് ഓഡിറ്റ് ഖണ്ഡികകളും അവയ്ക്ക് ലഭ്യമാക്കിയ ന്യൂനതാപരിഹാര നടപടി പത്രികയും തെളിവെടുപ്പ് യോഗത്തിൽ ലഭിച്ച മറുപടിയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടും സമിതി വിശദമായി പരിശോധിക്കുകയുണ്ടായി. പുനഃപരിശോധനാ റിപ്പോർട്ട് പ്രകാരം ആകെ 9,36,556.80 രൂപയുടെ നഷ്ടമുണ്ടായിട്ടുള്ളതായി കാണുന്നു. ഇതിൽ നരിപ്പോട്ടുകരികുളം അഭിവൃദ്ധി പ്രവൃത്തിക്കു നൽകിയ 10,000 രൂപ ഒഴികെയുള്ള മുഴുവൻ നഷ്ടത്തിനും അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മാത്രമാണ് ഉത്തരവാദിയെന്ന് സമിതി മനസ്സിലാക്കുന്നു. ടി 10,000 രൂപയുടെ നഷ്ടത്തിന് പഞ്ചായത്ത് സെക്രട്ടറിയും പ്രസിഡന്റും തുല്യ ഉത്തരവാദികളാണെന്നും സമിതി കരുതുന്നു.

19. ഉദ്യോഗസ്ഥരുടെ ബോധപൂർവ്വമോ അല്ലാത്തതോ ആയ അനാസ്ഥ, അലംഭാവം, വീഴ്ച എന്നിവമൂലം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാൻ ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്. ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം യഥാസമയം കണ്ടെത്തി അവ ഒഴിവാക്കാനോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കുവാനോ ആയതിന് ബാദ്ധ്യസ്ഥരായ മേലധികാരികൾക്കായില്ല എന്ന് സമിതി വിലയിരുത്തുന്നു. ഇത്രയും ഭീമമായ തുക ക്രമവിരുദ്ധമായി ചെലവഴിക്കപ്പെട്ടിട്ടും ഒരു തലത്തിലും അവ ശ്രദ്ധിക്കപ്പെട്ടില്ല എന്നത് സമിതിയെ അത്ഭുതപ്പെടുത്തുന്നു. ക്രമക്കേടുകൾ ഓഡിറ്റ് വകുപ്പ് ചൂണ്ടിക്കാട്ടിയതിനു ശേഷം സസ്പെൻഷനിലായ ഉദ്യോഗസ്ഥൻ സസ്പെൻഷനിലിരിക്കെ വിരമിക്കുകയും തുടർന്ന് മരണപ്പെടുകയും ചെയ്തതായി സമിതി മനസ്സിലാക്കുന്നു. ടി ഉദ്യോഗസ്ഥന്റെ പേരിലുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിനുശേഷം ആയതിൻമേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് യാതൊരു രേഖകളും സമിതി മുൻപാകെ സമർപ്പിക്കപ്പെട്ടിട്ടില്ല. സസ്പെൻഷൻ എന്നത് ഒരു ശിക്ഷാനടപടിയല്ല. ജോലിയിൽനിന്നും വിരമിച്ചാൽ, വിരമിക്കുന്ന ഉദ്യോഗസ്ഥന്റെ പേരിൽ എന്തെങ്കിലും ബാധ്യതയുണ്ടെങ്കിൽ ആയത് തിട്ടപ്പെടുത്തി മൂന്നുവർഷത്തിനകം ഈടാക്കണമെന്ന് വ്യവസ്ഥയുള്ളതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെടുന്നു. പ്രസ്തുത പരിമിതി വ്യവസ്ഥകളുടെ ആനുകൂല്യം ലഭിക്കുമെന്ന പ്രതീക്ഷയിലായിരിക്കാം പരാമർശവിധേയനായ സെക്രട്ടറിയുടെ പേരിലുള്ള ബാധ്യത തിട്ടപ്പെടുത്താതെ ടിയാൻ വിരമിച്ചതിനുശേഷം ടിയാന്റെ ഡി.സി.ആർ.ജിയിൽ നിന്നും ലഭ്യമായ തുകയെങ്കിലും ഈടാക്കുവാനുള്ള നടപടിപോലും സ്വീകരിക്കാത്തതെന്ന് സമിതി സംശയിക്കുന്നു. എന്നാൽ, ഒരു സർക്കാർ ഉദ്യോഗസ്ഥൻ ഗവൺമെന്റിന് ബാദ്ധ്യതപ്പെട്ട തുകയ്ക്ക് ഈ പരിമിതി വ്യവസ്ഥ ഇല്ലെന്നാണ് സമിതി മനസ്സിലാക്കുന്നത്. പൊതുപ്പണം ക്രമവിരുദ്ധമായി ചെലവഴിച്ചത് ഓഡിറ്റ് ശ്രദ്ധയിൽപ്പെടുത്തിയിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്ത മേലധികാരികളുടെ നിലപാട് തികച്ചും അപലപനീയമാണ്. ടിയാന്റെ ഡി.സി.ആർ.ജി യിൽ രണ്ട് ലക്ഷത്തിൽ താഴെയുള്ള തുക മാത്രമാണുള്ളതെന്ന് തെളിവെടുപ്പ് വേളയിലെ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ഉദ്യോഗസ്ഥൻ പഞ്ചായത്തിന് നഷ്ടം വരുത്തിയ ഭീമമായ തുകയുമായി താരതമ്യം ചെയ്യുമ്പോൾ നാമമാത്രമായി വരുന്ന ഈ തുകപോലും ഈടാക്കുവാൻ നടപടി സ്വീകരിക്കാത്തത് അക്ഷന്തവ്യമായ കുറ്റമായി സമിതി വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ, ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം, ഉദ്യോഗസ്ഥന്റെ ഡി.സി.ആർ.ജി. വിതരണം ചെയ്തിട്ടില്ലെങ്കിൽ ആയതിൽ നിന്നും, ടിയാന്റെ പേരിലുള്ള സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്നും ഈടാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

20. ഗവൺമെന്റിലേക്ക് ബാദ്ധ്യതപ്പെട്ട തുക ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കുന്ന കാര്യത്തിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ബോധപൂർവ്വമായ കാലതാമസം ഉണ്ടായിട്ടുള്ളതായി സമിതി കരുതുന്നു. ഇതിന്റെ ഫലമായി ഡി.സി.ആർ.ജി. വിതരണം ചെയ്യപ്പെട്ടിട്ടുണ്ടോയെന്നും സമിതി സംശയിക്കുന്നു. ഇത്തരമൊരു ഓഡിറ്റ് തടസ്സം നിലവിലുള്ളപ്പോൾ അതിൽ തീർപ്പുകൽപ്പിക്കാതെ ഡി.സി.ആർ.ജി. വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയതിലേക്ക് നയിച്ച കാരണങ്ങളും വിതരണംചെയ്ത തുകയും തീയതിയും കൈപ്പറ്റിയവരുടെ പേരുവിവരവും അറിയിക്കുവാൻ സമിതി ആവശ്യപ്പെടുന്നു. കൂടാതെ, വിരമിച്ച ഉദ്യോഗസ്ഥന്റെ പേരിലുള്ള ബാധ്യത യഥാസമയം തിട്ടപ്പെടുത്താതെ സാങ്കേതികത്വത്തിന്റെ പേരിൽ ബാദ്ധ്യതയിൽ നിന്നും രക്ഷപ്പെടുവാനനുവദിച്ച ഉദ്യോഗസ്ഥരുടെ പേരിൽ കർശന നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

21. നരിപ്പോട്ടുകരികുളം അഭിവൃദ്ധി പ്രവൃത്തിയുമായി ബന്ധപ്പെട്ട് അധികം നൽകിയ 10,000 രൂപയിൽ 5,000 രൂപയുടെ ബാധ്യത തദവസരത്തിലെ പ്രസിഡന്റിൽ നിന്നും ഈടാക്കി റിപ്പോർട്ടു ചെയ്യുവാനും സമിതി ശിപാർശ ചെയ്യുന്നു.

## കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് (1998–1999)

ഓഡിറ്റ് ഖണ്ഡിക

**ടോയ്‌ലറ്റ് സോപ്പു നിർമ്മാണ പ്രോജക്ട് (വനിത)–അപാകതകൾ**

ഈ പ്രോജക്ടിന്റെ ഭാഗമായി രൂപീകരിച്ച കൃഷ്ണപിള്ള സ്മാരക ചാരിറ്റബിൾ സൊസൈറ്റിക്ക് ടോയ്‌ലറ്റ് സോപ്പ് നിർമ്മാണ യൂണിറ്റിന്റെ ആവശ്യത്തിനായി 31-3-1999-ൽ 50,000 രൂപ നൽകിയിട്ടുണ്ട്. ആകെ 2,00,097 രൂപ അടങ്കലുള്ള ടി പ്രോജക്ടിന്റെ പദ്ധതിവിഹിതമാണ് 50,000 രൂപ. 31-3-1999-ന് മുൻപ് പൂർത്തിയാക്കേണ്ടിയിരുന്ന ടി പ്രോജക്ടിന്റെ എഗ്രിമെന്റ് വച്ചിരിക്കുന്നത് 22-4-1999-ൽ ആണ്. എഗ്രിമെന്റ് പോലും വയ്ക്കാതെയാണ് 50,000 രൂപ മുൻകൂർ നൽകിയിട്ടുള്ളത്. മാത്രമല്ല ടി 50,000 രൂപയിൽ 10,724.50 രൂപയുടെ ചെലവിന്റെ വിവരങ്ങൾ മാത്രമേ ഹാജരാക്കിയിട്ടുള്ളു. അതിൽ ഒന്നുംതന്നെ തുക കൈപ്പറ്റ് രസീത് ഇല്ലാതാനും. 39,275.50 രൂപയുടെ ചെലവ് വിവരങ്ങൾ ഓഡിറ്റ് തീയതി വരെ ലഭ്യമാക്കിയിട്ടില്ല. ക്രമരഹിതമായി ചെലവ് ചെയ്ത 50,000 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ VII.1.13.3(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

22. ടോയ്‌ലറ്റ് സോപ്പ് നിർമ്മാണ പ്രോജക്ട് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ യെന്ന് സമിതി ആരാഞ്ഞതിന് 2005 വരെ പ്രവർത്തിച്ചിരുന്ന പ്രോജക്ട് ഇപ്പോൾ പ്രവർത്തിക്കുന്നില്ലെന്ന് കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രോജക്ട് സംബന്ധമായ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റിന് പഞ്ചായത്ത് നൽകിയിട്ടുണ്ടോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് ചെലവിന്റെ രേഖകൾ പരിശോധനാസമയത്ത് ഹാജരാക്കിയിട്ടുണ്ടെന്നും എന്നാൽ ബില്ലുകളിൽ വാങ്ങിയ തീയതി രേഖപ്പെടുത്തിയിട്ടില്ലെന്നും, 2001 വരെ മാത്രമാണ് യൂണിറ്റ് പ്രവർത്തിച്ചതെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

23. 1,38,000 രൂപയുടെ ബാദ്ധ്യതയാണ് ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്, ഇത് സംബന്ധിച്ച വിശദീകരണം സമിതി ആരാഞ്ഞതിന് കൃഷ്ണപിള്ള സ്മാരക ചാരിറ്റബിൾ സൊസൈറ്റിക്ക് വനിതാ ഘടക പദ്ധതിയിൽ ടോയ്‌ലറ്റ് സോപ്പ് നിർമ്മാണത്തിന് 2,97,000 രൂപ അടങ്കലായ പദ്ധതിക്ക് അംഗീകാരം ലഭിക്കുകയും, അതിൽ പഞ്ചായത്തിന്റെ പദ്ധതിവിഹിതമായ 50,000 രൂപ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിന്റെ 20-3-1999-ലെ 73/99 നമ്പർ തീരുമാന പ്രകാരം 31-3-1999-ന് അനുവദിച്ചതായും കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, അനുവദിച്ച 50,000 രൂപയിൽ 10,724.50 രൂപ

ഇലക്ട്രിഫിക്കേഷനും 10,172 രൂപ വർക്ക് ഷെഡ് നിർമ്മിക്കുന്ന സാധനങ്ങൾക്കും, പണിക്കൂലിക്കും, 6,050 രൂപ കല്ല്, സിമെന്റ് എന്നിവയ്ക്കും, 25,200 രൂപ ഫർണീച്ചറിനുമായി ചെലവാക്കിയതിന്റെ 52,146.50 രൂപയുടെ വൗച്ചർ ഹാജരാക്കിയിട്ടുണ്ടെന്നും, ചില വൗച്ചറുകളിൽ ഡേറ്റുണ്ടെന്നും, 2005 വരെ സ്ഥാപനം പ്രവർത്തിച്ചിരുന്നുവെന്നും മുൻസെക്രട്ടറി സമിതിയെ അറിയിച്ചു.

24. യൂണിറ്റ് 2001 വരെ പ്രവർത്തിച്ചെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ജോയിന്റ് ഡയറക്ടറും, 2005 വരെ പ്രവർത്തിച്ചെന്ന് കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും അറിയിച്ച സാഹചര്യത്തിൽ, പ്രായോഗികമല്ലാത്തതും വിജയസാദ്ധ്യത ഇല്ലാത്തതുമായ പ്രോജക്ട് നടപ്പിലാക്കി പദ്ധതിപ്പണം പാഴാക്കിയെന്നാണ് തെളിയുന്നതെന്ന് സമിതി അഭിപ്രായപ്പെട്ടു. പ്രോജക്ട് ഇംപ്ലിമെന്റ് ചെയ്തത് ആരാണെന്നുള്ള സമിതിയുടെ ചോദ്യത്തിന് പ്രസ്തുത കാലയളവിലെ സെക്രട്ടറി ശ്രീ. ടി. ദാമോദരനാണ് ഇംപ്ലിമെന്റ് ചെയ്തതെന്ന് കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

25. ടോയ്ലറ്റ് സോപ്പ് നിർമ്മാണ പ്രോജക്ടിന് ഗ്രാമപഞ്ചായത്ത് നല്കിയ 50,000 രൂപയ്ക്ക് പുറമേ ജില്ലാ പഞ്ചായത്ത് 1998-99 വർഷം ജില്ലാ വ്യവസായ കേന്ദ്രംവഴി 93,000 രൂപ മാച്ചിംഗ് ഗ്രാന്റായി അനുവദിച്ചതിൽ 88,000 രൂപ ടി.പി. അക്കൗണ്ടിൽ വരവു വന്നിട്ടുണ്ടോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ജോയിന്റ് ഡയറക്ടറും, വരവ് വന്ന വിവരം അറിയില്ലെന്ന് കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും സമിതിയെ അറിയിച്ചു. സെക്രട്ടറിയുടെ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും, നോട്ടീസ് നൽകി തെളിവെടുപ്പിന് ഹാജരാകുവാൻ ആവശ്യപ്പെടുന്നത് സമിതിയുടെ സംശയങ്ങൾ ദുരീകരിക്കാനാണെന്ന് സെക്രട്ടറിയെ ഓർമ്മപ്പെടുത്തുകയും ചെയ്തു.

26. മാച്ചിങ് ഗ്രാന്റായി അനുവദിച്ച 88,000 രൂപയെ സംബന്ധിച്ചുള്ള വിവരങ്ങൾക്ക് സമിതി മുൻപാകെ തെളിവ് നൽകാൻ സാധിക്കാത്തതിനാൽ 88,000 രൂപ ചെലവാക്കാതെ ടി.പി. അക്കൗണ്ടിൽ തന്നെയുണ്ടോ, ഇംപ്ലിമെന്റിംഗ് ഓഫീസറായ അന്നത്തെ സെക്രട്ടറിയുടെ പേരിലാണോ വിഹിതം കിട്ടിയിരിക്കുന്നത്, അതോ മാച്ചിംഗ് ഗ്രാന്റ് പ്രോജക്ടിനുശേഷം സബ്സിഡിയായി കിട്ടിയതാണോ എന്നീ കാര്യങ്ങൾ പരിശോധിച്ച് ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു. ടോയ്ലറ്റ് സോപ്പ് നിർമ്മാണ പ്രോജക്ടുമായി ബന്ധപ്പെട്ട് അനുവദിച്ച തുകകൾ ചെലവഴിച്ചതിനെ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് ലഭ്യമാക്കുവാൻ ഡി.ഡി.പി.യോട് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

27. **ടോയ്ലറ്റ് സോപ്പ് നിർമ്മാണ പ്രോജക്ടിനുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായ ₹ 50,000 അനുവദിക്കുകയും ആയത് ചെലവാക്കുകയും ചെയ്തുവെങ്കിലും ചെലവുകൾക്കാധാരമായ വൗച്ചറുകൾ ശരിയായ രീതിയിൽ സൂക്ഷിക്കപ്പെട്ടിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ വിഹിതത്തിനുപുറമേ പ്രോജക്ടിന് ജില്ലാ വ്യവസായ കേന്ദ്രം മുഖേന ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച ₹ 88,000 ടി.പി. അക്കൗണ്ടിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി തുകയുടെ വിനിയോഗം**

സംബന്ധിച്ച യാതൊരു വിവരവും ഓഡിറ്റിനോ സമിതിക്കോ നല്കിയിട്ടില്ല. പ്രോജക്ടിന് ആകെ 1,38,000 രൂപ ലഭ്യമായതായി സമിതി മനസ്സിലാക്കുന്നു. ഗ്രാമപഞ്ചായത്ത് അനുവദിച്ച 50,000 രൂപയിൽ 10,274.50 രൂപയ്ക്കുള്ള വൗച്ചർ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ. എന്നാൽ, ഓഡിറ്റ് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചതിനുശേഷം 2008-ൽ നിലവിലുണ്ടായിരുന്ന പഞ്ചായത്ത് ഭരണ സമിതി 41,422 രൂപയ്ക്കുള്ള വൗച്ചറുകൾക്ക് സാധുകരണം നൽകി. ഓഡിറ്റിന്റെ കണ്ടെത്തലിൽ പ്രോജക്ടിന്റെ പ്രവർത്തനം 2001-ൽ നിലച്ചതായി പരാമർശിക്കുമ്പോൾ 2005 വരെ പ്രോജക്ട് പ്രവർത്തിച്ചിരുന്നതായി പഞ്ചായത്ത് സെക്രട്ടറി അവകാശപ്പെടുന്നു. പ്രോജക്ടിന് ലഭിച്ച 1,38,000 രൂപയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ഒരു മാസത്തിനകം ഓഡിറ്റിന് നല്കണമെന്ന് 23-10-2008-ലെ സമിതി യോഗത്തിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് സമിതി ആവശ്യപ്പെട്ടുവെങ്കിലും നാളിതുവരെയായിട്ടും ആയത് നല്കിയിട്ടില്ല എന്നത് ഗൗരവമായാണ് വീക്ഷിക്കുന്നത്.

28. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകളുടെ ഉന്നമനം ലക്ഷ്യമാക്കിയാണ് ഇത്തരം പ്രോജക്ടുകൾ വിഭാവനം ചെയ്യുന്നത്. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ അവയുടെ പ്രായോഗികതയും വിജയസാധ്യതയും വിലയിരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. പ്രോജക്ടുകൾക്ക് ലഭ്യമാകുന്ന ഫണ്ടുകൾ വിനിയോഗിക്കുമ്പോൾ ആവശ്യമായ രേഖകൾ സൂക്ഷിക്കുകയും ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്യേണ്ടത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ചുമതലയാണ്. ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള മതിയായ രേഖകളില്ലാതെ, പ്രോജക്ടിനു അനുവദിച്ച തുക നൽകിയതിനെയും ഗൗരവത്തോടെ സമിതി വീക്ഷിക്കുന്നു. ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 88,000 രൂപയുടെ വിനിയോഗം സംബന്ധിച്ച യാതൊരു വിവരവും ഓഡിറ്റിനോ സമിതിക്കോ ലഭ്യമാക്കുവാൻ കഴിയാത്തത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനാസ്ഥയാണ് വെളിവാക്കപ്പെടുന്നത്. ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനാവേളയിൽ ഹാജരാകുന്ന ഉദ്യോഗസ്ഥർക്ക് പരാമർശ വിധേയമായ വിഷയങ്ങൾ സംബന്ധിച്ച സമിതിയുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും മറുപടി പറയുവാൻ സാധിക്കുന്നവിധം വ്യക്തമായ ധാരണയുണ്ടാകണമെന്ന് സമിതി ആവശ്യപ്പെടുന്നു. സമിതി ആവശ്യപ്പെട്ട വിവരങ്ങൾ തെളിവെടുപ്പുവേളയിൽ നൽകുവാൻ കഴിയാതെവന്ന സാഹചര്യത്തിലാണ് അവ ഒരു മാസത്തിനകം നല്കണമെന്ന് 23-10-2008-ലെ യോഗത്തിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് സമിതി ആവശ്യപ്പെട്ടത്. നാളിതുവരെയായിട്ടും പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കാത്തത് സമിതിയോടുള്ള കടുത്ത അനാദരവായി സമിതി വിലയിരുത്തുന്നു. സമിതി ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാത്ത കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം പ്രോജക്ടിനു നല്കിയ 1,38,000 രൂപയുടെ വിനിയോഗം സംബന്ധിച്ച മുഴുവൻ രേഖകളും അടിയന്തരമായി ഓഡിറ്റിന് സമർപ്പിക്കണമെന്നും ഓഡിറ്റ് അവ പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും ശിപാർശ ചെയ്യുന്നു. കൂടാതെ, പ്രോജക്ടിനായി ജില്ലാ പഞ്ചായത്ത് നല്കിയ ₹ 88,000 ആരുടെ പേരിലാണ് ലഭ്യമാക്കിയതെന്നും പ്രോജക്ടിനുശേഷം മാച്ചിംഗ് ഫണ്ടായിട്ടാണോ കിട്ടിയതെന്നും ടി തുക ചെലവാക്കാതെ ടി.പി. അക്കൗണ്ടിൽ തന്നെയുണ്ടോയെന്നുമുള്ള വിവരങ്ങൾ അടിയന്തരമായി സമർപ്പിക്കണമെന്നും ആവശ്യപ്പെടുന്നു.

29. 2002-2003-ലെ സമാഹൃത റിപ്പോർട്ടിൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയായ 41,422 രൂപയ്ക്കുള്ള വൗച്ചറുകൾക്ക് 21-4-2005-ൽ ചേർന്ന പഞ്ചായത്ത് ഭരണ സമിതിയോഗം അംഗീകാരം നൽകിയ നടപടി ഉചിതമെന്ന് സമിതി കരുതുന്നില്ല. സഭ മുൻപാകെ സമർപ്പിക്കപ്പെട്ടതും സമിതിയുടെ പരിശോധനയ്ക്ക് വിധേയമാക്കപ്പെടേണ്ടതുമായ ഒരു സംഗതി പഞ്ചായത്ത് ഭരണസമിതി മുൻപാകെ പരിഗണനയ്ക്ക് വരുമ്പോൾ അവയ്ക്ക് അംഗീകാരം നൽകുവാൻ ചട്ടങ്ങളിൽ വ്യവസ്ഥകൾ ഉണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് നല്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

## മയ്യിൽ ഗ്രാമപഞ്ചായത്ത്
## (1998–1999)

ഓഡിറ്റ് ഖണ്ഡിക

**പട്ടുനൂൽപ്പുഴു കൃഷി-പദ്ധതി പൂർത്തിയാക്കിയില്ല**

പട്ടുനൂൽപ്പുഴു വളർത്താൻ താല്പര്യമുള്ളവരും സെറികൾച്ചർ സൊസൈറ്റിയിൽ അംഗത്വമുള്ളവരുമായ 15 കൃഷിക്കാർക്ക് പദ്ധതി വിഹിതമായി 15,000 രൂപയും ഗുണഭോക്തൃ വിഹിതമായി 30,000 രൂപയും ചേർത്ത് വിഭാവനം ചെയ്ത പദ്ധതിയിൽ 15,000 രൂപ സെറികൾച്ചർ സൊസൈറ്റി പ്രസിഡന്റിന് നൽകിയിട്ടുണ്ട്. എന്നാൽ ടി തുക കർഷകർക്ക് വിതരണം ചെയ്യുകയോ ഗുണഭോക്തൃ വിഹിതം ശേഖരിക്കുകയോ ചെയ്തിട്ടില്ല. തന്നെയുമല്ല ടി തുക പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചിട്ടുമില്ല. ടി പദ്ധതി നടപ്പാക്കാതെ ഉപേക്ഷിച്ചിരിക്കുകയാണ്. ആകയാൽ 15,000 രൂപ പലിശ സഹിതം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.13.5(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

"ഗവൺമെന്റ് മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് തടസം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു".

**നിഗമനങ്ങൾ/ശിപാർശകൾ**

30. ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്ന തുക പലിശ സഹിതം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെന്ന ഗവൺമെന്റ് മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**സംയോജിത വളപ്രയോഗം പ്രോജക്ട് പൂർത്തീകരിച്ചില്ല**

അഞ്ചുലക്ഷം രൂപ അടങ്കലിൽ പഞ്ചായത്തിന്റെ 8 സെന്റ് സ്ഥലത്ത് ഒരു മീറ്റർ താഴ്ചയിൽ 250 ക്യു.മീറ്റർ വ്യാപ്തത്തിൽ കുഴിയുണ്ടാക്കി കമ്പോസ്റ്റ് നിർമ്മിച്ച് ട്രാക്ടർവഴി കൃഷിക്കാർക്ക് വിതരണം ചെയ്യുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള

പ്രോജക്ട്. 31-3-2001-ൽ പൂർത്തീകരിക്കേണ്ടിയിരുന്ന ടി പ്രോജക്ടിന്റെ അടിസ്ഥാന പ്രവൃത്തിയായ കുഴിനിർമ്മാണം പോലും ഓഡിറ്റ് തീയതിവരെ (1/2001) ആരംഭി ച്ചിട്ടില്ല. ഈ പദ്ധതിയിൽ ആകെ ചെയ്തത് 3,58,000 രൂപ ചെലവ് ചെയ്ത് വലിയ ട്രയിലറോടുകൂടിയ ഒരു ട്രാക്ടർ വാങ്ങി എന്നത് മാത്രമാണ്. കമ്പോസ്റ്റ് നിർമ്മാണ ത്തിനുള്ള കുഴിപോലും നിർമ്മിക്കാതെ ധൃതഗതിയിൽ ട്രാക്ടർ മാത്രം വാങ്ങിയത് തുക ചെലവ് ചെയ്തതായി വരുത്തിത്തീർക്കുന്നതിന് വേണ്ടിയാണ്. വിശാലമായ ലക്ഷ്യത്തോടെ വിഭാവനം ചെയ്ത പദ്ധതിക്കുവേണ്ടിയുള്ള തുക ആർക്കും പ്രയോജന പ്പെടാതെ ഒരു ഉപകരണം മാത്രം വാങ്ങി ഇല്ലായ്മ ചെയ്യുന്നതിന് യാതൊരു ന്യായീകര ണവുമില്ല.

പ്രായോഗിക ബുദ്ധിയും ദീർഘ വീക്ഷണവും ശരിയായ മേൽനോട്ടവും കൂടാതെ യുള്ള പ്രസ്തുത ചെലവ് കാരണം പദ്ധതി വിഹിതം പാഴായിപ്പോവുകയാണുണ്ടായത്. പദ്ധതി രൂപീകരണ വേളയിൽ, സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്ത വയും, പാഴ്ച്ചെലവുണ്ടാക്കുന്നവയും ഒഴിവാക്കി ക്രിയാത്മകവും പ്രത്യുൽപ്പാദന പരവുമായവ ഉൾക്കൊള്ളിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കാത്തതാണ് ഇത്തരം നഷ്ട ങ്ങൾക്ക് കാരണം. ഭരണ വകുപ്പിന്റെ അന്വേഷണം വേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ VII.1.13.5(ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

31. സംയോജിത വളപ്രയോഗ പദ്ധതിയുടെ ഭാഗമായി വാങ്ങിയ ട്രാക്ടറിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് സമിതി ആരാഞ്ഞതിന് ട്രാക്ടർ ഉപയോഗിക്കാതെ ഇപ്പോൾ കേടായിക്കിടക്കുകയാണെന്നും 10-6-2008-ലെ 94/08-09 തീരുമാനപ്രകാരം ട്രാക്ടർ നന്നാക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടെന്നും, പ്രോജക്ടിന്റെ ഭാഗമായി 2003-2004-ൽ സ്ഥലം വാങ്ങിയെങ്കിലും, ജനങ്ങളുടെ എതിർപ്പുകാരണം പദ്ധതി പൂർത്തീകരിക്കാനായി ല്ലെന്നും മയ്യിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

32. ട്രാക്ടർ നന്നാക്കിയെടുത്ത് ഖരമാലിന്യം നീക്കാനായി ഉപയോഗിച്ചുകൂടെ യെന്നുള്ള സമിതിയുടെ ചോദ്യത്തിന് മയ്യിൽ ഗ്രാമപഞ്ചായത്ത് വളരെ ചെറിയ പട്ടണമാ ണെന്നും, നീക്കം ചെയ്യത്തക്കതരത്തിൽ ഖരമാലിന്യം ഉണ്ടാകാറില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പദ്ധതി ഇംപ്ലിമെന്റിംഗ് സമയത്ത് ട്രാക്ടർ എവിടെ യായിരുന്നുവെന്നും, ട്രാക്ടർ ഓടിക്കാനായി ആളെ വച്ചിരുന്നോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ട്രാക്ടർ പഞ്ചായത്തിന്റെ കൈവശമായിരുന്നുവെന്നും, ട്രാക്ടർ ഓടിക്കാ നായി ആളെ വച്ചിരുന്നില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. ട്രാക്ടർ 1997-98-ലും, വളം ഉണ്ടാക്കാനുള്ള സ്ഥലം 2003-ലുമാണ് വാങ്ങിയിരിക്കുന്ന തെന്ന് സമിതി ചൂണ്ടിക്കാണിച്ചു. വസ്തു വാങ്ങുന്നതിന് 5 വർഷം മുമ്പെ ട്രാക്ടർ വാങ്ങിയിരിക്കുകയാണെന്നും, അടിസ്ഥാനപ്രവൃത്തിയായ കുഴി നിർമ്മിക്കാതെ, ആദ്യമേ ട്രാക്ടർ വാങ്ങിയതുമൂലം ട്രാക്ടർ ഉപയോഗശൂന്യമാകുന്നതിനും, പദ്ധതിപ്പണം

പാഴായിപ്പോകുന്നതിനും കാരണമായിത്തീർന്നുവെന്നും സമിതി അഭിപ്രായപ്പെട്ടു. ഏത് പദ്ധതി നടപ്പിലാക്കിയാലും ആദ്യം പർച്ചേയ്സ് നടത്തുന്ന ഒരു പ്രവണത എല്ലാ പഞ്ചായത്തുകളിലും കൂടിവരുന്നതായും സമിതി ചൂണ്ടിക്കാണിച്ചു.

33. ട്രാക്ടർ ഇനി എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് മയ്യിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

34. പഞ്ചായത്തിലെ പാടശേഖര സമിതിക്ക് ട്രാക്ടർ കൈമാറണമെന്ന് സമിതി നിർദ്ദേശിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

35. **അഞ്ചുലക്ഷം രൂപ അടങ്കൽ ചെലവ് പ്രതീക്ഷിച്ച് തയ്യാറാക്കിയ പ്രോജക്ടിന്റെ അടിസ്ഥാനപ്രവൃത്തി ആരംഭിക്കുകപോലും ചെയ്യാതെയാണ് 3,58,000 രൂപ ചെലവാക്കി ട്രാക്ടർ വാങ്ങിയതെന്ന് സമിതി മനസ്സിലാക്കുന്നു. ഖരമാലിന്യം ശേഖരിച്ച് കമ്പോസ്റ്റ് ഉണ്ടാക്കി കർഷകർക്ക് വിതരണം ചെയ്യുന്നതിന് വിഭാവനം ചെയ്ത പദ്ധതിയുടെ നടത്തിപ്പിനായി ട്രാക്ടർവാങ്ങി അഞ്ചുവർഷം കഴിഞ്ഞാണ് സ്ഥലം വാങ്ങുന്നത്. തദ്ദേശവാസികളുടെ എതിർപ്പുകാരണം പദ്ധതി പ്രാവർത്തികമാക്കുവാനായില്ല എന്നാണ് സർക്കാരിന്റെ മറുപടിയിൽ നിന്നും വെളിപ്പെടുന്നത്. അടിസ്ഥാന പ്രവൃത്തിയുടെ സ്ഥലം വാങ്ങലും മറ്റു ക്രമീകരണങ്ങളും ആദ്യമേ തന്നെ ആരംഭിച്ചിരുന്നുവെങ്കിൽ പദ്ധതിയുടെ പ്രായോഗികക്ഷമത തിരിച്ചറിയുവാൻ സാധിക്കുമായിരുന്നു. പ്രായോഗിക ബുദ്ധിയും ദീർഘവീക്ഷണവും ഇല്ലാതെ ധൃതിയിൽ ട്രാക്ടർ വാങ്ങിയതിന്റെയും പദ്ധതി പ്രാവർത്തികമാക്കാത്തതിന്റെയും ഫലമായി വിനിയോഗിച്ച തുക ഉപയോഗശൂന്യമാകുന്നതിനും പദ്ധതിപ്പണം പാഴായിപ്പോകുന്നതിനും കാരണമായതായി സമിതി നിരീക്ഷിക്കുന്നു. നിരവധി പഞ്ചായത്തുകളുടെ ഭാഗത്തുനിന്നും ഇത്തരം പ്രവണത കൂടി വരുന്നതായി സമിതി മനസ്സിലാക്കുന്നു. പദ്ധതിപ്പണത്തിന്റെ പാഴ്ച്ചെലവ് ഒഴിവാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജാഗ്രതയുണ്ടാവണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പദ്ധതിയിലൂടെ വിഭാവനംചെയ്ത പ്രോജക്ട് ഇനി പ്രാവർത്തികമാക്കുവാൻ സാധിക്കുകയില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ, പദ്ധതിപ്പണം ചെലവഴിച്ച് വാങ്ങിയ ട്രാക്ടർ കാർഷികാവശ്യത്തിനായി പഞ്ചായത്തിലെ പാടശേഖര സമിതിക്ക് കൈമാറണമെന്നും ആ വിധത്തിലെങ്കിലും പൊതുപ്പണം ഉപയുക്തമാക്കണമെന്നും ശിപാർശ ചെയ്തുകൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വേളം-ചെക്യാട്ട് കാവ് റോഡ് ടാറിംഗ്-അധിക തുക നൽകി**

4,51,000 രൂപയുടെ അടങ്കലിൽ (തനത് ഫണ്ട് 4,50,000+ സന്നദ്ധ സേവനം 1000) ഒന്നാം ഘട്ടത്തിൽ 690 മീറ്റർ നീളത്തിൽ മൂന്നു മീറ്റർ വീതിയിൽ ടാർ ചെയ്യുന്ന പ്രവൃത്തിയുടെ മൂല്യം 4,28,836 രൂപ അളന്നു രേഖപ്പെടുത്തി കിഴിവുകൾ നടത്തി ബാക്കി 72,819 രൂപ കൺവീനർക്ക് നൽകി. എന്നാൽ എൻ.എം.ആർ. തൊഴിലാളികളുടെ എണ്ണം, കൂലി, സാധനങ്ങളുടെ അളവ്, വിലനിരക്ക് എന്നിവ വളരെ അധികം പെരുപ്പിച്ചാണ്

കൺവീനർ രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ടി ഇനത്തിൽ കൺവീനർക്ക് 48,183 രൂപ അധികം നൽകിയിട്ടുണ്ട്. കൺവീനർ സമർപ്പിച്ച കണക്കുകൾ വസ്തുതാപരമായി പരിശോധന നടത്താത്തതിന്റെ ഫലമായിട്ടാണ് ഇത്രയും തുക അധികം നൽകേണ്ടി വന്നത്. അനാവശ്യമായ ചെലവുകൾ കൂട്ടിയെഴുതി ചെലവ് പെരുപ്പിച്ചു കാണിച്ച് അധികമായി വാങ്ങിയ തുകയായ 48,183 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

കൂടാതെ ടി പ്രവൃത്തിക്കായി പഞ്ചായത്ത് ലഭ്യമാക്കിയ 39 കാലി ബാരൽ വിറ്റ വകയിലെ 3,900 രൂപയും നികുതി 390 രൂപയും കൂടി ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ VII.1.13. 5(iii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റിൽനിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

36. പഞ്ചായത്തിന് നഷ്ടമായ തുക ഈടാക്കുന്നതിനായി ആർ.ആർ. നടപടി സ്വീകരിച്ചോയെന്ന് സമിതി ആരാഞ്ഞതിന് 28-8-2008-ന് ആർ.ആർ നടപടിക്കായി കളക്ടർക്ക് നോട്ടീസ് കൊടുത്തുവെന്നും, സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള 11,473 രൂപയ്ക്കാണ് ആർ.ആർ. നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും മയ്യിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഓഡിറ്റ് പരാമർശ പ്രകാരം ആകെ 52,473 രൂപയാണെന്ന് (കൺവീനർക്ക് അധികം നൽകിയ തുക 48,183 രൂപ + 39 കാലിബാരൽ വിറ്റ വകയിലെ 3,900 രൂപ + നികുതി 390 രൂപ) സമിതി ചൂണ്ടിക്കാണിക്കുകയും, സമാഹൃത റിപ്പോർട്ട് അസംബ്ലി മുൻപാകെ സമർപ്പിക്കപ്പെട്ടു കഴിഞ്ഞാൽ, പ്രസ്തുത റിപ്പോർട്ട് അന്തിമ റിപ്പോർട്ടാണെന്നും, അസംബ്ലി മുൻപാകെ റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം, റിപ്പോർട്ടിൽ തിരുത്തലുകൾ വരുത്തുന്നതിന് അധികാരമില്ലെന്നും, അങ്ങനെ വന്നാൽത്തന്നെ ആയത് സ്പെഷ്യൽ റിപ്പോർട്ടാക്കി കമ്മിറ്റി മുൻപാകെ സബ്മിറ്റ് ചെയ്ത് അംഗീകാരം വാങ്ങിയതിനുശേഷം ചെയ്യേണ്ടിയിരുന്നുവെന്നും, രേഖകൾ ശരിയായി പരിശോധിക്കാതെയുള്ള ഓഡിറ്റ് പരാമർശങ്ങൾ ഉൾപ്പെടുന്ന റിപ്പോർട്ട് നിയമസഭയ്ക്ക് മുൻപിൽ സമർപ്പിക്കപ്പെട്ടുകഴിഞ്ഞാൽ, റിപ്പോർട്ടിന്റെ വിശ്വാസ്യതയെ ബാധിക്കുമെന്നും സമിതി ചൂണ്ടിക്കാണിച്ചു. സമിതിയുടെ പരിഗണനയിലുള്ള വിഷയത്തിന്മേൽ സബ്സിക്വന്റായി ലയബിലിറ്റി കുറവു ചെയ്തുകൊടുത്ത ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ നടപടിയെ സമിതി കുറ്റപ്പെടുത്തി.

37. ലയബിലിറ്റി 11,473 രൂപയായി കുറവ് ചെയ്യാനുണ്ടായ സാഹചര്യം സമിതി ആരാഞ്ഞതിന് ലോക്കൽ ഫണ്ട് ഓഡിറ്റിന് നൽകിയ ആദ്യ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ വീപ്പയുടെ വില ഈടാക്കാനുള്ള തടസ്സം ഒഴിവാക്കിക്കൊടുത്തതായി മയ്യിൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു. ലോക്കൽ വെരിഫിക്കേഷന് ആദ്യം കാണിക്കാത്ത ഏതെല്ലാം രേഖകൾ പിന്നീട് കാണിച്ചുവെന്നുള്ള സമിതിയുടെ ചോദ്യത്തിന് ആദ്യം കാണിച്ച രേഖകൾ തന്നെയാണ് രണ്ടാമതും കാണിച്ചതെന്ന് മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു. ആദ്യം കാണിച്ച രേഖകൾതന്നെ രണ്ടാമതും കാണിച്ച് തുക കുറവു ചെയ്തുവെന്നത് വിശ്വാസയോഗ്യമല്ലെന്നും, സബ്സിക്വന്റായിട്ട് രേഖകൾ കളക്ട് ചെയ്ത് ലോക്കൽ ഫണ്ടിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടായിരിക്കാമെന്ന് സമിതി വിലയിരുത്തി. ഓഡിറ്റ് കണക്ക് കൂട്ടിയത് കമ്മിറ്റി കൺവീനറുടെ കണക്കിനെ

ആധാരമാക്കിയാണെന്നും, താൻ കണക്കു കൂട്ടിയത് ബന്ധപ്പെട്ട എൻജീനിയറുടെ കണക്കിൻ പ്രകാരമാണെന്നും, കമ്മിറ്റി കൺവീനറുടെ കണക്കുകൂടി കാണിച്ചിട്ടാണ് 48,183 രൂപ അധികം വന്നതായി ഓഡിറ്റ് പറഞ്ഞിരിക്കുന്നതെന്നും മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

38. 11,473 രൂപ മണ്ണിന് വില കൂടുതൽ കൊടുത്തു എന്നുള്ളതാണ് ഇപ്പോൾ തന്റെ പേരിലുള്ള ഒബ്ജക്ഷനെന്നും, അതിൽ പറഞ്ഞിട്ടുള്ള വേളം-ചെക്യാട്ട് കാവ്, പൊഴിയൂർ-പെരുമാശ്ശേരി റോഡുകളുടെ പ്രവൃത്തിക്ക് എസ്റ്റിമേറ്റിൽ ഉള്ള അതേ നിരക്കാണ് മെഷർമെന്റിലും ഉള്ളതെന്നും, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ വിലയിരുത്തൽ അനുസരിച്ച് അത്രയും മണ്ണ് ആ പ്രവൃത്തിക്ക് ആവശ്യമില്ല എന്നുള്ളതാണെന്നും, അതിനുള്ള സാങ്കേതികമായ അറിവ് തനിക്ക് ഇല്ലായിരുന്നുവെന്നും മുൻ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. എഞ്ചിനീയർ സർട്ടിഫൈ ചെയ്ത മെഷർമെന്റ് അനുസരിച്ചുള്ള തുക മാത്രമാണ് നൽകിയിട്ടുള്ളതെന്നും, ആയത് കാണിച്ച് ഓഡിറ്റിന് കത്ത് കൊടുത്തിട്ടുണ്ടെന്നും മുൻ സെക്രട്ടറി കൂട്ടിച്ചേർത്തു. എഞ്ചിനീയർ സർട്ടിഫൈ ചെയ്ത മെഷർമെന്റ് അനുസരിച്ചുള്ള തുക സെക്രട്ടറിക്ക് നൽകിയേ പറ്റുകയുള്ളു വെന്നും, അത്രയും മണ്ണ് വേണ്ടെന്ന് ഓഡിറ്റ് പറയുന്നുവെങ്കിൽ ശരിയായ കാരണം കാണിച്ച് പറയണമെന്നും, അപ്രകാരം ചെയ്തിട്ടില്ലെങ്കിൽ മുൻ സെക്രട്ടറിയുടെ വാദം ശരിയാണെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറും സമിതിയെ അറിയിച്ചു.

39. എഞ്ചിനീയർ മണ്ണിന്റെ അളവ് പറയുമ്പോൾ മണ്ണിന്റെ വിലയുംകൂടി ഫിക്സ് ചെയ്തിട്ടുണ്ടെങ്കിൽ മുൻ സെക്രട്ടറിയുടെ വാദം ശരിയാണെന്നും, എന്നാൽ എഞ്ചിനീയറെക്കൊണ്ട് സബ്സിക്വന്റായി എഴുതി വാങ്ങിയതാണോ എന്നുകൂടി പരിശോധിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. എം.ബുക്കും മറ്റ് രേഖകളും ഓഡിറ്റ് സമയത്ത് പരിശോധനയ്ക്കായി സമർപ്പിച്ചിരുന്നുവെന്ന് മുൻ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

40. 52,473 രൂപ 11,473 രൂപയായി ലിമിറ്റു ചെയ്യുന്നതിനുള്ള കാരണം, കൺവീനറുടെയും സെക്രട്ടറിയുടെയും കണക്കുകൾ, ഇതിന്റെ കൂടെ മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടു കൂടി പരിഗണിച്ചു കൊണ്ടുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തെത്തുടർന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 7-4-2009-ലെ എൽ.എഫ്. 3196/സ്പെ.സെൽ.ജി2/2009 നമ്പർ കത്ത് പ്രകാരം നല്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

41. "2002-03 വർഷത്തെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക 7-1-13-5(3) ഖണ്ഡിക പ്രകാരം വേളം-ചെക്യാട്ട്കാവ് റോഡ് ടാറിങ്ങിന് അധിക മായി നൽകിയ തുകയായി പറഞ്ഞിരുന്നത് 48,183 രൂപയാണ്. നഷ്ടം ഈടാക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നൽകിയ സർച്ചാർജ്ജ് നോട്ടീസിന്മേൽ ഉത്തരവാദിയായ സെക്രട്ടറി ശ്രീമതി പി. ലീല നൽകിയ മറുപടി പരിശോധിച്ച് ബോധ്യപ്പെട്ടതിനാൽ പ്രസ്തുത ഖണ്ഡികയിലെ യഥാർത്ഥ നഷ്ടം 2,410 രൂപയായിരുന്നു എന്ന് കണ്ടെത്തിയിരുന്നു.

അതും 1998-99-ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 30(ജി) യിൽ ഉൾപ്പെട്ട 2,446 രൂപയും ഖണ്ഡിക 30(ഐ)-യിൽ ഉൾപ്പെട്ട 1,642 രൂപയും ഖണ്ഡിക 30 (കെ)-യിൽ ഉൾപ്പെട്ട 4,975 രൂപയും ചേർത്താണ് സെക്രട്ടറിയുടെ ബാദ്ധ്യത 11,473 രൂപയായി പുനർനിശ്ചയിച്ചത്."

### നിഗമനങ്ങൾ/ശിപാർശകൾ

42. **വിവിധ പ്രവൃത്തികളിലായി നിശ്ചയിക്കപ്പെട്ട ബാദ്ധ്യത തുകയായ 11,473 രൂപ സംബന്ധിച്ച് തെളിവെടുപ്പുവേളയിലും രേഖാമൂലവും മുൻ സെക്രട്ടറിയും പുനഃപരിശോധനാ റിപ്പോർട്ടിലൂടെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറും നൽകിയ വിശദീകരണങ്ങൾ സമിതി വിശദമായി പരിശോധിച്ചു. കൺവീനർ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ നിഗമനത്തിലെത്തിയതായും ആദ്യം നിശ്ചയിച്ചിരുന്ന ബാദ്ധ്യത തുകയായ 52,473 രൂപ പിന്നീട് 11,473 രൂപയായി കുറവ് ചെയ്തുകൊടുത്തതായും സമിതി നിരീക്ഷിക്കുന്നു. എഞ്ചിനീയർ നൽകിയ മെഷർമെന്റ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാന ത്തിലുള്ളതും എസ്റ്റിമേറ്റിലുള്ളതുമായ തുകമാത്രമാണ് താൻ നൽകിയതെന്നും പരാമർശവിധേയമായ പ്രവൃത്തിക്ക് എത്ര മണ്ണ് വേണമായിരുന്നുവെന്ന് വിലയിരുത്തു വാനുള്ള സാങ്കേതിക അറിവ് തനിക്കില്ലെന്നുമാണ് മുൻ സെക്രട്ടറിയുടെ വാദം. പ്രസ്തുത മറുപടികൾ പരിശോധിച്ച സമിതി എഞ്ചിനീയർ സർട്ടിഫൈ ചെയ്ത തുക നൽകിയ സെക്രട്ടറിയുടെ നടപടിയിൽ തെറ്റ് കാണുവാൻ സാധിക്കുകയില്ലായെന്ന് വിലയിരുത്തുന്നു. ആയതിനാൽ ഓഡിറ്റ് ഉന്നയിച്ച ബാധ്യതയിൽ നിന്നും മുൻ സെക്രട്ടറിയെ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## കൊളച്ചേരി ഗ്രാമപഞ്ചായത്ത്

## (1998–1999)

<u>ഓഡിറ്റ് ഖണ്ഡിക</u>

**കാവുംചാൽ കോടിപ്പൊയിൽ റോഡ് ടാറിംഗ്-അധിക ചെലവ്**

2,20,000 രൂപ പദ്ധതി വിഹിതവും 17,000 രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തി തയ്യാറാക്കിയ പദ്ധതി ഗുണഭോക്തൃ സമിതി ഏറ്റെടുക്കാൻ തയ്യാറാകാതിരുന്ന തിനാൽ ഉപാധിരഹിത ഫണ്ടിന്റെ മാർഗ്ഗരേഖ പ്രകാരം ആവശ്യമായ സാധനസാമഗ്രികൾ ക്വട്ടേഷൻ പ്രകാരം വാങ്ങി വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ പഞ്ചായത്ത് നേരിട്ട് നിർവ്വഹിക്കുകയായിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിക്ക് ആവശ്യത്തിലധികം മെറ്റൽ (36 എം.എം., 12 എം.എം.) വാങ്ങിയിട്ടുള്ളതായി ഓഡിറ്റിൽ ബോദ്ധ്യ പ്പെട്ടു. തന്നെയുമല്ല ഉപാധിരഹിത ഫണ്ട് മാർഗ്ഗരേഖ പ്രകാരമാണ് പ്രവൃത്തി നിർവ്വഹി ക്കപ്പെട്ടതെങ്കിലും സാധനങ്ങൾ അംഗീകരിക്കപ്പെട്ട ക്വട്ടേഷൻ നിരക്ക് പ്രകാരം വാങ്ങി വില നൽകിയപ്പോൾ ക്രമപ്രകാരമുള്ള നികുതികൾ വസൂൽ ചെയ്യുകയുണ്ടായില്ല.

സാധനങ്ങൾ അധികമായി വാങ്ങിയ ഇനത്തിലുള്ള 18,739 രൂപ വാങ്ങൽ നികുതി ഇനത്തിലെ 6,618 (വാങ്ങൽ നികുതി 5656+ക്ഷേമനിധി 962) എന്നിവ ഈടാക്കി അതാത് ഫണ്ടിൽ അടവുവരുത്തണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.13.6(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം- II ആയി ചേർത്തിരിക്കുന്നു.

43. സാധനങ്ങൾ അധികമായി വാങ്ങിയ ഇനത്തിലുള്ള 18,739 രൂപ ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികളെക്കുറിച്ച് സമിതി ആരാഞ്ഞതിന് അന്നത്തെ സെക്രട്ടറിയിൽ നിന്ന് തുക ഈടാക്കാൻ തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ 27-9-2008-ൽ നോട്ടീസ് കൊടുത്തതായി കൊളച്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

44. കാവുംചാൽ കോടിപ്പൊയിൽ റോഡ് ടാറിംഗിന്റെ അധിക ചെലവിനെ സംബന്ധിച്ചുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് ഓഡിറ്റ് പരാമർശം കിട്ടിയപ്പോൾ 20-11-2002-ൽ മറുപടി കൊടുത്തിരുന്നുവെന്നും, അതിന്റെയടിസ്ഥാനത്തിൽ 21-8-2003-ന് സർച്ചാർജ്ജ് നോട്ടീസ് ലഭിച്ചിരുന്നുവെന്നും, ആ സർച്ചാർജ്ജ് നോട്ടീസിൽ ഈ പ്രവൃത്തിയുടെ കാര്യം പറഞ്ഞിരുന്നില്ലെന്നും മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു. ഇപ്പോൾ ലഭിച്ച നോട്ടീസിന് സമാനമായ ഒരു പ്രവൃത്തിയാണ് അതിലും ഉണ്ടായിരുന്നതെന്നും, 21-8-2003-ന് ലഭിച്ച സർച്ചാർജ്ജ് നോട്ടീസിന് മറുപടി നൽകിയതിന്റെയടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ പരിശോധന നടത്തുകയും, അതിനുശേഷം 30-3-2004-ൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസിൽ നിന്ന് ലഭിച്ച കത്തിൽ ചാർജ്, സർച്ചാർജ്ജ് നടപടികളിൽ നിന്നും ഒഴിവാക്കിയിരിക്കുന്നുവെന്ന് തന്നെ അറിയിച്ചിട്ടുള്ളതാണെന്നും മുൻ സെക്രട്ടറി കൂട്ടിച്ചേർത്തു. പൈസ അടയ്ക്കാനുള്ള കാര്യം സർച്ചാർജ്ജ് നോട്ടീസ് ലഭിച്ചപ്പോഴാണ് അറിയുന്നതെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

45. ആകെ നാല് പ്രവൃത്തികളാണുണ്ടായിരുന്നതെന്നും, ഒരേ വ്യക്തിയായിരുന്നു ഈ നാല് പ്രവൃത്തികൾക്കും സാധനങ്ങൾ ഇറക്കിയതെന്നും, സാധനങ്ങൾ ഇറക്കി സൈറ്റിൽ ഇടുമ്പോൾ കാവുംചാൽ കോടിപ്പൊയിൽ റോഡ് ടാറിംഗിന് സാധനം അധികമായിപ്പോവുകയും, മറ്റുള്ള വർക്കിന് സാധനങ്ങൾ കുറയുകയും ചെയ്തുവെന്നും, അവസാനം കൊടുക്കാനുണ്ടായിരുന്ന സംഖ്യ താൻ തടഞ്ഞുവയ്ക്കുകയും ചെയ്തുവെന്നും, 7/03-ൽ ട്രാൻസ്ഫറായി പോകുന്ന അവസരത്തിൽ അവിടെ അന്ന് ചാർജ്ജ് ഉണ്ടായിരുന്ന ഹെഡ് ക്ലാർക്കിനോട് ഇക്കാര്യം പറയുകയും, ഓഫീസ് രേഖകളിൽ എഴുതി വയ്ക്കുകയും ചെയ്തിരുന്നുവെന്നും, അതിനുശേഷം ഇപ്പോഴാണ് പൈസ അടയ്ക്കണമെന്നുള്ള കാര്യം തന്നെ അറിയിക്കുന്നതെന്നും മുൻ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

46. പൈസ അടയ്ക്കാൻ ബാദ്ധ്യസ്ഥനാണോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് താൻ 07/03-ൽ ട്രാൻസ്ഫറായി പോവുകയും അതിനുശേഷമാണ് പേമെന്റ് നടത്തിയിരിക്കുന്നതെന്നും, ആയത് സർച്ചാർജ്ജ് നോട്ടീസിനുള്ള മറുപടിയിൽ കാണിച്ചിരുന്നതായി മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു. നാല് വർക്ക് ഒരുമിച്ചായതിനാൽ കറക്ടായി മെറ്റൽ ഇറക്കാൻ സാധിക്കില്ലെന്നും, ഇക്കാര്യത്തിൽ പുനഃപരിശോധന വേണമെന്നും സമിതി അഭിപ്രായപ്പെട്ടു.

47. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സർച്ചാർജ്ജ് നോട്ടീസ് കൊടുക്കുകയും, പിന്നീട് അത് ഒഴിവാക്കുകയും ചെയ്യുന്നതായി കാണുന്നുണ്ടെന്നും, അങ്ങനെ ചെയ്യുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റിന് അധികാരമില്ലെന്നും ഇത് നിയമസഭയോടുള്ള അനാദരവാണെന്നും സമിതി ചൂണ്ടിക്കാണിച്ചു. സഭ മുൻപാകെ ഹാജരാക്കിയ റിപ്പോർട്ടിൽ സബ്സിക്വന്റായി എന്ത് നടപടിയെടുക്കണമെങ്കിലും സമിതിയുടെ അംഗീകാരത്തോടു കൂടി മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും, സമിതിയുടെ നിർദ്ദേശം അനുസരിച്ചു മാത്രമാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് തീരുമാനമെടുക്കേണ്ടതെന്നും, പ്രിലിമിനറി ഒബ്ജക്ഷനുള്ള മറുപടി കിട്ടിയാൽ അതിന്റെ അടിസ്ഥാനത്തിൽ ബോദ്ധ്യപ്പെടുന്നത് അനുസരിച്ച് കുറവ് ചെയ്തതിനുശേഷം മാത്രമാണ് റിപ്പോർട്ട് സഭയിൽ സമർപ്പിക്കേണ്ടതെന്നും, ഒബ്ജക്ഷനായിക്കഴിഞ്ഞാൽ ഇത് സമിതിയുടെ മുമ്പിലുള്ള വിഷയമാണെന്നും, അതിനുശേഷം അതിലൊന്നും മാറ്റാൻ സാധിക്കില്ലെന്നും സമിതി ചൂണ്ടിക്കാണിച്ചു.

48. കാവുംചാൽ കോടിപ്പൊയിൽ റോഡ് ടാറിംഗിന്റെ അധികച്ചെലവ് എന്ന ഓഡിറ്റ് പരാമർശത്തിന് ഉത്തരവാദിയായ സെക്രട്ടറിയെ സർച്ചാർജ്ജ് നടപടികളിൽ നിന്ന് ഒഴിവാക്കി വകുപ്പുതല നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചതായി സമിതി ചൂണ്ടിക്കാണിക്കുകയും, സർച്ചാർജ്ജ് ഡ്രോപ്പ് ചെയ്തപ്പോൾതന്നെ സാമ്പത്തിക ബാധ്യതയില്ലെന്നതാണെന്നും, നിയമസഭയിൽ സമർപ്പിക്കപ്പെടുന്ന റിപ്പോർട്ടുകൾ അഞ്ചാറു വർഷം കഴിഞ്ഞാണ് പരിശോധിക്കുന്നതെങ്കിൽപ്പോലും, സബ്സിക്വന്റായി ഉണ്ടാകുന്ന മാറ്റങ്ങൾ സമിതിയുടെ പരിഗണനയിൽ കൊണ്ടുവന്ന് തീരുമാനമെടുത്തതിനു ശേഷം മാത്രമേ ഡ്രോപ്പ് ചെയ്യാൻ സാധിക്കുകയുള്ളൂവെന്ന് സമിതി ആവർത്തിച്ചു.

49. ആ കാലഘട്ടത്തിൽ ചെയ്ത മറ്റ് വർക്കുകളുടെ കാര്യത്തിൽ ഓഡിറ്റ് ഒബ്ജക്ഷൻ ഉണ്ടായിരുന്നോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് ഓഡിറ്റ് ഒബ്ജക്ഷൻ ഉണ്ടായിരുന്നതിനാൽ സർച്ചാർജ്ജ് നോട്ടീസ് ലഭിച്ചെങ്കിലും ആയതിന് നൽകിയ വിശദീകരണത്തിന്റെയടിസ്ഥാനത്തിൽത്തന്നെ സർച്ചാർജിൽ നിന്നും ഒഴിവാക്കിയെന്നും 27-9-2008-ലാണ് തുക അടയ്ക്കണമെന്ന് കാണിച്ച് വീണ്ടും നോട്ടീസ് കിട്ടിയതെന്നും മുൻ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

50. മൂന്നു വർക്കുകളിൽ രണ്ട് വർക്കുകൾക്ക് സർച്ചാർജ്ജ് നോട്ടീസ് കൊടുക്കുകയും ആയതിന് വിശദീകരണം ലഭിച്ചപ്പോൾ ഡ്രോപ്പ് ചെയ്തുവെന്നും എന്നാൽ മുൻ സെക്രട്ടറിയെ അറിയിക്കാത്ത ഓഡിറ്റ് ഒബ്ജക്ഷൻ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ സംശയാസ്പദമായ സാഹചര്യത്തിലാണ് കാര്യങ്ങൾ നടന്നിരിക്കുന്നതെന്ന് ഓഡിറ്റ് ഒബ്ജക്ഷൻ ഉന്നയിച്ച കാലയളവിലെ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ഇതിന് മറുപടി പറയുവാൻ ബാദ്ധ്യസ്ഥനാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ഓഡിറ്റ് പരാമർശം ഉന്നയിക്കുന്നതിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഭാഗത്തുനിന്ന് ഗുരുതരമായി വീഴ്ചയുണ്ടായതായും സമിതി വിലയിരുത്തി.

51. പ്രസ്തുത കാലയളവിലെ വർക്കുകൾക്ക് സർച്ചാർജ്ജ് നോട്ടീസ് പുറപ്പെടുവിച്ചതിനും, പിന്നീട് സർച്ചാർജ്ജ് പിൻവലിക്കുന്നതിനും ഉണ്ടായ സാഹചര്യത്തെ സംബന്ധിച്ച് വിശദമായ റിപ്പോർട്ട്, കാവുംചാൽ കോടിപ്പൊയിൽ റോഡ് ടാറിംഗ് എന്ന ഓഡിറ്റ് പരാമർശം പുനഃപരിശോധിച്ചതിന്റെ റിപ്പോർട്ട് എന്നിവ സമിതിക്ക് ലഭ്യമാക്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

52. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 30-3-2004-ലെ കത്തുപ്രകാരം, ഓഡിറ്റ് ഖണ്ഡികയിൽ പരാമർശവിധേയമായ വിഷയത്തിന് ഉത്തരവാദിയായ സെക്രട്ടറിയെ സർച്ചാർജ്ജ് നടപടികളിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇതിൽനിന്നും ഈ വിഷയം സാമ്പത്തിക ബാധ്യതയില്ലാത്തതാണെന്ന് അനുമാനിക്കാവുന്നതാണ്. നാലു പ്രവൃത്തികൾ ചെയ്തതിൽ രണ്ടു പ്രവൃത്തികൾക്ക് സർച്ചാർജ് നോട്ടീസ് നൽകുകയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവ ഒഴിവാക്കുകയും ചെയ്തതിനുശേഷം മുൻ സെക്രട്ടറിയെ അറിയിക്കാത്ത ഒരു ഓഡിറ്റ് തടസ്സമാണ് സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ കടന്നുകൂടിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചതിനുശേഷം സർച്ചാർജ്ജ് നോട്ടീസ് നൽകിയതായും സമിതി നിരീക്ഷിച്ചു. സഭ മുൻപാകെ സമർപ്പിക്കപ്പെടുന്ന റിപ്പോർട്ടുകളിലെ ഓഡിറ്റ് ഖണ്ഡികകൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കുറ്റമറ്റരീതിയിലുള്ളതായിരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പരാമർശവിധേയമായ ഈ ഓഡിറ്റ് ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള പ്രവൃത്തി നടന്ന കാലയളവിലെ നാലു പ്രവൃത്തികൾക്ക് സർച്ചാർജ് നോട്ടീസ് പുറപ്പെടുവിച്ചതിനും പിന്നീട് അവ പിൻവലിച്ചതിനും ഇടയായ സാഹചര്യം സംബന്ധിച്ച വിശദമായ റിപ്പോർട്ടും മുൻസെക്രട്ടറിയെ അറിയിക്കാത്ത ഓഡിറ്റ് തടസ്സം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടതിനെ സംബന്ധിച്ചും ടി ഓഡിറ്റ് പരാമർശം പുനഃപരിശോധിച്ചതിന്റെ റിപ്പോർട്ടും അടിയന്തരമായി നല്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതി ആവശ്യപ്പെടുന്നു.

ഓഡിറ്റ് ഖണ്ഡിക

**പദ്ധതി സഹായം പണമായി നല്കി**

**(ഓഡിറ്റ് റിപ്പോർട്ട് 1999-2000, ഖണ്ഡിക 6 )**

സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി സഹായം-ഗുണഭോക്താക്കൾക്ക് പണമായി നൽകി. കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 1999-2000-ലെ വീട് അറ്റകുറ്റപ്പണി പൊതുപട്ടിക വിഭാഗ പദ്ധതികൾക്കാണ് 1,65,000 രൂപ ഗുണഭോക്താക്കൾക്ക് പണമായി നൽകിയത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 14-10-1998-ലെ ജി.ഒ.(പി) 209/98 പ്രകാരം വീട് അറ്റകുറ്റപ്പണി ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹിക്കണം. ഉത്തരവിന് വിരുദ്ധമായതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2003-2004-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.6]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഭവന പുനരുദ്ധാരണത്തിനായി ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകയ്ക്ക് ഗവൺമെന്റ് സാധൂകരണം നൽകിയിട്ടുള്ളതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

53. **ഭവന പുനരുദ്ധാരണത്തിനായി ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചതിന് ഗവൺമെന്റ് സാധൂകരണം നൽകിയ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## എരുവേശ്ശി ഗ്രാമപഞ്ചായത്ത്

## (1998-1999)

ഓഡിറ്റ് ഖണ്ഡിക

**അനർഹർക്ക് നൽകിയ ആനുകൂല്യം അംഗീകരിക്കുന്നില്ല**

ഇറച്ചി ആവശ്യത്തിനുള്ള പന്നി വളർത്തൽ എന്ന പ്രോജക്ട് (വനിതകൾ) നടപ്പാക്കിയപ്പോൾ തൻവർഷം 11 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയത്. പ്രോജക്ട് പ്രകാരം 5,000 രൂപ ഗുണഭോക്തൃ വിഹിതവും 5,000 രൂപ പദ്ധതി വിഹിതവുമാണ്. ദാരിദ്ര്യരേഖക്കു താഴെയുള്ളവർ ആയിരിക്കണമെന്നും, സ്വന്തമായി കിണറോ മറ്റു തരത്തിൽ ജലലഭ്യതയോ ഉള്ളവരും ആയിരിക്കണം ഗുണഭോക്താക്കൾ എന്നും നിബന്ധനയുണ്ട്. ആനുകൂല്യം നൽകിയപ്പോൾ ഈ നിബന്ധനകൾ ഒന്നുംതന്നെ പാലിക്കപ്പെട്ടിട്ടില്ല. തന്നെയുമല്ല ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്തൃലിസ്റ്റ് പുനഃപരിശോധിച്ച് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെടാത്ത എട്ടുപേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. മുൻഗണനാ ലിസ്റ്റ് മറികടന്ന് നൽകിയ ആനുകൂല്യം 40,000 രൂപ (8 X 5,000) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03-ലെ ഓഡിറ്റ് ഖണ്ഡിക നം VII.I.13.7(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

54. ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച വിശദീകരണം സമിതി ആരാഞ്ഞു. ഇറച്ചി ആവശ്യത്തിനുള്ള പന്നി വളർത്തൽ എന്ന പ്രോജക്ട് (വനിതകൾ) നടപ്പിലാക്കുന്നതിനായി പഞ്ചായത്ത് കമ്മിറ്റി 50 ആളുകളുടെ ഗുണഭോക്തൃ പട്ടിക തയ്യാറാക്കുകയും ഗുണഭോക്തൃ വിഹിതം അടച്ച് കൂട് നിർമ്മാണം പൂർത്തിയാക്കി നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജന്റെ മുന്നിൽ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതിന് 45/99(3) തീയതി 11-3-1999 പഞ്ചായത്ത് തീരുമാനത്തിന്റെയടിസ്ഥാനത്തിലാണ് ഗുണഭോക്തൃ വിഹിതം അടയ്ക്കുന്നവർക്ക് ആനുകൂല്യം നൽകിയതെന്നും, ഓഡിറ്റിൽ പരാമർശിക്കപ്പെട്ട 8 ഗുണഭോക്താക്കൾ പഞ്ചായത്ത് തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുന്നവരാണെന്നും എരുവേശ്ശി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

55. എരുവേശ്ശി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

56. **പഞ്ചായത്തുതല മുൻഗണനാ ലിസ്റ്റിൽ ഉണ്ടായിരുന്ന 50 പേരിൽ ഗുണഭോക്തൃ വിഹിതം അടച്ച് പദ്ധതി പൂർത്തീകരിച്ച ആദ്യത്തെ ഇരുപതുപേർക്കാണ് ധനസഹായ തുക നൽകേണ്ടിയിരുന്നതെങ്കിലും അവരിൽ പല ഗുണഭോക്താക്കളും തൻവർഷം പ്രസ്തുത ആനുകൂല്യം ആവശ്യമില്ലെന്ന് അറിയിച്ച പശ്ചാത്തലത്തിലാണ് മറ്റുള്ള 8 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത 8 ഗുണഭോക്താക്കളും ടി 50 പേർ അടങ്ങുന്ന ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുന്നവരാണെന്ന് സമിതിക്ക് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.**

## കോളയാട് ഗ്രാമപഞ്ചായത്ത്
## (1998-1999)

ഓഡിറ്റ് ഖണ്ഡിക

**കുറഞ്ഞ ക്വട്ടേഷൻ നിരാകരിച്ചതുമൂലമുള്ള നഷ്ടം**

10 നിർദ്ധന കുടുംബങ്ങൾക്ക് ഓടു മേയുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയിൽ 40,000 രൂപയുടെ ഓട് ക്വട്ടേഷൻ പ്രകാരം വാങ്ങാൻ തീരുമാനിക്കുകയും ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തു. ആകെ ലഭിച്ച മൂന്നു ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത പി.സി. എന്റർപ്രൈസസ് പേരാവൂരിന്റെ ക്വട്ടേഷൻ സ്വീകരിക്കുന്നതിനു പകരം ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത ജ്യോതി ട്രേഡേഴ്സ് ചിറ്റാരിപറമ്പിന്റെ ക്വട്ടേഷനാണ് സ്വീകരിച്ചിട്ടുള്ളത്. സാധനത്തിന്റെ ഗുണമേന്മയോ മറ്റോ ആണ് ഉയർന്ന നിരക്ക് സ്വീകരിക്കാൻ കാരണമെങ്കിൽ അതിനെപ്പറ്റി പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ പരാമർശമില്ല. മറിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ജ്യോതി ട്രേഡേഴ്സിന്റെ ക്വട്ടേഷൻ അംഗീകരിച്ചു എന്നാണ് തീരുമാനം. ഇതിലെ വൈരുദ്ധ്യം സംശയാസ്പദമാണ്. തന്നെയുമല്ല ഇത്തരത്തിലുള്ള അംഗീകാരം സ്റ്റോർ പർച്ചേസ് ചട്ടങ്ങൾക്ക് എതിരുമാണ്. ഇക്കാരണത്താൽ പദ്ധതി വിഹിതത്തിൽ 10,926 രൂപ നഷ്ടമുണ്ടായത് ഉത്തരവാദിയായവരിൽ നിന്നും ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.13.8(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

57. ഓടു വാങ്ങുന്നതുമായി ബന്ധപ്പെട്ട് കുറഞ്ഞ ക്വട്ടേഷൻ സ്വീകരിക്കാതിരുന്നതിനുള്ള കാരണം സമിതി ആരാഞ്ഞതിന് ക്വാളിറ്റി തീരെയില്ലാത്തതാണ് ലോവസ്റ്റായി കാണിച്ചിരുന്നതെന്നും കോളയാട് പഞ്ചായത്തിന്റെ അക്രിഡറ്റഡ് എഞ്ചിനീയറായിരുന്ന ശ്രീ. അനിൽ കുമാർ ക്വട്ടേഷൻ സമർപ്പിച്ച സ്ഥാപനങ്ങളുടെ ഓടുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ "ഫറൂഖ് സ്റ്റാൻഡേർഡ് ടൈൽസ്" എന്ന ഓടിനാണ് ഗുണമേന്മയുള്ളതെന്ന് സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ജ്യോതി ട്രേഡേഴ്സ് ചിറ്റാരിപ്പറമ്പ് എന്ന സ്ഥാപനത്തിൽ നിന്നും ഓട് വാങ്ങിയതെന്ന് കോളയാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

58. ശ്രീ. അനിൽകുമാറിന്റെ പരിശോധന റിപ്പോർട്ടിന്റെ തീയതിയെന്നാണെന്നും ആ റിപ്പോർട്ടിന്മേൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തത് എന്നാണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് പരിശോധന റിപ്പോർട്ടിൽ തീയതി രേഖപ്പെടുത്തിയിട്ടില്ലെന്നും അതിന്മേൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുന്നത് 2007-ലാണെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

59. കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനമാണ് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് എന്ന തരത്തിൽ പഞ്ചായത്ത് മിനിറ്റ്സിൽ രേഖപ്പെടുത്തുവാനുണ്ടായ കാരണം സമിതി ആരാഞ്ഞതിന് മിനിറ്റ്സ് എഴുതിയപ്പോൾ പാകപ്പിഴ വന്നതാണെന്നും സമർപ്പിക്കപ്പെട്ട ക്വട്ടേഷനിലെ ഓടുകളുടെ വിലയിൽ വലിയ വ്യത്യാസം വന്നപ്പോൾ ആ സമയത്ത് തന്നെ ഓടുകളുടെ ക്വാളിറ്റി പരിശോധിക്കുകയും എഞ്ചിനീയറുടെ അഭിപ്രായം എഴുതി വാങ്ങുകയും ചെയ്തിരുന്നുവെന്ന് കോളയാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. 40,000 രൂപയുടെ ഓട് ക്വട്ടേഷൻ വിളിച്ച്, ക്വട്ടേഷൻ അംഗീകരിച്ചു നൽകിയ പഞ്ചായത്തിന്റെ 56/99 തീരുമാനത്തിൽ ഗുണമേന്മ കൂടിയതിനാലാണ് ജ്യോതി ട്രേഡേഴ്സിന്റെ ക്വട്ടേഷൻ സ്വീകരിക്കുന്നതെന്നുള്ള തീരുമാനം എഴുതിയാൽ പോരായിരുന്നോയെന്നും, അതിനുപകരം കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനമാണ് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് എന്ന തരത്തിൽ പഞ്ചായത്ത് തീരുമാനം എഴുതിയതിൽ നിന്നും രേഖകളിൽ കൃത്രിമം നടന്നിട്ടുണ്ടെന്നും, ആഡിറ്റുകാർ തെറ്റ് കണ്ടുപിടിച്ചപ്പോൾ ഓട് വാങ്ങിയതിനെ ന്യായീകരിക്കുന്നതിനായി എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ് വാങ്ങി സബ്സിക്വന്റായി തീരുമാനമെടുത്താൽ, ആ നടപടിയെ ന്യായീകരിക്കാൻ സാധിക്കില്ലെന്നും സമിതി ചൂണ്ടിക്കാണിച്ചു.

60. പഞ്ചായത്തിനു വേണ്ടി ക്വട്ടേഷൻ സ്വീകരിക്കുന്നത് പഞ്ചായത്ത് സെക്രട്ടറിയാണെന്നും മിനിറ്റ്സ് രേഖപ്പെടുത്തുന്നതിൽ പ്രസിഡന്റിന് തെറ്റ് സംഭവിച്ചാൽ കറക്ട് ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണെന്നും സമിതി ചൂണ്ടിക്കാണിച്ചു. പഞ്ചായത്ത് എടുക്കുന്ന തീരുമാനത്തിനനുസരിച്ചാണ് നിർവ്വഹണ ഉദ്യോഗസ്ഥർ പ്രവർത്തിക്കേണ്ടതെന്നും ആയതിനാൽ ഇക്കാര്യത്തിൽ ഗ്രാമസേവിക നിരപരാധിയാണെന്നും സമിതി വിലയിരുത്തുകയും, പഞ്ചായത്തിനുണ്ടായ നഷ്ടം അന്നത്തെ സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തി, അന്നത്തെ സെക്രട്ടറിയിൽ നിന്ന് ഈടാക്കിയതിന്റെ ഡി.ഡി.പി. യുടെ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

61. 1999-ൽ എടുത്ത പഞ്ചായത്തിന്റെ ഒരു തീരുമാനത്തെ സാധൂകരിക്കുന്നതിനു വേണ്ടി വഴിവിട്ട നിലയിൽ 2008-ൽ റാറ്റിഫിക്കേഷൻ നടത്തിയ ഇപ്പോഴത്തെ കമ്മിറ്റിയുടെ തീരുമാനം ഉചിതമല്ലെന്നും ഇപ്രകാരമുള്ള നടപടി ജനാധിപത്യ ഭരണക്രമം നടക്കുന്ന സ്ഥാപനങ്ങളിൽ ആവർത്തിക്കുന്നത് വളരെ മോശമായ കീഴ്വഴക്കം സൃഷ്ടിക്കുമെന്ന് അഭിപ്രായപ്പെടുകയും പഴയ തീരുമാനത്തിന് 8 വർഷത്തിനുശേഷം സാധൂകരണം നല്കിയ ഇപ്പോഴത്തെ കമ്മിറ്റിയുടെ നടപടിയിന്മേൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

സമിതി നിർദ്ദേശത്തെത്തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പ് 21-12-2010-ലെ 38786/എ.ബി2/09/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം നല്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

62. "കുറഞ്ഞ ക്വട്ടേഷൻ നിരാകരിച്ചതുമൂലമുള്ള നഷ്ടം" എന്ന ആഡിറ്റ് പരാമർശപ്രകാരം തടസ്സപ്പെടുത്തിയ 10,926 രൂപ കോളയാട് ഗ്രാമപഞ്ചായത്തിലെ

മുൻ സെക്രട്ടറിയായ ശ്രീ. എൻ. രാജ്മോഹൻ രസീത് നമ്പർ 62802/14, തീയതി 19-9-2009 പ്രകാരം ഗ്രാമപഞ്ചായത്തിൽ അടച്ചിട്ടുണ്ട്.

**നിഗമനങ്ങൾ/ശിപാർശകൾ**

**63. പദ്ധതിയിൽ സ്റ്റോർ പർച്ചേസ് നിയമങ്ങൾ ലംഘിച്ചാണ് കൂടിയ ക്വട്ടേഷൻ സ്വീകരിച്ചതെന്നും കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനമാണ് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് എന്ന് പഞ്ചായത്ത് മിനിട്സിൽ രേഖപ്പെടുത്തിയതിനുശേഷം ആഡിറ്റ് വകുപ്പ് ക്രമക്കേട് കണ്ടുപിടിച്ചപ്പോഴാണ് ഗുണമേന്മ മുൻനിർത്തി കൂടിയ ക്വട്ടേഷൻ സ്വീകരിച്ചതെന്ന വാദവുമായി പഞ്ചായത്ത് മുന്നോട്ടുവന്നതെന്നും ഇത് ന്യായീകരിക്കത്തക്കതല്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. ഇക്കാര്യത്തിൽ പഞ്ചായത്തിനുവേണ്ടി ക്വട്ടേഷൻ സ്വീകരിച്ച പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചതായി തെളിവെടുപ്പു വേളയിൽ കണ്ടെത്തിയ സമിതി പഞ്ചായത്തിനുണ്ടായ നഷ്ടം തദവസരത്തിലെ സെക്രട്ടറിയിൽ നിന്നും ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. ബാധ്യത തുകയായ 10,926 രൂപ മുൻ സെക്രട്ടറി 19-9-2009-ൽ 62802/14 നമ്പർ രസീത് പ്രകാരം ഗ്രാമപഞ്ചായത്തിൽ അടച്ചതായി സർക്കാരിൽ നിന്നും മറുപടി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിലുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**64. ഓഡിറ്റ് പരാമർശത്തിന് വിധേയമായ 1999-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ ക്രമവിരുദ്ധമായ ഒരു പ്രവൃത്തിക്ക്, നിയമസഭാ സമിതിയുടെ പരിഗണനയിലിരിക്കെ 2008-ലെ പഞ്ചായത്തു ഭരണ സമിതി സാധൂകരണം നല്കിയ നടപടി ഉചിതമായില്ലെന്നും ഇത്തരം പ്രവണതകൾ തെറ്റായ കീഴ്വഴക്കങ്ങൾ സൃഷ്ടിക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു. പഞ്ചായത്തു ഭരണ സമിതിയുടെ പ്രസ്തുത തീരുമാനത്തിന്മേൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ഇവ ആവർത്തിക്കുന്നില്ലെന്ന് ഭരണവകുപ്പ് ഉറപ്പുവരുത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ക്ലബ്ബുകൾക്ക് പ്രോത്സാഹനം-പാഴ്ച്ചെലവ്**

പഞ്ചായത്തിലെ ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് തെരഞ്ഞെടുത്ത മൂന്നു ക്ലബ്ബുകൾക്ക് മൊത്തം 10,000 രൂപയ്ക്കുള്ള ഫർണ്ണിച്ചർ നൽകുന്നതിനുള്ള പ്രോജക്ട്. ടി ആവശ്യത്തിനായി 31-3-1999-ൽ 9,920 രൂപയുടെ സാധനങ്ങൾ (അലമാര, കസേര മുതലായവ) വാങ്ങി സ്റ്റോക്കിലെടുത്ത് പഞ്ചായത്താഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. 1998-1999-ലെ ഈ പ്രോജക്ട് ആഡിറ്റ് തീയതിവരെ (22-6-2002) പൂർത്തീകരിച്ചിട്ടില്ല. പദ്ധതിപണം ചെലവഴിച്ചു വാങ്ങിയ സാധനങ്ങൾ ബന്ധപ്പെട്ട ക്ലബ്ബുകൾക്ക് വിതരണം ചെയ്തിട്ടില്ല ആർക്കും പ്രയോജനപ്പെടാതെ പദ്ധതി വിഹിതം ലക്ഷ്യബോധമില്ലാതെ ചെലവഴിച്ചത് ആഡിറ്റ് ഗൗരവമായി കാണുന്നു. അൽപ്പം പ്രതിബദ്ധതയും ഉത്തരവാദിത്വവും ഉണ്ടെങ്കിൽ ഫലപ്രാപ്തിയിൽ എത്തിക്കാമായിരുന്ന ടി പദ്ധതി അലംഭാവംമൂലം നിഷ്പ്രയോജനപ്പെടുത്തിയതിനാൽ ഈയിനത്തിൽ ഉണ്ടായ ചെലവായ 9,920 രൂപ ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ VII-I.13.8.(ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

65. പഞ്ചായത്തിലെ ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ട മൂന്ന് ക്ലബ്ബുകൾക്ക് വേണ്ടി വാങ്ങിയ സാധനങ്ങൾ ബന്ധപ്പെട്ട ക്ലബ്ബുകൾക്ക് വിതരണം ചെയ്യാത്തതെന്തുകൊണ്ടാണെന്നുള്ള സമിതിയുടെ ചോദ്യത്തിന് ക്ലബ്ബുകൾ ഫർണ്ണിച്ചർ കൈപ്പറ്റുന്നതിന് വിസമ്മതിച്ചുവെന്നും അതിനുള്ള കാരണം എന്താണെന്ന് അറിയില്ലെന്നും മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

66. 25-7-2007-ലെ 131/07 നമ്പർ തീരുമാനപ്രകാരം വാങ്ങിയ ഫർണ്ണിച്ചറുകൾ കോളയാട് പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സാംസ്കാരിക നിലയത്തിന് നല്കുവാൻ തീരുമാനിക്കുകയും 26-7-2007-ന് നല്കുകയും ചെയ്തിട്ടുണ്ടെന്നുള്ള ഗവൺമെന്റ് മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**67. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശവിധേയമായ ഫർണ്ണിച്ചറുകൾ പഞ്ചായത്ത് ഭരണ സമിതിയുടെ 25-7-2007-ലെ 131/07-ാം തീരുമാന പ്രകാരം പ്രസ്തുത പഞ്ചായത്തിന് കീഴിലുള്ള സാംസ്കാരിക നിലയത്തിന് നല്കിയിട്ടുണ്ടെന്ന ഗവൺമെന്റ് മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## പേരാവൂർ ഗ്രാമപഞ്ചായത്ത്

## (1998-1999)

<u>ഓഡിറ്റ് ഖണ്ഡിക</u>

**അനർഹർക്ക് ആനുകൂല്യം നൽകി-അനുവദിക്കുന്നില്ല**

ജനകീയാസൂത്രണ പരിപാടിയുടെ കക്കൂസ് നിർമ്മാണം (പട്ടികജാതി/വർഗ്ഗം, ജനറൽ) ഓലപ്പുര ഓടുമേയൽ, കിണർ നിർമ്മാണം (ജനറൽ) എന്നീ പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥ, അംഗീകൃത ലിസ്റ്റിൽപ്പെടാത്ത ഗുണഭോക്താക്കൾക്ക് അനധികൃതമായി ആനുകൂല്യം നൽകിയിരിക്കുന്നതായി ബോദ്ധ്യപ്പെട്ടു. ആകെ അനുവദിച്ചു നൽകിയ 5 ലക്ഷം രൂപയിൽ 1,44,000 രൂപയും ടി പ്രോജക്ടുകളിലായി അനർഹർക്ക് വിതരണം ചെയ്തിട്ടുണ്ട്. ജനകീയാസൂത്രണ പദ്ധതിയുടെ അടിസ്ഥാന മാനദണ്ഡം തന്നെ പാലിക്കാതെ നൽകിയ പ്രസ്തുത ആനുകൂല്യം ആഡിറ്റ് അനുവദിക്കുന്നില്ല. 1,44,000 രൂപയും ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പദ്ധതി വിഹിതത്തിൽ മുതൽ കൂട്ടേണ്ടതാണ്.

ക്ഷീര വികസന ഓഫീസർ നടപ്പിലാക്കിയ കാലിത്തൊഴുത്ത് നിർമ്മാണം (ജനറൽ) പശു വിതരണം (ജനറൽ) ആടു വിതരണം (പട്ടികവർഗ്ഗം) എന്നീ

പദ്ധതികളിലും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് അനർഹമായി ആനുകൂല്യം നൽകിയിട്ടുണ്ട്. ഓരോ ഇനത്തിലും യഥാക്രമം 32,000, 56,000, 47,000 രൂപ വീതം അനധികൃതമായി ചെലവ് ചെയ്തിട്ടുണ്ട്. ഈ തുക പ്രസ്തുത വ്യക്തിയിൽ നിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ VII-I.13.9.(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

68. അനർഹർക്ക് ആനുകൂല്യം നൽകിയത് അനുവദിക്കുന്നില്ലെന്നുള്ള ഓഡിറ്റ് പരാമർശത്തിന്മേലുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് മാർച്ച് മാസത്തിൽ നിലവിലുള്ള ഗുണഭോക്തൃ ലിസ്റ്റിലെ വ്യക്തികൾ പൂർണ്ണമായി പ്രവൃത്തി ഏറ്റെടുക്കാത്തതുകൊണ്ട് പഞ്ചായത്ത് കമ്മിറ്റി ഒരു ലിസ്റ്റ് ഉണ്ടാക്കുകയും ആ ലിസ്റ്റിലുള്ളവർക്ക് ആനുകൂല്യം കൊടുത്ത് അടുത്ത ഗ്രാമസഭയിൽ വച്ച് സാധൂകരണം വാങ്ങിക്കുകയും ചെയ്തുവെന്ന് പേരാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ആയത് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുണ്ടെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

69. പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് രേഖകൾ ആദ്യമേ നൽകിയിരുന്നോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് പരിശോധനയ്ക്കായി ആദ്യം നൽകിയിരുന്നില്ലെന്നും രണ്ടാമതാണ് രേഖകൾ പരിശോധനയ്ക്ക് നൽകിയതെന്നും ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞിട്ടുള്ള എല്ലാ ഗുണഭോക്തൃ ലിസ്റ്റുകളും പത്ത് ഗ്രാമസഭകളും, ഊരുകൂട്ടവും അംഗീകരിച്ചിട്ടുണ്ടെന്നും ആയതിന്റെ രേഖകൾ ഉണ്ടെന്നും പേരാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

70. രേഖകൾ പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ സർചാർജ്ജ് ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ശിപാർശ സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

### നിഗമനങ്ങൾ/ശിപാർശകൾ

**71. ഗുണഭോക്തൃ ലിസ്റ്റിലെ വ്യക്തികൾ മാർച്ച് മാസമായിട്ടും പൂർണ്ണമായി പ്രവൃത്തി ഏറ്റെടുക്കാത്തതുകൊണ്ട് പഞ്ചായത്ത് ഭരണസമിതി പുതിയ ലിസ്റ്റ് തയ്യാറാക്കി ആനുകൂല്യം നല്കുകയും ആയതിന് ബന്ധപ്പെട്ട ഗ്രാമസഭകളുടെ സാധൂകരണം വാങ്ങുകയും ചെയ്തിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഓഡിറ്റ് വേളയിൽ ഇതു സംബന്ധിച്ച രേഖകൾ ഹജരാക്കിയില്ലെങ്കിലും ഓഡിറ്റ് തടസ്സം ഉന്നയിച്ചതിനുശേഷം ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിനു ലഭ്യമാക്കിയിട്ടുള്ളതായും ആയതിന്റെ അടിസ്ഥാനത്തിൽ സർച്ചാർജിൽ നിന്നും ഒഴിവാക്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുള്ളതായും സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. സമിതിയുടെ തെളിവെടുപ്പു യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥർ ബന്ധപ്പെട്ട രേഖകൾ സമിതി മുമ്പാകെ ഹാജരാക്കുകയും ചെയ്തു.**

**ആയതിനാൽ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നിർദ്ദേശം അംഗീകരിച്ചുകൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്

## (1998-1999)

ഓഡിറ്റ് ഖണ്ഡിക

**റോഡ് ടാറിംഗ്-അധിക തുക നൽകി-അനുവദിക്കുന്നില്ല**

5 ലക്ഷം രൂപ എസ്റ്റിമേറ്റ് കണക്കാക്കിയ താഴെകാവിൻമൂല റോഡ് ടാറിടൽ എന്ന പ്രവൃത്തി ഗുണഭോക്തൃ കമ്മിറ്റി മുഖേന 1-7-1996-ലെ നിരക്കിന്റെ 30% ത്തിലധികം നൽകിയാണ് നിർവ്വഹിച്ചിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിക്കാവശ്യമായ ടാർ പഞ്ചായത്താണ് ലഭ്യമാക്കിയത്. 1998-1999 വർഷം ഗ്രാമപഞ്ചായത്ത് വാങ്ങിയ ടാറിന്റെ വില കടത്തു കൂലിയടക്കം ടണ്ണിന് 9,510 രൂപ ആയിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ ടാറിന്റെ വിലയൊഴികെയുള്ള എല്ലാ ഇനം പ്രവൃത്തിക്കും 30% അധികം കൺവീനർക്ക് നൽകിയപ്പോൾ ടാറിന്റെ വില ഈടാക്കിയത് 30% കൂട്ടാതെയാണ്. അതായത് 9,510 രൂപ വെച്ച് ഒരു ടൺ ടാറിന് പഞ്ചായത്ത് ചെലവ് ചെയ്തപ്പോൾ കൺവീനർക്ക് 5,400 രൂപയ്ക്ക് നൽകിയിരിക്കുന്നു. ഇത് പഞ്ചായത്തിന് ഗണ്യമായ നഷ്ടമുണ്ടാക്കിയിട്ടുണ്ട്. 30% അധിക നിരക്കിൽ 7,020 രൂപ വീതം കൺവീനറിൽ നിന്ന് ഈടാക്കാത്തതിനാൽ പഞ്ചായത്തിന് 12,442 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ VII-I.13.10.(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

72. റോഡ് ടാറിംഗിന് അധികം തുക നല്കിയത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേലുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് 1998-99-ലെ ഈ പ്രോജക്ട് ഗുണഭോക്തൃ സമിതി മുഖേനയാണ് നടപ്പിലാക്കിയതെന്നും പഞ്ചായത്ത് ടാർ വാങ്ങി കൊടുക്കണം അല്ലെങ്കിൽ ടാർ വാങ്ങിക്കൊടുക്കുമ്പോൾ റേറ്റിൽ വരുന്ന വ്യത്യാസം പഞ്ചായത്ത് വഹിക്കണമെന്ന ഗവൺമെന്റ് ഉത്തരവ് ഉണ്ടായിരുന്നതിനാൽ പഞ്ചായത്ത് ഗുണഭോക്തൃ സമിതിക്ക് ടാർ വാങ്ങി കൊടുക്കുകയും വിലയിൽ വന്ന വ്യത്യാസം പഞ്ചായത്ത് ഫണ്ടിൽ നിന്ന് വഹിക്കുകയും ചെയ്തുവെന്ന് മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

73. ടാർ വാങ്ങി കൊടുക്കുമ്പോൾ റേറ്റിൽ എങ്ങനെയാണ് വ്യത്യാസം വരുന്നതെന്ന സമിതിയുടെ ചോദ്യത്തിന് എസ്റ്റിമേറ്റ് പി.ഡബ്ല്യൂ.ഡി. റേറ്റിൽ തയ്യാറാക്കണമെന്ന ഗവൺമെന്റ് ഉത്തരവ് ഉണ്ടായിരുന്നതിനാൽ എസ്റ്റിമേറ്റ് പി.ഡബ്ല്യൂ.ഡി. റേറ്റിലാണ് തയ്യാറാക്കിയതെന്നും പി.ഡബ്ല്യൂ.ഡി. നിരക്കിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ടാർ ലഭിക്കുന്നില്ലെന്നും അതുകൊണ്ടു തന്നെ പൊതുമേഖലാ സ്ഥാപനത്തിൽ നിന്ന് ലഭിക്കുന്ന ടാറിന്റെ വിലയും, പി.ഡബ്ല്യൂ.ഡി. റേറ്റിൽ

തയ്യാറാക്കുന്ന ടാറിന്റെ വിലയും തമ്മിൽ വലിയ വ്യത്യാസം ഉണ്ടാകുമെന്നും മുൻ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. എസ്റ്റിമേറ്റ് റേറ്റിൽ നിന്ന് കൂടുതലായി വരുന്ന തുക പഞ്ചായത്ത് ഫണ്ടിൽ നിന്ന് കണ്ടെത്തേണ്ടതായിരുന്നുവെന്നും അദ്ദേഹം കൂട്ടിചേർത്തു.

74. ടാർ വാങ്ങിക്കൊടുത്തതിന് 30% അധികം കൊടുത്തിട്ടില്ലെന്നും ഇതു സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് വിശദമായ മറുപടി നൽകി യിട്ടുണ്ടെന്നും മുൻ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. 30% വാല്യൂവേഷൻ കൂട്ടി കൊടുക്കാൻ പ്രൊവിഷനുണ്ടായിരുന്നുവെന്നും പി.ഡബ്ല്യു.ഡി. റേറ്റ് കുറവായതു കൊണ്ട് പഞ്ചായത്ത് ടാറിന്റെ വില എസ്റ്റിമേറ്റ് റേറ്റിൽ നിന്നുള്ള ഡിഡക്ഷൻ മാത്രമാണ് കാണിച്ചിട്ടുള്ളതെന്നും 30% കൂടിയ തുകയാണ് ഡിഡക്ഷനായി കാണിക്കേണ്ടി യിരുന്നതെന്നും കണ്ണൂർ എ.ഡി.പി.യും സമിതിയെ അറിയിച്ചു.

75. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും തുക ഈടാക്കി കിട്ടുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്ത് നടപടി സ്വീകരിച്ചുവെന്നുള്ള സമിതിയുടെ ചോദ്യത്തിന് കൺവീനർക്ക് 30% അധികം കൊടുത്തിട്ടില്ലാത്തതിനാലാണ് കൂടുതൽ നടപടികൾ സ്വീകരിക്കാത്തതെന്ന് കണ്ണൂർ ഡി.ഡി.പി. സമിതിയെ അറിയിച്ചു.

76. പഞ്ചായത്ത് വാങ്ങി കൊടുത്ത ടാറിന് 30% അധികം നൽകിയിട്ടില്ലെങ്കിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുകയും വാങ്ങികൊടുത്ത ടാറിന് പഞ്ചായത്ത് 30% അധികം നൽകിയിട്ടുണ്ടോയെന്ന് പരിശോധിച്ച്, അതിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തെത്തുടർന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ 7-4-2009-ലെ 3196/സ്പെ.സെൽ.ജി2/09 നമ്പർ കത്ത് പ്രകാരമുള്ള പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

77. "ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയിൽ ടാറിന് 30% അധികം തുക നൽകിയിട്ടില്ല എന്ന വസ്തുത വിശദമായി പരിശോധിച്ചു. എസ്റ്റിമേറ്റ് നിരക്ക് പ്രകാരമുള്ള 5,400 രൂപയാണ് കൺവീനറിൽ നിന്നും ഒരു ടൺ ടാറിന് ഈടാക്കിയിട്ടുള്ളത് എന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിന് ഒരു ടൺ ടാറിന് കടത്തു കൂലിയടക്കം 9,510 രൂപ ചെലവ് വരുന്നുണ്ട്. അതിനാലാണ് കൂടുതൽ തുക ഈടാക്കാത്തതിന് ഓഡിറ്റിൽ തുക നിരാകരിച്ചത്. എസ്റ്റിമേറ്റ് നിരക്ക് പ്രകാരമുള്ള തുക ടാറിന് ഈടാക്കിയിട്ടുള്ളതിനാൽ തുടർ നടപടികൾ ഒഴിവാക്കാമെന്ന് ശിപാർശ ചെയ്യുന്നു."

### നിഗമനങ്ങൾ/ശിപാർശകൾ

**78. ഗ്രാമപഞ്ചായത്ത് വാങ്ങികൊടുത്ത ടാറിന് എസ്റ്റിമേറ്റ് നിരക്ക് പ്രകാരമുള്ള തുക ഈടാക്കിയിട്ടുള്ളതിനാൽ തുടർനടപടികൾ ഒഴിവാക്കാവുന്നതാണെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

# ന്യൂമാഹി ഗ്രാമപഞ്ചായത്ത്

# (1998-1999)

ഓഡിറ്റ് ഖണ്ഡിക

**പഞ്ചായത്ത് ഫണ്ടുപയോഗിച്ചുള്ള പൊതുമരാമത്ത് പ്രവൃത്തികൾ-നിർവ്വഹണത്തിലെ അപാകതകൾ**

1997-98 വർഷത്തെ ഉപാധിരഹിത ഫണ്ടുപയോഗിച്ച് പഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് മൊത്തം 5,50,000 രൂപയുടെ അടങ്കലിൽ പ്രാദേശിക നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ആരംഭിച്ചു. പ്രസ്തുത പ്രവൃത്തി തന്നാണ്ടിൽ തന്നെ പൂർത്തീകരിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ടെങ്കിലും പൂർത്തീകരണ സർട്ടിഫിക്കറ്റോ മറ്റ് അനുബന്ധ രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അളവ് പുസ്തകത്തിൽ പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങിയതിന്റെയും മസ്റ്റർ റോൾ പ്രകാരം തൊഴിലാളികൾക്ക് കൂലി നല്കിയതിന്റെയും വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. അളവ് പുസ്തകം പൂർത്തീകരിച്ച് പ്രവൃത്തിയുടെ ആകെ മൂല്യം നിർണ്ണയിച്ച് മെമ്മോ ഓഫ് പേമെന്റ്സ് രേഖപ്പെടുത്തി പ്രസിഡന്റ്/സെക്രട്ടറി സാക്ഷ്യപ്പെടുത്തി ക്രമപ്രകാരം അവസാനിപ്പിച്ചിട്ടുമില്ല.

അളവ് പുസ്തകം അപൂർണ്ണമായ സാഹചര്യത്തിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ എല്ലാം നിർവ്വഹിച്ചിട്ടുണ്ടോ എന്നും പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത പ്രവൃത്തിക്കായി തന്നാണ്ടിൽ 77/4-6-1998-നും 494/22-2-1999-നുമിടയ്ക്കുള്ള 26 വൗച്ചറുകൾ പ്രകാരം 6,05,640 രൂപ ചെലവഴിച്ചിട്ടുണ്ട്. ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്ന് വ്യതിചലിച്ച നിർവ്വഹിച്ചിട്ടുള്ള പ്രവൃത്തികളുടെയും ചെലവിന്റെയും വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അളവ് പുസ്തകത്തിൽ പ്രവൃത്തിയുടെ ആകെ മൂല്യം നിർണ്ണയിച്ച് എഴുതിയിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തിക്കായി ചെലവഴിച്ച 6,05,640 രൂപ എസ്റ്റിമേറ്റ് പ്രകാരം നിർവ്വഹിച്ച ജോലിയുടെ മൂല്യത്തിന് അനുസൃതമായിട്ടാണോ എന്നും പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല, ചെലവഴിച്ച തുകയോ മൂല്യ നിർണ്ണയത്തിലെ തുകയോ ഏതാണ് കൂറവ് എന്നും വ്യക്തമല്ല. 10,000 രൂപ സൂപ്പർ വിഷൻ ചാർജ്ജൊഴികെ പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ 5,40,000 രൂപയായിരുന്നു. അതനുസരിച്ച് ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്ന് 65,640 രൂപ (6,05,640 - 5,40,000) അധികം ചെലവ് ചെയ്തിട്ടുണ്ട്.

കൂടാതെ ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്ന് വ്യതിചലിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് പുതുക്കിയ ഭരണ സാങ്കേതികാനുമതികൾ ലഭ്യമാക്കിയിട്ടില്ല. മൊത്തത്തിൽ പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണത്തിൽ സുതാര്യമായ സമീപനമല്ല ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്ന് ഉണ്ടായിരിക്കുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അതോടൊപ്പം പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിനെപ്പറ്റി സമഗ്രമായ ഒരു അന്വേഷണത്തിന് ശുപാർശയും ചെയ്യുന്നു. നിബന്ധനകളും നടപടിക്രമങ്ങളും പാലിക്കാതെ ചെലവ് ചെയ്ത 6,05,640 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ VII-I.13.11.(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

79. പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട അളവ് പുസ്തകം ഓഡിറ്റ് വകുപ്പിനെ കാണിച്ചിരുന്നോയെന്ന് സമിതി ആരാഞ്ഞതിന് അളവ് പുസ്തകം ഓഡിറ്റ് വകുപ്പിനെ കാണിച്ചിരുന്നുവെന്നും പ്രവൃത്തികളുമായി ബന്ധപ്പെട്ട എം.ബുക്ക് അപൂർണ്ണമാണെന്നും മസ്റ്റർ റോളുണ്ടെന്നും ന്യൂമാഹി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. അളവ് പുസ്തകം പൂർത്തീകരിച്ച് പ്രവർത്തിയുടെ ആകെ മൂല്യം നിർണ്ണയിച്ച് മെമ്മോ ഓഫ് പേമെന്റ് രേഖപ്പെടുത്തി പ്രസിഡന്റോ സെക്രട്ടറിയോ ഒപ്പിടാത്തതാണ് പ്രശ്നമെന്നും പ്രസിഡന്റ് മരണപ്പെട്ടുപോയെന്നും സെക്രട്ടറി കൂട്ടിചേർത്തു.

80. വർക്ക് കംപ്ലീറ്റ് ചെയ്തപ്പോൾ ചെലവായ തുകയും വാല്യൂവേഷനും തമ്മിൽ വ്യത്യാസമുണ്ടോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് കെട്ടിടത്തിന്റെ മൂല്യം നിർണ്ണയിച്ചു തരുന്നതിന് ബന്ധപ്പെട്ട എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തോട് 16-5-2008-ന് ആവശ്യപ്പെട്ടതനുസരിച്ച് 6-10-2008-ൽ നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ മെഷർമെന്റ് എടുത്ത് 5,39,552 തുക വാല്യൂവേഷൻ നടത്തിയതിന്റെ സട്ടിഫിക്കറ്റു ണ്ടെന്നും, 10 വർഷത്തിന് മുൻപുള്ളതായതുകൊണ്ട് 10% എക്സസ്സ് അനുവദിക്കാവുന്നതാണെന്നുള്ള സാക്ഷ്യപത്രം നൽകിയിട്ടുള്ളതായി ന്യൂമാഹി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. അളവ് പുസ്തകത്തിൽ ടോട്ടൽ വർക്കിന്റെ വാല്യൂ നിശ്ചയിച്ചിട്ടില്ലെന്ന് സമിതി ചൂട്ടിക്കാണിക്കുകയും 10 വർഷത്തിനു മുൻപുള്ള പ്രവൃത്തി ഇപ്പോൾ വാല്യൂവേഷൻ നടത്തി സാധൂകരിക്കുകയാണ് പഞ്ചായത്ത് ചെയ്യുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു.

81. എസ്റ്റിമേറ്റിൽ നിന്ന് വ്യതിചലിച്ചിട്ടുണ്ടോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് എസ്റ്റിമേറ്റിൽ നിന്ന് വ്യതിചലിക്കാതെ കുറച്ച് അഡീഷണൽ വർക്ക് കൂടി ചെയ്തിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പേമെന്റ് കൊടുക്കുമ്പോൾ എഞ്ചിനീയർ സർട്ടിഫൈ ചെയ്തിരുന്നോ, എം.ബുക്കിൽ അത് രേഖപ്പെടുത്തിയോയെന്നുള്ള സമിതിയുടെ ചോദ്യങ്ങൾക്ക് അവസാനമുള്ള 3 വൗച്ചേഴ്സ് മാത്രമാണ് റെക്കാർഡ് ചെയ്യാത്തതെന്നും 90% വൗച്ചേഴ്സും റെക്കോർഡ് ചെയ്ത ശേഷമാണ് പേമെന്റ് നൽകിയതെന്നും മുൻ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

82. 10 വർഷങ്ങൾക്കുമുമ്പുള്ള അസെറ്റ് ഇപ്പോൾ എങ്ങനെയാണ് എ. ഇ. വാല്യൂ ചെയ്തതെന്ന് സമിതി ആരാഞ്ഞതിന് 10 കൊല്ലം മുമ്പുള്ള പ്ലിന്ത് ഏരിയായിൽ, 1966-ലെ പി.ഡബ്ല്യൂ.ഡി. റേറ്റ് വച്ചാണ് വാല്യൂ ചെയ്തിരിക്കുന്നതെന്നും ഇപ്പോഴത്തെ റേറ്റാണെങ്കിൽ തുകയിൽ വലിയ വ്യത്യാസം ഉണ്ടാകുമെന്ന് മുൻ എ. ഇ. സമിതിയെ അറിയിച്ചു.

83. പുതിയ വാല്യൂവേഷന്റെ അടിസ്ഥാനത്തിൽ ബാധ്യത തിട്ടപ്പെടുത്തി, അധിക ബാധ്യത എത്രയുണ്ടോ, ആയത് അന്നത്തെ സെക്രട്ടറിയിൽ നിന്ന് ഈടാക്കണമെന്ന് സമിതി അഭിപ്രായപ്പെടുകയും, പുതിയ വാല്യൂവേഷന്റെ അടിസ്ഥാനത്തിൽ ബാദ്ധ്യത തിട്ടപ്പെടുത്തിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തെതുടർന്ന് 4-7-2011-ലെ 37429/എബി2/09/ത.സ്വ.ഭ.വ. കത്ത് പ്രകാരം ലഭിച്ച മറുപടി ചുവടെ ചേർക്കുന്നു:

84. നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം പുതിയ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ബാധ്യത തിട്ടപ്പെടുത്തി അന്നത്തെ സെക്രട്ടറിയിൽ നിന്നും ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് 6-7-09-ൽ നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ പുതിയ വാല്യുവേഷൻ നടത്തിയിട്ടുണ്ട്. അതിൻപ്രകാരം കെട്ടിടത്തിന്റെ മൂല്യനിർണ്ണയ തുക 5,39,582 രൂപയാണ്. ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് ഖണ്ഡിക 331(എ) പ്രകാരം കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് ആകെ ചെലവഴിച്ച തുക 6,05,640 രൂപയാണ്. ഇക്കാര്യത്തിൽ അധികം ചെലവു ചെയ്ത തുകയായ 66,058 രൂപയും 12% പലിശയായ 85,933 രൂപയും കൂടി ആകെ 1,51,991 രൂപ അന്നത്തെ സെക്രട്ടറി യായിരുന്ന ശ്രീമതി സി. പി. ദുർഗ്ഗയിൽ നിന്ന് ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടിക്കായി 29-3-10-ൽ ന്യൂമാഹി ഗ്രാമപഞ്ചായത്ത് സെക്രട്ടറി കണ്ണൂർ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ശ്രീമതി സി. പി. ദുർഗ്ഗ കോഴിക്കോട് ജില്ലയിൽ സ്ഥിര താമസക്കാരി ആയതുകൊണ്ട് കണ്ണൂർ ജില്ലാ കളക്ടർക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നില്ല എന്നും കോഴിക്കോട് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കുവാനും കണ്ണൂർ ജില്ലാകളക്ടറുടെ 21-7-2010-ലെ ജി5-6179/10 (എൽ.ഡിസ്) നമ്പർ കത്ത് പ്രകാരം അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 30-7-2010-ന് റവന്യൂ റിക്കവറി നടപടികൾക്കായി കോഴിക്കോട് ജില്ലാ കളക്ടർക്ക് ന്യൂമാഹി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിവരങ്ങൾ 21-12-10-ലെ 38786/ എബി2/10/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന നിയമസഭാ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. കൂടാതെ ശ്രീമതി സി. പി. ദുർഗ്ഗയിൽ നിന്നും 1,51,991 രൂപ ഈടാക്കാൻ തുടർന്ന് സ്വീകരിക്കുന്ന നടപടികളും സർക്കാരിൽ റിപ്പോർട്ട് ചെയ്യാൻ ന്യൂമാഹി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 3-3-11-ൽ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇക്കാര്യത്തിൽ കോഴിക്കോട് ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടില്ല എന്ന് ന്യൂമാഹി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 18-3-11-ലെ എ-672/06 നമ്പർ കത്ത് മുഖേന സർക്കാരിൽ റിപ്പോർട്ട് ചെയ്തു. തുടർന്ന് കോഴിക്കോട് ജില്ലാ കളക്ടറിൽ നിന്നും ശ്രീമതി സി. പി. ദുർഗ്ഗയ്ക്ക് എതിരെയുള്ള റവന്യൂ റിക്കവറി നടപടികളുടെ പുരോഗതി ആരാഞ്ഞ് സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ ന്യൂമാഹി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 20-6-11-ലെ 17358/എബി2/11 ത.സ്വ.ഭ.വ. നമ്പർ കത്തു മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.

**നിഗമനങ്ങൾ/ശിപാർശകൾ**

**85. പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് എം.ബുക്കിൽ പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തി രേഖപ്പെടുത്തിയിട്ടില്ലെന്നും ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ഭരണ സാങ്കേതികാനുമതികൾ നേടിയിരുന്നില്ലെന്നും സമിതി കണ്ടെത്തി. കൂടാതെ തുക നല്കിയത് പ്രവൃത്തിയുടെമൂല്യം നിർണ്ണയിച്ച് മെമ്മോ ഓഫ് പേമെന്റ്സ് രേഖപ്പെടുത്തിയോ പ്രസിഡന്റും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തിയോ അല്ലെന്നും സമിതി മനസ്സിലാക്കുന്നു. പത്തു വർഷം മുമ്പുള്ള പ്രവൃത്തി വാല്യുവേഷൻ നടത്തി സാധൂകരിച്ചത് മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണെന്ന് സമിതി വിലയിരുത്തുന്നു.**

**86. പുതിയ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ബാദ്ധ്യത തിട്ടപ്പെടുത്തി ആയതിന്റെ റിപ്പോർട്ട് നല്കുവാൻ തെളിവെടുപ്പ് യോഗത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടതിന്റ വെളിച്ചത്തിൽ സമിതി മുമ്പാകെ സമർപ്പിക്കപ്പെട്ട റിപ്പോർട്ടിൽ ഈ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് 66,058 രൂപ അധികം ചെലവായിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. 12% നിരക്കിലുള്ള പലിശയായ 85,933 രൂപ കൂടി ചേർക്കുമ്പോൾ ആകെ ബാധ്യത തുക 1,51,991 രൂപയാണ് പ്രസ്തുത റിപ്പോർട്ട് പ്രകാരം ഈടാക്കേണ്ടതെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ബാധ്യതതുകയായ 1,51,991 രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കുന്നതിനും ആയതുസംബന്ധിച്ച നടപടികളുടെ വിശദാംശങ്ങൾ നല്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

## ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മുൻകൂർ നൽകിയ മരാമത്ത് പണികൾ പൂർത്തിയായില്ല**

**(ഓഡിറ്റ് റിപ്പോർട്ട് 2001-02, ഖണ്ഡിക 16)**

ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് 1,12,660 രൂപ മുൻകൂർ നൽകിയ മരാമത്ത് പണികൾ പൂർത്തിയായില്ല. 2001-02 സാമ്പത്തിക വർഷത്തെ 13 പണികളുടെ ഗുണഭോക്തൃ സമിതി കൺവീനർമാർക്കാണ് മുൻകൂർ നൽകിയത് പണി വൈകിയ കാലത്തേക്ക് പിഴപ്പലിശ ചുമത്തി മുൻകൂർ തുക തിരിച്ച് ഈടാക്കണമെന്ന് 27-12-01-ലെ തദ്ദേശഭരണ വകുപ്പ് സർക്കുലർ (നമ്പർ 47100/ഡി.പി.1/01)-ലെ നിർദ്ദേശം പഞ്ചായത്ത് പാലിച്ചില്ല. തുക തിരികെ ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2003-04-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.1.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

87. 2001-2002 സാമ്പത്തിക വർഷത്തെ 13 പണികൾ 2002-2003, 2003-2004 എന്നീ വർഷങ്ങളിലായി, ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നുള്ള ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

88. **ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്ന 2001-2002 സാമ്പത്തിക വർഷത്തിൽ മുൻകൂർ നൽകിയ 13 മരാമത്ത് പണികൾ 2002-2003, 2003-2004 വർഷങ്ങളിലായി, ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നുള്ള ഗവൺമെന്റ് മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ സ്ഥിരീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഓട്ടോറിക്ഷാ വാങ്ങൽ പദ്ധതിയിൽ 'ക്രമക്കേടുകൾ**

**(ഓഡിറ്റ് റിപ്പോർട്ട് 1999-2000, ഖണ്ഡിക 11)**

ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ ഓട്ടോറിക്ഷാ വാങ്ങൽ പദ്ധതിയിൽ ക്രമക്കേടുകൾ 1999-2000-ലെ പദ്ധതിയിൽ 5 ഗുണഭോക്താക്കൾക്ക് 80,000 രൂപ ധനസഹായം നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായിരുന്നു പദ്ധതി നിർവ്വഹണം. ഗുണഭോക്താക്കൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണെന്ന് തെളിയിക്കപ്പെട്ടിട്ടില്ല. ഇത്തരം പദ്ധതികൾ ബാങ്കുകളുടെ സഹകരണത്തോടെ നടപ്പാക്കണമെന്ന ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ 5-4.-1999-ലെ (എംഎസ്.) 20/99 (ഖണ്ഡിക 3.1.14) ഉത്തരവ് പാലിച്ചില്ല. മാത്രമല്ല 17-10-97-ലെ ജി.ഒ.(പി) 235/97-ലെ ചട്ടം 22(2)3 (ഇ) പ്രകാരം ഇത് ദുർവിനിയോഗമാണ്. അതിനാൽ പദ്ധതി ചെലവ് ഓഡിറ്റിൽ അനുവദിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2003-2004-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.1.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

89. ഓട്ടോറിക്ഷാ വാങ്ങൽ പദ്ധതിയെ സംബന്ധിച്ചുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് ബി.പി.എൽ. കുടുംബത്തിലെ അഞ്ച് പേർക്ക് ഓട്ടോറിക്ഷാ വാങ്ങി കൊടുക്കുകയെന്നതായിരുന്നു പ്രോജക്ടെന്നും ഗ്രാമസഭ അംഗീകരിച്ചു തന്നതും, ബി.പി.എൽ. സർട്ടിഫിക്കറ്റ് ഉള്ളവരുമായ അഞ്ച് പേർക്ക് ഈ ആനുകൂല്യം നൽകിയെന്നും അതുമായി ബന്ധപ്പെട്ട ഫയൽ ലഭ്യമല്ലെന്നും ഗ്രാമസഭയിലെ മിനിട്ട്സിലുണ്ടെന്നും ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. 20,000 രൂപ വച്ച് 3 പട്ടികജാതി വിഭാഗത്തിനും 10,000 രൂപ വച്ച് മറ്റ് രണ്ട് ജാതിക്കാർക്കുമായി ആകെ 80,000 രൂപയാണ് നൽകിയതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൂട്ടിച്ചേർത്തു.

90. ഓട്ടോറിക്ഷാ കമ്പനിക്ക് ഡി.ഡി. നേരിട്ട് കൊടുത്തതാണോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് ഗുണഭോക്താവിന് തന്നെ കൊടുക്കുകയായിരുന്നുവെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഡി.ഡി.കൾ ബുക്കുകൾ മുഖേനയല്ലാതെ, ഗുണഭോക്തൃ സമിതിവഴി വ്യക്തികൾക്ക് നൽകിയിരിക്കുന്നതിനാൽ, പഞ്ചായത്ത് നൽകിയ തുക കൊണ്ടാണോ ഓട്ടോറിക്ഷാ വാങ്ങിയതെന്ന്

പരിശോധിക്കേണ്ടിയിരിക്കുന്നുവെന്ന് സമിതി അഭിപ്രായപ്പെടുകയും, ഓട്ടോറിക്ഷാ വാങ്ങിയ തീയതി വളരെ റെലവന്റായിട്ടുള്ളതാണെന്ന് സമിതി ചൂണ്ടിക്കാണിക്കുകയും ചെയ്തു.

91. സെക്കന്റ് ഹാൻഡ് ഓട്ടോറിക്ഷ വാങ്ങി അതിന്റെ ആർ.സി. ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കാൻ ഇടയുള്ളതിനാൽ ധനസഹായം കൈപ്പറ്റിയ 5 ഗുണഭോക്താക്കളുടേയും ഡ്രൈവിംഗ് ലൈസൻസ്, ഓട്ടോറിക്ഷയുടെ ആർ.സി. ബുക്കിന്റെ പകർപ്പ് എന്നിവ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട് എന്നുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ മറുപടി അംഗീകരിക്കാൻ സാധിക്കില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു.

92. ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ ഓട്ടോറിക്ഷാ വാങ്ങൽ പദ്ധതിയിൽ ചെക്ക് കൊടുത്തത് ആരാണെന്നുള്ള സമിതിയുടെ ചോദ്യത്തിന് ഇംപ്ലിമെന്റിംഗ് ഓഫീസർ ഗ്രാമസേവകനായിരുന്നുവെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

93. ഓട്ടോറിക്ഷാ വാങ്ങൽ പദ്ധതിക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടോ, പദ്ധതിയുടെ ഇംപ്ലിമെന്റിംഗ് ഓഫീസർ ആരായിരുന്നു, ഓട്ടോയുടെ ഇൻവോയ്സ് ഡേറ്റ്, പണം കൊടുത്ത തീയതി എന്നിവ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതി നിർദ്ദേശിച്ചു.

94. സമിതി നിർദ്ദേശപ്രകാരം നല്കിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 7-4-2009-ലെ എൻ.എഫ്. 1396/സ്പെ.സെൽ ജി2/09 നമ്പർ കത്ത് പ്രകാരമുള്ള വിശദീകരണ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു:

**പരിശോധനാ റിപ്പോർട്ട്**

ഓട്ടോറിക്ഷാ വാങ്ങൽ എന്ന പ്രോജക്ട് നടപ്പിലാക്കിയത് സെക്രട്ടറിയാണ്, വി.ഇ.ഒ. അല്ല. വി.ഇ.ഒ.യുടെ പേര് രാജൻ പി.വി. എന്നാണ്. ഗുണഭോക്താക്കൾക്ക് നേരിട്ട് ചെക്ക് മുഖാന്തിരം തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. ആർ.സി.ബുക്കിന്റെ കോപ്പി പരിശോധനാ സമയത്ത് ഹാജരാക്കിയിട്ടില്ല. പിന്നീട് ഓഫീസിൽ ഹാജരാക്കിയ ആർ.ടി.ഓ.യുടെ സാക്ഷ്യപത്ര പ്രകാരം ഗുണഭോക്താക്കൾ ഓട്ടോറിക്ഷ സ്വന്തമാക്കിയ തീയതി ചുവടെ ചേർക്കുന്നു:

| *ഗുണഭോക്താവിന്റെ പേര്* | *അനുവദിച്ച തുക* | *ചെക്ക് നമ്പർ/ തീയതി* | *വണ്ടി നമ്പർ* | *വണ്ടി സ്വന്തമാക്കിയ തീയതി* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1. സ്വർണ്ണ, കെ. | 10,000 | 967525/8-3-2000 | കെ.ആർ.സി. 7416 | 28-2-2008 |
| 2. കെ. ജി. ഷീബ | 10,000 | 967526/9-3-2000 | കെ.എൽ. 13എ 8766 | 3-3-2000 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3. എ. വി. ലിജിമോൾ | 20,000 | 967506/18-2-2000 | കെ.എൽ. 14 5019 | 1-2-2000 |
| 4. എം. ജി. നളിനി | 20,000 | 967530/9-3-2000 | കെ.എൽ. 14ബി 4147 | 2-3-2000 |
| 5. എ. വി. കൃഷ്ണജ | 20,000 | 967535/21-3-2000 | കെ.എൽ. 13ഇ 5905 | 3-3-2000 |

നിഗമനങ്ങൾ/ശിപാർശകൾ

95. പദ്ധതി സംബന്ധിച്ച ഫയൽ ലഭ്യമല്ലെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ വെളിപ്പെടുത്തൽ സമിതി ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. തെളിവെടുപ്പുവേളയിൽ സമിതി ഉന്നയിച്ച ചോദ്യങ്ങൾക്ക് മതിയായ മറുപടി ലഭ്യമാക്കുവാൻ, ഹാജരായ ഉദ്യോഗസ്ഥർക്ക് സാധ്യമാകാത്തതിന്റെ പശ്ചാത്തലത്തിൽ പദ്ധതിക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്നും പദ്ധതിയുടെ ഇംപ്ലിമെന്റിംഗ് ഓഫീസർ ആരായിരുന്നുവെന്നും, ഓട്ടോറിക്ഷയുടെ ഇൻവോയ്സ് തീയതി, പണം നല്കിയ തീയതി എന്നിവ സംബന്ധിച്ചും പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതി നിർദ്ദേശിക്കുകയുണ്ടായി. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും പദ്ധതിയുടെ ഇംപ്ലിമെന്റിംഗ് ഓഫീസർ പഞ്ചായത്ത് സെക്രട്ടറിയായിരുന്നുവെന്നും ഗുണഭോക്താക്കൾക്ക് നേരിട്ട് ചെക്ക് മുഖാന്തിരം തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. പരിശോധനാ സമയത്ത് ആർ.സി.ബുക്ക് സമർപ്പിക്കാത്ത ഗുണഭോക്താക്കൾ പിന്നീട് ആർ.സി. ബുക്കിനു പകരം ആർ.ടി.ഒ.യുടെ സാക്ഷ്യപത്രമാണ് സമർപ്പിച്ചതെന്നും സമിതി നിരീക്ഷിച്ചു. അഞ്ചു ഗുണഭോക്താക്കളിൽ ഒരാളുടെ വണ്ടി നമ്പർ കെ.ആർ.സി. 7416 ആണെന്നും ആയത് ടിയാൻ സ്വന്തമാക്കിയ തീയതി 28-2-2008 ആണെന്നും കാണുന്നു. പദ്ധതിക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചിരുന്നോയെന്ന കാര്യം ഇപ്പോഴും അവ്യക്തമാണ്.

96. ഗ്രാമപഞ്ചായത്തിന്റെ, ഓട്ടോറിക്ഷാ വാങ്ങൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ സൂക്ഷിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സർക്കാരിന്റെ ധനവിനിയോഗം സംബന്ധിച്ച ഫയലുകളും അനുബന്ധ രേഖകളും നിലവിലുള്ള ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ചുമതലയാണ്. ഓഡിറ്റ് തടസ്സം ഉന്നയിക്കപ്പെടുന്ന ഫയലുകൾ കാണാതെപോകുന്നത് അതീവ ഗൗരവത്തോടെയാണ് സമിതി വീക്ഷിക്കുന്നത്. ഓഡിറ്റ് തടസ്സങ്ങൾക്ക് വിധേയമാകുന്ന ഫയലുകൾ അവയിന്മേലുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്നതുവരെ സൂക്ഷിക്കേണ്ടതാണെന്ന് സമിതി നിഷ്കർഷിക്കുന്നു. അവ പാലിക്കാത്തപക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ കർശന ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

97. ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിലെ മേൽ പരാമർശവിധേയമായ ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട ഫയൽ കണ്ടെത്തുവാനും പദ്ധതി നടത്തിപ്പിലെ വ്യവസ്ഥകൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കുവാനും സമിതി ആവശ്യപ്പെടുന്നു. ഈ പദ്ധതി പ്രകാരം പുതിയ ഓട്ടോറിക്ഷാ വാങ്ങുവാനായിരുന്നോ വ്യവസ്ഥയെന്നും അങ്ങനെയെങ്കിൽ ഗുണഭോക്താക്കൾ വാങ്ങിയത് പുതിയവ തന്നെയായിരുന്നോവെന്നുമുള്ള വിവരങ്ങളും ഗുണഭോക്താക്കൾക്കാണോ ഓട്ടോറിക്ഷാ ലഭ്യമാക്കിയ കമ്പനിക്കാണോ പഞ്ചായത്ത് തുക കൈമാറേണ്ടിയിരുന്നത്, വ്യവസ്ഥകൾ പ്രകാരമുള്ള നടപടിക്രമങ്ങളെല്ലാം പാലിച്ചായിരുന്നോ തുക കൈമാറിയത്, പദ്ധതിക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചിരുന്നോ എന്നിവ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെടുന്നു. കൂടാതെ, ഗുണഭോക്താക്കളിൽ ഒരാൾ വണ്ടി സ്വന്തമാക്കിയ തീയതി 28-2-2008 എന്നത് സംശയാസ്പദമാകയാൽ ആയത് സംബന്ധിച്ച വിശദീകരണവും ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

**കൺവീനേഴ്സ് കമ്മീഷൻ അനുവദിക്കുന്നില്ല**

**(ഓഡിറ്റ് റിപ്പോർട്ട് 1999-2000, ഖണ്ഡിക 16)**

ഗുണഭോക്തൃ സമിതികൾ നിർവ്വഹിച്ച മരാമത്ത് പണികളുടെ ബില്ലിൽ കൺവ്വീനേഴ്സ് കമ്മീഷൻ എന്ന ഇനത്തിൽ നൽകിയ തുക അനുവദിക്കുന്നില്ല. 99-2000-ലെ 18 പണികൾക്ക് 2.5 ശതമാനം നിരക്കിൽ പണം നൽകിയിട്ടുണ്ട്. 35,264 രൂപ ഈ ഇനത്തിൽ നല്കിയതായി ഓഡിറ്റിൽ കണക്കാക്കുന്നു. സാധൂകരണമില്ലാത്ത അധിക ചെലവായതിനാൽ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2003-04-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.1.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

98. പഞ്ചായത്തിന് ലഭിക്കാനുണ്ടായിരുന്ന തുകയിൽ 1,666 രൂപ 2 തവണകളായി കൺവീനർ തിരിച്ചടച്ചുവെന്നും, ഒരു കൺവീനർ മരണപ്പെട്ടതിനാൽ 2,605 രൂപ ഈടാക്കാൻ സാധിക്കാത്തതിനാൽ, ആ തുക ഒഴിവാക്കുന്നതിന് 11-6-2008-ലെ പഞ്ചായത്ത് യോഗം തീരുമാനിച്ചിട്ടുള്ളതും ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. വ്യക്തി മരണപ്പെട്ടുവെന്ന കാരണത്താൽ പഞ്ചായത്തിൽ ഉണ്ടായ നഷ്ടം ഒഴിവാക്കിക്കൊടുക്കുന്നതിന് പഞ്ചായത്തിന് അധികാരമില്ലെന്ന് സമിതി അഭിപ്രായപ്പെടുകയും ഒഴിവാക്കിയ തുകയ്ക്ക് ഗവൺമെന്റിൽ നിന്ന് സാധൂകരണം വാങ്ങി ആയതിന്റെ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. സാധൂകരണം ലഭ്യമാകുന്നില്ലെങ്കിൽ തുക ഈടാക്കുന്നതിനു നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

99. സമിതി നിർദ്ദേശത്തെത്തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 3-10-2012-ൽ നൽകിയ അധികവിവരം അനുബന്ധം III ആയി ചേർത്തിരിക്കുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

**100. ഗ്രാമപഞ്ചായത്ത് അനുവദിച്ച കൺവീനേഴ്സ് കമ്മീഷനിൽ, മരണപ്പെട്ട ഒരു കൺവീനറുടെ പേരിലുണ്ടായിരുന്ന ബാദ്ധ്യത തുകയായ 2,605 രൂപ എഴുതിത്തള്ളുന്നതിനും ബാധ്യതതുകയ്ക്ക് മേലുള്ള പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കുന്നതിനും തീരുമാനിച്ച പഞ്ചായത്തിന്റെ നടപടിക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമായതിന്റെ അടിസ്ഥാനത്തിലും മരണപ്പെട്ട കൺവീനർ ഒഴികെ യുള്ള കൺവീനർമാരിൽ നിന്നും ബാദ്ധ്യത തുക ഈടാക്കിയെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പ്രസ്തുത തുകയ്ക്കുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. ഓഡിറ്റ് ഖണ്ഡികയിന്മേൽ സർക്കാർ നല്കിയ മറുപടിയിൽ പരാമർശിച്ചിട്ടുള്ള 4,237 രൂപ തിരിച്ചുപിടിക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തുന്നതിനും ആയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ചെലവ് രേഖകളില്ല**

**(ഓഡിറ്റ് റിപ്പോർട്ട് 2001-01, ഖണ്ഡിക 12)**

ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് മരാമത്ത് പണികൾക്ക് നൽകിയ 7,47,847 രൂപയ്ക്ക് ചെലവുരേഖകൾ ഇല്ല. 2000-01 വർഷത്തെ 20 പണികൾക്കാണ് തുക നൽകിയത്. പണികളുടെ മൂല്യനിർണ്ണയം നടത്തി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി ചെലവ് ക്രമീകരിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടം (97) ലെ 15 (8) ചട്ടത്തിന്റെ ലംഘനമാണിത്. അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവുകൾ ആധാരമാക്കിയല്ലാതെയും ചെയ്ത പണിയുടെ ഗുണനിലവാരം ഉറപ്പാക്കാതെയും പണം നൽകാൻ ചട്ടപ്രകാരം അനുവാദമില്ല. മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ഒന്ന്, രണ്ട്, മൂന്ന് തവണകളിലായി മുൻകൂർ നൽകിയത് ചട്ടലംഘനവും ധന ദുർവിനിയോഗവുമാണ്. അതിനാൽ ചെലവഴിച്ച തുക നിയമ പ്രകാരം നൽകേണ്ടിയിരുന്നതാണോയെന്ന് കണ്ടെത്തി, അനധികൃതമായി പണം സൂക്ഷിച്ച കാലത്തേക്ക് പിഴപ്പലിശ കൺവീനറിൽ നിന്നോ, ഉത്തരവാദികളായവരിൽ നിന്നോ ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2003-04-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.1.4]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

101. പഞ്ചായത്ത് സമർപ്പിച്ച പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കിയ വൗച്ചറുകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ 19-7-2006-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ എൽ.എഫ്.സി. 9/231/2004 നമ്പർ പുനരഭിപ്രായ പ്രകാരം തടസ്സം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ നടപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

102. **പഞ്ചായത്ത് ഹാജരാക്കിയ വൗച്ചറുകൾ പരിശോധനാ വിധേയമാക്കി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ തടസ്സം ഒഴിവാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**മരാമത്ത് പണി രേഖയില്ലാതെ ചെലവ്**

**(ഓഡിറ്റ് റിപ്പോർട്ട് 2001-2002, ഖണ്ഡിക 8)**

പ്രവൃത്തിമൂല്യം അളവുപുസ്തകത്തിൽ രേഖപ്പെടുത്താതെ മരാമത്ത് പണികൾക്ക് ചെലവ് കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ 15 (8) അനുസരിച്ച് മരാമത്ത് പണികളുടെ അളവ്, അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി പണിയുടെ ഗുണനിലവാരം ഉറപ്പാക്കി വേണം കരാറുകാരനോ കൺവീനർക്കോ പണം നൽകാൻ. ചട്ടം ലംഘിച്ചാണ് 2001-02-ൽ 30,800 രൂപ പദ്ധതി വിഹിതത്തിൽ നിന്ന് പിൻവലിച്ചത്. മാത്രമല്ല മറ്റ് മരാമത്ത് പണികളിലും ഗ്രാമപഞ്ചായത്ത് ചട്ടലംഘനം ആവർത്തിക്കുന്നതായി കാണുന്നു.

അളവ് പുസ്തകത്തിൽ രേഖപ്പെടുത്താതെയുള്ള ചെലവ് ധനാപഹരണമായിക്കണ്ട് തിരിച്ച് ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.I.9.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

103. 19-7-2006-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ എൽ.എഫ്.സി. 9/231/2004 നമ്പർ പുനരഭിപ്രായ പ്രകാരം തടസ്സം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ നടപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

104. **ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ പുനരഭിപ്രായ പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നടപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഉത്തരവിന് വിരുദ്ധമായി ആനുകൂല്യം നല്കി**

**(ഓഡിറ്റ് റിപ്പോർട്ട് 2001-02, ഖണ്ഡിക 8)**

സർക്കാർ ഉത്തരവിന് വിരുദ്ധമായി കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് പദ്ധതി വിഹിതത്തിൽ നിന്ന് 70,000 രൂപ വ്യക്തിഗത ആനുകൂല്യം നൽകി. വി.ഇ.ഒ. നിർവ്വഹിച്ച

2001-02-ലെ വീട് അറ്റകുറ്റപ്പണിക്ക് 9 ഗുണഭോക്താക്കൾക്കാണ് സബ്സിഡിയായി പണം നൽകിയത്. എം.എസ്. 17/01/ആസൂത്രണം [ഖണ്ഡിക3(1)] 18-6-2001 സർക്കാർ ഉത്തരവ്, വീട് അറ്റകുറ്റപ്പണിക്ക് ആനുകൂല്യം പണമായി നൽകുന്നത് വിലക്കുന്നു. പഞ്ചായത്തിലോ വാർഡുതലത്തിലോ രൂപീകരിക്കുന്ന ഗുണഭോക്തൃ സമിതികളിലൂടെ വേണം ഇത്തരം പദ്ധതികളുടെ നിർവ്വഹണം. ചെലവ് നിയമവിരുദ്ധമായതിനാൽ 70,000 രൂപ വി.ഇ.ഒ. യിൽ നിന്ന് ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2003-04 ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

105. സർക്കാർ ഉത്തരവിന് വിരുദ്ധമായി കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് പദ്ധതി വിഹിതത്തിൽ നിന്ന് 70,000 രൂപ വ്യക്തിഗത ആനുകൂല്യം നൽകിയെന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് സർക്കാർ ഉത്തരവ്, വീട് അറ്റകുറ്റപ്പണികൾ ഗുണഭോക്തൃ സമിതി മുഖേനയാണ് ചെയ്യേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും, ഓരോ വാർഡിലും ഗുണഭോക്തൃ സമിതി രൂപീകരിക്കാൻ ബന്ധപ്പെട്ട ഗുണഭോക്താക്കൾ തയ്യാറാകാത്തതിനാൽ, അടിസ്ഥാനവർഗ്ഗത്തിന് അനുവദിച്ച ആനുകൂല്യം നഷ്ടപ്പെട്ടു പോകാതിരിക്കുന്നതിന്, ഗുണഭോക്തൃ സമിതി മുഖേനയല്ലാതെതന്നെ പ്രസ്തുത ആനുകൂല്യം അനുവദിച്ചില്ലെങ്കിൽ പാവപ്പെട്ട വിഭാഗക്കാർ ബുദ്ധിമുട്ടും എന്ന് കണ്ടെത്തിയതിനാലും വ്യക്തികൾക്കുതന്നെ ആനുകൂല്യം നൽകാൻ ഭരണസമിതി തീരുമാനിക്കുകയായിരുന്നുവെന്ന് കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

106. വീട് അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചത് സംബന്ധിച്ച് മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് ഉണ്ടോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടും, എഞ്ചിനീയറുടെ വാല്യൂവേഷനും ഉണ്ടെന്നും, പ്രോജക്ടിന്റെ മൊത്തം തുക 90,000 രൂപയായിരുന്നുവെങ്കിലും വാല്യൂവേഷന്റെ അടിസ്ഥാനത്തിൽ 70,000 രൂപ മാത്രമാണ് ഗുണഭോക്താക്കളായ 9 പേർക്ക് നൽകിയിട്ടുള്ളതെന്നും ആയതിന്റെ പഞ്ചായത്ത് മിനിറ്റ്സ് ഉണ്ടെന്നും കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. 2000 ഡിസംബറിൽ പഞ്ചായത്ത് തീരുമാനം എടുത്ത്, 2001 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ആദ്യഗഡു തുകയും 2001-2002-ൽ രണ്ടാമത്തെ ഗഡു തുകയും ഗുണഭോക്താക്കൾക്ക് നല്കിയെന്നും, വീട് അറ്റകുറ്റപ്പണികൾക്ക് പണമായി ആനുകൂല്യം നൽകുന്നത് നിയമവിരുദ്ധമാണെന്നുള്ള ഉത്തരവ് ഇറങ്ങുന്നത് 18-06-2001-ലാണെന്നും കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൂട്ടിച്ചേർത്തു.

107. സർക്കാർ ഉത്തരവിന് വിരുദ്ധമായി വ്യക്തിഗത ആനുകൂല്യം നൽകിയെന്നുള്ള ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ രണ്ടാഴ്ചയ്ക്കകം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകുവാൻ സമിതി നിർദ്ദേശിച്ചു.

108. സമിതി നിർദ്ദേശത്തെത്തുടർന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 7-4-2009-ലെ എൽ.എഫ്. 3196/സ്പെ.സെൽ ജി2/09 നമ്പർ കത്ത് പ്രകാരം ലഭ്യമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

ഗുണഭോക്തൃ സമിതി രൂപീകരിക്കുവാൻ ഗുണഭോക്താക്കൾ തയ്യാറായില്ല എന്ന് തെളിയിക്കുവാനുള്ള രേഖകൾ ഒന്നും തന്നെ പഞ്ചായത്ത് ഹാജരാക്കിയിട്ടില്ല. ഗുണഭോക്തൃ സമിതിക്ക് ഏറ്റെടുത്ത് പ്രോജക്ട് നടപ്പിലാക്കാൻ കഴിയാത്തതിനാൽ എഞ്ചിനീയറുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 9 ഗുണഭോക്താക്കൾക്കും തുക നേരിട്ട് നൽകുവാനുള്ള പഞ്ചായത്ത് തീരുമാനം [1/2001 (24) തീയതി 6-1-2001] പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

**നിഗമനങ്ങൾ/ശിപാർശകൾ**

109. **പദ്ധതിനിർവ്വഹണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചതിൽ കാലതാമസം ഉണ്ടായതായി സമിതി മനസ്സിലാക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നടത്തിപ്പ് സംബന്ധിച്ച മാനദണ്ഡങ്ങൾ യഥാസമയം പുറപ്പെടുവിക്കുന്നതിനും അവ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിലും ഭരണവകുപ്പ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

110. **പദ്ധതിപ്രകാരമുള്ള വീട് അറ്റകുറ്റപ്പണിക്ക് ആനുകൂല്യം പണമായി നല്കരുതെന്ന സർക്കാർ ഉത്തരവ് 18-6-2001-ലാണ് പുറപ്പെടുവിച്ചതെന്ന് സമിതി മനസ്സിലാക്കുന്നു. ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച് ഗുണഭോക്താക്കളെ കണ്ടെത്താതെ അടിസ്ഥാനവർഗ്ഗത്തിന് ആനുകൂല്യം നഷ്ടപ്പെടാതിരിക്കാനാണെന്ന വാദത്തിൽ പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടിന്റെയും എഞ്ചിനീയറുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ പ്രയോജനം അർഹരായവർക്ക് ലഭിച്ചോയെന്നും തുക ശരിയാംവിധം വിനിയോഗിച്ചോയെന്നും സമിതി സംശയിക്കുന്നു. സമിതി നിർദ്ദേശത്തെ തുടർന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ നല്കിയ പുനഃപരിശോധനാ റിപ്പോർട്ട് പ്രകാരം ഗുണഭോക്തൃ സമിതി രൂപീകരിക്കാൻ ഗുണഭോക്താക്കൾ തയ്യാറായില്ലെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ഗ്രാമപഞ്ചായത്തിനു ഹാജരാക്കുവാനായില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഗുണഭോക്തൃ സമിതി രൂപീകരിക്കാൻ ഗുണഭോക്താക്കൾ തയ്യാറായില്ല എന്ന് തെളിയിക്കുന്ന രേഖകളും, ആനുകൂല്യം വിനിയോഗിച്ചത് സംബന്ധിച്ച റിപ്പോർട്ടും ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. കൂടാതെ, സർക്കാർ ഉത്തരവുകളും മാനദണ്ഡങ്ങളും പാലിക്കാതെ പദ്ധതികൾ നടപ്പാക്കുന്നത് ആശാസ്യകരമായ നടപടിയല്ലെന്നും സമിതി അഭിപ്രായപ്പെടുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പാസുകൾ ദുരുപയോഗം ചെയ്യുന്നു. മണൽ വില്പനയിൽ അപാകതകൾ**

**(ഓഡിറ്റ് റിപ്പോർട്ട് 2001-02, ഖണ്ഡിക 3)**

**കോട്ടപ്പുറം കടവിലെ മണൽ വില്പനയിൽ അപാകതകൾ**

മണൽ വാരൽ പാസ്സുകളുടെ ദുരുപയോഗം ഇവിടെ വ്യാപകമാണ്. പാസ്സുകളിൽ തീയതി ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്താറില്ല. ഇതിനാൽ ഒരു പാസ്സ് ഉപയോഗിച്ച് നിരവധി തവണ മണൽ വാരാൻ ഇടയുണ്ട്. ദിവസേന 15 ലോഡ് മണൽ വാരാൻ അനുമതി ഉണ്ടെങ്കിലും ശരാശരി 5 ലോഡ് മണൽ മാത്രം വാരിയതായി കാണിച്ചിരുന്നത് ഇതിന് തെളിവാണ്.

മണൽ വില്പനയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കാറില്ല. ആകെയുള്ള സ്റ്റോക്ക് രജിസ്റ്ററിൽ അപാകതകൾ പ്രകടമാണ്. രജിസ്റ്റർ പരിശോധനയിൽ 11 ലോഡ് കുറവ് കാണുന്നു.

അപാകതകൾ ഇപ്പോഴും തുടരുകയാണ്. ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ വരുമാന നഷ്ടമുണ്ടാകുന്ന മണൽ വില്പന സമഗ്രാന്വേഷണത്തിന് വിഷയമാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.1.4.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

111. പഞ്ചായത്ത് ഫണ്ടിൽ നിന്ന് നഷ്ടമായ 2,640 രൂപ 30-6-2008-ലെ 25979/2008 നമ്പർ റസീപ്റ്റ് പ്രകാരം വരവ് വന്നിട്ടുള്ളതായി കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**112. പഞ്ചായത്ത് ഫണ്ടിൽ നിന്ന് നഷ്ടമായ 2,640 രൂപ 30-6-2008-ലെ 25979/08 നമ്പർ റസീപ്റ്റ് പ്രകാരം വരവ് വന്നിട്ടുള്ളതായുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. മണൽ വില്പനയുമായി ബന്ധപ്പെട്ട് വലിയ ക്രമക്കേടുകൾ നടക്കുന്നതായാണ് ഓഡിറ്റ് ഖണ്ഡികയിലെ നിരീക്ഷണത്തിൽ നിന്നും സമിതി മനസ്സിലാക്കുന്നത്. ഇത് ഒരു ഗ്രാമപഞ്ചായത്തിൽ മാത്രം ഒതുങ്ങുന്ന വിഷയമായി സമിതി കാണുന്നില്ല. മണൽ വില്പനയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കാതിരിക്കൽ, സൂക്ഷിക്കുന്ന രജിസ്റ്ററുകളിൽ തന്നെ ക്രമക്കേടുകൾ വരുത്തൽ, വിതരണം ചെയ്യുന്ന പാസ്സുകളിൽ മതിയായ വിവരങ്ങൾ രേഖപ്പെടുത്താതെ ദുരുപയോഗത്തിന് അവസരമൊരുക്കൽ എന്നിവ വ്യാപകമായി നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഗ്രാമപഞ്ചായത്തുകൾക്ക്**

**വൻനഷ്ടമുണ്ടാക്കുന്ന ഇത്തരം അപാകതകൾ പരിഹരിക്കുവാനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും ആയതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

## ഉളിക്കൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**അധികം പിൻവലിച്ച 54,665 രൂപ തിരിച്ചടച്ചില്ല**

**(ഓഡിറ്റ് റിപ്പോർട്ട് 2001-02, ഖണ്ഡിക 18)**

കുഴൽക്കിണർ നിർമ്മാണ ചെലവിലേക്ക് അധികം പിൻവലിച്ച 54,665 രൂപ തിരിച്ചടച്ചില്ല. 2001-02 പദ്ധതിയിൽ കുഴൽക്കിണർ കുഴിക്കുന്നതിന് 2,44,544 രൂപയുടെ എസ്റ്റിമേറ്റ് പഞ്ചായത്ത് തീരുമാന പ്രകാരം നിർവ്വഹണ ഏജൻസിയായ ഭൂഗർഭ ജലവകുപ്പ് തയ്യാറാക്കിയിരുന്നു. എന്നാൽ കിണർ കുഴിക്കാൻ ഏഴ് സ്ഥലങ്ങൾ മാത്രം അനുയോജ്യമായതിനാൽ 1,89,879 രൂപ കെട്ടിവച്ചാൽ മതിയെന്ന് ഭൂഗർഭ ജലവകുപ്പ് നിർദ്ദേശിച്ചിരുന്നു. ഇതിന് വിരുദ്ധമായി പഞ്ചായത്ത് 2,44,544 രൂപ കെട്ടിവെച്ചു. 54,665 രൂപ അധികം കെട്ടിവെച്ചത് സാധൂകരിക്കാൻ മതിയായ രേഖകൾ ഹാജരാക്കിയില്ല. അതിനാൽ ഈ തുക ഉത്തരവാദികളിൽ നിന്ന് തിരിച്ച് ഈടാക്കേണ്ടതാണ്. മാത്രമല്ല നിർമ്മിച്ച ഏഴ് കുഴൽക്കിണറുകളും പ്രവർത്തനക്ഷമമായിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2003-2004-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

113. 54,665 രൂപ അധികം പിൻവലിച്ചുവെന്നുള്ള ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ചുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് ഭൂജല വകുപ്പ് രണ്ടാമത് അനുയോജ്യമാണെന്ന് കണ്ടെത്തിയ രണ്ട് കുഴൽക്കിണർ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുകയാണ് 54,665 രൂപയെന്നും, ആ തുക ചെലവഴിച്ചിട്ടുണ്ടെന്നും, ചെലവഴിക്കാത്ത തുക ഭൂജല വകുപ്പ് തിരികെ പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ടെന്നും ഉളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള 9 കുഴൽക്കിണറുകളിൽ ഒരെണ്ണം ഒഴികെ ബാക്കി 8 കുഴൽക്കിണറുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും, ഭൗതിക പരിശോധന നടത്തി ബോധ്യപ്പെട്ടുവെന്നും ഉളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൂട്ടിച്ചേർത്തു.

114. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം സമിതി അംഗീകരിക്കുകയും, ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

### നിഗമനങ്ങൾ/ശിപാർശകൾ

115. **ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശ പ്രകാരം ഭൂജല വകുപ്പ് അനുയോജ്യമാണെന്ന് രണ്ടാമത് കണ്ടെത്തിയ രണ്ട് കുഴൽക്കിണറുകളുടെ നിർമ്മാണത്തിന്**

വേണ്ടിയാണ് 54,655 രൂപ ചെലവഴിച്ചതെന്നും, ചെലവഴിക്കാത്ത തുക ഭൂജല വകുപ്പ് പഞ്ചായത്ത് ഫണ്ടിൽ തിരികെ അടച്ചിട്ടുണ്ടെന്നും പദ്ധതിത്തുക വിനിയോഗിച്ച് നിർമ്മിച്ച 8 കുഴൽക്കിണറുകളും പ്രവർത്തനക്ഷമമാണെന്ന് ഭൗതിക പരിശോധന നടത്തി ബോധ്യപ്പെട്ടുവെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

## ഇരിക്കൂർ ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**നടപ്പാക്കാത്ത പദ്ധതിയുടെ ചെലവ് അംഗീകരിക്കുന്നില്ല**

**(ഓഡിറ്റ് റിപ്പോർട്ട് 2000-01, ഖണ്ഡിക 8)**

നടപ്പാക്കാത്ത പദ്ധതിക്ക് വകയിരുത്തിയ പദ്ധതി വിഹിതം ഗുണഭോക്തൃ സമിതി പിൻവലിച്ചു. പൊതു വിഭാഗം വീട് അറ്റകുറ്റപ്പണിക്ക് വകയിരുത്തിയ 1 ലക്ഷം രൂപയാണ് പിൻവലിച്ചത്. പദ്ധതിക്ക് വകയിരുത്തിയ തനത് ഫണ്ട് വിഹിതം അനുവദിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ. വിശദീകരിക്കുകയുണ്ടായി. ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്തൃ സമിതി മിനിട്സ്, അറ്റകുറ്റപ്പണി നടത്തിയതിന്റെ രേഖകൾ തുടങ്ങിയ നിർവ്വഹണ രേഖകൾ ഹാജരാക്കി പിൻവലിച്ച തുക സാധൂകരിച്ചിട്ടില്ല. 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 12(2)-ന് നിരക്കുന്നതല്ലാത്തതിനാൽ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2003-04-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.4]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

116. നടപ്പാക്കാത്ത പദ്ധതിയ്ക്ക് വകയിരുത്തിയ പദ്ധതി വിഹിതം എന്തിനാണ് ഉപയോഗിച്ചതെന്നും, പദ്ധതി വിഹിതം ചെലവഴിച്ച രേഖകൾ ഉണ്ടോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് 50 വീടുകളുടെ അറ്റകുറ്റപ്പണികളാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ചിരുന്നതെന്നും, ഗുണഭോക്തൃ സമിതി മുഖേന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും ഇരിക്കൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. സ്കാറ്റേർഡായി കിടക്കുന്ന ഒൻപത് വാർഡുകളിലെ 50 ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കാണ് തുക അനുവദിക്കേണ്ടിയിരുന്നതെന്നും, ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടി ഗുണഭോക്തൃ വിഹിതമായി 6,000 രൂപയും സാധനസാമഗ്രികൾ, കൂലി എന്നിവയ്ക്കായി കൂടുതൽ തുകയും സമാഹരിക്കേണ്ടി വന്നതിനാൽ അദ്ധ്വാനിക്കുന്ന അവരെ സംബന്ധിച്ചിടത്തോളം അത് പ്രയാസമായിരുന്നതിനാൽ ആദ്യത്തെ വർഷം പണി പൂർത്തിയാക്കാൻ സാധിക്കാതെ വന്നുവെന്നും, തൊട്ടടുത്ത വർഷം പണി പൂർത്തിയാക്കിയിട്ടുണ്ടെന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സമിതിയെ അറിയിച്ചു. കമ്മിറ്റിക്ക് കൊടുത്ത തുകയ്ക്ക് രസീതുണ്ടെങ്കിലും തുക ലഭിച്ചതിന് ഗുണഭോക്താക്കളുടെ രസീതുകൾ ഇല്ലെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

117. കമ്മിറ്റിയുടെ ചെയർമാനും സെക്രട്ടറിയും ആരാണെന്നുള്ള സമിതിയുടെ ചോദ്യത്തിന് ശ്രീ. മൊയ്തീൻകുട്ടി ചെയർമാനും, ശ്രീ. കമാൽ സെക്രട്ടറിയും ആയിരുന്നു വെന്നും, ഇവർ രണ്ടുപേരും കർഷകത്തൊഴിലാളികളും, പദ്ധതിയുടെ ഗുണഭോക്താക്കളുമായിരുന്നുവെന്നും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സമിതിയെ ധരിപ്പിച്ചു.

118. ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് ഒഴികെ ബാക്കിയുള്ള രേഖകൾ ഉണ്ടോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് പ്രസിഡന്റിന്റെ സാക്ഷ്യപത്രം പിന്നീട് ഉണ്ടായ രേഖയാണെന്ന് ജോയിന്റ് ഡയറക്ടറും, പഞ്ചായത്ത് എഞ്ചിനീയറുടെ സാക്ഷ്യപത്രമുണ്ടെന്ന്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും സമിതിയെ അറിയിച്ചു.

119. കമ്മിറ്റിക്ക് കൊടുത്ത പണം ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെട്ടുവെന്നും ഗുണഭോക്താക്കൾ അതനുസരിച്ച് കാര്യങ്ങൾ ചെയ്തുവെന്നും ബോദ്ധ്യപ്പെടുത്തുന്നതിനുള്ള ഏതെങ്കിലും രേഖയുണ്ടോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് കമ്മിറ്റിയായതുകൊണ്ട് ഗുണഭോക്താക്കൾക്ക് നേരിട്ട് പണം കൊടുക്കാനുള്ള പ്രൊവിഷനുണ്ടായിരുന്നില്ലെന്നും, പല വാർഡുകളിലായി കിടക്കുന്ന 50 വീടുകളിലാണ് പദ്ധതി നടപ്പിലാക്കേണ്ടിയിരുന്നതിനാൽ അവനവൻ തന്നെ ചെയ്യുന്ന രീതിയിൽ കമ്മിറ്റി സൂപ്പർവൈസ് ചെയ്ത് നടത്തുകയാണ് ചെയ്തിട്ടുള്ളതെന്നും, അതുകൊണ്ട് കമ്മിറ്റിക്ക് പണം കൊടുത്തുവെന്നും, രണ്ട് തവണകളായി തുക നൽകിയതിന്റെ വ്യക്തമായ രേഖകൾ ഉണ്ടെന്നും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സമിതിയെ അറിയിച്ചു.

120. ഗുണഭോക്തൃ കമ്മിറ്റിക്ക് ഇംപ്ലിമെന്റ് ചെയ്യാൻ പറ്റിയില്ലെന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പറയുന്നുണ്ടെന്നും, ഗുണഭോക്തൃ കമ്മിറ്റി ഇംപ്ലിമെന്റ് ചെയ്തിരുന്നുവെങ്കിൽ ഗുണഭോക്തൃ കമ്മിറ്റിക്ക് തുക നൽകാമായിരുന്നുവെന്നും, ഇവിടെ വ്യക്തികൾ തന്നെയാണ് ഇംപ്ലിമെന്റ് ചെയ്തിരിക്കുന്നതിനാൽ വ്യക്തികൾക്ക് പണം ലഭിച്ചുവെന്നതിന് തെളിവുനൽകേണ്ട ചുമതല ഇംപ്ലിമെന്റിംഗ് ഓഫീസർക്ക് ഉണ്ടെന്നും സ്റ്റേറ്റ് പെർഫോർമൻസ് ഓഫീസറും സമിതിയെ അറിയിച്ചു. ഗുണഭോക്തൃ സമിതിയുടെ കൺവീനറുടെയും പ്രസിഡന്റിന്റെയും പേരിൽ തുക കൊടുത്തുവെങ്കിൽ തുക ഗുണഭോക്താക്കൾക്ക് ലഭിച്ചു എന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം ഇംപ്ലിമെന്റിംഗ് ഓഫീസറായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് ഉണ്ടെന്ന് സമിതി വിലയിരുത്തി.

121. പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഡയറക്ടർക്ക് രണ്ടാഴ്ചയ്ക്കകം ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തെത്തുടർന്നുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 7-4-2009-ലെ എൽ.എഫ്. 3196 സ്പെ.സെൽ.ജി2/09/നമ്പർ കത്ത് പ്രകാരം ലഭിച്ച പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

122. ജനറൽ വിഭാഗത്തിൽപ്പെട്ട 50 വീടുകളുടെ പുനരുദ്ധാരണം നടത്തി എന്ന് തെളിയിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ (റിട്ട.) പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച മോണിറ്ററിംഗ് സമിതി റിപ്പോർട്ടും ഹാജരാക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഗുണഭോക്തൃ കമ്മിറ്റി രൂപീകരിച്ച് പ്രവൃത്തി ആരംഭിക്കുവാൻ ഉദ്ദേശിച്ചുവെങ്കിലും 50 വീടുകൾ വിവിധ വാർഡുകളിലായതിനാലും റോഡ് സൗകര്യം കുറഞ്ഞതിനാലും

കമ്മിറ്റിക്ക് പ്രവൃത്തി ഏറ്റെടുക്കാൻ വിഷമതകൾ അനുഭവപ്പെട്ടതിനാലുമാണ് കമ്മിറ്റി കൈപ്പറ്റിയ പദ്ധതിപ്പണം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ സാന്നിദ്ധ്യത്തിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചിട്ടുണ്ട്. പദ്ധതി ലക്ഷ്യം കൈവരിച്ചതിനാൽ ആയത് പരിഗണിച്ച് തീരുമാനം കൈക്കൊള്ളാവുന്നതാണ്.

**നിഗമനങ്ങൾ/ശിപാർശകൾ**

123. **സമിതി, തെളിവെടുപ്പുവേളയിൽ നൽകിയ നിർദ്ദേശത്തെ തുടർന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തിയ പരിശോധനയിൽ 50 വീടുകളുടെ പുനരുദ്ധാരണത്തിന്റെ പൂർത്തീകരണം സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയറുടെ സർട്ടിഫിക്കറ്റും മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടും ലഭ്യമായിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. വിവിധ വാർഡുകളിലായി സ്ഥിതി ചെയ്തിരുന്ന വീടുകൾ ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കാൻ വിഷമതകളുണ്ടായിരുന്നുവെന്നതും പദ്ധതി തുക ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ സാന്നിദ്ധ്യത്തിലാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം കണക്കിലെടുത്തും പദ്ധതി ലക്ഷ്യം കൈവരിച്ചുവെന്ന ഓഡിറ്റിന്റെ പുനരഭിപ്രായം പരിഗണിച്ചും ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഷ്രിങ്കേജ് കുറച്ചില്ല; 38,805 രൂപയുടെ നഷ്ടം**

**(ഓഡിറ്റ് റിപ്പോർട്ട് 2001-02, ഖണ്ഡിക 10)**

കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരം മരാമത്ത് പണികളിൽ ഷ്രിങ്കേജ് കുറക്കാഞ്ഞതിനാൽ 38,805 രൂപയുടെ നഷ്ടം ഓഡിറ്റിൽ കണ്ടെത്തി. കരാറുകാരുടെ സ്വന്തം മണ്ണ് ഉപയോഗിക്കുമ്പോൾ, മൺപണികളുടെ സ്വഭാവമനുസരിച്ച് 5 മുതൽ 20 ശതമാനം വരെ ഷ്രിങ്കേജ് കുറവ് ചെയ്യണമെന്ന് സ്പെസിഫിക്കേഷൻ 4-5 നിർദ്ദേശിക്കുന്നു. 2001-02 വർഷം പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ കൃഷ്ണപിള്ള വായനശാല, കീച്ചേരി റോഡ്, പഞ്ചായത്ത് കളിസ്ഥലപരിഷ്കരണം, വേളാപുരം കോളനി നടപ്പാത, കരിക്കൻ കുളം-ഇല്ലിപ്രം റോഡ് എന്നീ മരാമത്ത് പണികളിലാണ് ഷ്രിങ്കേജ് കുറക്കാഞ്ഞത്. പണികൾക്ക് അധികം നല്കിയ 38,805 രൂപ ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.5]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

124. ഷ്രിങ്കേജ് കുറച്ചില്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് ജനകീയാസൂത്രണത്തിന്റെ തുടക്കത്തിൽ പി.ഡബ്ല്യൂ.ഡി. നോംസ് പാലിച്ചുകൊണ്ടാണ് പഞ്ചായത്ത് തുക ഉപയോഗിച്ച് പദ്ധതി ഇംപ്ലിമെന്റ് ചെയ്തിരിക്കുന്ന

തെന്നും, പി.ഡബ്ല്യു.ഡി. നോംസിൽ ഷ്രിങ്കേജ് കുറയ്ക്കുക എന്നൊരു വകുപ്പില്ലെന്നും മുൻ എഞ്ചിനീയർ സമിതിയെ അറിയിച്ചു. തന്റെ 33 വർഷത്തെ പി.ഡബ്ല്യു.ഡി. സേവനത്തിനിടയിൽ ഷ്രിങ്കേജ് കുറച്ചുകൊണ്ട് ഏതെങ്കിലും വർക്കുകൾ ചെയ്തതായി ഓർമ്മയില്ലെന്നും, അതുവരെയുള്ള പരിചയം വച്ചിട്ടാണ് ഷ്രിങ്കേജ് കുറയ്ക്കാത്തതെന്നും മുൻ എഞ്ചിനീയർ കൂട്ടി ചേർത്തു. മണ്ണ് ഫിൽ ചെയ്യുമ്പോൾ കൺസോളിഡേറ്റ് ചെയ്തിട്ടില്ലെങ്കിൽ ഷ്രിങ്കേജ് കുറയ്ക്കാമെന്ന് പി.ഡബ്ല്യു.ഡി. നോംസിൽ ഉള്ളതായി സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

125. കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ സർക്കാർ ഇറക്കിയിട്ടുണ്ടോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ ഉണ്ടെന്നും, എന്നാൽ അത് നടപ്പിലാക്കരുതെന്നുള്ള ഒരു ഓർഡർ ഉണ്ടെന്നാണ് തന്റെ ഓർമ്മയെന്നും, അതിന്റെ രേഖകൾ ഇപ്പോൾ ഹാജരാക്കാനില്ലെന്നും മുൻ എഞ്ചിനീയർ സമിതിയെ അറിയിച്ചു.

126. ഷ്രിങ്കേജുമായി ബന്ധപ്പെട്ട് പല പഞ്ചായത്തുകളിലും ധാരാളം ഓഡിറ്റ് ഒബ്ജക്ഷൻ വരുന്നതായി സമിതി ചൂണ്ടിക്കാണിച്ചു. രേഖകൾ ഹാജരാക്കാതെയുള്ള മുൻ എഞ്ചിനീയറുടെ വിശദീകരണം അംഗീകരിക്കാൻ സാധിക്കില്ലെന്ന് സമിതി അഭിപ്രായപ്പെടുകയും ഷ്രിങ്കേജ് കുറയ്ക്കേണ്ടതില്ലെന്ന് കാണിക്കുന്ന ഏതെങ്കിലും രേഖകൾ ഉണ്ടെങ്കിൽ ഒരു മാസത്തിനകം പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തെത്തുടർന്ന് ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 7-4-09-ലെ എൽ.എഫ് 3196/ സ്പെ.സെൽ ജി2/09 നമ്പർ കത്ത് പ്രകാരം ലഭ്യമായ പുനഃപരിശോധന റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

127. "ഉത്തരവാദിയായ ഉദ്യോഗസ്ഥൻ, തന്നെ ന്യായീകരിക്കുന്നതിന് ആവശ്യമായ രേഖകൾ ഒന്നുംതന്നെ ഹാജരാക്കിയിട്ടില്ല. ആയതിനാൽ തുടർനടപടികൾ സ്വീകരിക്കാമെന്ന് ശിപാർശ ചെയ്യുന്നു."

സമിതി നിർദ്ദേശത്തെത്തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പ് നല്കിയ അധിക വിവര റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

128. "ഗ്രാമപഞ്ചായത്തിന്റെ 3.13.5.1 ഖണ്ഡികയിലെ പരാമർശത്തിന് 23-10-08-ലെ തെളിവെടുപ്പിനെ തുടർന്ന് ഷ്രിങ്കേജ് കുറയ്ക്കേണ്ടതില്ലെന്ന് കാണിക്കുന്ന രേഖകൾ ഉണ്ടെങ്കിൽ ആയത് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് ലഭ്യമാക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത രേഖകൾ ലഭ്യമല്ല എന്നാണ് സൂചന-2-ലെ കത്തുമുഖേന പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്".

**നിഗമനങ്ങൾ/ശിപാർശകൾ**

129. **ജനകീയാസൂത്രണത്തിന്റെ പ്രാരംഭഘട്ടത്തിൽ പി.ഡബ്ല്യു.ഡി. നോംസ് അനുസരിച്ചാണ് മരാമത്ത് പണികൾ നിർവ്വഹിച്ചിരുന്നതെന്നും പ്രസ്തുത നോംസിൽ ഷ്രിങ്കേജ് കുറയ്ക്കുവാൻ വ്യവസ്ഥയില്ലെന്നുമുള്ള എഞ്ചിനീയറുടെ വാദം മണ്ണ്**

**നിറയ്ക്കുമ്പോൾ കൺസോളിഡേറ്റ് ചെയ്തിട്ടില്ലെങ്കിൽ ഷ്രിങ്കേജ് കുറയ്ക്കാമെന്ന് പി.ഡബ്ല്യൂ.ഡി. നോംസിൽ ഉണ്ടെന്ന സ്റ്റേറ്റ് പെർഫോമൻസ് ഓഫീസറുടെ വെളിപ്പെടുത്തലിലൂടെ അപ്രസക്തമാണെന്ന് സമിതി കാണുന്നു. സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ ഉണ്ടെന്ന് സമ്മതിക്കുന്ന എഞ്ചിനീയർ അത് നടപ്പിലാക്കേണ്ടതില്ല എന്ന് ഓർഡർ പുറപ്പെടുവിച്ചതായി തെളിവെടുപ്പ് വേളയിൽ വാദിച്ചുവെങ്കിലും ആയത് സംബന്ധിച്ച് സമിതി ആവശ്യപ്പെട്ട യാതൊരു രേഖയും തെളിവെടുപ്പുവേളയിലോ പിന്നീടോ ഹാജരാക്കിയില്ല. ഷ്രിങ്കേജുമായി ബന്ധപ്പെട്ട ഇത്തരം ഓഡിറ്റ് തടസ്സങ്ങൾ നിരവധി പഞ്ചായത്തുകളിൽ നിലനില്ക്കുന്നതായി സമിതി മനസ്സിലാക്കുന്നു. രേഖകളുടെ പിൻബലമില്ലാതെയുള്ള എഞ്ചിനീയറുടെ വാദം അംഗീകരിക്കുവാൻ സാധിക്കില്ല. ആയതിനാൽ, ഷ്രിങ്കേജ് കുറയ്ക്കാതെ അധികം നൽകിയതും ഓഡിറ്റ് തടസ്സം ഉന്നയിച്ചതുമായ 38,805 രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, സമാന സ്വഭാവമുള്ള ഓഡിറ്റ് തടസ്സങ്ങളിൻമേലും ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

## എരഞ്ഞോളി ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഉത്തരവ് ലംഘിച്ച് തയ്യൽ യന്ത്രം വിതരണം**

**(ഓഡിറ്റ് റിപ്പോർട്ട് 1999-2000, ഖണ്ഡിക 6)**

തദ്ദേശ ഭരണ വകുപ്പിന്റെ 10-9-98-ലെ 37804/പിദ/98 നമ്പർ സർക്കുലറിന് വിരുദ്ധമായി എരഞ്ഞോളി ഗ്രാമപഞ്ചായത്ത് തയ്യൽ യന്ത്രം വിതരണം ചെയ്തു. 1998-99 മുതൽ ജനകീയാസൂത്രണ പദ്ധതിയിൽ തയ്യൽ യന്ത്രം വിതരണം ചെയ്യുന്നത് സർക്കുലർ വിലക്കുന്നുണ്ട്. 22 തയ്യൽ യന്ത്രത്തിന്റെ വിലയായി 48,180 രൂപ പഞ്ചായത്ത് വിതരണക്കാരന് നല്കി. സ്റ്റോർ പർച്ചേസ് നിയമം പാലിച്ചിട്ടില്ല. കുറഞ്ഞ വില 1,989.36 രൂപയുടെ ക്വട്ടേഷൻ അകാരണമായി തഴഞ്ഞ് 2,190 രൂപ കൂടിയ വിലയ്ക്കാണ് യന്ത്രം വാങ്ങിയത്. മാത്രമല്ല പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റും ഹാജരാക്കിയിട്ടില്ല. സർക്കാർ ഉത്തരവിന്റെ ലംഘനമായതിനാൽ ചെലവ് നിയമവിരുദ്ധമാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ ആയ സെക്രട്ടറിയിൽ നിന്നും തുക ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.7]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

130. കുറഞ്ഞ വില രേഖപ്പെടുത്തിയ തയ്യൽ മെഷീൻ കമ്പനിയുടെ ക്വട്ടേഷൻ നിരസിക്കാനുള്ള കാരണം സമിതി ആരാഞ്ഞതിന് കൂടുതൽ ഗുണമേന്മയുള്ള മെഷീനുകൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടിയാണ് കൂടിയ ക്വട്ടേഷൻ പ്രകാരം മെഷീൻ വാങ്ങിയതെന്നും, മെഷീന്റെ ഗുണമേന്മയെ സംബന്ധിച്ച് കണ്ണൂർ പോളിടെക്നിക് സർട്ടിഫൈ ചെയ്തതനുസരിച്ചാണ് ക്വട്ടേഷൻ കുറച്ച് രേഖപ്പെടുത്തിയ 'മോണ' എന്ന കമ്പനിയെ ഒഴിവാക്കി ക്വട്ടേഷൻ കൂടുതൽ രേഖപ്പെടുത്തിയ 'മെറിറ്റ്' എന്ന കമ്പനിയിൽ നിന്ന് തയ്യൽ മെഷീൻ വാങ്ങാൻ ഇടയായതെന്ന് മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

131. പ്രോജക്ടിനെ സംബന്ധിച്ചുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതും സാമ്പത്തികസ്ഥിതി വളരെ മോശപ്പെട്ടതുമായ 22 വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം ചെയ്യാനും, അവർ വീട്ടിൽവച്ച് തയ്ക്കുന്ന വസ്ത്രങ്ങൾ കുടുംബശ്രീ സംവിധാനമായ വനിതാ വസ്ത്ര നിർമ്മാണ യൂണിറ്റിലൂടെ വിറ്റഴിക്കാനുമാണ് പ്രോജക്ട് തയ്യാറാക്കിയിരുന്നതെന്ന് മുൻ സെക്രട്ടറി സമിതി മുമ്പാകെ വെളിപ്പെടുത്തി. മുൻ സെക്രട്ടറിയുടെ വിശദീകരണം സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

## നിഗമനങ്ങൾ/ശിപാർശകൾ

**132. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വനിതകളുടെ വരുമാന മാർഗ്ഗവും, സാമ്പത്തികഭദ്രതയും ഉറപ്പുവരുത്താനുതകുമായിരുന്ന പദ്ധതി, പ്രായോഗികമായി പരാജയപ്പെടുന്നതിന് ആസൂത്രണത്തിലെ പിഴവ് കാരണമായതായി സമിതി വിലയിരുത്തുന്നു. ഇക്കാര്യത്തിൽ വിപണന സാധ്യതകൾ കൂടി കണക്കിലെടുത്ത് വ്യക്തമായ പദ്ധതി രൂപരേഖയും വിദഗ്ദ്ധോപദേശവും വിജയം ലക്ഷ്യമിട്ടുള്ള സമയോചിതമായ പ്രവർത്തനവും ഉണ്ടാകേണ്ടതായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഭാവിയിൽ ഇത്തരത്തിലുള്ള നല്ല വികസന സംരംഭങ്ങൾ ആവിഷ്കരിക്കുമ്പോൾ അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിച്ച് വിജയപ്രദമാക്കുന്നതിനുള്ള നടപടികൾകൂടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**133. വനിതാ വസ്ത്രനിർമ്മാണ യൂണിറ്റിന് ആവശ്യമായ 22 തയ്യൽ മെഷീനുകൾ ഗുണമേൻമ മുൻനിർത്തിയാണ് കൂടിയ തുകയ്ക്കുള്ള ക്വട്ടേഷൻ രേഖപ്പെടുത്തിയ 'മെറിറ്റ്' എന്ന കമ്പനിക്ക് നൽകിയതെന്നും യന്ത്രത്തിന്റെ ഗുണമേന്മ സംബന്ധിച്ച് കണ്ണൂർ പോളിടെക്നിക് സർട്ടിഫൈ ചെയ്തിട്ടുണ്ടെന്നുമുള്ള മുൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതും സാമ്പത്തിക സ്ഥിതി വളരെ മോശപ്പെട്ടതുമായ വനിതകളുടെ ഉന്നമനം ലക്ഷ്യമിട്ട് നടപ്പിലാക്കിയ ഒരു പദ്ധതി എന്നത് പരിഗണിച്ചും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## പയ്യാവൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**അനർഹർക്ക് സബ്സിഡി നൽകി**

**[ഓഡിറ്റ് റിപ്പോർട്ട് 2000-01, ഖണ്ഡിക 7(2)6; ഓഡിറ്റ് റിപ്പോർട്ട് 99-2000, ഖണ്ഡിക 17 (47), (48), (49)]**

കാർഷിക പദ്ധതികൾക്ക് സർക്കാർ പരിധി മറികടന്ന് സബ്സിഡി നല്കി. നാമമാത്ര കർഷകർക്കാണ് പമ്പ് സെറ്റ്, കിണർ എന്നിവയ്ക്ക് സബ്സിഡിക്ക് അർഹത. ഇതിന് വിരുദ്ധമായി സമഗ്ര കേര/കശുമാവ് വികസന പദ്ധതിയിൽ പമ്പ് സെറ്റിന് 33,000 രൂപയും കിണറിന് 34,500 രൂപയും സബ്സിഡി നല്കി. അനർഹമായി സബ്സിഡി നൽകിയ കർഷകർ മൂന്ന് മുതൽ അഞ്ച് വരെ ഏക്കർ കൃഷിഭൂമി ഉള്ളവരാണ്. അനർഹർക്ക് സബ്സിഡി നൽകിയതിന് സർക്കാർ സാധൂകരണം വാങ്ങുകയോ തുക തിരിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ്.

99-2000-ൽ പഞ്ചായത്ത്, കണ്ണൂർ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് ഷെയർ വിലയായി 50,000 രൂപ നൽകി. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായതിനാൽ ചെലവ് അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.8]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

134. അനർഹർക്ക് സബ്സിഡി നൽകിയെന്ന ഓഡിറ്റ് പരാമർശത്തിൻമേൽ സമിതി വിശദീകരണം ആരാഞ്ഞതിന് രണ്ടരമുതൽ അഞ്ചേക്കർ വരെ ഭൂമിയുള്ള ചെറുകിട കർഷകർക്ക് സബ്സിഡി നൽകുന്ന പദ്ധതിയിൽ അഞ്ചര ഏക്കർ വരെയുള്ള മാർജിനൽ ഫാർമേഴ്സിനെ ഉൾപ്പെടുത്തിയെന്നതാണ് ഓഡിറ്റ് ഒബ്ജക്ഷനെന്നും, ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണനാക്രമം അനുസരിച്ച് മാത്രമാണ് സബ്സിഡി നൽകിയിട്ടുള്ളതെന്നും മുൻ കൃഷി ഓഫീസർ സമിതിയെ അറിയിച്ചു. പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ്, ഇത് സംബന്ധിച്ച മിനിറ്റ്സ് എന്നിവയുണ്ടെന്ന് പയ്യാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

135. പയ്യാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം സമിതി അംഗീകരിക്കുകയും, ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**136. ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണനാക്രമമനുസരിച്ചാണ് മൂന്നേക്കറിൽ കൂടുതലും അഞ്ചരയേക്കർ വരെയുള്ളതുമായ കർഷകരെ കേര/കശുമാവ് പദ്ധതിയിൽ ഉൾപ്പെടുത്തി പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും കിണർ നിർമ്മാണത്തിനുമുള്ള സബ്സിഡി ആനുകൂല്യത്തിനായി തെരഞ്ഞെടുത്തതെന്ന മുൻ കൃഷി ഓഫീസറുടെ വിശദീകരണത്തിന്റെയും ഗ്രാമസഭയും പഞ്ചായത്ത് ഭരണസമിതിയും അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ ഹാജരാക്കിയതിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**റോഡ് പണിയിൽ ക്രമക്കേട്-3.3 ലക്ഷം നഷ്ടം**

**(കേന്ദ്രാവിഷ്കൃത പദ്ധതി-സ്പെഷ്യൽ റിപ്പോർട്ട്)**

ജെ.ജെ.എസ്.വൈ. ഫണ്ട് ചെലവഴിച്ച ബസ് സ്റ്റാൻഡ് ബൈപാസ് റോഡ് പണിയിൽ ക്രമക്കേടുകൾ. ലഭ്യമായ ചെലവ് രേഖകളുടെ പരിശോധനയിൽ 3,37,683 രൂപയുടെ നഷ്ടം കാണുന്നു.

കരാറുകാരന്റെ താല്പര്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് പ്രാധാന്യം നല്കിയതിനാലാണ് നഷ്ടം. ക്രമക്കേടുകൾ താഴെ വിവരിക്കുന്നു:

(1) ജെ.ജെ.എസ്.വൈ. പണികൾ കരാറുകാരൻ വഴിയോ ടെൻഡർ വഴിയോ ചെയ്യരുതെന്ന നിയമം (ഗ്രാമ വികസന കമ്മീഷണറുടെ 21196/ജെ.ആർ.വൈ./2101/ ഡി.ആർ.ഡി./6-12-2001 സർക്കുലർ)ലംഘിച്ച് പണി കരാറുകാരന് നല്കി.

(2) എസ്റ്റിമേറ്റ് നിരക്കിൽ കരാർ ചെയ്ത പണിക്ക് അവസാന ബിൽ തീർപ്പാക്കിയ ശേഷം 30 ശതമാനം ടെൻഡർ അധികം നൽകി. 1999-ലെ മരാമത്ത് നിരക്കിന് വീണ്ടും ടെൻഡർ അധികം നല്കിയതിന് വിശദീകരണമില്ല.

(3) മൂല്യനിർണ്ണയ രേഖകളിൽ പണിക്ക് 34,010 രൂപ വിവിധ നികുതികൾ കണക്കാക്കിയിരുന്നു. ഇത് ഈടാക്കാതെ അളവ് മൂല്യത്തിനൊപ്പം കൂട്ടി കരാറുകാരന് നല്കി.

(4) സന്നദ്ധ സംഘടനകൾക്ക് മാത്രം അവകാശപ്പെട്ട സൗജന്യ നിരക്കിലാണ് പണിക്ക് കരാറുകാരന് അരി നല്കിയത്. നല്കിയ അരിയുടെ വില വിപണി നിരക്കിൽ കണക്കാക്കുമ്പോൾ മാത്രം 2,44,517 രൂപ നഷ്ടമുണ്ട്.

(5) പണിയുടെ ആകെ അളവ് മൂല്യം 5,15,297 രൂപയാണ്. ക്രമനമ്പർ 2,3 എന്നിവയിൽ വിശദീകരിച്ച ക്രമക്കേടുകൾ കാരണം 93,166 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ട്. മേൽ അന്വേഷണം നടത്തി ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.1.2.1]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

137. പഞ്ചായത്തിന് നഷ്ടമായ 3,15,997 രൂപ ഈടാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികളെക്കുറിച്ച് സമിതി ആരാഞ്ഞതിന് എച്ച്.സി. ആയി പ്രൊമോഷൻ കിട്ടി 2-1-2002-ൽ പയ്യാവൂർ ഗ്രാമപഞ്ചായത്തിൽ ചാർജ്ജ് എടുക്കുമ്പോൾ, അതിനു മുമ്പുള്ള സെക്രട്ടറി പദ്ധതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാക്കി കഴിഞ്ഞിരുന്നുവെന്നും ബില്ല് കൊടുക്കുമ്പോൾ നോട്ടപിശക് വന്നുപോയിട്ടുണ്ടെന്നും അറിവില്ലായ്മ കൊണ്ട് ചെക്ക് കൊടുക്കേണ്ടതായി വന്നുവെന്നും ഇതിന്റെ നടപടിക്രമങ്ങൾ എങ്ങനെ ചെയ്തു എന്ന് ഓഡിറ്റ് സമയത്താണ് ബോദ്ധ്യപ്പെട്ടതെന്നും മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു. ജീവനക്കാർ സമരത്തിൽ ആയിരുന്നതിനാൽ, സമരം പിൻവലിച്ചശേഷം ഫെബ്രുവരി മാസം അവസാനം ഗ്രാമപഞ്ചായത്തിൽ ചാർജ്ജ് എടുക്കുമ്പോൾ ഏഴ് കൊല്ലത്തെ നികുതി കുടിശ്ശിക പിരിക്കാനുണ്ടായിരുന്നുവെന്നും ഇതെല്ലാം ഒരു വർഷംകൊണ്ട് തന്റെ കാലയളവിലെ ജീവനക്കാരെക്കൊണ്ട് പണിയെടുപ്പിച്ച് പിരിച്ചെടുത്തുവെന്നും ബസ് സ്റ്റാൻഡ് ബൈപാസ് റോഡ് പണിനടക്കുന്ന സമയത്ത് ഒരു യു.ഡി.ക്ലാർക്ക് തിരിമറി നടത്തിയത് താൻ സെക്രട്ടറിയായിരുന്ന കാലത്താണ് കണ്ടുപിടിച്ചതെന്നും മുൻ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. റോഡ് പണിയുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്ന് ലഭിച്ച കത്തിന് 17-10-2005-ന് മറുപടി കൊടുത്തിട്ടുണ്ടെന്നും എന്നാൽ സർവ്വീസിൽ നിന്നും വിരമിച്ച തനിക്ക് ഇതുവരെ ഡി.സി.ആർ.ജി. കിട്ടിയിട്ടില്ലെന്നും മുൻ സെക്രട്ടറി കൂട്ടിച്ചേർത്തു.

138. എസ്റ്റിമേറ്റ് നിരക്കിൽ കരാർ ചെയ്ത പണിക്ക് അവസാന ബില്ല് തീർപ്പാക്കിയശേഷം 30% ടെൻഡർ അധികം നൽകാനുണ്ടായ കാരണം സമിതി ആരാഞ്ഞതിന് എസ്റ്റിമേറ്റ് നിരക്കിനെക്കാൾ 30% തുക അധികം നൽകിയിട്ടില്ലെന്നും ബസ് സ്റ്റാൻഡ് ബൈപാസ് റോഡ് പണിയിൽ എസ്റ്റിമേറ്റ് അളവിനെക്കാൾ കൂടുതൽ പണി ആവശ്യമായി വരികയും പുതുക്കിയ എസ്റ്റിമേറ്റ് നിരക്കിൽ ബന്ധപ്പെട്ട എഞ്ചിനീയർ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയും ആയതിന് ബി.എൽ.ടി.സി.യുടെ അംഗീകാരം ലഭിച്ചതിന്റെയടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തോടെ 15% തുക തനത് ഫണ്ടിൽ നിന്ന് കൊടുക്കുകയായിരുന്നുവെന്ന് മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു. 15% അംഗീകാരം നൽകിയതും ബാക്കി 15% തനത് ഫണ്ടിൽ നിന്ന് കൊടുത്തതും കൂട്ടിയാണ് 30% ആയി ഓഡിറ്റ് കണക്കാക്കിയിരിക്കുന്നതെന്നും മുൻ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. വിവിധ നികുതിയിനത്തിൽ കരാറുകാരിൽ നിന്നും ഈടാക്കാനുള്ള നികുതിയിൽ 21,686 രൂപ കരാറുകാരന്റെ ഡെപ്പോസിറ്റ് ഇനത്തിൽ വച്ച തുകയിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുണ്ടെന്നും മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

139. കരാറുകാരന് അരി നൽകുവാനുണ്ടായ കാരണം സമിതി ആരാഞ്ഞതിന് പ്രോജക്ടിൽ അരിയും കാശും ഉൾപ്പെടെയാണ് പറഞ്ഞിരിക്കുന്നതെന്നും 6,28,818 രൂപ ഇതിനായി നൽകിയിട്ടുണ്ടെന്നും കിലോഗ്രാമിന് 7 രൂപ പ്രകാരം കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്നും മുൻസെക്രട്ടറി സമിതിയെ അറിയിച്ചു. കരാറുകാരനിൽ നിന്ന് അരിക്ക് തുക ഈടാക്കിയിരിക്കുന്നത് സബ്സിഡി റേറ്റിൽ കണക്കാക്കിയാണെന്ന് സമിതി ചൂണ്ടിക്കാണിച്ചു. എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തിരിക്കുന്നത് 7,32,904 രൂപയ്ക്കാണെന്നും റോഡ് പണിയെ സംബന്ധിച്ച് അന്വേഷണം നടത്താൻ ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുള്ളതായും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു.

140. റോഡ് പണിയെ സംബന്ധിച്ചുള്ള ഭരണ വകുപ്പിന്റെ അന്വേഷണത്തിന്റെ കണ്ടെത്തൽ എന്താണെന്നുള്ള സമിതിയുടെ ചോദ്യത്തിന് വർക്കിന്റെ മൂല്യം 5,83,084 രൂപയാണെന്നും, എസ്.ജി.ആർ.വൈ. നോംസ് അനുസരിച്ചല്ല പദ്ധതി നടപ്പിലാക്കിയിരിക്കുന്നതെന്നും, നടപടിക്രമങ്ങൾ തെറ്റിച്ച് 30% അധികം ടെൻഡർ നൽകിയിട്ടുണ്ടെന്നും കണ്ണൂർ ഡി.ഡി.പി. സമിതിയെ അറിയിച്ചു.

141. നടപടിക്രമങ്ങൾ തെറ്റിച്ചതിന് വകുപ്പുതല നടപടിയുണ്ടാകേണ്ടതായിരുന്നുവെന്നും എന്നാൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട സെക്രട്ടറി സർവ്വീസിൽ നിന്ന് വിരമിച്ചതിനാൽ വകുപ്പുതല നടപടിക്ക് അവസരമില്ലെന്ന് സമിതി ചൂണ്ടിക്കാണിക്കുകയും വർക്കിന്റെ മൂല്യം നിശ്ചയിച്ച് ലയബിലിറ്റി ആർക്കാണ്, എത്ര രൂപയുടെ ലയബിലിറ്റി എന്നിവ അറിയേണ്ടതിനാൽ പ്രസ്തുത പ്രവൃത്തി ഒന്നുകൂടെ പരിശോധിച്ച് അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തെത്തുടർന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 7-4-2009-ാം തീയതിയായി ലഭ്യമാക്കിയ എൽ. എഫ്. 3196/സ്പെ.സെൽ ജി2/09 നമ്പർ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

142. കരാറുകാർ മൂല്യനിർണ്ണയത്തിൻമേൽ അധികം നൽകിയ 93,166 രൂപയും കരാറുകാരന് സൗജന്യ നിരക്കിൽ അരി നൽകുക വഴിയുണ്ടായ 2,20,853 രൂപയും ചേർത്ത് 3,14,019 രൂപയാണ് നഷ്ടമായത്. അതിൽ 21,686 രൂപ കരാറുകാരന്റെ ഡെപ്പോസിറ്റിൽ നിന്നും തിരിച്ചുപിടിച്ചത് കഴിച്ച് ആകെ 2,92,333 രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. കരാറുകാരന് മൂല്യനിർണ്ണയത്തിൻമേൽ അധികം നൽകിയ 93,166 രൂപ സെക്രട്ടറി ശ്രീമതി സ്റ്റെല്ലാ കാമിയിൽ നിന്നും ഈടാക്കാവുന്നതാണ്. എസ്.ജി.ആർ.വൈ. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് പ്രവൃത്തി ടെണ്ടർ ചെയ്ത സെക്രട്ടറിയുടെ ചാർജുള്ള ഹെഡ് ക്ലാർക്ക് ശ്രീ. എ. ജെ. രാജുവും കരാറുകാരനുമായി കരാർ ഉടമ്പടിയിൽ ഏർപ്പെടുകയും അരി നൽകുകയും ചെയ്ത സെക്രട്ടറി ശ്രീമതി സ്റ്റെല്ലാ കാമിക്കും അരി നൽകുക വഴിയുള്ള നഷ്ടത്തിന് തുല്യ ഉത്തരവാദിത്തം ഉള്ളതായും ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത നഷ്ടം ഇവരിൽ നിന്നും തുല്യമായി ഈടാക്കാവുന്നതാണ്.

## നിഗമനങ്ങൾ/ശിപാർശകൾ

**143. ജെ. ജി. എസ്. വൈ. പദ്ധതി പ്രകാരമുള്ള പണികൾ കരാറുകാർ വഴിയോ ടെൻഡർ വഴിയോ ചെയ്യരുതെന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥ ലംഘിച്ചത് സമിതി ഗൗരവമായി വീക്ഷിക്കുന്നു. സർക്കാർ ഉത്തരവിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായി നിർമ്മാണ പ്രവൃത്തി ടെൻഡർ ചെയ്ത പഞ്ചായത്തിന്റെ തീരുമാനം അംഗീകരിക്കാനാവില്ല. സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമുള്ള പ്രവൃത്തി ആയതിനാലാണ് ടെൻഡർ ചെയ്തതെന്ന പഞ്ചായത്തിന്റെ വാദഗതി നിലനിൽക്കുന്നതല്ല. പദ്ധതികളുടെ വിവിധവശങ്ങൾ പരിഗണിച്ചശേഷം പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകൾ പാലിക്കുവാൻ ബന്ധപ്പെട്ട അധികാര സ്ഥാനങ്ങൾക്ക് ബാദ്ധ്യതയുണ്ട്. ഏതെങ്കിലുമൊരു പദ്ധതി പ്രായോഗികതലത്തിലെത്തിക്കുവാൻ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ വിഘാതമാണെന്നോ അപാകതകളുള്ളതാണെന്നോ അനുഭവപ്പെടുന്നപക്ഷം അവ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹരിച്ചു കൊണ്ടായിരിക്കണം പദ്ധതികൾ പ്രാവർത്തികമാക്കേണ്ടതെന്ന് സമിതി അഭിപ്രായപ്പെടുന്നു. സ്വേച്ഛാപ്രകാരം സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ലംഘിക്കുന്നത് അഭികാമ്യമല്ല. ആയതിനാൽ, പഞ്ചായത്തുകൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടായിരിക്കണമെന്ന് സമിതി നിഷ്കർഷിക്കുന്നു.**

**144. ഓഡിറ്റിന്റെ പരാമർശത്തിന് വിധേയമായ റോഡ് പണി സർക്കാർ ഉത്തരവിന് വിരുദ്ധമായി ടെൻഡർ മുഖേന കരാറുകാരന് നൽകിയെന്നു മാത്രമല്ല എസ്റ്റിമേറ്റ് നിരക്കിനെക്കാൾ കൂടുതൽ തുക നൽകുകയും ചെയ്തതായി സമിതി മനസ്സിലാക്കുന്നു. കരാറുകാരനിൽ നിന്നും ചട്ടപ്രകാരം ഈടാക്കേണ്ട നികുതികൾ ഈടാക്കിയിട്ടില്ലെന്നും അനർഹമായി സബ്സിഡി നിരക്കിൽ അരി നൽകിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. കരാറുകാരന് അനർഹമായി ഇത്തരം ആനുകൂല്യം നൽകിയതിലൂടെ ഗ്രാമപഞ്ചായത്തിന് ആകെ 3,14,019 രൂപ**

നഷ്ടമുണ്ടായിട്ടുള്ളതായി ഓഡിറ്റിന്റെ പുനഃപരിശോധനാ റിപ്പോർട്ടിൽ നിന്നും സമിതി വിലയിരുത്തുന്നു. ഈ ബാധ്യതാതുകയിൽ 21,686 രൂപ കരാറുകാരന്റെ ഡെപ്പോസിറ്റ് തുകയിൽ നിന്നും തിരിച്ചുപിടിച്ചതായി സമിതിക്ക് ബോധ്യമായി. മൂല്യ നിർണ്ണയത്തിൻമേൽ അധികം തുക നൽകിയതിന് തദവസരത്തിലെ സെക്രട്ടറി മാത്രവും പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിച്ച് പ്രവൃത്തി ടെൻഡർ ചെയ്തതിനും അരി നൽകിയതിനും അന്നത്തെ സെക്രട്ടറിയും സെക്രട്ടറിയുടെ ചാർജ്ജ് നിർവ്വഹിച്ചിരുന്ന ഹെഡ് ക്ലാർക്കും തുല്യമായി ഉത്തരവാദികളാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടത്തുക യിൽ ഇനിയും അവശേഷിക്കുന്ന 2,92,333 രൂപ ഉത്തരവാദികളായ പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്നും ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഓരോരുത്ത രുടെയും ബാധ്യത തിട്ടപ്പെടുത്തി ചട്ടപ്രകാരമുള്ള നടപടികളിലൂടെ ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**സഹകരണ സംഘത്തിന് പദ്ധതി വിഹിതം**

**(ഓഡിറ്റ് റിപ്പോർട്ട് 1999-2000, ഖണ്ഡിക 17)**

അംഗീകൃത പദ്ധതിരേഖയും പഞ്ചായത്ത് കമ്മിറ്റി തീരുമാനവുമില്ലാതെ കണ്ടിജന്റ് വൗച്ചറിൽ ചെലവെഴുതി കണ്ണൂർ ജില്ലാ എഞ്ചിനീയറിംഗ് ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് പദ്ധതി വിഹിതത്തിൽ നിന്നും 50,000 രൂപ നൽകിയ തായി കാണുന്നു. സാമ്പത്തിക അഴിമതി ആയതിനാൽ ഉത്തരവാദിയിൽ നിന്നും ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05- ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.1.2.2]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

145. സഹകരണ സംഘത്തിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നുള്ള സമിതിയുടെ ചോദ്യത്തിന് കണ്ണൂർ ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാർക്ക് കത്ത് കൊടുത്തുവെങ്കിലും സഹകരണ സംഘത്തിന് പഞ്ചായത്ത് നൽകിയ തുകയായ 50,000 രൂപ തിരിച്ചു പിടിക്കാൻ നിർവ്വാഹമില്ലെന്ന് സംഘം ഭരണ സമിതി അറിയിച്ചിട്ടുള്ളതായി പയ്യാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

146. പഞ്ചായത്തിന്റെ തുക പഞ്ചായത്തിന് തിരികെ ലഭിക്കാനുള്ള അവകാശമുണ്ടെന്ന് സമിതി ചൂണ്ടിക്കാണിക്കുകയും സഹകരണ സംഘം രജിസ്ട്രാറുടെ മുൻപാകെ ആർബിട്രേഷൻ കേസ് ഫയൽ ചെയ്ത് തുടർ നടപടി സ്വീകരിക്കുന്നതിനും തുടർ നടപടി സ്വീകരിച്ചതിന്റെ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തെത്തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ അധിക വിവര റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

147. നിയമസഭാ സമിതിയുടെ ശിപാർശയെത്തുടർന്ന് സഹകരണ സംഘം രജിസ്ട്രാറുടെ മുമ്പാകെ ആർബിട്രേഷൻ കേസ് ഫയൽ ചെയ്ത് തുടർ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പയ്യാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 6-7-2009-ൽ 38787/എബി 2/09/തസ്വഭവ. നമ്പരായി കത്തയച്ചു. 23-11-2009-ൽ ഓർമ്മക്കുറിപ്പും അയച്ചു. തുടർന്ന് 28-12-2009-ൽ പയ്യാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എ-5822/09 നമ്പരായി സമർപ്പിച്ച മറുപടിയിൽ കേസ് ഫയൽ ചെയ്യുന്നതിന് വക്കീലിനെ സമീപിച്ചതിൽ നിന്നും പ്രസ്തുത കേസ് (14-6-1999) ടൈംബാർ ആയതിനാൽ സൊസൈറ്റിക്കെതിരെ സിവിൽ സ്യൂട്ട് നൽകുന്നതിന് സാധിക്കുകയില്ല എന്നാണ് റിപ്പോർട്ട് ചെയ്തിരുന്നത്. തുടർന്ന് നിയമസഭാ സമിതിയുടെ ശിപാർശ നടപ്പിലാക്കാൻ 11-1-2010-ൽ വീണ്ടും ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. 30-5-2010-ൽ ഓർമ്മക്കുറിപ്പും അയച്ചു. തുടർന്ന് 25-5-2010-ൽ എ 5822/09 നമ്പരായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ ആർബിട്രേഷൻ കേസ് ഫയൽ ചെയ്തതായി റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം 4-6-2010-ൽ നിയമസഭാ സമിതിയെ അറിയിച്ചിരുന്നു. 12-8-2010 ൽ ആർബിട്രേഷൻ കേസ് തീർപ്പാക്കുന്ന മുറയ്ക്ക് വിവരം സർക്കാരിൽ റിപ്പോർട്ട് ചെയ്യണം എന്ന നിർദ്ദേശം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിരുന്നു. 31-1-2011-ൽ ഓർമ്മക്കുറിപ്പും അയച്ചിരുന്നു. തുടർന്ന് 7-2-2011-ൽ പയ്യാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും എ.ഒ. 808/11 നമ്പരായി മറുപടി ലഭിച്ചിരുന്നു. അതിൽ സഹകരണ രജിസ്ട്രാർ ആർബിട്രേഷൻ കേസ് അസിസ്റ്റന്റ് രജിസ്ട്രാർക്ക് കൈമാറിയെന്ന് അറിയിക്കുകയും ടി കേസിന്റെ ഒരു സെറ്റ് ഫയൽ അയച്ചുകൊടുക്കുവാൻ അറിയിക്കുകയും ചെയ്തു എന്നും ആയതു പ്രകാരം 1-2-2011-ൽ ടി കേസിന്റെ ഒരു സെറ്റ് ഫയൽ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർക്ക് തുടർ നടപടിക്കായി അയച്ചു നൽകിയിട്ടുണ്ട് എന്നും റിപ്പോർട്ട് ചെയ്തിരുന്നു. ഈ വിഷയത്തിൽ ആർബിട്രേഷൻ കേസ് തീർപ്പാക്കിയതിനു ശേഷമുള്ള റിപ്പോർട്ടിനായി 18-6-2011-ൽ പയ്യാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ട്.

**നിഗമനങ്ങൾ/ശിപാർശകൾ**

**148. കണ്ണൂർ ജില്ലാ എഞ്ചിനീയറിംഗ് ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് പദ്ധതി വിഹിതത്തിൽ നിന്നും പഞ്ചായത്ത് കൈമാറിയ 50,000 രൂപ തിരിച്ച് പിടിക്കുന്നതിനുള്ള ആർബിട്രേഷൻ കേസ് എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് പണികൾക്ക് അധിക ചെലവ്**

**(ഓഡിറ്റ് റിപ്പോർട്ട് 1999-2000, ഖണ്ഡിക 8)**

ഷ്രിങ്കേജ് കുറയ്ക്കാഞ്ഞതിനാൽ മരാമത്ത് പണികൾക്ക് 23,679 രൂപയുടെ അധിക ചെലവ്. കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ 4.5 പ്രകാരം

മൺപണികൾക്ക് 5 മുതൽ 20 ശതമാനം വരെ ഷ്രിങ്കേജ് കുറയ്ക്കേണ്ടതാണ്. നിർദ്ദേശം പാലിക്കാതെ വരുത്തിയ അധിക ചെലവ് ഉത്തരവാദിയായ എഞ്ചിനീയർമാരിൽ നിന്ന് ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.9]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

149. മരാമത്ത് പണികൾമൂലം പഞ്ചായത്തിന് 23,679 രൂപ അധികം ചെലവായതു സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന് സമിതി വിശദീകരണം ആരാഞ്ഞതിന് കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ 4.5 പ്രകാരം മൺപണികൾക്ക് 5 മുതൽ 20 ശതമാനം വരെ ഷ്രിങ്കേജ് കുറയ്ക്കേണ്ടതാണെന്നും എഞ്ചിനീയർ 5% കുറവു ചെയ്തതിനാലാണ് ഓഡിറ്റ് 23,679 രൂപയ്ക്ക് തടസ്സം ഉന്നയിച്ചതെന്നും പഞ്ചായത്തു നൽകിയ പ്രാഥമിക മറുപടിയുടെ അടിസ്ഥാനത്തിൽ തിരിച്ചടയ്ക്കേണ്ട തുക 5,903 രൂപയാക്കി കുറച്ചുതന്നിട്ടുണ്ടെന്നും എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയർമാരിൽ ഒരാളിൽ നിന്ന് 339 രൂപയും മറ്റൊരാളിൽ നിന്ന് 5,564 രൂപയും ഈടാക്കിയിട്ടുണ്ടെന്നും കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഇൻ ചാർജ്ജ് സമിതിയെ അറിയിച്ചു.

150. സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

151. **മരാമത്ത് പണിക്ക് ഷ്രിങ്കേജ് കുറവ് ചെയ്തതുമായി ബന്ധപ്പെട്ട് തിരിച്ചടയ്ക്കേണ്ട തുകയായ 5,903 രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തിരിച്ച് പിടിച്ചിട്ടുണ്ടെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## പിണറായി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**നിയമവിരുദ്ധമായി സബ്സിഡി നല്കി**

**(ഓഡിറ്റ് റിപ്പോർട്ട് 1999-2000, ഖണ്ഡിക 10,14;**

**ഓഡിറ്റ് റിപ്പോർട്ട്, 2000-01 ഖണ്ഡിക 11, 14)**

സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പദ്ധതിവിഹിതത്തിൽനിന്നും സബ്സിഡി നല്കി. 99–2000, 2000-01 വർഷങ്ങളിലെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ വിവരിക്കുന്നു:

ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പിന്റെ 5-4-1999-ലെ എംഎസ്. 20/99 ഉത്തരവിലെ ഖണ്ഡിക 3.3 അനുസരിച്ച് യൂണിഫോം തുണിത്തരങ്ങൾ വിതരണം ചെയ്യാൻ പാടില്ല. ഇതിന് വിരുദ്ധമായി സ്കൂൾ കുട്ടികൾക്ക് യൂണിഫോം വിതരണത്തിന് പദ്ധതി വിഹിതത്തിൽ നിന്നും 25,464 രൂപ ചെലവഴിച്ചു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.10(1)]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

152. സർക്കാർ ഉത്തരവ് ലംഘിച്ച് 25,464 രൂപയുടെ യൂണിഫോം തുണിത്തരങ്ങൾ വിതരണം ചെയ്തതായ ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ഡി.പി.സി. അംഗീകരിച്ച പ്രോജക്ട് പ്രകാരം ഹെഡ്മാസ്റ്റർമാരിൽ നിന്നും ലിസ്റ്റ് വാങ്ങി ദരിദ്രരായ കുട്ടികൾക്കാണ് യൂണിഫോം നൽകിയതെന്ന് പിണറായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

153. ഇതിന് സർക്കാർ ഉത്തരവുണ്ടോയെന്ന് സെക്രട്ടറിയും പഞ്ചായത്ത് കമ്മിറ്റിയും നോക്കേണ്ടതായിരുന്നുവെന്നും, ചട്ടവിരുദ്ധമായതിനാൽ കൊടുക്കാൻ പാടില്ലെന്ന് പഞ്ചായത്ത് കമ്മിറ്റിയിൽ സെക്രട്ടറി പറയേണ്ടതായിരുന്നുവെന്നും അല്ലെങ്കിൽ അനുമതി വാങ്ങിക്കേണ്ടതായിരുന്നുവെന്നും സമിതി അഭിപ്രായപ്പെട്ടു. കൈപ്പറ്റ് രസീത് ഓഡിറ്റിനെ കാണിച്ച് ബോദ്ധ്യപ്പെടുത്തണമെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്നും സമിതി തീരുമാനിച്ചു.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 7-4-2009-ലെ എൽ.എഫ്.3196/സ്പെ.സെൽ/ജി2/09 നമ്പർ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു;

154. "പ്രസ്തുത ഖണ്ഡികകളിലുള്ള തടസ്സവാദം തീർപ്പാക്കുന്നതിന് സർക്കാരിനോട് സാധൂകരണം വാങ്ങുന്നതിന് പഞ്ചായത്ത് തീരുമാനിക്കുകയും 1-6-2007-ന് പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ നിയമസഭാ സമിതിയുടെ പരിഗണനയിലുള്ള ഓഡിറ്റ് തടസ്സങ്ങളിൽ സാധൂകരണത്തിനായി സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കരുതെന്ന നിർദ്ദേശമുള്ളതിനാൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ പ്രൊപ്പോസൽ തിരിച്ചയച്ചിരുന്നു. സമിതിയുടെ 23-10-2008-ലെ മീറ്റിംഗ് നിർദ്ദേശ പ്രകാരം ഖണ്ഡിക 3-13-10(4) പ്രകാരമുള്ള 5,000 രൂപയുടെ ചെലവിന് (പത്രപ്പരസ്യം നൽകിയത്) സർക്കാരിനോട് സാധൂകരണം നൽകുന്നതിന് അപേക്ഷിച്ചതും സമിതി നിർദ്ദേശ പ്രകാരം 3-13-10(1) മുതൽ 3-13-10(4) വരെയുള്ള ഖണ്ഡികകൾ പ്രകാരമുള്ള ചെലവ് സാധൂകരിക്കുന്നതിന് സർക്കാരിനോട് അപേക്ഷിച്ചതും പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്."

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 28-4-2010-ലെ റിപ്പോർട്ട് താഴെ ചേർക്കുന്നു:

155. "ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പിന്റെ 5-4-1999-ലെ ജി.ഒ. (എംഎസ്.) 20/99 പ്ലാനിംഗ് 3.3-ാം ഖണ്ഡികയനുസരിച്ച് വ്യക്തികൾക്കും കുടുംബാംഗങ്ങൾക്കും സബ്സിഡി നൽകി വിതരണം ചെയ്യാൻ പാടില്ലാത്ത ഇനങ്ങളിൽ യൂണിഫോം തുണിത്തരങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ഉത്തരവിന് വിരുദ്ധമായി സ്കൂൾ കുട്ടികൾക്ക് യൂണിഫോം തുണികൾ നൽകിയതിനാൽ 25,464 രൂപ ഓഡിറ്റിൽ നിരാകരിക്കുകയുണ്ടായി. ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് ശ്രദ്ധിക്കപ്പെടാതെപോയി എന്ന സെക്രട്ടറിയുടെ മറുപടി സ്വീകാര്യമല്ല. പഞ്ചായത്ത് തീരുമാനം ഉണ്ടായാലും ഡി.പി.സി. അംഗീകാരം ലഭിച്ചാലും സർക്കാർ ഉത്തരവ് പാലിക്കാതെ നിർവ്വഹണം നടത്തുന്നതിന് നിയമസാധുതയില്ല. സർക്കാർ ഉത്തരവുകൾ ലംഘിച്ചുകൊണ്ട് നടത്തിയ

ഇത്തരം ചെലവുകൾക്ക് സാധൂകരണം നൽകുന്നതിനും അല്ലെങ്കിൽ നഷ്ടം സംഭവിച്ച തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതുൾപ്പെടെയുള്ള ഉചിതമായ തീരുമാനം എടുക്കുവാൻ സർക്കാരിന് മാത്രമേ കഴിയുകയുള്ളൂ എന്നതിനാൽ സർക്കാർ ഉത്തരവിന് വിധേയമായി അനന്തര നടപടികൾ കൈക്കൊള്ളാവുന്നതാണ് എന്ന് അറിയിക്കുന്നു."

സമിതി നിർദ്ദേശത്തെത്തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പ് 4-7-2011-ലെ 37429/ എബി2/09/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ അധിക വിവര റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

156. "നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 24266/ എബി2/09/ത.സ്വ.ഭ.വ. നമ്പർ ഫയലിൽ ഈ വിഷയം വിശദമായി പരിശോധിച്ചു. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പിണറായി ഗ്രാമപഞ്ചായത്തിന്റെ മുൻ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭിച്ച പദ്ധതിക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുക ചെലവഴിക്കുകയാണ് ഉണ്ടായത്. ആയതി നാൽ 1999-2000 വർഷം സമഗ്ര വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി യൂണിഫോം വിതരണം ചെയ്തതിന് ചെലവഴിച്ച 25,464 രൂപ തനതു ഫണ്ടിലേക്ക് തിരിച്ചടയ്ക്കാനും അപ്രകാരം തിരിച്ചടയ്ക്കുന്ന മുറയ്ക്ക് തുടർ നടപടികൾ ഒഴിവാക്കാവുന്നതാണ് എന്നും 26-10-2010-ലെ 24266/എബി2/09/ത.സ്വ.ഭ.വ. നമ്പർ കത്തു മുഖേന പിണറായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യം 30-10-2010-ൽ നിയമസഭാ സെക്രട്ടറിയെയും അറിയിച്ചിട്ടുണ്ട്."

### നിഗമനങ്ങൾ/ശിപാർശകൾ

157. **പദ്ധതിപ്പണം വിനിയോഗിച്ച് യൂണിഫോം തുണിത്തരങ്ങൾ വിതരണം ചെയ്യാൻ പാടില്ലെന്ന സർക്കാർ ഉത്തരവ് പാലിക്കാതെയാണ് പിണറായി ഗ്രാമപഞ്ചായത്ത് പ്രസ്തുത ആവശ്യത്തിലേക്കായി പദ്ധതി വിഹിതത്തിൽ നിന്നും 25,464 രൂപ ചെലവഴിച്ചതെന്ന് സമിതി മനസ്സിലാക്കുന്നു. യൂണിഫോം വിതരണ പദ്ധതി സംബന്ധിച്ച ചർച്ചാവേളയിൽ പ്രസ്തുത പദ്ധതി സർക്കാർ ഉത്തരവിലെ ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന വസ്തുത ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയോ അല്ലാത്തപക്ഷം സർക്കാരിന്റെ അനുമതി നേടുകയോ ചെയ്യേണ്ടതായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഓഡിറ്റ് തടസ്സത്തെത്തുടർന്ന് ടി ചെലവ് സാധൂകരിക്കുന്നതിന് സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തിരിച്ചയച്ചതായി കാണുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായുള്ള ഒരു പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയത് സമിതി അംഗീകരിക്കുന്നില്ല. ദരിദ്രരായ കുട്ടികൾക്കാണ് യൂണിഫോം വിതരണം ചെയ്തതെന്ന വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ, കൈപ്പറ്റ് രസീത് ഓഡിറ്റിന് ഹാജരാക്കി ബോധ്യമാക്കുന്നതിന് തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടിരുന്നു. എന്നാൽ, സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകണമെന്നഭ്യർത്ഥിച്ച് ഗ്രാമപഞ്ചായത്ത് സർക്കാരിന് സമർപ്പിച്ച നിവേദനം നിരസിച്ചതായും ചെലവഴിച്ച തുക പഞ്ചായത്തു ഫണ്ടിലേക്ക് തിരിച്ചടയ്ക്കുവാൻ ആവശ്യപ്പെട്ടതായുമാണ് സർക്കാരിൽ നിന്നും ലഭിച്ച മറുപടിയിൽ നിന്നും ബോധ്യമാകുന്നത്. ആയതിനാൽ, പ്രസ്തുത തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി, റിപ്പോർട്ട് ചെയ്യുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

തദ്ദേശഭരണ വകുപ്പിന്റെ 14-10-1998-ലെ (പി) 209/98 ഉത്തരവ് പ്രകാരം പട്ടിക ജാതിക്കാർക്ക് വീട് അറ്റകുറ്റപ്പണിക്ക് സബ്സിഡി നൽകാൻ പദ്ധതി വിഹിതം ഉപയോഗിക്കാൻ പാടില്ല. ഉത്തരവ് മറികടന്ന് 46,572 രൂപ ചെലവഴിച്ചു. കൂടാതെ പണിയുടെ എസ്റ്റിമേറ്റ് ഫീസായി 1,350 രൂപ ചെലവഴിച്ചതും അനുവദനീയമല്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.10(2)]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

158. പട്ടികജാതിക്കാർക്ക് വീട് അറ്റകുറ്റപ്പണിക്ക് സബ്സിഡി നൽകാൻ പദ്ധതി വിഹിതം ഉപയോഗിക്കാൻ പാടില്ല എന്ന സർക്കാർ ഉത്തരവ് ലംഘിച്ചതിനാൽ പദ്ധതി വിഹിതം 46,572 രൂപയും പണിയുടെ എസ്റ്റിമേറ്റ് ഫീസായി 1,350 രൂപയും അധികം ചെലവഴിച്ചതായ ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആവശ്യപ്പെട്ട തിന് ഗുണഭോക്തൃ കമ്മിറ്റി രൂപീകരിക്കാനുള്ള താമസം കാരണം പഞ്ചായത്ത് എഞ്ചിനീയറെക്കൊണ്ട് എസ്റ്റിമേറ്റ്സ് തയ്യാറാക്കി വ്യക്തികൾക്കാണ് തുക നൽകിയതെന്നും ആയതു സംബന്ധിച്ച കൈപ്പറ്റ് രസീത് ഉണ്ടെന്നും പിണറായി ഗ്രാമപഞ്ചായത്ത് മുൻസെക്രട്ടറി സമിതിയെ ബോദ്ധ്യപ്പെടുത്തി.

159. പ്രസ്തുത ഓഡിറ്റ് പരാമർശം സമിതിയുടെ പരിഗണനയിലായതിനാലാണ് ഗവൺമെന്റിലേക്ക് സാധൂകരണത്തിന് അയയ്ക്കാത്തതെന്നും ഓഡിറ്റ് ഒബ്ജക്ഷനായ സാഹചര്യത്തിൽ സമിതിയാണ് സബ്സിക്വന്റ് റാറ്റിഫിക്കേഷൻ നൽകേണ്ടതെന്നും മോണിറ്ററിംഗ് കമ്മിറ്റിയുടെ കംപ്ലീഷൻ റിപ്പോർട്ട്, വാല്യുവേഷൻ സർട്ടിഫിക്കറ്റ്, ഗുണഭോക്താക്കൾക്ക് തുക കിട്ടി എന്നുള്ളതിന്റെ രേഖകൾ എന്നിവ ഉണ്ടെങ്കിൽ രണ്ടാഴ്ചയ്ക്കകം കണ്ണൂർ ലോക്കൽഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ ബോധ്യപ്പെടു ത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 7-4-2009-ലെ എൽ.എഫ്. 3196/സ്പെ. സെൽ-ജി2/09 നമ്പർ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

160. "പ്രസ്തുത ഖണ്ഡികകളിലുള്ള തടസ്സവാദം തീർപ്പാക്കുന്നതിന് സർക്കാരി നോട് സാധൂകരണം വാങ്ങുന്നതിന് പഞ്ചായത്ത് തീരുമാനിക്കുകയും 1-6-2007-ന് പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ നിയമസഭാ സമിതിയുടെ പരിഗണനയിലുള്ള ഓഡിറ്റ് തടസ്സങ്ങളിൽ സാധൂകരണത്തിനായി സർക്കാരി ലേക്ക് പ്രൊപ്പോസൽ സമർപ്പിക്കരുതെന്ന നിർദ്ദേശമുള്ളതിനാൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ പ്രൊപ്പോസൽ തിരിച്ചയച്ചിരുന്നു. സമിതിയുടെ 23-10-2008-ലെ മീറ്റിംഗ് നിർദ്ദേശപ്രകാരം ഖണ്ഡിക 3-13-10(4) പ്രകാരമുള്ള 5,000 രൂപയുടെ ചെലവിന് (പത്രപ്പരസ്യം നൽകിയത്) സർക്കാരിനോട് സാധൂകരണം നൽകുന്നതിന് അപേക്ഷിച്ചതും സമിതി നിർദ്ദേശപ്രകാരം 3-13-10(1) മുതൽ 3-13-10(4) വരെയുള്ള ഖണ്ഡികകൾ പ്രകാരമുള്ള ചെലവ് സാധൂകരിക്കുന്നതിന് സർക്കാരിനോട് അപേക്ഷിച്ചതും പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്."

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 28-4-2010-ലെ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

161. "തദ്ദേശഭരണ വകുപ്പിന്റെ 14-10-1998-ലെ ജി.ഒ. (പി) 209/98 പ്രകാരം വീട് റിപ്പയർ പ്രോജക്ടിൽ പട്ടികജാതി വിഭാഗത്തിന് സബ്സിഡി നൽകാൻ വ്യവസ്ഥയില്ല. ഈ ഉത്തരവ് മറികടന്ന് വീടുകളുടെ അറ്റകുറ്റപ്പണിക്ക് പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവർക്ക് സബ്സിഡി നൽകി 46,573 രൂപ ചെലവഴിച്ചു. കൂടാതെ പണിയുടെ എസ്റ്റിമേറ്റ് ഫീസ് 1,350 രൂപയും നൽകിയിട്ടുണ്ട്. ആകെ 47,922 രൂപ മേൽ സർക്കാർ ഉത്തരവ് പ്രകാരം ലക്ഷംവീട് പദ്ധതി പ്രകാരം നിർമ്മിച്ച വീടുകളുടേയും പട്ടികവർഗ്ഗക്കാർക്ക് നിർമ്മിച്ച് നൽകിയ വീടുകളുടെയും അറ്റകുറ്റപ്പണികൾ ഏറ്റെടുത്ത് നടത്തുവാൻ പാടുള്ളു. അതുതന്നെ റിപ്പയർ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഗുണഭോക്തൃ കമ്മിറ്റി, നിർമ്മിതി കേന്ദ്രം, കോസ്റ്റ് ഫോർഡ് തുടങ്ങിയവർ മുഖേന നിർവ്വഹണം നടത്തണ മെന്നും നിഷ്കർഷിച്ചിട്ടുണ്ട്. യാതൊരു കാരണവശാലും തുക പണമായി നൽകാൻ പാടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ വ്യവസ്ഥകൾ ലംഘിച്ചാണ് പട്ടികജാതി വിഭാഗത്തിന് വീട് റിപ്പയർ നടത്തിയതിന് സബ്സിഡിയായി തുക നൽകിയത്. ഇത് ജനകീയാസൂത്രണ മാനദണ്ഡങ്ങളുടെയും സർക്കാർ ഉത്തരവിന്റെയും നഗ്നമായ ലംഘനമാണ്. ഇത് സംബന്ധിച്ച ഉചിതമായ തീരുമാനം എടുത്ത് സർക്കാരിന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. ഉത്തരവിന് വിധേയമായി അനന്തര നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് നൽകിയ മറുപടി അംഗീകരിക്കാവുന്ന തല്ല. സർക്കാർ ഉത്തരവ് നിലനിൽക്കെ ഇതിന് വിരുദ്ധമായി പ്രോജക്ട് തയ്യാറാക്കാനോ നിർവ്വഹണം നടത്താനോ പാടുള്ളതല്ല."

സമിതി നിർദ്ദേശത്തെത്തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പ് 4-7-2011-ലെ 37429/ എബി2/09/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ അധിക വിവര റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

162. "നിയമസഭാസമിതിയുടെ ശുപാർശ പ്രകാരം സർക്കാർ സാധൂകരണം ലഭ്യമാക്കണം എന്ന് അഭ്യർത്ഥിച്ച് പിണറായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 20-1-2010-ൽ എ.1834/03 നമ്പരായി നിവേദനം സർക്കാരിൽ സമർപ്പിച്ചിരുന്നു. ടി നിവേദനം സർക്കാർ വിശദമായി പരിശോധിച്ചിരുന്നു. ഗുണഭോക്താക്കൾ വീട് റിപ്പയർ ചെയ്തി രുന്നതിനും തുക കൈപ്പറ്റിയതിനും ഉള്ള തെളിവുകൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഹാജരാക്കിയില്ല. ടി തെളിവുകളുടെ അഭാവത്തിൽ തുക ചെലവാക്കിയതിന് സാധൂകരണം നൽകണം എന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അഭ്യർത്ഥന അംഗീകരിക്കാൻ നിർവ്വാഹമില്ല എന്ന വിവരം 4-10-2010-ലെ 9749/എബി2/10/ത.സ്വ.ഭ.വ. നമ്പർ കത്തുമുഖേന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചു. ഇക്കാര്യം 27-10-2010-ൽ നിയമസഭാ സെക്രട്ടറിയെ അറിയിക്കുകയും ചെയ്തു."

### നിഗമനങ്ങൾ/ശിപാർശകൾ

**163. പട്ടികജാതിക്കാർക്ക് വീട് അറ്റകുറ്റപ്പണിക്ക് സബ്സിഡി നൽകാൻ സർക്കാർ ഉത്തരവിൽ വ്യവസ്ഥയില്ലെന്നിരിക്കെ ആ ഇനത്തിൽ 46,572 രൂപയും എസ്റ്റിമേറ്റ് ഫീസായി 1,350 രൂപയും ചെലവഴിച്ചത് ക്രമവിരുദ്ധമാണെന്ന് സമിതി വില യിരുത്തുന്നു. സർക്കാർ ഉത്തരവിലെ വ്യവസ്ഥ ശ്രദ്ധയിൽപ്പെടാത്തതിനാലും ജില്ലാ**

ആസൂത്രണ സമിതി അംഗീകരിച്ചതിനാലുമാണ് പദ്ധതി നടപ്പാക്കിയതെന്ന പഞ്ചായത്തിന്റെ വാദം ന്യായീകരിക്കത്തക്കതല്ല. എന്നാൽ, അവശതയനുഭവിക്കുന്ന പട്ടികജാതി വിഭാഗത്തിന് നൽകിയ ഒരു ആനുകൂല്യമെന്നത് പരിഗണിച്ച് മോണിറ്ററിംഗ് കമ്മിറ്റിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ്, വാല്യുവേഷൻ സർട്ടിഫിക്കറ്റ്, ഗുണഭോക്താക്കൾക്ക് തുക കിട്ടി എന്നതിന്റെ രേഖകൾ എന്നിവ ഓഡിറ്റ് മുൻപാകെ ഹാജരാക്കുവാൻ തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടിരുന്നു. ചട്ടവിരുദ്ധമായി ചെലവഴിച്ച തുകയ്ക്കുള്ള സാധൂകരണത്തിന് ഗ്രാമപഞ്ചായത്ത് സർക്കാരിന് നിവേദനം സമർപ്പിച്ചുവെങ്കിലും ഗുണഭോക്താക്കൾ വീട് റിപ്പയർ ചെയ്തുവെന്നതിനും തുക കൈപ്പറ്റിയെന്നതിനുമുള്ള തെളിവുകൾ സർക്കാരിന് മുമ്പാകെ പഞ്ചായത്തിന് സമർപ്പിക്കുവാനായില്ല എന്നും അതിനാൽ സർക്കാരിനോടുള്ള പഞ്ചായത്തിന്റെ അഭ്യർത്ഥനയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ലായെന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ, മാർഗ്ഗനിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി ചെലവഴിച്ച മുഴുവൻ തുകയും ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

2000-01-ൽ വനിത ഡി.ടി.പി. സ്ക്രീൻ പ്രിന്റിംഗ് യൂണിറ്റിന് 1,50,000 രൂപ നൽകി. ഇത്തരം ഗ്രൂപ്പ് സംരംഭങ്ങൾക്ക് എസ്.ജി.എസ്.വൈ. സബ്സിഡി നിരക്ക് ബാധകമാണെന്ന് ആസൂത്രണ സാമ്പത്തികകാര്യ(എ) വകുപ്പിന്റെ 3-4-2000-ലെ എംഎസ്.17/2000 ഉത്തരവിലെ ഖണ്ഡിക 3.16-ൽ വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല തദ്ദേശഭരണ വകുപ്പിന്റെ 1-10-1999-ലെ എംഎസ്.187/99 ഖണ്ഡിക 5.3 പ്രകാരം ഈ പദ്ധതിക്ക് അനുവദനീയമായ സബ്സിഡി പരമാവധി 1,25,000 രൂപയാണ്. ഉത്തരവിന് വിരുദ്ധമായി 25,000 രൂപ അധികം നൽകി.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.10(3)]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

164. വനിതാ ഡി.റ്റി.പി. സ്ക്രീൻ പ്രിന്റിംഗ് യൂണിറ്റിന് 1,50,000 രൂപ നൽകിയത് ഗവൺമെന്റ് ഉത്തരവിന് വിരുദ്ധമാണെന്നും ഇത്തരം ഗ്രൂപ്പ് സംരംഭങ്ങൾക്ക് എസ്.ജി. എസ്.വൈ. സബ്സിഡി നിരക്ക് ബാധകമാണെന്ന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും ഈ പദ്ധതിക്ക് അനുവദനീയമായ പരമാവധി തുക 1,25,000 രൂപയാണെന്നും അധികം നൽകിയ 25,000 രൂപ മുൻ സെക്രട്ടറി തിരിച്ചടയ്ക്കണമെന്നും സമിതി അഭിപ്രായപ്പെടുകയും ഇതിൻമേൽ സമിതി വിശദീകരണം ആവശ്യപ്പെട്ടതിന് ഈ പ്രോജക്ട് ഇംപ്ലിമെന്റ് ചെയ്യാൻ ബോർഡ് തിരക്കു കൂട്ടിയതിനാലാണ് തുക നൽകിയതെന്നും ഇപ്പോൾ ഈ യൂണിറ്റ് പ്രവർത്തിക്കുന്നില്ലെന്നും അസറ്റ്സ് വായനശാലയിൽ സൂക്ഷിച്ചിട്ടുണ്ടെന്നും പിണറായി ഗ്രാമപഞ്ചായത്തു മുൻ സെക്രട്ടറി സമിതി മുൻപാകെ മറുപടി നൽകി.

165. ഈ പ്രോജക്ട് സംബന്ധിച്ച ഫയലുകൾ, ഡി.പി.സി. അംഗീകാരം ലഭിച്ച രേഖകൾ എന്നിവ ഉണ്ടെങ്കിൽ മുൻ സെക്രട്ടറി തന്നെ മുൻകൈയെടുത്ത് പ്രസ്തുത

രേഖകൾ രണ്ടാഴ്ചയ്ക്കുള്ളിൽ കണ്ണൂർ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ ബോധ്യപ്പെടുത്തി ലയബിലിറ്റിയിൽ നിന്ന് ഒഴിവാകണമെന്നും അല്ലെങ്കിൽ അസെറ്റ്സ് റിക്കവർ ചെയ്ത് പഞ്ചായത്തിൽ കൂട്ടണമെന്നും സമിതി നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

166. "പ്രസ്തുത ഖണ്ഡികകളിലുള്ള തടസ്സവാദം തീർപ്പാക്കുന്നതിന് സർക്കാരിനോട് സാധൂകരണം വാങ്ങുന്നതിന് പഞ്ചായത്ത് തീരുമാനിക്കുകയും 1-6-2007-ന് പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ നിയമസഭാ സമിതിയുടെ പരിഗണനയിലുള്ള ഓഡിറ്റ് തടസ്സങ്ങളിൽ സാധൂകരണത്തിനായി സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കരുതെന്ന നിർദ്ദേശമുള്ളതിനാൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ പ്രൊപ്പോസൽ തിരിച്ചയച്ചിരുന്നു. സമിതിയുടെ 23-10-2008-ലെ മീറ്റിംഗ് നിർദ്ദേശപ്രകാരം ഖണ്ഡിക 3-13-10(4) പ്രകാരമുള്ള 5,000 രൂപയുടെ ചെലവിന് (പത്രപ്പരസ്യം നൽകിയത്) സർക്കാരിനോട് സാധൂകരണം നൽകുന്നതിന് അപേക്ഷിച്ചതും സമിതി നിർദ്ദേശപ്രകാരം 3-13-10(1) മുതൽ 3-13-10(4) വരെയുള്ള ഖണ്ഡികകൾ പ്രകാരമുള്ള ചെലവ് സാധൂകരിക്കുന്നതിന് സർക്കാരിനോട് അപേക്ഷിച്ചതും പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്."

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

167. "വനിതാ ഗ്രൂപ്പ് വ്യവസായ യൂണിറ്റ് എന്ന പ്രോജക്ടിൽ വനിതാ ഡി.ടി.പി. സ്ക്രീൻ പ്രിന്റിംഗ് യൂണിറ്റിന് 10,000 രൂപ നൽകി. സാമ്പത്തിക വികസനത്തിന് വേണ്ടിയുള്ള ഇത്തരം ഗ്രൂപ്പ് സംരംഭങ്ങൾക്ക് എസ്.ജി.എസ്.വൈ. നിരക്കാണ് ബാധകമെന്ന് ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പിന്റെ 3-4-2000-ലെ ജി.ഒ.(എംഎസ്.) 17/2000 ഖണ്ഡിക 3-16-ൽ വ്യക്തമാക്കിയിട്ടുണ്ട്. മാത്രവുമല്ല തദ്ദേശസ്വയംഭരണ വകുപ്പിന്റെ 1-10-1999-ലെ ജി.ഒ. (എംഎസ്.) 187/99 ഖണ്ഡിക 5-3 പ്രകാരം ഈ പ്രോജക്ടിൽ അനുവദനീയമായ സബ്സിഡി പ്രോജക്ട് കോസ്റ്റിന്റെ 50% വും പരമാവധി 1,25,000 രൂപയാണ്. ഉത്തരവിന് വിരുദ്ധമായി 25,000 രൂപ അധികം നൽകി. യഥാസമയം സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെടാത്തതിനാലും വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ചെയ്തതിനാലും ചെലവ് സാധൂകരിച്ച് നൽകണമെന്നാണ് പഞ്ചായത്ത് നൽകിയ മറുപടിയിൽ പറയുന്നത്. സർക്കാർ മാനദണ്ഡങ്ങളും ഉത്തരവുകളും പാലിക്കാതെ നടത്തിയ ചെലവുകൾക്ക് സാധൂകരണം നൽകുന്നതിനോ മറ്റു തീരുമാനം എടുക്കുന്നതിനോ സർക്കാരിന് മാത്രമേ അധികാരമുള്ളൂ എന്നതിനാൽ അനന്തര നടപടികൾ സർക്കാർ തീരുമാനത്തിനു വിധേയമായി കൈക്കൊള്ളാവുന്നതാണ്."

സമിതി ആരാഞ്ഞ അധികവിവരത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് 21-12-2010-ലെ 69778/എബി2/10/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ അധികവിവര റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

168. "നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം ഈ വിഷയത്തിൽ സർക്കാർ സാധൂകരണം നൽകണം എന്ന് അഭ്യർത്ഥിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 20-1-2010-ൽ

എ.1834/03 നമ്പരായി സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. ടി നിവേദനം സർക്കാർ വിശദമായി പരിശോധിച്ചിരുന്നു. പിണറായി ഗ്രാമപഞ്ചായത്ത് വനിതാ ഗ്രൂപ്പ് വ്യവസായ യൂണിറ്റ് എന്ന പദ്ധതി മുഖേന വനിതാ ഡി.ടി.പി. സ്ക്രീൻ പ്രിന്റിംഗ് യൂണിറ്റിന് 1,50,000 രൂപ നൽകിയിരുന്നു. സാമ്പത്തിക വികസനത്തിന് വേണ്ടിയുള്ള ഇത്തരം ഗ്രൂപ്പ് സംരംഭങ്ങൾക്ക് എസ്.ജി.എസ്.വൈ. നിരക്കാണ് ബാധകമെന്ന് ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ 3-4-2000-ലെ സ.ഉ.(എംഎസ്.) 17/2000/പ്ലാനിംഗ് നമ്പർ ഉത്തരവിന്റെ ഖണ്ഡിക 3.16-ൽ വ്യക്തമാക്കിയിരുന്നു. മാത്രവുമല്ല തദ്ദേശസ്വയംഭരണ വകുപ്പിന്റെ 1-10-1999-ലെ സ.ഉ.(എംഎസ്.) 187/99/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലെ ഖണ്ഡിക 5.3 പ്രകാരം ഈ പ്രോജക്ടിൽ അനുവദീയമായ സബ്സിഡി പ്രോജക്ട് കോസ്റ്റിന്റെ 50%വും പരമാവധി 1,25,000 രൂപയുമാണ്. ടി ഉത്തരവിന് വിരുദ്ധമായാണ് 25,000 രൂപ അധികം നൽകിയത്. ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം ഉണ്ടായാലും ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭിച്ചാലും സർക്കാർ ഉത്തരവ് പാലിക്കാതെ നിർവ്വഹണം നടത്തിയതിന് നിയമ സാധുതയില്ല. സർക്കാരിന്റെ കാലാകാലങ്ങളിലുള്ള ഉത്തരവുകൾ സസൂക്ഷ്മം വീക്ഷിച്ച് ജനകീയാസൂത്രണ പദ്ധതികൾ നടപ്പിലാക്കേണ്ട ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ അതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ ശ്രദ്ധയിൽപ്പെട്ടില്ല എന്ന് പറയുന്നത് അക്ഷന്തവ്യമായ കൃത്യവിലോപവും വീഴ്ചയുമാണ്. ആയതിനാൽ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ചെലവഴിച്ച 25,000 രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ വേണ്ട നിർദ്ദേശം പിണറായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും പഞ്ചായത്ത് ഡയറക്ടർക്കും 4-10-2010 ലെ 9641/എബി2/10/ത.സ്വ.ഭ.വ. നമ്പർ കത്തു മുഖേന നൽകിയിട്ടുണ്ട്. ഇക്കാര്യം നിയമസഭാ സമിതിയെ നിശ്ചിതപ്രൊഫോമയിൽ 21-12-2010-ലെ 69778/എബി 2/10/ത.സ്വ.ഭ.വ നമ്പർ കത്തു മുഖേന അറിയിച്ചിട്ടുണ്ട്."

**നിഗമനങ്ങൾ/ശിപാർശകൾ**

169. **പ്രോജക്ടുമായി ബന്ധപ്പെട്ട ഫയലുകൾ, ഡി.പി.സി. അംഗീകാരം ലഭിച്ച രേഖകൾ എന്നിവ ലോക്കൽ ഫണ്ട് ഓഡിറ്റിന് സമർപ്പിച്ച് ബോദ്ധ്യപ്പെടുത്തി ബാധ്യതയിൽ നിന്ന് ഒഴിവാകുവാനോ അല്ലെങ്കിൽ പ്രോജക്ട് പ്രകാരം വാങ്ങിയ ആസ്തികൾ ഏറ്റെടുക്കുവാനോ നടപടി സ്വീകരിക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടുവെങ്കിലും ആയതു സംബന്ധിച്ച യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായുള്ള ഈ പദ്ധതി നിർവ്വഹണത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും അക്ഷന്തവ്യമായ വീഴ്ച സംഭവിച്ചതായും ഇതിനായി ചെലവഴിച്ച 25,000 രൂപ ടിയാനിൽ നിന്നും ഈടാക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതായും ഭരണവകുപ്പ് അറിയിച്ചിരിക്കുന്നു. ആയതിനാൽ പ്രസ്തുത തുക ഈടാക്കുന്നതിനുള്ള നടപടി അടിയന്തിരമായി പൂർത്തിയാക്കി വിശദാംശങ്ങൾ അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പിന്റെ 3-4-2000-ലെ എംഎസ്. 17/00 ഉത്തരവിലെ ഖണ്ഡിക 3.4 അനുസരിച്ച് പരസ്യം, യൂണിഫോം എന്നിവയിലെ ചെലവിന് പദ്ധതി വിഹിതം അനുവദിക്കുന്നില്ല. ഇതിന് വിരുദ്ധമായി 36,941 രൂപ പരസ്യത്തിനും യൂണിഫോമിനും ചെലവഴിച്ചു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.10(4)]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

170. 30-4-2000-ലെ എംഎസ്.17/00 നമ്പർ ഉത്തരവിലെ ഖണ്ഡിക 3.4 പ്രകാരം പരസ്യം നൽകരുതെന്ന നിർദ്ദേശമുണ്ടായിട്ടും ഇതിനു വിരുദ്ധമായി പരസ്യം, യൂണിഫോം എന്നിവയുടെ ചെലവിന് പദ്ധതി വിഹിതം ഉപയോഗിച്ചതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് നല്ല പഞ്ചായത്തിനുള്ള അവാർഡ് ലഭിച്ചതിനാൽ വികസന സപ്ലിമെന്റ് ഇറക്കുന്നതിന് പത്രപരസ്യം നൽകിയതാണെന്നും അടുത്തടുത്ത രണ്ടു വർഷങ്ങളിലായാണ് പരസ്യം നൽകിയതെന്നും അതിനുശേഷം പത്രത്തിൽ പരസ്യം കൊടുത്തിട്ടില്ലെന്നും പിണറായി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

171. മുൻ സെക്രട്ടറിയുടെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതായിരുന്നുവെന്നും അദ്ദേഹം സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ആയത് സാധിക്കില്ലെന്നും സമിതിയുടെ മുൻപിൽ വന്ന വിഷയമായതിനാൽ ഗവൺമെന്റിന്റെ സാധൂകരണം വാങ്ങി ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

172. "പ്രസ്തുത ഖണ്ഡികകളിലുള്ള തടസ്സവാദം തീർപ്പാക്കുന്നതിന് സർക്കാരിനോട് സാധൂകരണം വാങ്ങുന്നതിന് പഞ്ചായത്ത് തീരുമാനിക്കുകയും 1-6-2007-ന് പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ നിയമസഭാ സമിതിയുടെ പരിഗണനയിലുള്ള ഓഡിറ്റ് തടസ്സങ്ങളിൽ സാധൂകരണത്തിനായി സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കരുതെന്ന നിർദ്ദേശമുള്ളതിനാൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ പ്രൊപ്പോസൽ തിരിച്ചയച്ചിരുന്നു. സമിതിയുടെ 23-10-2008-ലെ മീറ്റിംഗ് നിർദ്ദേശ പ്രകാരം ഖണ്ഡിക 3-13-10(4) പ്രകാരമുള്ള 5,000 രൂപയുടെ ചെലവിന് (പത്രപ്പരസ്യം നൽകിയത്) സർക്കാരിനോട് സാധൂകരണം നൽകുന്നതിന് അപേക്ഷിച്ചതും സമിതി നിർദ്ദേശ പ്രകാരം 3-13-10(1) മുതൽ 3-13-10(4) വരെയുള്ള ഖണ്ഡികകൾ പ്രകാരമുള്ള ചെലവ് സാധൂകരിക്കുന്നതിന് 'സർക്കാരിനോട് അപേക്ഷിച്ചതും പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്."

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

173. "ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പിന്റെ 2003-04-ലെ ജി.ഒ.(എംഎസ്) 17/00 പ്ലാനിംഗ് ഖണ്ഡിക 3.4 അനുസരിച്ച് വ്യക്തികൾക്കോ കുടുംബങ്ങൾക്കോ സബ്സിഡി നൽകി വിതരണം ചെയ്യാൻ പാടില്ലാത്ത ഇനങ്ങളിൽപ്പെട്ടവയാണ് സംഭാവനകൾ, പരസ്യങ്ങൾ, യൂണിഫോം തുടങ്ങിയവ. സർക്കാർ ഉത്തരവ് അനുസരിക്കാതെ പരസ്യത്തിനും യൂണിഫോമിനുമായി 36,941 രൂപ ചെലവഴിച്ചു. നിർദ്ധനരായ

സ്കൂൾ കുട്ടികൾക്ക് ഈ പ്രോജക്ടിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടില്ല എന്നുമാണ് പഞ്ചായത്ത് നൽകിയ മറുപടിയിൽ പറയുന്നത്. സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്നും പഞ്ചായത്ത് സമിതി അംഗീകരിച്ചിരുന്നു. ഡി.പി.സി., ബി.എൻ.ഇ.സി. തുടങ്ങിയ ഏജൻസികളുടെ അംഗീകാരം ലഭ്യമായിരുന്നു എന്നീ മറുപടികൾ നിയമവിരുദ്ധമായി നടത്തിയ ചെലവുകൾക്ക് സാധൂകരണമാകുന്നില്ല. ഓഡിറ്റ് പരാമർശങ്ങളിൽ ചൂണ്ടികാണിച്ചിട്ടുളള ചെലവുകൾ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായതിനാൽ ഇക്കാര്യം സംബന്ധിച്ച അന്തിമ തീരുമാനം എടുക്കുവാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണെന്ന് അറിയിക്കുന്നു.

174. മുകളിൽ പരാമർശിച്ച ഓഡിറ്റ് തടസ്സങ്ങളിലും പ്രസ്തുത വിഷയങ്ങൾ കൈകാര്യം ചെയ്ത സെക്രട്ടറിയായ ശ്രീ. പി. കെ. കുഞ്ഞികൃഷ്ണൻ നൽകിയ അപേക്ഷയിൽ പറഞ്ഞ പൊതുകാരണം സർക്കാരിന്റെ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ടിയാന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാണ്. സർക്കാരിന്റെ കാലാകാലങ്ങളിലുള്ള ഉത്തരവുകൾ സസൂക്ഷ്മം വീക്ഷിച്ച് ജനകീയാസൂത്രണ പദ്ധതികൾ വിജയകരമായി നടപ്പിലാക്കേണ്ട ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ അതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്ന് പറയുന്നത് അക്ഷന്തവ്യമായ കൃത്യവിലോപവും, വീഴ്ചയുമായേ കാണാൻ പറ്റൂ എന്നുകൂടി അഭിപ്രായപ്പെടുന്നു.

സമിതി ആരാഞ്ഞ അധികവിവരങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നല്കിയ അധിക വിവര റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

175. "നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 9751/ എബി 2/10/ത.സ്വ.ഭ.വ. നമ്പർ ഫയലിൽ ഈ വിഷയം വിശദമായി പരിശോധിച്ചു. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി പണം പത്രപ്പരസ്യത്തിനും യൂണിഫോം വിതരണത്തിനും ചെലവാക്കിയത് അംഗീകരിക്കാനാവില്ല എന്നും ആയതിനാൽ പിണറായി ഗ്രാമപഞ്ചായത്ത് സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി 2000-01-ലെ ജനകീയാസൂത്രണ പദ്ധതിയെപ്പറ്റി വികസന സപ്ലിമെന്റ് പ്രസിദ്ധീകരിച്ച വകയിൽ ദേശാഭിമാനി പത്രത്തിന് നൽകിയ 5,000 രൂപയും സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം ചെയ്ത വകയിൽ ചെലവഴിച്ച 31,941 രൂപയും ഉൾപ്പെടെ 36,941 രൂപ തനതു ഫണ്ടിൽ നിന്നും സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണെന്നും അപ്രകാരം തിരിച്ചടയ്ക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൻമേലുള്ള തുടർനടപടികൾ ഒഴിവാക്കാവുന്നതാണ്."

**നിഗമനങ്ങൾ/ശിപാർശകൾ**

176. **സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ചെലവഴിച്ച തുകയ്ക്ക് സർക്കാരിന്റെ സാധൂകരണം വാങ്ങി റിപ്പോർട്ട് ചെയ്യുവാൻ സമിതി തെളിവെടുപ്പ് വേളയിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ, സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി പണം പത്രപ്പരസ്യത്തിനും യൂണിഫോം വിതരണത്തിനും ചെലവാക്കിയത് അംഗീകരിക്കാനാവില്ല എന്നും ഈ രണ്ടിനത്തിനുമായി ചെലവഴിച്ച 36,941 രൂപ തനതു ഫണ്ടിൽ നിന്നും സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണെന്നുമാണ് സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നത്. പദ്ധതി പണം ചട്ടവിരുദ്ധമായി ചെലവഴിച്ച പഞ്ചായത്തിന്റെ നടപടിക്ക് സർക്കാരിൽ നിന്നും**

സാധൂകരണം ലഭിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. അങ്ങനെ ചെലവഴിച്ച തുക പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും സർക്കാരിലേക്ക് തിരിച്ചടയ്ക്കണ മെന്നാണ് സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്. ആയതിനാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചതിന് ഉത്തരവാദികളായവരിൽ നിന്നും ആയത് ഈടാക്കി സർക്കാരിലേക്ക് തിരിച്ചടയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## തില്ലങ്കേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പലഹാര നിർമ്മാണ യൂണിറ്റ് ലക്ഷ്യം നേടിയില്ല**

**(ഓഡിറ്റ് റിപ്പോർട്ട് 2000-01, ഖണ്ഡിക 9)**

ആസൂത്രണത്തിൽ അലംഭാവം കാട്ടിയതിനാൽ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ പട്ടികവർഗ്ഗ വനിതാ പലഹാര നിർമ്മാണ യൂണിറ്റ് ഭൗതിക ലക്ഷ്യം നേടിയില്ല. 1999-2000-ലെ പദ്ധതിക്ക് 2000-01 വരെ 43,750 രൂപ പഞ്ചായത്ത് പദ്ധതി വിഹിതത്തിൽ നിന്ന് സഹായം നൽകി. പദ്ധതി ഭൗതിക ലക്ഷ്യം നേടിയില്ലെന്ന് പഞ്ചായത്തിന്റെ ഒമ്പതാം പദ്ധതി അവലോകനരേഖ തന്നെ സാക്ഷ്യപ്പെടുത്തുന്നു. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് പഞ്ചായത്ത് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകിയിരുന്നില്ല. പദ്ധതി പ്രവർത്തനം കാലികമായി അവലോകനം ചെയ്തതുമില്ല. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ 24-9-1999-ലെ എംഎസ്.43/99 ഉത്തരവ് പ്രകാരമുള്ള അവലോകന റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. കെടുകാര്യസ്ഥതയാൽ പട്ടികവർഗ്ഗ വനിതകളുടെ സാമ്പത്തിക പുരോഗതിക്കിടയാകുമായിരുന്ന പദ്ധതി പഞ്ചായത്തിന് നഷ്ടമായി പരിണമിച്ചു. പാഴ്ചെലവായ 43,750 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.11.1]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

177. പട്ടികജാതി വനിതാ പലഹാര നിർമ്മാണ യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ, ഇതിനുവേണ്ടി എത്രരൂപയാണ് ചെലവാക്കിയിട്ടുള്ളത്, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, കൺവീനർ, ചെയർമാൻ എന്നിവരുടെ റിപ്പോർട്ട് എന്നിവയുണ്ടോ എന്നീ വിവരങ്ങൾ സമിതി ആരാഞ്ഞതിന് കുറച്ചുകാലം മാത്രമേ യൂണിറ്റ് പ്രവർത്തിച്ചിരുന്നുള്ളൂ എന്നും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് കൈവശമുണ്ടെന്നും ഓഡിറ്റ് ഡിപ്പാർട്ടുമെന്റിന്റെ പരിശോധന സമയത്ത് ഹാജരാക്കാൻ സാധിച്ചിരുന്നില്ലെന്നും തില്ലങ്കേരി ഗ്രാമപഞ്ചായത്ത് വി.ഇ.ഒ. മറുപടി നൽകി. യൂണിറ്റിന്റെ ചെയർമാൻ ഒരു പട്ടികജാതി മെമ്പറും കൺവീനർ ഒരു റിട്ടയേർഡ് അധ്യാപകനുമായിരുന്നുവെന്നും പാത്രങ്ങൾ വാങ്ങാനും ഷെഡ്ഡു നിർമ്മാണത്തിനുമായി ഗഡുക്കളായിട്ടാണ് തുക നൽകിയതെന്നും ഇപ്പോൾ ഈ യൂണിറ്റ് പ്രവർത്തിക്കുന്നില്ലെന്നും കുറച്ച് ഉപകരണങ്ങൾ ഒരു വീട്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്നും തില്ലങ്കേരി ഗ്രാമപഞ്ചായത്ത് വി.ഇ.ഒ. കൂട്ടിച്ചേർത്തു.

178. വയബിലായിട്ടുള്ള ഒരു പ്രോജക്ട് കണ്ടുപിടിക്കാത്തതുകൊണ്ടാണ് ഇങ്ങനെയുള്ള കുഴപ്പങ്ങളുണ്ടാകുന്നതെന്നും പഞ്ചായത്തിന്റെ റിക്കാർഡുകളുടെ കസ്റ്റോഡിയനായ സെക്രട്ടറി ഓഡിറ്റ് സമയത്ത് ഇതെല്ലാം ഹാജരാക്കേണ്ടതാണെന്നും ആയതിനാൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് കണ്ണൂർ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ മുമ്പാകെ ഹാജരാക്കി 43,750 രൂപയുടെ ലയബിലിറ്റി കുറവു ചെയ്യാൻ ശ്രമിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തെ തുടർന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നല്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

179. "2000-01 വർഷത്തെ പട്ടികജാതി വികസന മേഖലയിൽ പ്രീതി ചിപ്സ് നിർമ്മാണ യൂണിറ്റ് നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു എന്നതിന് പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് മെമ്പർ എന്നിവർ ഉൾപ്പെട്ട മോണിറ്ററിംഗ് സർട്ടിഫിക്കറ്റ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്."

**നിഗമനങ്ങൾ/ശിപാർശകൾ**

180. **ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും നല്കിയ 43,750 രൂപ ചെലവാക്കി രൂപീകരിച്ച പട്ടികജാതി വനിതാ പലഹാര നിർമ്മാണ യൂണിറ്റ് സംബന്ധിച്ച് മോണിറ്ററിംഗ് സർട്ടിഫിക്കറ്റ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത യൂണിറ്റ് നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നുവെന്നും ഉള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്വയംതൊഴിൽ പദ്ധതി പാഴ്ചെലവായി**

**(ഓഡിറ്റ് റിപ്പോർട്ട് 2000-01, ഖണ്ഡിക 9)**

കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് വേണ്ടി തയ്യാറാക്കിയ സ്വയംതൊഴിൽ പദ്ധതി പാഴ്ചെലവായി. 40 അയൽക്കൂട്ടങ്ങൾക്ക് 2,000 രൂപ വീതം സഹായവും തൊഴിൽ പരിശീലനവും നൽകുന്നതായിരുന്നു പദ്ധതി. ഗുണഭോക്തൃ വിഹിതമായി 80,000 രൂപയും വകയിരുത്തിയിരുന്നു

പരിശീലനത്തിന് 7,500 രൂപയും ധനസഹായമായി 80,000 രൂപയും പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പപ്പടം, സോപ്പ്, നോട്ട്ബുക്ക്, അച്ചാർ എന്നിവയുടെ ഉൽപ്പാദനവും കൂൺ കൃഷിയുമായിരുന്നു തെരഞ്ഞെടുത്ത സ്വയംതൊഴിൽ മേഖലകൾ.

ഇത്തരം പദ്ധതികളുടെ വിജയത്തിന് സംരംഭകർക്ക് സമഗ്രമായ പരിശീലനവും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളും നൽകേണ്ടതുണ്ട്. ഉൽപ്പന്നങ്ങളുടെ വിപണനത്തിന് സംവിധാനവും ഒരുക്കേണ്ടതുണ്ട്. മാത്രമല്ല കാര്യക്ഷമമായ മോണിറ്ററിംഗിലൂടെ പദ്ധതി

പ്രവർത്തനം വിലയിരുത്തേണ്ടതുമുണ്ട്. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കാഞ്ഞതിൽ നിന്നുതന്നെ ഇത്തരം ശ്രമങ്ങൾ പഞ്ചായത്ത് നടത്തിയില്ലെന്ന് വ്യക്തമാണ്. പദ്ധതി ഭൗതിക ലക്ഷ്യം നേടിയില്ലെന്ന് പഞ്ചായത്ത് രേഖകൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. പദ്ധതി സഹായം പാഴ്ചെലവായതിനാൽ അയൽക്കൂട്ടം കൺവീനർമാരിൽ നിന്നോ, നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നോ തിരിച്ച് ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.11.2]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു:

181. സ്വയംതൊഴിൽ പദ്ധതിയിൽ ഉണ്ടായിട്ടുള്ള പാഴ്ചെലവ് സംബന്ധിച്ച് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, 40 അയൽക്കൂട്ടങ്ങളും തുക കൈപ്പറ്റിയതായ രേഖ എന്നിവ ഉണ്ടോയെന്ന് സമിതി ആരാഞ്ഞതിന് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും അയൽക്കൂട്ടങ്ങൾ തുക കൈപ്പറ്റിയതിന് രേഖയും ഉണ്ടെന്ന് തില്ലങ്കേരി ഗ്രാമപഞ്ചായത്ത് വി.ഇ.ഒ. സമിതിക്കു മറുപടി നൽകി.

182. തില്ലങ്കേരി ഗ്രാമപഞ്ചായത്ത് എടുത്തിട്ടുള്ള പ്രോജക്ടുകൾ അപ്രായോഗികവും ഫലപ്രദമല്ലാത്തതുമാണെന്നും സർക്കാർ ഖജനാവിൽ നിന്നും പദ്ധതി വിഹിതം അനുസ്യൂതം ഉപയോഗിക്കുന്നതിനുവേണ്ടി മാത്രമാണ് ഇത്തരം സംരംഭങ്ങൾ ഉണ്ടാക്കിയതെന്നും ഇത്തരം പാഴ്ചെലവുകൾ ഗ്രാമപഞ്ചായത്തിന്റെ മോശപ്പെട്ട പ്രവർത്തനത്തിന് കാരണമാകുമെന്നും സമിതി അഭിപ്രായപ്പെട്ടു. ഓഡിറ്റ് ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

### നിഗമനങ്ങൾ/ശിപാർശകൾ

**183. സ്വയംതൊഴിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയ സംരംഭകർക്ക് സമഗ്രമായ പരിശീലനവും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളും നല്കിയിരുന്നുവെങ്കിൽ, അയൽക്കൂട്ടങ്ങളുടെ സാമ്പത്തികാടിത്തറ വർദ്ധിപ്പിക്കുന്നതിനും ഗുണഭോക്താക്കൾക്ക് തൊഴിലും വരുമാനവും പ്രദാനം ചെയ്യുന്നതിനുമായി വിഭാവനം ചെയ്ത ഈ പദ്ധതി വിജയപ്രദമാകുമായിരുന്നുവെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതി നിർവ്വഹണത്തിൽ പ്രായോഗിക സമീപനം പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ഇത്തരം യൂണിറ്റുകൾവഴി നിർമ്മിക്കുന്ന ഉത്പന്നങ്ങൾക്ക് വിപണിയും ന്യായവിലയും ഉറപ്പുവരുത്തേണ്ടത് യൂണിറ്റുകളുടെ വിജയകരമായ നടത്തിപ്പിന് അനിവാര്യമായ ഘടകമാണ്. ദീർഘവീക്ഷണത്തോടുകൂടിയുള്ള സമീപനത്തിന്റെ അഭാവം പദ്ധതി വിഹിതം പാഴാക്കുന്നതിന് കാരണമായതായി സമിതി കരുതുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിഷ്കർഷിക്കുന്നു.**

**184. പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിംഗിന് ഹാജരാക്കാത്തതും, ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിക്കാത്തതിലും അതൃപ്തി രേഖപ്പെടുത്തിക്കൊണ്ട് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## കൊട്ടിയൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഓഹരി വാങ്ങിയത് അനുവദനീയമല്ല**

**(ഓഡിറ്റ് റിപ്പോർട്ട് 1999-2000, ഖണ്ഡിക 14)**

**കണ്ണൂർ ജില്ലാ എഞ്ചിനീയറിംഗ് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഓഹരി വാങ്ങാൻ 50,000 രൂപ നൽകി. ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പിന്റെ 5-4-1999-ലെ എംഎസ്. 20/99 ഉത്തരവിനും (ഖണ്ഡിക 3-2) തദ്ദേശസ്വയംഭരണവകുപ്പിന്റെ 23-11-2008-ലെ 49905/പി. 3-98 സർക്കുലറിന് വിരുദ്ധവുമായതിനാൽ ചെലവ് അനുവദിക്കുന്നില്ല. ഈ ഉത്തരവുകൾ മൂലധനാസ്തിക്കല്ലാതെ ഷെയറായി സഹകരണ സംഘങ്ങൾക്ക് ധനസഹായം നല്കുന്നതിന് വിലക്കുന്നു. മാത്രമല്ല പണം കൈപ്പറ്റിയതിന് സൊസൈറ്റി രശീതി നല്കിയിട്ടില്ല. തുക തിരികെ ഈടാക്കേണ്ടതാണ്.**

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.12]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു:

185. സർക്കാർ ഉത്തരവിനു വിരുദ്ധമായി കണ്ണൂർ ജില്ലാ എഞ്ചിനീയറിംഗ് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഓഹരി വാങ്ങാൻ 50,000 രൂപ നൽകിയത് അനുവദനീയമല്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആവശ്യപ്പെട്ടതിന് പഞ്ചായത്ത് തീരുമാനം അനുസരിച്ചാണ് ഷെയർ എടുത്തതെന്നും പ്ലാൻ ഫണ്ടിൽ നിന്നാണ് ഷെയർ തുക നൽകിയതെന്നും ആയത് നൽകിയതിന് ഡ്യൂപ്ലിക്കേറ്റ് രസീത് ലഭിച്ചിട്ടുണ്ടെന്നും മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു. ഷെയർ ഗ്രാന്റായി മാറ്റിത്തരണമെന്ന് അപേക്ഷിച്ച് കത്തു നൽകിയെങ്കിലും മാറ്റിത്തന്നിട്ടില്ലെന്നും രജിസ്ട്രാർക്ക് പരാതി നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ലെന്നും കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

186. സൊസൈറ്റി, നിലവിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാകയാൽ അവർക്ക് നൽകിയ തുക ആർ. ആർ. നടപടിയിലൂടെ ഈടാക്കണമെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയുണ്ടായെന്നും അദ്ദേഹം കൂട്ടിചേർത്തു. ഒരു സംഘം അതിന്റെ ബൈലാ പ്രകാരമാണ് പ്രവർത്തിക്കുന്നതെന്നും ഷെയർഹോൾഡറിന് അവരുടെ ഷെയർ മടക്കി നൽകാൻ ആവശ്യപ്പെടാമെന്നും അല്ലാതെ ആർ.ആർ. നടപടിയിലൂടെ അത് ഈടാക്കാൻ സാധിക്കയില്ലെന്നും സമിതി ചൂണ്ടിക്കാട്ടി. ഒറിജിനൽ പ്രോജക്ട് റിപ്പോർട്ടിൽ ഈ പദ്ധതിയെക്കുറിച്ച് എന്താണ് പറയുന്നതെന്ന് സമിതി ആരാഞ്ഞപ്പോൾ മുൻ സെക്രട്ടറി അന്നത്തെ പ്രോജക്ട് നമ്പറായ 61-ാം പ്രോജക്ടിനെ സംബന്ധിച്ച റിപ്പോർട്ട് സമിതിയിൽ വായിക്കുകയുണ്ടായി. പ്രോജക്ട് റിപ്പോർട്ടിൽ സൊസൈറ്റിക്ക് ഷെയർ/ഗ്രാന്റ് ഇനത്തിൽ തുക നൽകാമെന്നാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് സമിതി മനസ്സിലാക്കി. ഗ്രാന്റ് ആണെങ്കിൽ തിരികെ ഈടാക്കാൻ കഴിയുകയില്ലെന്നും ഇപ്രകാരം

ഗ്രാന്റ്/ഷെയർ നൽകിയതിനു പ്രത്യുപകാരമായി സൊസൈറ്റിയിൽ നിന്നും എന്തെങ്കിലും സൗജന്യം ലഭിക്കുകയുണ്ടായോ എന്നു സമിതി ആരാഞ്ഞു. വാടകയിനത്തിൽ കുറവു ലഭിച്ചിട്ടുണ്ടെന്ന് മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

187. ഷെയർ തിരികെ വേണമെന്ന് ആവശ്യപ്പെട്ടാൽ സംഘം ആ ആവശ്യം അംഗീകരിച്ചില്ലെങ്കിൽ പഞ്ചായത്തിന് സഹകരണസംഘം രജിസ്ട്രാർക്ക് ആർബിട്രേഷൻ കേസ് കൊടുക്കാമെന്നും സമിതി അഭിപ്രായപ്പെട്ടു. ഒരു മാസത്തിനകം സൊസൈറ്റിയിൽ നിന്നും ഈ തുക ഈടാക്കി ആയതു സംബന്ധിച്ച റിപ്പോർട്ട് സമിതിക്കു ലഭ്യമാക്കണ മെന്നും അതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് സമിതി തീരുമാനിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു:

188. "ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശാനുസരണം നഷ്ടപ്പെട്ട തുക ഈടാക്കുന്നതിന് 17-11-08-ന് കണ്ണൂർ ജില്ലാ കോ-ഓപ്പറേറ്റീവ് ജോയിന്റ് രജിസ്ട്രാർ മുമ്പാകെ ആർബിട്രേഷൻ നടപടികൾക്കായി അപേക്ഷിച്ചിട്ടുണ്ട് എന്നറിയിച്ച് നിയമസഭാ സെക്രട്ടേറിയറ്റ് അണ്ടർ സെക്രട്ടറിക്ക് അയച്ച കത്തിന്റെ കോപ്പി ഹാജരാക്കി യിട്ടുണ്ട്. മറ്റ് രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല."

സമിതി നിർദ്ദേശത്തെത്തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പ് നല്കിയ അധിക വിവര റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

189. "സമിതി ശിപാർശ പ്രകാരം ഒരു മാസത്തിനുള്ളിൽ സൊസൈറ്റിയിൽ നിന്നും തുക ഈടാക്കി ആയത് സംബന്ധിച്ച റിപ്പോർട്ട് സമിതിയിൽ സമർപ്പിക്കുക എന്ന നിർദ്ദേശം 6-7-09-ൽ 37429/എബി2/09/ത.സ്വ.ഭ.വ. നമ്പർ കത്തു മുഖേന കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിരുന്നു. 8-12-09-ൽ ഓർമ്മക്കുറിപ്പ് അയച്ചു. തുടർന്ന് 8-1-10-ൽ എ-2356/08 നമ്പർ കത്തു മുഖേന കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി സമർപ്പിച്ചു. ഈ മറുപടിയിൽ കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 17-11-08-ന് കണ്ണൂർ ജില്ലാ കോ-ഓപ്പറേറ്റീവ് ജോയിന്റ് രജിസ്ട്രാർ മുമ്പാകെ ARC 665/08 നമ്പർ ആയി ആർബിട്രേഷൻ നടപടിക്കായി കേസ് ഫയൽ ചെയ്തു എന്നും 14-10-2009-ന് ഹിയറിംഗ് വിളിച്ച പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഹാജരായെങ്കിലും എതിർ കക്ഷികൾ ഹാജരാകാതിരുന്നതിനാൽ മാറ്റിവച്ചു എന്നും 29-12-2009-ൽ ഹിയറിംഗ് വച്ചിരുന്നു എങ്കിലും ഹർത്താൽ കാരണം ടി തീയതിയിലെ ഹിയറിംഗും മാറ്റിവച്ചു എന്നും സൂചിപ്പിച്ചിരുന്നു. ഇക്കാര്യം 20-2-10-ൽ നിയമസഭാ സമിതിയെ അറിയിച്ചു. ഈ വിഷയത്തിൽ തുടർന്ന് സ്വീകരിക്കുന്ന നടപടികളും സർക്കാരിൽ റിപ്പോർട്ട് ചെയ്യണം എന്ന് നിർദ്ദേശിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 27-1-10-ൽ കത്തയച്ചിരുന്നു. നിയമസഭാ സമിതിയുടെ 7-4-10-ലെ 4898/എൽഎഫ്എസിഎ2/08/ലെജി. കത്തിലെ നിർദ്ദേശ പ്രകാരം ആർബിട്രേഷൻ കേസ് സംബന്ധിച്ച അന്തിമ വിവരവും ടി ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച അന്തിമ റിപ്പോർട്ടും മടക്കത്തപാലിൽ സർക്കാരിൽ ലഭ്യമാക്കണം എന്ന നിർദ്ദേശം കൊട്ടിയൂർ

ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിരുന്നു. 12-7-10, 17-9-10 എന്നീ തീയതികളിൽ ഓർമ്മക്കുറിപ്പുകളും അയച്ചു. തുടർന്ന് 14-9-10-ൽ എം1-27888/08 നമ്പരായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആയതിൽ കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കണ്ണൂർ ജില്ലാ കോ-ഓപ്പറേറ്റീവ് ജോയിന്റ് രജിസ്ട്രാർ മുമ്പാകെ ആർബിട്രേഷൻ നടപടികൾക്കായി ഫയൽ ചെയ്ത കേസിന്റെ ഹിയറിംഗിനായി 14-10-2009, 28-10-2009, 24-2-2010 എന്നീ തീയതികളിൽ ഹാജരായി എന്നും ആർബിട്രേഷൻ കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 30-3-10-ൽ തെളിവുകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് എന്നും ഈ വിഷയത്തിൽ അന്തിമ തീരുമാനം ആയിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം നിയമസഭാ സമിതിയെ 30-9-10-ൽ അറിയിച്ചിരുന്നു. തുടർന്ന് ഈ വിഷയത്തിൽ അന്തിമ തീരുമാനം ആയിട്ടുണ്ടോ എന്ന് 3-3-11-ൽ പഞ്ചായത്ത് ഡയറക്ടറോട് ആരാഞ്ഞിരുന്നു. 26-5-11-ൽ എം-27888/08 നമ്പരായി സമർപ്പിച്ച മറുപടിയിൽ അന്തിമ തീരുമാനം ആയിട്ടില്ല എന്നും തീരുമാനമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്."

**നിഗമനങ്ങൾ/ശിപാർശകൾ**

190. സർക്കാർ ഉത്തരവിന് വിരുദ്ധമായാണ് ഗ്രാമപഞ്ചായത്ത്, സൊസൈറ്റിക്ക് ഷെയർ/ഗ്രാന്റ് ഇനത്തിൽ തുക നൽകിയതെന്ന് സമിതി മനസ്സിലാക്കുന്നു. ഷെയർ ഇനത്തിൽ തുക നൽകുന്നവർക്ക്, ഷെയർ ഹോൾഡർ എന്ന നിലയ്ക്ക്, നല്കിയ തുക തിരികെ ആവശ്യപ്പെടാമെന്ന് സമിതി വിലയിരുത്തുന്നു. ഷെയർ ഇനത്തിൽ നല്കിയ തുക തിരികെ നല്കാതിരിക്കുന്ന സൊസൈറ്റിയുടെ നടപടി ന്യായീകരിക്കത്തക്കതല്ല. ഗ്രാമപഞ്ചായത്ത് ഷെയർ ആയി നല്കിയ 50,000 രൂപ തിരിച്ച് പിടിക്കുന്നതിന് കണ്ണൂർ ജില്ലാ കോ-ഓപ്പറേറ്റീവ് ജോയിന്റ് രജിസ്ട്രാർ മുമ്പാകെ ഫയൽ ചെയ്ത കേസ് തീർപ്പാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നും ആയതു സംബന്ധിച്ച വിശദാംശങ്ങൾ നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

**മണ്ണ് മാറ്റൽ; ഉയർന്ന നിരക്ക് അനുവദിച്ചു**

**(ഓഡിറ്റ് റിപ്പോർട്ട് 2001-02, ഖണ്ഡിക 15)**

മനത്താനത്ത് താഴെ പന്ന്യന്നൂർ റോഡ് പുനരുദ്ധാരണത്തിന് ഉയർന്ന നിരക്ക് അനുവദിച്ചു. വേലയുടെ ഒന്നാമിനമായ 'എല്ലാത്തരം മണ്ണ് കിളച്ചു' മാറ്റുന്ന ജോലിക്കാണ് അനുവദനീയമല്ലാത്ത നിരക്ക് അനുവദിച്ചത്. മാറ്റേണ്ട വ്യത്യസ്ത തരം മണ്ണിന്റെ അനുപാതം കണക്കാക്കി നിരക്ക് നിർണ്ണയിക്കാതെ 10 എം$^3$-ന് 500 രൂപയാണ് അനുവദിച്ചത്. ഇതിന് നിയമ സാധുത ഇല്ല. അനുപാതം രേഖപ്പെടുത്തി പ്രത്യേക നിരക്ക് നിർണ്ണയിക്കാഞ്ഞതിനാൽ സാധാരണ മണ്ണിന്റെയും കടുപ്പമുള്ള മണ്ണിന്റെയും നിരക്കുകളുടെ ശരാശരിക്കാണ് അർഹത. അതിനാൽ അനുവദനീയമായത് 10 എം$^3$-ന് 439 രൂപയാണ്.

ആകെ 1704.4 എം$^3$ മണ്ണ് കിളച്ച് മാറ്റിയിട്ടുണ്ട്. അനുവദനീയമായ നിരക്കിൽ ഇതിന് 10,397 രൂപ അധികം നല്കിയതായി കണക്കാക്കുന്നു. തുക പഞ്ചായത്തിനുണ്ടായ നഷ്ടമായി കണക്കാക്കി ഉത്തരവാദിയിൽ നിന്ന് ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.13]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

191. മണ്ണു മാറ്റുന്നതിന് ഉയർന്ന് നിരക്ക് അനുവദിച്ചതിനാൽ 10,397 രൂപ പഞ്ചായത്തിന് നഷ്ടമുണ്ടായതായ ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ബന്ധപ്പെട്ട എഞ്ചിനീയറിൽ നിന്ന് ടി തുക ഈടാക്കിയിട്ടുണ്ടെന്ന് പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

192. ആയത് സംബന്ധിച്ച രസീത് കണ്ണൂർ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ ബോധ്യപ്പെടുത്തണമെന്ന് നിർദ്ദേശിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

സമിതി നിർദ്ദേശത്തെത്തുടർന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നല്കിയ പുനഃപരിശോധന റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു:

193. "നഷ്ടപ്പെട്ട തുക ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ശ്രീ. കെ. ശ്രീധരൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് 10,397 രൂപ രശീതി നമ്പർ 72835/91 തീയതി 10-10-08 പ്രകാരം ഈടാക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ തുടർ നടപടികൾ ഒഴിവാക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു."

### നിഗമനങ്ങൾ/ശിപാർശകൾ

194. **മണ്ണ് മാറ്റുന്നതിന് ഉയർന്ന നിരക്ക് അനുവദിച്ചത് വഴി നഷ്ടമുണ്ടായ 10,397 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ച് പിടിച്ചതിന്റെ രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടുവെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## ആലക്കോട് ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**സാമൂഹ്യ ജലസേചന പദ്ധതിയിൽ അപാകതകൾ**

**(ഓഡിറ്റ് റിപ്പോർട്ട് 2001-2002, ഖണ്ഡിക 6)**

സാമൂഹ്യ ജലസേചന പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് 9,38,090 രൂപ ചെലവഴിച്ചിട്ടും കൃഷിയിടങ്ങളിൽ വെള്ളമെത്തിയില്ല. മാത്രമല്ല 2001-02 വരെയുള്ള പദ്ധതിയുടെ ചെലവ് രേഖകളിൽ ഗുരുതരമായ അപാകതകൾ കാണുന്നു.

മൂന്ന് ഘട്ടമായി മൂന്ന് വർഷം കൊണ്ട് പൂർത്തിയാക്കാൻ ലക്ഷ്യമിട്ട് 1998-99-ലാണ് 7,67,100 രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കിയത്. 2000-01-ൽ പദ്ധതി പൂർത്തിയാകേണ്ടിയിരുന്നു.

പഞ്ചായത്തിലെ ആറാട്ട് കടവ്, ആമക്കുന്ന്, കഴുക്കൽ, വേങ്ങയിൽകുണ്ട്, വടക്കും പൊയിൽ, ബീംബുകാട് എന്നീ സ്ഥലങ്ങളിൽ കുളങ്ങൾ കുഴിച്ച് ജലലഭ്യത ഉറപ്പാക്കുകയായിരുന്നു ആദ്യഘട്ടം. ഇവിടങ്ങളിലും നിലവിൽ കുളമുള്ള ഹിൽ ടോപ്പിലും മോട്ടോറുകളും ജലസംഭരണികളും സ്ഥാപിക്കുകയായിരുന്നു രണ്ടാംഘട്ടം. മൂന്നാം ഘട്ടത്തിൽ ഏഴ് സ്ഥലങ്ങളിലും പമ്പ് ഹൗസുകൾ സ്ഥാപിക്കുവാനും ലക്ഷ്യമിട്ടിരുന്നു.

പദ്ധതിയുടെ പേരിൽ പൊതു പണം കൺവീനർമാർക്ക് വീതിച്ച് നൽകുകയും വർഷങ്ങൾക്ക്ശേഷം ഇവയുടെ ചെലവ് രേഖകൾ തയ്യാറാക്കുകയായിരുന്നെന്നും വ്യക്തമാകുന്നു. അതേ പോലെ ഒന്നാംഘട്ടം പൂർത്തിയാകുന്നതിന് മുമ്പേ റെയിഡ്കോവിൽ നിന്നും മോട്ടോറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിക്കൂട്ടിയത് ദുരൂഹമാണ്.

## പദ്ധതിയുടെ അപാകതകൾ

(1) ഒന്നാംഘട്ടത്തിലെ കുളം കുഴിക്കുന്നത് പൂർത്തിയാകുന്നതിന് മുമ്പേ രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട മോട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി.

(2) ആറാട്ട് കടവിൽ കുളം കുഴിക്കുന്നതിന് 1999-2000-ൽ തന്നെ മൂന്ന് തവണകളായി ഗുണഭോക്തൃ സമിതി കൺവീനർ 79,600 രൂപ കൈപ്പറ്റി. പണി നടത്തിയതായി തെളിയിക്കുന്ന യാതൊരു രേഖകളും കൺവീനർ ഹാജരാക്കിയിട്ടില്ല. കുളം കുഴിച്ചതിന് രേഖയില്ലെങ്കിലും 1,08,465 രൂപയ്ക്ക് ഇവിടേക്ക് മോട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതായി രേഖകൾ ഹാജരാക്കിയിട്ടുണ്ട്.

(3) ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് മുൻകൂർ നൽകുന്നതിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല. ആദ്യമുൻകൂർ നൽകിയാൽ മൂല്യനിർണ്ണയം നടത്തി ക്രമപ്പെടുത്തിയശേഷം വേണം പദ്ധതി പണം നൽകേണ്ടത്. ഇതിനു വിരുദ്ധമായാണ് കൺവീനർമാർക്ക് ഫണ്ട് നൽകിയത്. ആമക്കുന്നിൽ 1998-99, 1999-2000 എന്നീ വർഷങ്ങളിൽ കൺവീനർമാർക്ക് 95,700 രൂപ കുളം കുഴിക്കാൻ നൽകി. ഇതിന്റെ മൂല്യനിർണ്ണയം നടത്തിയത് 2003-ൽ മാത്രമാണ്.

(4) മൂല്യനിർണ്ണയത്തിൽ അധികരിച്ച് പണം നൽകി അളവു പുസ്തകപ്രകാരം കഴുക്കൽ കുളത്തിന് ആകെ ചെലവ് 73,308 രൂപയാണ് കൺവീനർക്ക് വിവിധ മുൻകൂറുകളായി 85,600 രൂപ നൽകിയതായി കാണുന്നു. അധികം നൽകിയ 12,292 രൂപ പിഴപ്പലിശ ചുമത്തി ഈടാക്കണം

(5) നിയമപ്രകാരം ഈടാക്കേണ്ട വിൽപ്പന നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കിയില്ല.

(6) രണ്ട്, മൂന്ന് ഘട്ടങ്ങളിൽ നടത്തിയ പ്രവൃത്തികളുടെ മൂല്യനിർണ്ണയം നടത്തിയതായി കാണുന്നില്ല.

പദ്ധതി ചെലവ് 9,38,090 രൂപ പാഴ്ചെലവായി കണ്ട് അന്വേഷണം നടത്തേണ്ടതാണ്.

519/2014.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.14]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു:

195. മൂന്നു ഘട്ടമായി മൂന്നുവർഷം കൊണ്ട് പൂർത്തിയാക്കാൻ പദ്ധതിയിട്ട 1998-1999-ൽ 7,67,100 രൂപ അടങ്കലിൽ തയ്യാറാക്കിയ സാമൂഹ്യ ജലസേചന പദ്ധതി ലക്ഷ്യം കണ്ടെത്തിയില്ലെന്നും 9,83,090 രൂപ ചെലവഴിച്ചിട്ടും കൃഷിയിടങ്ങളിൽ വെള്ള മെത്തിയിട്ടില്ലെന്നും 2001-2002 വരെയുള്ള പദ്ധതിയുടെ ചെലവ് രേഖകളിൽ ഗുരുതരമായ അപാകതകൾ കാണുന്നുണ്ടെന്നും 2000-2001 ആയിട്ടും പദ്ധതി പൂർത്തീകരിച്ചിട്ടില്ലെന്നും ചൂണ്ടിക്കാട്ടിയ സമിതി പദ്ധതിയെ സംബന്ധിച്ച് വിശദീകരണം ആരാഞ്ഞു. മൊത്തം 9 കുളങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നും ഇപ്പോൾ മൂന്നെണ്ണം മാത്രമാണ് ഉപയോഗിക്കുന്നതെന്നും മറ്റുള്ളവയിൽ ജലം ലഭ്യമല്ലാത്തതിനാൽ പഞ്ചായത്തിന്റെ തീരുമാനപ്രകാരം ഉപേക്ഷിച്ചു വെന്നും പൈപ്പ്, പമ്പ്സെറ്റ് എന്നിവ മറ്റുള്ള പദ്ധതികൾക്ക് ഉപയോഗിച്ചിട്ടുണ്ടെന്നും ആലക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഉപേക്ഷിച്ച പദ്ധതിക ളിൽ വായം തണ്ണിക്കുളം പദ്ധതി കൺവീനർക്ക് അഡ്വാൻസ് നൽകിയ 10,000 രൂപ തിരികെ അടച്ചിട്ടുണ്ടെന്നും വടക്കുംപൊയിൽ കുളം നിർമ്മാണത്തിൽ വാല്യൂവേഷൻ പ്രകാരമുള്ള തുക മാത്രമേ കൺവീനർക്ക് നൽകിയിട്ടുള്ളു എന്നും ഒറ്റ പ്രോജക്ടിൽ ഒൻപതു വർക്കുകളാണുണ്ടായിരുന്നതെന്നും കഴുക്കൽ, ആമക്കുന്ന്, വേങ്ങയിൽ കുണ്ടുകുളം കണ്ണാടിപ്പാറ, ബിംബുകാട് എന്നീ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പൈപ്പും മറ്റ് അനുബന്ധസാമഗ്രികളും വാങ്ങിയത് റെയ്ഡ്കോയിൽ നിന്നാണെന്നും സെക്രട്ടറി മറുപടി നൽകി.

196. 9 കുളങ്ങൾ നിർമ്മിച്ചതിൽ 6 എണ്ണവും ഉപയോഗശൂന്യമായതിൽ നിന്നും ജലലഭ്യത സംബന്ധിച്ച് സാങ്കേതിക ഉപദേശം നേടാതെ പദ്ധതി തയ്യാറാക്കിയതെന്നും പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായി ജലലഭ്യത ഉറപ്പു വരുത്തുന്നതിനു മുമ്പുതന്നെ പമ്പ്, മോട്ടോർ, പൈപ്പ് എന്നിവ വാങ്ങിയതിൽ നിന്നും പദ്ധതി പണം ചെലവാക്കുന്നതിൽ മാത്രമായിരുന്നു വ്യഗ്രത എന്നും സമിതി വിലയിരുത്തി. പദ്ധതിയുടെ പ്രായോഗികത പഠിക്കാതെ ഇത്തരത്തിലൊരു പദ്ധതി ആവിഷ്ക്കരിക്കുകയും പദ്ധതിപ്പണം പാഴാക്കുകയും ചെയ്തതിന് പഞ്ചായത്തു സമിതിയും ഉത്തരവാദികളാ ണെന്നും മേലിൽ പദ്ധതിപണം വിനിയോഗിക്കുന്നതിനുമുമ്പ് അതുപയോഗിച്ച് നടപ്പാക്കുന്ന പ്രോജക്ടുകളുടെ പ്രായോഗികത ഉറപ്പു വരുത്തിയതിനുശേഷം മാത്രമേ ചെലവു നടത്താവൂ എന്നും സമിതി നിർദ്ദേശിച്ചു. കൂടാതെ ബിംബുകാട്, കണ്ണാടിപ്പാറ എന്നീ സ്ഥലങ്ങളിൽ നടത്തിയ പ്രവൃത്തി സംബന്ധിച്ച എം. ബുക്ക് ഓഡിറ്റിനെ കാണിച്ച് ബോദ്ധ്യപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തെ തുടർന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നല്കിയ പുനഃപരിശോധന റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

197. "1. <u>ആറാട്ട് കടവ് ജലസേചന കുളം നിർമ്മാണം</u>

എം. ബുക്ക് ഹാജരാക്കിയിട്ടില്ല. സി. നാരായണൻ, എ.ഇ. (റിട്ടയേർഡ്) എന്നിവർ 30-3-99-ന് ഒപ്പിട്ട വാല്യൂവേഷൻ പ്രകാരം 88,490 രൂപയുടെ പ്രവൃത്തി ചെയ്തിട്ടുണ്ട്.

കൺവീനർക്ക് 79,600 രൂപ നൽകിയിട്ടുണ്ട്. പമ്പുസെറ്റും അനുബന്ധസാധനങ്ങളും അടക്കം 1,88,065 രൂപ ചെലവഴിച്ചു. ജലലഭ്യത ഇല്ലാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചു.

2. കഴുക്കൽ

പദ്ധതി പൂർത്തികരിച്ചു. നാരായണൻ സി., അസി..എഞ്ചിനീയർ (റിട്ട.) എന്നിവർ നൽകിയ വാല്യൂവേഷൻ അടിസ്ഥാനത്തിൽ 85,600 രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ എം.ബുക്ക് പ്രകാരം 73,308 രൂപയുടെ പ്രവൃത്തി മാത്രമേ ചെയ്തിട്ടുള്ളൂ. ഇതുമൂലം അധികം നൽകപ്പെട്ട 12,292 രൂപ ഇതുവരെ തിരിച്ചുപിടിച്ചിട്ടില്ല.

3. ബിംബുകാട്

രണ്ടാംഘട്ടത്തിൽ ചെലവ് ചെയ്ത തുക 85,903 രൂപയിൽ 75,903 രൂപയുടെ പമ്പ് സെറ്റും ഉപകരണങ്ങളും കഴിച്ച് 10,000 രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട്. എന്നാൽ എം.ബുക്കും മറ്റു രേഖകളും ഹാജരാക്കിയിട്ടില്ല.

4. തോക്കാട്

കുളം തുടർച്ചയായി ഇടിഞ്ഞു വീഴുന്നതുമൂലം പ്രവൃത്തി പാതിവഴിയിൽ നിർത്തി കൺവീനർക്ക് നൽകിയ 10,000 രൂപയിൽ 4,138 രൂപ തിരിച്ചടച്ചിട്ടുണ്ട്. എം.ബുക്കോ കൺവീനർക്ക് നൽകിയ തുകയ്ക്കുള്ള പാർട്ട് ബില്ലോ ഹാജരാക്കിയിട്ടില്ല.

മറ്റുള്ള പദ്ധതികൾ പലതും പാതിവഴിയിൽ ഉപേക്ഷിക്കുകയാണുണ്ടായത്. സമിതി നിർദ്ദേശപ്രകാരം എം.ബുക്കുകൾ പരിശോധിക്കുവാൻ ആവശ്യപ്പെട്ടപ്രകാരം മേൽ സൂചിപ്പിച്ച പ്രവൃത്തികൾ ഒഴികെ മറ്റെല്ലാ പ്രവൃത്തികളുടെയും എം.ബുക്ക് പരിശോധിച്ച് തുക നൽകിയത് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

**നിഗമനങ്ങൾ/ശിപാർശകൾ**

198. **സാമൂഹ്യ ജലസേചന പദ്ധതിയിൽ വിഭാവനം ചെയ്ത ഒൻപതു കുളങ്ങളിൽ 5 എണ്ണവും ജലലഭ്യതയില്ലാത്തതിനാൽ പാതിവഴിയിൽ ഉപേക്ഷിച്ചതായി സമിതി മനസ്സിലാക്കുന്നു. പദ്ധതിയിലെ ഒന്നാംഘട്ടമായ കുളം നിർമ്മാണം സംബന്ധിച്ച രേഖകളൊന്നുംതന്നെ ഹാജരാക്കിയതായി കാണുന്നില്ല. രണ്ടാംഘട്ടമായി ചെയ്യേണ്ടിയിരുന്ന പമ്പ് സെറ്റും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങൽ ഒന്നാം ഘട്ടം പൂർത്തിയാകുന്നതിന് മുമ്പ് തന്നെ നടത്തിയതിലൂടെ പദ്ധതി വിഭാവനം ചെയ്ത ലക്ഷ്യത്തെക്കാൾ പദ്ധതിപ്പണം ചെലവഴിക്കുന്നതിനുള്ള വ്യഗ്രത മാത്രമാണ് വെളിവാകുന്നതെന്ന് സമിതി വിലയിരുത്തുന്നു. ജല ലഭ്യത സംബന്ധിച്ച് സാങ്കേതിക ഉപദേശം തേടിയതിനുശേഷം കുളം നിർമ്മാണം ആരംഭിച്ചിരുന്നുവെങ്കിൽ പദ്ധതികൾ വിജയത്തിലെത്തിക്കാൻ കഴിയുമായിരുന്നുവെന്ന് സമിതി കരുതുന്നു. വളരെയധികം നിശ്ചയദാർഢ്യത്തോടെ പ്രാവർത്തികമാക്കേണ്ട ഇത്തരം പദ്ധതികൾ പരാജയപ്പെടുന്നതിൽ നിർവ്വഹണോദ്യോഗസ്ഥർക്ക് മാത്രമല്ല പഞ്ചായത്ത് സമിതിക്കും തുല്യ ഉത്തരവാദിത്വമുള്ളതായി സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ, പദ്ധതിപ്പണം ചെലവഴിച്ച് നടപ്പാക്കുന്ന പ്രോജക്ടുകളുടെ പ്രായോഗികത ഉറപ്പു വരുത്തിയതിനു ശേഷം മാത്രമേ ചെലവ് നടത്താവൂ എന്ന് സമിതി ശിപാർശ ചെയ്യുന്നു.**

199. ആറാട്ട് കടവ് പദ്ധതിയുമായി ബന്ധപ്പെട്ട എം.ബുക്ക് സമർപ്പിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയത് അടിയന്തരമായി സമർപ്പിക്കണമെന്നും പരിശോധനയ്ക്ക് വിധേയമാക്കി റിപ്പോർട്ട് നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

200. കഴുക്കൽ പദ്ധതി പൂർത്തീകരിച്ചെങ്കിലും എം.ബുക്ക് പരിശോധനയിൽ 73,308 രൂപയുടെ പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളതായി കാണുന്നത്. ആയതിനാൽ വാല്യൂവേഷൻ പ്രകാരം യഥാർത്ഥത്തിൽ ചെലവായ പ്രസ്തുത തുകയെക്കാൾ അധികമായി നല്കിയ 12,292 രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

201. ബിംബുകാട് പദ്ധതിയിൽ രണ്ടാംഘട്ടത്തിലെ ചെലവ് സംബന്ധിച്ച എം.ബുക്കും, മറ്റു രേഖകളും ഓഡിറ്റ് വകുപ്പിന് സമർപ്പിച്ച് ബോദ്ധ്യപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

202. കുളം ഇടിഞ്ഞ് വീഴുന്നതുമൂലം പാതിവഴിയിൽ ഉപേക്ഷിച്ച തോക്കാട് പദ്ധതിയിൽ കൺവീനർക്ക് നൽകിയ 10,000 രൂപയിൽ 4,138 രൂപ ഈടാക്കിയതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ കൺവീനർ ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിന് നല്കിയ അവശേഷിച്ച തുകയായ 5,862 രൂപയ്ക്കുള്ള പാർട്ട് ബില്ലോ, എം.ബുക്കോ ഓഡിറ്റിന് ഹാജരാക്കിയതായി കാണുന്നില്ല. ആയതിനാൽ പ്രസ്തുത രേഖകൾ പരിശോധനയ്ക്കായി ഓഡിറ്റ് വകുപ്പിന് നൽകണമെന്നും അവ പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

203. നിയമപ്രകാരം ഈടാക്കേണ്ട വിൽപ്പന നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കാതിരുന്നത് ഗുരുതരമായ വീഴ്ചയായി സമിതി വീക്ഷിക്കുന്നു. ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

204. പദ്ധതിക്ക് ആദ്യ മുൻകൂർ നല്കിയതിനുശേഷം മൂല്യനിർണ്ണയം നടത്തി, ക്രമപ്പെടുത്തിയശേഷം പദ്ധതിപ്പണം കൈമാറുക എന്ന സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതും പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായും ലംഘിച്ചതും പ്രായോഗിക സമീപനമില്ലാതെയുള്ള പദ്ധതി ആസൂത്രണവും നിമിത്തമാണ് ജനോപകാരപ്രദമാകേണ്ടിയിരുന്ന സാമൂഹ്യജലസേചന പദ്ധതി പരിപൂർണ്ണ വിജയത്തിലെത്തിക്കുവാൻ സാധിക്കാതെ പോയതെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതി വിജയിപ്പിക്കുവാൻ സാധിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കുവാനുള്ള ജാഗ്രത എല്ലാ പഞ്ചായത്തുകളുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും സമിതി നിഷ്കർഷിക്കുന്നു.

## കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഭൂമി ലഭ്യമാകാതെ മുൻകൂർ നല്കി**

**(ഓഡിറ്റ് റിപ്പോർട്ട് 1999–2000, ഖണ്ഡിക 9)**

സംഭാവനയായി ഭൂമി ലഭിച്ചാൽ പണിയാൻ ലക്ഷ്യമിട്ട സാംസ്കാരിക നിലയത്തിന്, സ്ഥലം ഉടമസ്ഥത ഉറപ്പാക്കാതെ മുൻകൂർ നല്കി. കാനം സാംസ്കാരിക നിലയത്തിനാണ് ഗ്രാമപഞ്ചായത്ത്, ഗുണഭോക്തൃ സമിതി കൺവീനർക്ക് 1999-2000-ൽ 20,000 രൂപ മുൻകൂർ നല്കിയത്. മുൻകൂർ കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞും പണി തുടങ്ങിയതായി തെളിയിക്കുന്ന രേഖകൾ പോലും കൺവീനർ ഹാജരാക്കിയിട്ടില്ല.

1999-2000-ലാണ് നാല് സെന്റ് സ്ഥലം സംഭാവനയായി ലഭിച്ചാൽ പരമാവധി സംഭാവന പിരിച്ചും ബാക്കി പദ്ധതി വിഹിതം ഉപയോഗിച്ചും സാംസ്കാരിക നിലയം നിർമ്മിക്കാൻ പഞ്ചായത്ത് പദ്ധതി തയ്യാറാക്കിയത്. സ്ഥലം സംഭാവനയായി ലഭിച്ചതിന് രേഖയില്ല. സ്ഥലം വിട്ടു കൊടുത്തു കൊണ്ടുള്ള റിലിംക്യൂഷ്മെന്റ് ഫോറമോ പഞ്ചായത്തിന്റെ പേരിൽ സ്ഥലം രജിസ്റ്റർ ചെയ്ത രേഖകളോ ലഭ്യമല്ല. മാത്രമല്ല കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയപ്പോൾ സ്ഥലത്തിന്റെ സർവേ നമ്പർ ചേർത്തിരുന്നില്ല. സംഭാവനയായി സ്ഥലം ലഭിച്ചില്ലെന്ന് ഇതിനാൽ വ്യക്തമാണ്.

സ്ഥലം ഉടമസ്ഥത ഉറപ്പാക്കാതെ നിലയം പണിയുന്നത് പദ്ധതി വിഹിതത്താൽ സൃഷ്ടിക്കുന്ന ആസ്തി പഞ്ചായത്തിന് നഷ്ടപ്പെടാൻ ഇടയാക്കും. മാത്രമല്ല മുൻകൂർ കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും പണി തുടങ്ങാത്തത് ജനകീയാസൂത്രണ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. 6-2-2003-ലെ തദ്ദേശ ഭരണവകുപ്പ് 6189/ഡി.പി.1/03 സർക്കുലർ നിർദ്ദേശിക്കുന്നപ്രകാരം മുൻകൂർ തുക 18 ശതമാനം പലിശ ചുമത്തി തിരികെ ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003–04 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.15]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു:

205. കാനം സാംസ്കാരിക നിലയ നിർമ്മാണത്തിന് 20,000 രൂപ കൺവീനർക്ക് മുൻകൂർ നല്കിയതു സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആവശ്യപ്പെട്ടതിന് കാനം സാംസ്കാരിക കേന്ദ്ര നിർമ്മാണം പൂർത്തിയായിട്ടില്ലെന്നും വസ്തുവിന്റെ കൺസെന്റ് കിട്ടിയ ശേഷമാണ് കൺവീനർക്ക് തുക നൽകിയതെന്നും 60,650 രൂപയുടെ പണി നടന്നതിൽ നാട്ടുകാരുടെ സഹായമുണ്ടെന്നും കഴിഞ്ഞവർഷം കമ്മിറ്റി പ്രോജക്ട് വച്ചിരുന്നെങ്കിലും ടെണ്ടർ എടുക്കാൻ ആരും തയ്യാറായില്ലെന്നും കാങ്കോൽ-ആലപ്പടമ്പ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

206. ആവശ്യമില്ലാതെ പണം പാഴാക്കി കളയുന്നു എന്നുള്ള വിമർശനത്തോടു കൂടി ഇത് ഒഴിവാക്കാമെന്ന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

207. **സാംസ്കാരിക നിലയ നിർമ്മാണത്തിനായി 1999-2000-ൽ മുൻകൂർ കൈപ്പറ്റി 8 വർഷത്തിനുശേഷവും നിർമ്മാണം പൂർത്തിയാക്കുവാൻ കഴിയാത്തതിനാൽ തുക പാഴായതായി സമിതി വിലയിരുത്തി. സാംസ്കാരിക നിലയത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനുള്ള വസ്തുവിന്റെ ഉടമസ്ഥത ഉറപ്പുവരുത്തിയതിനു ശേഷമാണ് കൺവീനർക്ക് തുക നല്കിയതെന്നും മൂല്യനിർണ്ണയ സർട്ടിഫിക്കറ്റു പ്രകാരം 60,650 രൂപ ചെലവഴിച്ച പദ്ധതിയിൽ നാട്ടുകാരുടെ സഹായമുണ്ടായിരുന്നെന്നും 2007-ൽ പ്രോജക്ട് വച്ചിരുന്നെങ്കിലും ടെണ്ടർ എടുക്കാൻ ആരും തയ്യാറായില്ലെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

**കൂടിയ നിരക്കിൽ വീട്ടുവാടക**

**(ഓഡിറ്റ് റിപ്പോർട്ട് 2002-03, ഖണ്ഡിക 9)**

ജീവനക്കാർക്ക് ഗ്രാമപഞ്ചായത്ത് കൂടിയ നിരക്കിൽ വീട്ടുവാടക ബത്ത നല്കി. കൂടിയ വീട്ടുവാടക ബത്തക്ക് അർഹമായ സ്ഥലങ്ങൾ വർഗ്ഗീകരിക്കുന്ന ധനവകുപ്പ് ഉത്തരവിൽ ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്നില്ല. അതിനാൽ പ്രഥമ ദൃഷ്ട്യാ ഗ്രാമപഞ്ചായത്ത് നടപടി നിയമ വിരുദ്ധമാണ്.

2002-03-ൽ ഈ ഇനത്തിൽ 6,085 രൂപ മാത്രമാണ് ചെലവെങ്കിലും ആവർത്തന സ്വഭാവമുള്ളതിനാൽ തനത് ഫണ്ടിന് അധിക ബാദ്ധ്യതയാകും.

ഗ്രാമപഞ്ചായത്ത് നടപടി തിരുത്തി അധിക ചെലവ് ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.1.1.1]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

208. മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് കൂടിയ നിരക്കിൽ വീട്ടുവാടക ബത്ത നൽകിയതായ ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് 18 ജീവനക്കാർക്കാണ് കൂടിയ നിരക്കിൽ വീട്ടുവാടക ബത്ത അനുവദിച്ചതെന്നും മുനിസിപ്പാലിറ്റിയുടെ 100 മീറ്റർ ചുറ്റളവിൽ ഉള്ളവർക്ക് മുനിസിപ്പൽ എച്ച്.ആർ.എ. അനുവദിക്കാനുള്ള ഉത്തരവുണ്ടെന്നും അധികം നൽകിയ തുക എല്ലാപേരും തിരികെ അടച്ചിട്ടുണ്ടെന്നും മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

209. തുക തിരിച്ചടച്ചതു സംബന്ധിച്ച രേഖകൾ കണ്ണൂർ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ ഹാജരാക്കി ബോദ്ധ്യപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

210. പഞ്ചായത്ത്, കൂടിയ നിരക്കിൽ അനുവദിച്ച് നൽകിയ വീട്ടുവാടക ബത്ത തിരിച്ചടച്ചതു സംബന്ധിച്ച രേഖകൾ കണ്ണൂർ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ ബോധ്യപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ആയതിനു വിധേയമായി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

## ചിറക്കൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഷോപ്പിംഗ് സെന്റർ ബാധ്യതയാകുന്നു**

**(ഓഡിറ്റ് റിപ്പോർട്ട് 2000-01, ഖണ്ഡിക 7)**

85,64,702 രൂപ വായ്പയെടുത്ത് പണിത ഷോപ്പിംഗ് സെന്റർ വാടകയ്ക്ക് നൽകാത്തതിനാൽ ഗ്രാമപഞ്ചായത്തിന് ബാധ്യതയാകുന്നു.

ഗ്രാമ വികസന ബോർഡ് വായ്പയിൽ 2-1-01-നാണ് സെന്റർ പൂർത്തിയാക്കിയത്. മുതലും പലിശയുമായി വൻതുകയാണ് ഓരോ വർഷവും ബോർഡിൽ അടയ്ക്കേണ്ടത്. സെന്ററിൽ നിന്ന് വരുമാനമില്ലാത്തതിനാൽ ഇത് ഗ്രാമപഞ്ചായത്തിന് സാമ്പത്തിക തകർച്ച വരുത്തിയേക്കും.

ഷോപ്പിംഗ് സെന്ററിലേക്ക് റോഡും വൈദ്യുതിയുമില്ലാത്തതാണ് വാടകക്കാരില്ലാത്തതിന് കാരണമായി പറയുന്നത്. നിസ്സാരമായ ഈ കാരണങ്ങളുടെ പേരിൽ ലക്ഷങ്ങൾ ദുരുപയോഗപ്പെടുത്തുന്നത് ഗൗരവമായി കാണേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.1.5.1]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

211. ജനവാസമില്ലാത്ത സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിച്ചതെന്തിനാണെന്നും, പണി പൂർത്തിയായതിനുശേഷം ഉത്ഘാടനം ചെയ്യാൻ 5 വർഷത്തെ ഇടവേള ഉണ്ടായതെന്തുകൊണ്ടാണെന്നും സമിതി ആരാഞ്ഞതിന്, 85,64,702 രൂപ വായ്പയെടുത്തു പണിത ഷോപ്പിംഗ് സെന്റർ ടൗണിൽതന്നെയാണെന്നും റോഡ് സൗകര്യം ഇല്ലാത്തതുകൊണ്ടാണ് മുറികൾ വാടകയ്ക്ക് എടുക്കാൻ ആരും വരാത്തതെന്നും ഷോപ്പിംഗ് കോംപ്ലക്സിനടുത്തുള്ള പഞ്ചായത്തുസ്ഥലത്ത് കഴിഞ്ഞ ജനകീയാസൂത്രണ പദ്ധതിയിൽ 1½ ലക്ഷം രൂപ ഉൾപ്പെടുത്തി ഒന്നാംനിലയിലേക്ക് പോകുന്നതിനായി ഈ ഭാഗത്തുനിന്നും ഒരു നടപ്പാത നിർമ്മിച്ചുകൊണ്ടിരിക്കുകയാണെന്നും ഇപ്പോൾ 6 മുറികൾ വാടകയ്ക്കു നൽകിയിട്ടുണ്ടെന്നും ചിറക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാലും ട്രാൻസ്ഫോർമറിന് കപ്പാസിറ്റി കൂട്ടണമെന്ന് ഇലക്ട്രിസിറ്റി ബോർഡ് നിർദ്ദേശിച്ചതിനാലുമാണ് ഉത്ഘാടനം ചെയ്യാൻ 5 വർഷം വൈകിയതെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

212. 48 മുറികൾ ഉള്ളതിൽ 6 മുറികൾ മാത്രമാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത് എന്നത് കടുത്ത നഷ്ടമാണെന്നും കുറഞ്ഞ വാടകയ്ക്ക് മുറികൾ നൽകിയാൽ ധാരാളം വ്യക്തികൾ മുന്നോട്ടുവരുമെന്നും അപ്പോൾ വാടക കൂട്ടണമെന്നും വ്യക്തികളെ ക്യാൻവാസ് ചെയ്ത് മുറികൾ വാടകയ്ക്കു നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പുതിയ പ്രോജക്ട് നല്ല രീതിയിൽ നടപ്പിലാക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

## നിഗമനങ്ങൾ/ശിപാർശകൾ

**213. ഗ്രാമപഞ്ചായത്ത് നിർമ്മിച്ച ഷോപ്പിംഗ് സെന്ററിൽ പ്രവർത്തിപ്പിക്കാവുന്ന സ്ഥാപനങ്ങളിലെ വിപണന സാധ്യതകൾ ഉറപ്പു വരുത്തുന്നതിനാവശ്യമായ റോഡ് സൗകര്യം ഒരുക്കാത്തതും വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാതിരുന്നതും തികച്ചും അലംഭാവത്തോടെയുള്ള സമീപനമാണെന്ന് സമിതി വിലയിരുത്തുന്നു. ഭാവിയിലുണ്ടായേക്കാവുന്ന അസൗകര്യങ്ങൾ മുൻകൂട്ടിക്കണ്ട് ആരംഭത്തിലേ പരിഹരിക്കുന്നതിന് ആത്മാർത്ഥമായ ശ്രമം പഞ്ചായത്തധികൃതരുടെ ഭാഗത്ത് നിന്നുണ്ടായില്ലെന്ന് സമിതി കരുതുന്നു. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിരുന്നുവെങ്കിൽ പഞ്ചായത്തിനെ സംബന്ധിച്ച് മികച്ച വരുമാനമാർഗ്ഗമായി മാറേണ്ടിയിരുന്ന ഷോപ്പിംഗ് സെന്ററിലെ 48 മുറികളിൽ കേവലം 6 എണ്ണം മാത്രമാണ് വാടകയ്ക്ക് നൽകാൻ കഴിഞ്ഞിട്ടുള്ളത് എന്ന് ബന്ധപ്പെട്ട അധികൃതരുടെ മറുപടിയിൽനിന്നും വ്യക്തമാകുന്നു. ഈയൊരു സാഹചര്യത്തിൽ ഗ്രാമവികസനബോർഡിൽ നിന്നും എടുത്ത ഭീമമായ തുകയും അതിനുള്ള പലിശയും തിരിച്ചടയ്ക്കുന്നതെങ്ങനെയെന്ന കാര്യത്തിൽ സമിതി ഉൽക്കണ്ഠ പ്രകടിപ്പിക്കുന്നു.**

**214. പ്രായോഗികതയും വിജയസാധ്യതയും ഉറപ്പുവരുത്താതെ പദ്ധതി നടപ്പിലാക്കിയതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചതായി സമിതി വിലയിരുത്തുന്നു. ഇത്തരം സംഭവങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണമെന്നും ഷോപ്പിംഗ് സെന്ററിന്റെ വിജയകരമായി നടത്തിപ്പിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. പ്രാരംഭഘട്ടത്തിൽ കുറഞ്ഞ വാടകയ്ക്ക് മുറികൾ നല്കിയാൽ വ്യക്തികൾ മുന്നോട്ട് വരുമെന്നും അത്തരം സാധ്യതകൾ കൂടി പരിശോധിച്ച് പരമാവധി മുറികൾ വാടകയ്ക്ക് നൽകാൻ നടപടികൾ സ്വീകരിക്കണമെന്നും സെന്ററിലേക്കുള്ള നടപ്പാത നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കണമെന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

## അഴീക്കോട് ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**എഗ്ഗർ നഴ്സറി : പദ്ധതിപ്പണം ദുരുപയോഗം ചെയ്തു**

**(ഓഡിറ്റ് റിപ്പോർട്ട് 2000-01, ഖണ്ഡിക 17)**

ജനകീയാസൂത്രണത്തിന്റെ ഭാഗമായി പദ്ധതിവിഹിതം 30,000 രൂപ ചെലവഴിച്ച് ഗ്രാമപഞ്ചായത്ത് സ്ഥാപിച്ച എഗ്ഗർ നഴ്സറി പ്രവർത്തിക്കുന്നതിന് തെളിവില്ല.

രണ്ട് മാസത്തിലൊരിക്കൽ 400 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുവാൻ ലക്ഷ്യമിട്ട പദ്ധതിയിൽ മുട്ട വാങ്ങിയതിനോ, കോഴിക്കുഞ്ഞുങ്ങളെ വിറ്റതിനോ തെളിവില്ല. മോണിറ്ററിംഗ് സമിതിയും പദ്ധതി വിലയിരുത്തിയിട്ടില്ല.

പദ്ധതികളുടെ പേരിൽ പണം ദുരുപയോഗം ചെയ്തതായി സംശയിക്കുന്നു. തുടർനടപടി സ്വീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.1.6.1]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

215. ഈ പദ്ധതി പ്രകാരം കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ചോ എന്ന് സമിതി ആരാഞ്ഞതിന് ഒരാൾക്ക് 15,000 രൂപ വീതം, പ്ലാൻ ഫണ്ടിൽനിന്ന് രണ്ടുപേർക്ക് 30,000 രൂപയാണ് നൽകിയതെന്നും ഒരുദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ വാങ്ങി വളർത്തി രണ്ടുമാസം പ്രായമാകുമ്പോൾ മുട്ട ഉല്പാദനത്തിന് സഹായകമാകുന്ന മുട്ടക്കോഴികളെ വിതരണം ചെയ്യുകയായിരുന്നു പദ്ധതിയുടെ ലക്ഷ്യമെന്നും പഞ്ചായത്ത് അംഗീകരിച്ച ലിസ്റ്റിൽനിന്ന് രണ്ടുപേർക്ക് മൃഗസംരക്ഷണ വകുപ്പിന്റെ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ പരിശീലനം നൽകിയെന്നും ആയതിൻപ്രകാരം കോഴിക്കൂട് നിർമ്മിച്ച് കോഴികളെ വളർത്തിയതായാണ് അറിയാൻ സാധിച്ചതെന്നും അഴീക്കോട് ഗ്രാമപഞ്ചായത്ത് സീനിയർ വെറ്ററിനറി സർജൻ സമിതിയെ അറിയിച്ചു. ഒരുദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ ലഭിക്കാത്തതിനാലാണ് പദ്ധതി വിജയിക്കാത്തതെന്നും ഇപ്പോൾ അവിടെ ഒരു ചിക്കൻ സ്റ്റാൾ പ്രവർത്തിക്കുന്നുണ്ടെന്നും സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു.

216. സീനിയർ വെറ്ററിനറി സർജന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**217. എഗ്ഗർ നഴ്സറിയുടെ വിജയസാധ്യതകൾ അറിയാതെ പദ്ധതി ആസൂത്രണം ചെയ്തതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുവാൻ സാധിക്കാതെ പോയതിന് കാരണമെന്ന് സമിതി വിലയിരുത്തുന്നു. ഒരുദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത മുൻകൂട്ടി ഉറപ്പുവരുത്തി ദീർഘവീക്ഷണത്തോടെ പദ്ധതി നിർവ്വഹണം നടത്തിയിരുന്നുവെങ്കിൽ പദ്ധതി വിജയമാക്കുവാൻ കഴിയുമായിരുന്നുവെന്ന് സമിതി കരുതുന്നു. ഒരുദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ ലഭിക്കാത്തതാണ് പദ്ധതി പരാജയപ്പെടാൻ ഇടയാക്കിയതെന്ന സീനിയർ വെറ്ററിനറി സർജന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഫർണിച്ചർ വാങ്ങലിൽ ക്രമക്കേടുകൾ**

**(ഓഡിറ്റ് റിപ്പോർട്ട് 2001-02, ഖണ്ഡിക 7)**

അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ഇല്ലാതെയും സ്റ്റോർ പർച്ചേസ് നിയമം ലംഘിച്ചും ഫർണിച്ചർ വാങ്ങി.

ഗ്രാമപഞ്ചായത്തിന്റെ വിവിധ സ്ഥാപനങ്ങൾക്ക് വേണ്ടിയായിരുന്നു വാങ്ങൽ. 69,900 രൂപയുടെ ഫർണിച്ചറിന് 73,900 രൂപ നൽകി. അധികം നല്കിയതിന് വിശദീകരണമില്ല.

സ്റ്റോർ പർച്ചേസ് നിയമത്തിന് വിരുദ്ധമായി ടെൻഡർ ക്ഷണിച്ചില്ല. നിരതദ്രവ്യം, ജാമ്യനിക്ഷേപം എന്നിവ വാങ്ങിയതിന് തെളിവില്ല. വാങ്ങിയ ഫർണിച്ചറുകൾ ക്വട്ടേഷനുമായി പൊരുത്തമില്ല. സ്റ്റോക്ക് വിതരണ രേഖകളില്ല. മോണിറ്ററിങ് സമിതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതിനാൽ ചെലവ് 73,900 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.1.8.1]

ഓഡിറ്റ് ഖണ്ഡിക

**തൊഴിൽ പരിശീലനത്തിന്റെ മറവിൽ ധനദുരുപയോഗം**

**(ഓഡിറ്റ് റിപ്പോർട്ട് 2001-02, ഖണ്ഡിക 8)**

നടപ്പാക്കാത്ത തൊഴിൽ പരിശീലന പദ്ധതികൾക്ക് ചെലവ് 34,200 രൂപ.

ഗ്രാമപഞ്ചായത്ത് 2001-02-ൽ 40 പെൺകുട്ടികൾക്ക് ബ്യൂട്ടീഷ്യൻ കോഴ്സിന്റെ പരിശീലനം നൽകാൻ തയ്യാറാക്കിയ രണ്ട് പദ്ധതികളുടെ മറവിലാണ് ധനദുരുപയോഗം.

2001-ലെ ഗാന്ധി ജയന്തി ദിനത്തിൽ തുടങ്ങേണ്ട പരിശീലനം ഇതേവരെ തുടങ്ങിയതിന് തെളിവില്ല.

തുടങ്ങാത്ത പരിശീലനത്തിന്റെ ചെലവ് 34,200 രൂപ നിയമപ്രകാരമുള്ള പിഴപ്പലിശ ചുമത്തി ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.1.8.2]

മേൽ ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

218. അയ്യൻകുന്ന് ഗ്രാമപഞ്ചായത്തു കമ്മിറ്റിയുടെ തീരുമാനമില്ലാതെയും സ്റ്റോർ പർച്ചേയ്സ് നിയമം ലംഘിച്ചും 73,900 രൂപയുടെ ഫർണിച്ചർ വാങ്ങിയതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് വിശദീകരണം ആരാഞ്ഞു.

219. ക്വാട്ടേഷൻ ക്ഷണിച്ചിട്ടാണ് ഫർണിച്ചർ വാങ്ങിയതെന്നും മുൻസെക്രട്ടറി ശ്രീ. കെ. പി. ഗോപാലനാണ് ടി പ്രോജക്ട് നടപ്പിലാക്കിയതെന്നും നിയമമനുസരിച്ചല്ല ടിയാൻ പ്രോജക്ട് നടപ്പാക്കിയതെന്നും ശ്രീ. ഗോപാലന്റെ തടഞ്ഞുവച്ചിരുന്ന ഡി. സി. ആർ. ജി. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാന് തിരിച്ചു നൽകിയെന്നും അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

220. തെങ്ങുകയറ്റ തൊഴിലാളി ഇൻഷ്വറൻസ് പ്രോജക്ട് പ്രകാരം 5,454 രൂപയും ഫർണിച്ചർ വാങ്ങിയ വകയിൽ 73,900 രൂപയും, ബ്യൂട്ടീഷ്യൻ പരിശീലനം നൽകിയ വകയിൽ 34,200 രൂപയും ചേർത്ത് 1,13,554 രൂപയായിരുന്നു ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നതെന്നും, ഈ തുക ശ്രീ. ഗോപാലൻ നൽകിയ കേസിൽ തടഞ്ഞുവെച്ച D.C.R.G.-യിൽ നിന്നും 80,715 രൂപ തിരികെ നൽകുന്നതിനും 58,544 രൂപയുടെ ബാദ്ധ്യത നിർണ്ണയിച്ചതിൽ തർക്കമുള്ളതിനാൽ അതു സംബന്ധിച്ച് ശ്രീ. ഗോപാലൻ നൽകിയ പരാതി കേട്ടിട്ട് 2 മാസത്തിനകം പഞ്ചായത്ത് ഡയറക്ടർ തീരുമാനം കൈക്കൊള്ളണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി വിധി കൽപ്പിക്കുകയുണ്ടായെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ബ്യൂട്ടീഷ്യൻ പരിശീലനം സംബന്ധിച്ച പദ്ധതിയിൽ ഓഡിറ്റ് ഒബ്ജക്ഷൻ സംബന്ധിച്ച് ഡയറക്ടർ വാദം കേൾക്കുകയും ശ്രീ. ഗോപാലനും, പദ്ധതി നടത്തിപ്പുകാരനും തുല്യമായ ബാദ്ധ്യത ഉണ്ടെന്നു കണ്ടെത്തി 17,100 രൂപ D.C.R.G.യിൽ നിന്നും പിടിച്ചുവെച്ച് ബാക്കി പണം ശ്രീ. ഗോപാലന് നൽകുകയുണ്ടായെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഈ പണം പഞ്ചായത്തിന്റെ അക്കൗണ്ടിൽ ഇപ്പോഴുമുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി.

221. ഇതു സംബന്ധിച്ച എല്ലാ രേഖകളും ഓഡിറ്റിന് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരമുള്ള ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 7-4-2009-ലെ എൽ.എഫ്. 3196/സ്പെഷ്യൽ സെൽ ജി.2/09 നമ്പർ പ്രകാരം ലഭ്യമായ പുനഃപരിശോധന റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

222. "ശ്രീ. കെ. പി. ഗോപാലന്റെ ഡി. സി. ആർ. ജി.യിൽ നിന്നും അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങളിൻമേൽ 1,13,514 രൂപ വരവ് വന്നതിൽ പ്രസ്തുത ഖണ്ഡിക പ്രകാരമുള്ള നഷ്ടമായ 34,200 രൂപയും ഉൾപ്പെട്ടിരുന്നു. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 19-1-07-ലെ Wp (C) No. 27729/06 (a) യിൻമേലുള്ള വിധിന്യായം ഈ ഓഫീസിൽ നിന്നും പരിശോധിച്ചു. അതിൽ കെ. പി. ഗോപാലന്റെ ബാദ്ധ്യത സംബന്ധിച്ച് തീരുമാനമെടുക്കാനും നടപടി സ്വീകരിക്കുവാനും രണ്ട് മാസത്തെ സമയം അനുവദിക്കുകയും ചെയ്തു.

അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. കെ. പി. ഗോപാലന് 34,200 രൂപയുടെ പകുതി തുകയായ 17,100 രൂപ തിരിച്ചു നൽകിയത്".

**നിഗമനങ്ങൾ/ശിപാർശകൾ**

223. ഗ്രാമപഞ്ചായത്തിന്റെ വിവിധ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഇല്ലാതെയും സ്റ്റോർ പർച്ചേസ് മാന്വലിലെ ചട്ടങ്ങൾ പാലിക്കാതെയും

പഞ്ചായത്തിലെ ഒരു ഉദ്യോഗസ്ഥൻ ഫർണിച്ചർ വാങ്ങിയെന്ന ഓഡിറ്റിന്റെ കണ്ടെത്തൽ സമിതിയെ അത്ഭുതപ്പെടുത്തുന്നു. ചട്ടങ്ങൾ ലംഘിച്ചുകൊണ്ടുള്ള പ്രസ്തുത പ്രവൃത്തിയിൽ 69,900 രൂപയ്ക്കുള്ള ഫർണിച്ചറിന് 73,900 നല്കിയതായാണ് ഓഡിറ്റ് പരാമർശിച്ചിട്ടുള്ളത്. ടെൻഡർ ക്ഷണിക്കാതെയും നിരതദ്രവ്യം, ജാമ്യ നിക്ഷേപം എന്നിവ കെട്ടിവെയ്ക്കാതെയും ക്വട്ടേഷനുമായി പൊരുത്തമില്ലാതെയും വാങ്ങിയ സാധനങ്ങൾ വിതരണം ചെയ്തതിന് രേഖകൾ പോലുമില്ല എന്ന കണ്ടെത്തൽ തികച്ചും ഞെട്ടിക്കുന്നതാണ്. ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നല്കിയ മറുപടിയിൽ, ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ഡി. സി. ആർ. ജി. യിൽ നിന്നും ഇതിന്റെ പേരിൽ തടഞ്ഞുവെച്ച തുക കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവുപ്രകാരം തിരികെ നല്കിയെന്നാണ് അറിയിച്ചിട്ടുള്ളത്. തെളിവെടുപ്പ് വേളയിലാകട്ടെ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടി തുക നല്കിയതെന്നും പ്രസ്താവിക്കുന്നു. സമിതി നിർദ്ദേശത്തെത്തുടർന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് പരിശോധിച്ച് സമർപ്പിച്ച പുനഃപരിശോധനാറിപ്പോർട്ടിൽ ബ്യൂട്ടീഷ്യൻ പരിശീലനം നല്കിയ വകയിൽ ചെലവഴിക്കപ്പെട്ട തുക സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേലുള്ള ബാധ്യതയെക്കുറിച്ച് മാത്രമേ പ്രതിപാദിച്ചിട്ടുള്ളൂ.

224. പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഇല്ലാതെയും സ്റ്റോർ പർച്ചേസ് മാന്വലിലെ ചട്ടങ്ങൾ പാലിക്കാതെയും നടത്തിയ ഫർണിച്ചർ വാങ്ങൽ അംഗീകരിക്കുവാൻ സാധിക്കില്ല. ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ഡി.സി.ആർ.ജി. യിൽ നിന്നും തടഞ്ഞുവെച്ച തുക തിരികെ നല്കുന്നതിന് ടിയാന് അനുകൂലമായ കോടതി വിധി ഉണ്ടായതിന്റെ പശ്ചാത്തലം അറിയിക്കുവാൻ സമിതി ആവശ്യപ്പെടുന്നു. കൂടാതെ പ്രസ്തുത ഇടപാടിലൂടെ വാങ്ങിയ ഫർണിച്ചറുകൾ ഏതൊക്കെയെന്നും അവ എന്തിന് ഉപയോഗിച്ചുവെന്നും രേഖാമൂലം അറിയിക്കുവാനും സമിതി ആവശ്യപ്പെടുന്നു. ഫർണിച്ചർ വാങ്ങൽ ഇടപാടിൽ പഞ്ചായത്തിനുണ്ടായ സാമ്പത്തിക നഷ്ടം തിട്ടപ്പെടുത്തി ഇതു സംബന്ധിച്ച് കോടതിയുടെ എന്തെങ്കിലും കണ്ടെത്തലുകളുണ്ടെങ്കിൽ അവ കൂടി പരിശോധിച്ച്, പ്രസ്തുത തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പലിശ സഹിതം ഈടാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

225. ബ്യൂട്ടീഷ്യൻ പരിശീലനത്തിന്റെ പേരിൽ ചെലവഴിച്ചതായി പറയപ്പെടുന്ന തുകയായ 34,200 രൂപയിൽ 17,100 രൂപ ജോലിയിൽ നിന്നും വിരമിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പെൻഷൻ ആനുകൂല്യത്തിൽനിന്നും ഈടാക്കിയതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ പദ്ധതിപ്പണം നഷ്ടപ്പെട്ടതിൽ പദ്ധതി നടത്തിപ്പുകാരനും ഉദ്യോഗസ്ഥനെ പോലെ തുല്യ പങ്കാളിത്തം ഉള്ളതായി പറയുന്നുവെങ്കിലും ടിയാളിന്റെ ബാധ്യതാ തുകയായ 17,100 രൂപ ഈടാക്കിയതു സംബന്ധിച്ച് യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. ആയതിനാൽ, പ്രസ്തുത തുക പദ്ധതി നടത്തിപ്പുകാരനിൽ നിന്നും ചട്ടപ്രകാരമുള്ള പലിശ സഹിതം ഈടാക്കി റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഗുണഭോക്തൃ വിഹിതം പിരിവിൽ ധനാപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ**

**(ഓഡിറ്റ് റിപ്പോർട്ട് 2001-02, ഖണ്ഡിക 13)**

മൃഗസംരക്ഷണ പദ്ധതികൾക്ക് നിർവ്വഹണോദ്യോഗസ്ഥനായ വെറ്ററിനറി സർജൻ നടത്തിയ ഗുണഭോക്തൃ പിരിവിലാണ് 62709 രൂപ അപഹരിച്ചതായി കാണുന്നത്.

12 രസീത് ബുക്കുകളാണ് വെറ്ററിനറി സർജന് പഞ്ചായത്തിൽ നിന്നും നൽകിയത്. ഇതിൽ 12,16 എന്നീ ക്രമനമ്പരുകളിലെ രസീത് ബുക്കുകൾ കാണാനില്ല. ഈ ബുക്കുകൾ ദുരുപയോഗം ചെയ്തിരിക്കാൻ സാദ്ധ്യതയുണ്ട്.

സാമ്പത്തിക ക്രമക്കേട് അന്വേഷിച്ച് പഞ്ചായത്തിന് നഷ്ടമായ തുക ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.1.10.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു:

226. മൃഗസംരക്ഷണ പദ്ധതികൾക്ക് നിർവ്വഹണോദ്യോഗസ്ഥനായ വെറ്ററിനറി സർജൻ നടത്തിയ ഗുണഭോക്തൃ വിഹിതം പിരിവിൽ 62,709 രൂപ അപഹരിച്ചതായി കാണുന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആവശ്യപ്പെട്ടതിന് പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട വെറ്ററിനറി സർജൻ ടി തുക അടച്ചിട്ടില്ലെന്നും സസ്പെൻഷനിലായിരുന്ന ഇയാൾ ഇപ്പോൾ സർവ്വീസിലുണ്ടെന്നും ഇതിന്മേൽ വിജിലൻസ് കേസ് നിലവിലുണ്ടെന്നും കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിക്കു മറുപടി നൽകി.

227. വിജിലൻസ് അന്വേഷണം കഴിഞ്ഞ് ഇതിന്മേൽ തീരുമാനമെടുക്കാമെന്ന് സമിതി അഭിപ്രായപ്പെട്ടു.

### നിഗമനങ്ങൾ/ശിപാർശകൾ

228. **നിർവ്വഹണോദ്യോഗസ്ഥനായ വെറ്ററിനറി സർജൻ ഗുണഭോക്തൃപിരിവിൽ നടത്തിയതായി പറയപ്പെടുന്ന 62,709 രൂപയുടെ അപഹരണം സംബന്ധിച്ച് വിജിലൻസ് കേസ് നിലവിലുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത കേസിന്റെ അന്വേഷണം അടിയന്തരമായി പൂർത്തിയാക്കി ആയതിന്മേൽ നടപടി സ്വീകരിച്ച് നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## ചെങ്ങളായി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**സബ്സിഡി-സർക്കാർ ഉത്തരവിന് വിരുദ്ധം**

**(ഓഡിറ്റ് റിപ്പോർട്ട് 2000-01, ഖണ്ഡിക 10)**

വ്യക്തിഗത ആനുകൂല്യ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് സർക്കാർ ഉത്തരവിന് വിരുദ്ധമായി അധിക സബ്സിഡി നൽകി.

2000-01-ലെ കറവപ്പശു വിതരണ പദ്ധതി പ്രകാരം 40 വനിതകൾക്കാണ്, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ 17/2000 തീയതി 3-4-2000 ഉത്തരവിന് വിരുദ്ധമായി 1,20,000 രൂപ പദ്ധതി വിഹിതത്തിൽ നിന്ന് അധിക സബ്സിഡി നൽകിയത്.

ഉത്തരവിലെ 7, 8 ഖണ്ഡികകൾ അനുസരിച്ച് പശു വില 8,000 രൂപയുടെ 25 ശതമാന (2,000 രൂപ) മാണ് അനുവദനീയമായ പരമാവധി സബ്സിഡി. ഇതിന് വിരുദ്ധമായി ഗുണഭോക്താക്കൾക്ക് 5,000 രൂപ വീതമാണ് സബ്സിഡി നൽകിയത്.

അധിക സബ്സിഡി ചെലവിന് സർക്കാർ സാധൂകരണം വാങ്ങുകയോ ഉത്തരവാദിയിൽ നിന്ന് ഈടാക്കുകയോ വേണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.1.11.1]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

229. സർക്കാർ ഉത്തരവിന് വിരുദ്ധമായി അധിക സബ്സിഡി നൽകിയതായ ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ബി.പി.എൽ. ലിസ്റ്റ് ഇല്ലെന്നും ഗ്രാമസഭയുടെ തീരുമാനപ്രകാരം പഞ്ചായത്ത് അംഗീകരിച്ച മുൻഗണനാ ലിസ്റ്റ്, വി.ഇ.ഒ.യുടെ സാക്ഷ്യപത്രം എന്നിവയുണ്ടെന്നും ചെങ്ങളായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

230. 2000-01-ലാണ് ടി പ്രൊപ്പോസൽ ഇംപ്ലിമെന്റ് ചെയ്തതെന്നും ഭരണ സമിതി അംഗീകരിച്ച പ്രോജക്ട് പ്രകാരം എല്ലാ ഡോക്യുമെന്റ്സും ബി.പി.എൽ. ലിസ്റ്റ് നോക്കി ഫിസിക്കൽ വെരിഫിക്കേഷൻ നടത്തിയതാണെന്നും ആയതിന്റെ രേഖകൾ ഹാജരാക്കാമെന്നും മുൻ വെറ്ററിനറി സർജൻ സമിതിയെ അറിയിച്ചു.

231. ഒരു ഗുണഭോക്താവിനെ തെരഞ്ഞെടുക്കുമ്പോൾ പഞ്ചായത്തിന്റെ തീരുമാനമുണ്ടാകണമെന്നും അത് ഗ്രാമസഭകൾ പാസ്സാക്കുന്ന പ്രയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലാകണമെന്നും ബി.പി.എൽ/ജനറൽ വിഭാഗങ്ങൾക്ക് എത്ര രൂപ സബ്സിഡി നൽകണമെന്ന ഒരു തീരുമാനമുണ്ടാകണമെന്നും സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ കണ്ണൂർ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ ഹാജരാക്കണമെന്നും ആയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടുവെങ്കിൽ ഇത് ഒഴിവാക്കാമെന്നും അല്ലെങ്കിൽ ലയബിലിറ്റി ഫിക്സ് ചെയ്യണമെന്നും സമിതി തീരുമാനിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 7-4-2009-ലെ എൽ. എഫ് 3196/സ്പെസെൽ ജി2/09 നമ്പർ കത്തു പ്രകാരം ലഭ്യമായ പുനഃപരിശോധന റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

232. "ദാരിദ്ര്യരേഖാ ലിസ്റ്റ് കാലപ്പഴക്കംകൊണ്ട് ഏതാണ്ട് ഉപയോഗശൂന്യമായ നിലയിലാണ്. പല പേജുകളിലെയും പലഭാഗങ്ങളും കീറിപ്പോയിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയ 40 പേരിൽ 6 പേരുടെ പേര് ദാരിദ്ര്യരേഖാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. 20 പേരുടെ വീട്ടുപേര് ദാരിദ്ര്യരേഖാ ലിസ്റ്റിൽ കണ്ടെത്തിയിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയവരുടെ വീടിന്റെ ഗൃഹനാഥന്റെ വിശദീകരണം അംഗീകരിക്കാവുന്നതാണ്. ബാക്കി 16 പേർ ദാരിദ്ര്യരേഖാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് സ്ഥിരീകരിക്കാൻ സാധിച്ചിട്ടില്ല. കാരണം പല പേജുകളും ഇളകിപ്പോവുകയും കീറിപ്പോവുകയും ചെയ്തിട്ടുണ്ട്. ഹാജരാക്കിയ ദാരിദ്ര്യരേഖാ ലിസ്റ്റ് പരിഗണിച്ചും നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി പരിഗണിച്ചും തുടർ നടപടികൾ ഒഴിവാക്കാമെന്ന് ശിപാർശ ചെയ്യുന്നു."

**നിഗമനങ്ങൾ/ശിപാർശകൾ**

233. **ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗുണഭോക്താക്കൾക്ക് 75% സബ്സിഡി നല്കാവുന്നതാണെന്ന് വ്യവസ്ഥയുള്ളതായി സമിതി മനസ്സിലാക്കുന്നു. സമിതി മുമ്പാകെ സമർപ്പിക്കപ്പെട്ട ന്യൂനതാപരിഹാര നടപടി പത്രികയുടെയും തെളിവെടുപ്പുവേളയിൽ ഹാജരായ ഉദ്യോഗസ്ഥരുടെ മറുപടിയുടെയും വെളിച്ചത്തിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഓഡിറ്റ് വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച മേലുദ്ധരിച്ചിട്ടുള്ള പുനഃപരിശോധനാ റിപ്പോർട്ടിൽ, ഹാജരാക്കിയ ദാരിദ്ര്യരേഖാലിസ്റ്റും നിർവ്വഹണോദ്യോഗസ്ഥന്റെ മറുപടിയും പരിഗണിച്ച് തുടർ നടപടികൾ ഒഴിവാക്കാമെന്ന് ശുപാർശ ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ, ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**പെരിയങ്ങോത്ത് ലിഫ്റ്റ് ജലസേചനം പൂർത്തിയായില്ല**

**(ഓഡിറ്റ് റിപ്പോർട്ട് 2001-2002, ഖണ്ഡിക 10)**

1998-99-ൽ തുടങ്ങിയ പെരിയങ്ങോത്ത് ലിഫ്റ്റ് ജലസേചന പദ്ധതി പൂർത്തിയായില്ല.

ഗുണഭോക്തൃ സമിതി കൺവീനർക്ക് 68,186 രൂപ നൽകിയിട്ടുണ്ട്. കൂടാതെ പമ്പ്സെറ്റ് വാങ്ങാൻ 49,540 രൂപയും ചെലവഴിച്ചിട്ടുണ്ട്. ചെലവ് രേഖകൾ ലഭ്യമല്ല. മാത്രമല്ല വർഷങ്ങൾക്ക് മുമ്പ് വാങ്ങിയ പമ്പ് തുരുമ്പിച്ച് നശിക്കുകയാണ്.

പദ്ധതി പൂർത്തികരിക്കുവാൻ സാധ്യതയില്ലാത്തതിനാൽ തദ്ദേശസ്വയംഭരണ വകുപ്പ് 47101/ഡി.പി./2001; 27-12-2001 സർക്കുലർ പ്രകാരം മുൻകൂർ ക്രമപ്പെടുത്തേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.1.11.2]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

234. പെരിയങ്ങോത്ത് ലിഫ്റ്റ് ജലസേചന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ, പദ്ധതിയുടെ ചെലവ് രേഖകളും വൗച്ചറുകളും ഉണ്ടോ എന്ന് സമിതി ആരാഞ്ഞതിന് പണി പൂർത്തികരിച്ചുവെന്നും, ഒക്ടോബർ ഒന്നിന് ഇലക്ട്രിസിറ്റി കണക്ഷൻ ലഭിച്ചു വെന്നും പദ്ധതിയുടെ ചെലവ് രേഖകളും വൗച്ചറുകളും കൈവശമുണ്ടെന്നും ചെങ്ങളായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

235. രണ്ടാഴ്ചക്കകം രേഖകൾ കണ്ണൂർ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറെ ബോദ്ധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**236. പെരിയങ്ങോത്ത് ലിഫ്റ്റ് ജലസേചന പദ്ധതി പൂർത്തീകരണം സംബന്ധിച്ച രേഖകളും വൗച്ചറുകളും പരിശോധനയ്ക്കായി കണ്ണൂർ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് ഹാജരാക്കി ബോധ്യപ്പെടുത്തിയതിനുശേഷം റിപ്പോർട്ട് നൽകുവാനും ടി പരിശോധനയ്ക്ക് വിധേയമായി ഓഡിറ്റ് തടസ്സം ഒഴിവാക്കാനും സമിതി ശിപാർശ ചെയ്യുന്നു.**

## മലപ്പട്ടം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മണ്ണ് അധികം വാങ്ങി**

**(ഓഡിറ്റ് റിപ്പോർട്ട് 2000-01, ഖണ്ഡിക 16)**

സെക്രട്ടറി നേരിട്ട് നിർവ്വഹിച്ച മിനിവ്യവസായ എസ്റ്റേറ്റ് ചുറ്റുമതിൽ പണിക്ക് 133.65 ഘനമീറ്റർ മണ്ണിന് വില നൽകിയതായി കാണാമെങ്കിലും അളവ് പുസ്തകത്തിൽ 39.75 ഘനമീറ്റർ മാത്രമാണ് ഉപയോഗിച്ചതായി രേഖ. അധികം വാങ്ങിയ 93.9 ഘനമീറ്റർ മണ്ണിന്റെ വില 28,099 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് 2004-05-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.1.12.1]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു:

237. സെക്രട്ടറി നേരിട്ടുനടത്തിയ മിനി എസ്റ്റേറ്റ് ചുറ്റുമതിൽ പണിക്ക് അധികം വാങ്ങിയ 93.9 ഘനമീറ്റർ മണ്ണിന്റെ വിലയായ 28,099 ഓഡിറ്റിൽ നിരാകരിക്കുന്നു എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞതിന്, അന്നത്തെ എഞ്ചിനീയറുടെ നിർദ്ദേശമനുസരിച്ച് ചുറ്റുമതിൽ നിർമ്മാണത്തിനും അനുബന്ധ പ്രവൃത്തികൾക്കും കൂടിയാണ് മണൽ ഇറക്കിയതെന്നും ആയതു സംബന്ധിച്ച് ഇപ്പോൾ രേഖകളൊന്നുമില്ലെന്നും മാർച്ച് മാസമാണ് മണൽ ഇറക്കിയതും പേമെന്റുകൾ നടത്തിയതെന്നും അതിനുശേഷം താൻ ലീവിലായിരുന്നുവെന്നും മലപ്പട്ടം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി സമിതിക്ക് മറുപടി നൽകി.

238. സെക്രട്ടറി നേരിട്ടു നിർവ്വഹിച്ച ഒരു വർക്കിന് മെറ്റീരിയൽസ് ഇറക്കുമ്പോൾ അതിന്റെ ഉത്തരവാദി സെക്രട്ടറിയാണെന്നും ശ്രദ്ധയില്ലാതെയാണ് ടിയാൻ കാര്യങ്ങൾ ചെയ്തിരിക്കുന്നതെന്നും ഇത് ഗുരുതരമായ കൃത്യവിലോപമാണെന്നും ആയതിനാൽ ഈ തുക തിരിച്ചടയ്ക്കാൻ സെക്രട്ടറി ബാദ്ധ്യസ്ഥനാണെന്നും അതിനുവേണ്ട നടപടി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സ്വീകരിക്കണമെന്നും അതല്ലെങ്കിൽ ഇത് ഒഴിവാക്കുന്നതിനായി എന്തെങ്കിലും രേഖ ഹാജരാക്കാനുണ്ടെങ്കിൽ ആയത് പരിഗണിക്കാമെന്നും സമിതി തീരുമാനിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 7-4-2009-ലെ എൽ.എഫ് 3196/ സ്പെ.സെൽ ജി2/09 നമ്പർ കത്തു പ്രകാരം ലഭ്യമായ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

239. "നിർവ്വഹണോദ്യോഗസ്ഥനായിരുന്ന സെക്രട്ടറിക്ക് ചെലവ് ന്യായീകരിക്കുന്നതിനുള്ള യാതൊരു രേഖയും ഹാജരാക്കുവാൻ സാധിച്ചിട്ടില്ല. തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല. ആയതിനാൽ തുക ഈടാക്കുന്നതിന് തുടർ നടപടി സ്വീകരിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു".

സമിതി നിർദ്ദേശത്തെത്തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 9-7-2010-ാം തീയതിയായി 38787/എബി2/09/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ അധിക വിവര റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

240. "ഓഡിറ്റ് സമയത്ത് ഹാജരാക്കിയ രേഖകൾക്ക് പുറമെ അധിക വിവരങ്ങളോ രേഖകളോ ഒന്നും തന്നെ മലപ്പട്ടം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. തുടർന്ന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടം ഈടാക്കുന്നതിനായി രജിസ്ട്രേഡ് നോട്ടീസ് അയച്ചുവെങ്കിലും തുക പഞ്ചായത്തിൽ ഒടുക്കിയില്ല. ആയതിനാൽ മലപ്പട്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി, 25-5-2010-ലെ 1894/09 നമ്പർ കത്ത് പ്രകാരം ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയും നാളിതുവരെയുള്ള പലിശയും ഈടാക്കുന്നതിന് കണ്ണൂർ ജില്ലാ കളക്ടർക്ക് കത്തയച്ചിട്ടുണ്ട്".

## നിഗമനങ്ങൾ/ശിപാർശകൾ

241. മിനി വ്യവസായ എസ്റ്റേറ്റ് ചുറ്റുമതിൽ പണിയുമായി ബന്ധപ്പെട്ട് ആവശ്യത്തിലുമധികം മണ്ണ് വാങ്ങിയ ഇനത്തിൽ 28,099 രൂപ ചെലവഴിച്ചത് ന്യായീകരിക്കുന്നതിനുള്ള യാതൊരുവിധ രേഖകളും നിർവ്വഹണോദ്യോഗസ്ഥനായ മുൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ഹാജരാക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ട് പ്രകാരം മനസ്സിലാക്കുന്നു. ആയതിനാൽ, പ്രസ്തുത തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ച് പിടിക്കുന്നതിനും ആയതു സംബന്ധിച്ച നടപടികളുടെ റിപ്പോർട്ട് നല്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

## ഏഴോം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**വൈദ്യുതീകരണം: ലക്ഷ്യം നേടിയില്ല**

**(ഓഡിറ്റ് റിപ്പോർട്ട് 2001-2002, ഖണ്ഡിക 7)**

വിവിധ വൈദ്യുതീകരണ പദ്ധതികൾക്ക് ഗ്രാമപഞ്ചായത്ത് 42,170 രൂപ വൈദ്യുതി ബോർഡിൽ നിക്ഷേപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരണവിവരം ലഭ്യമല്ല. ചെലവ് തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.1.13.1]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു:

242. 42,170 രൂപ വൈദ്യുതി ബോർഡിൽ നിക്ഷേപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും വൈദ്യുതീകരണം ലക്ഷ്യം നേടിയില്ല എന്ന പരാമർശം സംബന്ധിച്ച് രണ്ട് വർക്കുകളും പൂർത്തിയായതായും ജലവിതരണം ആരംഭിച്ചുവെന്നും ഏഴോം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

243. "കോറക്കുളം പമ്പ് ഹൗസ് വൈദ്യുതീകരണം, കുഞ്ഞൻചാൽ ശുദ്ധജല വിതരണ പദ്ധതി എന്നീ പ്രോജക്ടുകൾ 2003-04 വർഷത്തിൽ പൂർത്തീകരിച്ച് ശുദ്ധജല വിതരണം ആരംഭിച്ച കാര്യം പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ജലവിതരണ പദ്ധതികളുടെ വൈദ്യുതിക്കരം ഒടുക്കിവരുന്ന കാര്യവും പരിശോധനയിൽ ബോദ്ധ്യപ്പെട്ടത് 30-9-2008-ലെ എൽ. എഫ്. ബി3/1431/08 പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതിനാൽ നടപടികളിൽ നിന്ന് ഒഴിവാക്കാമെന്ന് ശിപാർശ ചെയ്യുന്നു".

### നിഗമനങ്ങൾ/ശിപാർശകൾ

**244. കോറക്കുളം, കുഞ്ഞൻചാൽ ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തിയാക്കി ജല വിതരണം ആരംഭിച്ചുവെന്ന ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെയും അക്കാര്യം പരിശോധനയിൽ ബോദ്ധ്യപ്പെട്ടുവെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സ്ഥിരീകരണത്തിന്റേയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## മൊകേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**തെരുവ് വിളക്ക് നിർവ്വഹണരേഖയില്ല**

**(ഓഡിറ്റ് റിപ്പോർട്ട് 2001-2002, ഖണ്ഡിക 6)**

തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് വൈദ്യുതി ബോർഡിൽ നിക്ഷേപിച്ച 97,645 രൂപയ്ക്ക് നിർവ്വഹണരേഖയില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.1.14.1]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു:

245. തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് വൈദ്യുതി ബോർഡിൽ നിക്ഷേപിച്ച 97,465 രൂപയ്ക്ക് ഒരു രേഖയുമില്ലെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആവശ്യപ്പെട്ടതിന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുണ്ടെന്ന് മൊകേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. **യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തി ഇതിൽനിന്ന് ഒഴിവാകണമെന്ന് സമിതി നിർദ്ദേശിച്ചു.**

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 7-4-2009-ലെ എൽ.എഫ് 3196/ സ്പെഷ്യൽ സെൽജി2/09/നമ്പർ പ്രകാരം ലഭ്യമായ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

246. "മൊകേരി ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് 16-8-2001-ലെ പി4/2001/01-02 നമ്പർ തീരുമാന പ്രകാരം ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി ശിപാർശ ചെയ്തും 26-8-2001 നമ്പർ ഡി.പി.സി. അംഗീകാര പ്രകാരവും നടപ്പിലാക്കിയതാണെന്ന് രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. 97,645 രൂപ പദ്ധതിവിഹിതം വകയിരുത്തിയ പ്രോജക്ടിന് അതേ തുകയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകാരവും നൽകിയ കാര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ട്. 2001 നവംബർ മാസം പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ട പ്രോജക്ട് 2002 നവംബർ 20-ാം തീയതിയാണ് പൂർത്തീകരിച്ചതെന്ന് കെ.എസ്.ഇ.ബി. അധികൃതർ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി 30 ബൾബുകളും 5 ട്യൂബുകളും സ്ഥാപിച്ചതായി രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ വസ്തുതകൾ 30-9-2008-ലെ നമ്പർ എൽ.എഫ്.ബി3/1431/2009 പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് പരാമർശത്തിന്മേൽ നടപടി ഒഴിവാക്കണമെന്ന് ശിപാർശ ചെയ്യുന്നു."

### നിഗമനങ്ങൾ/ശിപാർശകൾ

247. **മൊകേരി ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്ക് സ്ഥാപിക്കുന്ന പദ്ധതിക്ക് ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെ ശിപാർശയും, ഡി.പി.സി. അംഗീകാരവും**

ഉണ്ടെന്നും 97645 രൂപ പദ്ധതി വിഹിതം വകയിരുത്തിയ പ്രസ്തുത പദ്ധതിക്ക് കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകാരം നൽകിയിട്ടുണ്ടെന്നും, കെ.എസ്.ഇ.ബി. നൽകിയിട്ടുള്ള പൂർത്തീകരണ സാക്ഷ്യപത്രവും, തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ രേഖകളും പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നുമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

## നാറാത്ത് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മുൻകൂർ കൈപ്പറ്റി പണി നടത്തിയിട്ടില്ല**

**(ഓഡിറ്റ് റിപ്പോർട്ട് 2001-2002, ഖണ്ഡിക 4)**

പാറപ്പുറം മന-ആറാംപീടിക റോഡ്

പണിക്ക് 12/2000-ൽ ഗുണഭോക്തൃ സമിതി കൺവീനർ 75,500 രൂപ മുൻകൂർ കൈപ്പറ്റിയെങ്കിലും പണി നടത്തിയില്ല. മുൻകൂർ നല്കിയത് പലിശ സഹിതം ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05-ലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.1.15.1]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു:

248. ജനകീയാസൂത്രണ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി പാറപ്പുറംമന-ആറാം പീടിക റോഡുപണിക്ക് ഗുണഭോക്തൃ സമിതി കൺവീനർ 75,500 രൂപ മുൻകൂർ കൈപ്പറ്റിയെങ്കിലും വർഷങ്ങൾ കഴിഞ്ഞിട്ടും പണി തുടങ്ങാത്തതെന്തുകൊണ്ടാണെന്നും, ഇതിന്റെ കൺവീനർ ആരായിരുന്നുവെന്നും റവന്യൂ റിക്കവറി നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും സമിതി ആരാഞ്ഞതിന് ജെ.ജെ.എസ്.വൈ. ഫണ്ട് ഉപയോഗിച്ച് റോഡ് ടാറിംഗ് പണി നടന്നില്ലെന്നും ഷംസുദ്ദീൻ, പ്രകാശ്ബാബു എന്നിവരാണ് കൺവീനറും ചെയർമാനുമായിരുന്നതെന്നും അടങ്കൽ തുക 3,52,900 രൂപയായിരുന്നുവെന്നും ഷംസുദ്ദീൻ ഗൾഫിൽ പോയിരിക്കുകയാണെന്നും അയാൾക്ക് സ്ഥാവരജംഗമവസ്തുക്കൾ നാട്ടിലില്ലെന്നുമുള്ള നിഗമനത്തിൽ കളക്ടർ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടില്ലെന്നും നാറാത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. റവന്യൂ റിക്കവറി നടത്താനാണ് നിർദ്ദേശമെങ്കിലും അയാൾ രക്ഷപ്പെടാതിരിക്കാനും തുക റിക്കവറി നടത്തണമെന്ന് നിർബന്ധമുള്ളതുകൊണ്ടാണ് ക്രിമിനൽക്കേസ് കൊടുത്തതെന്നും കൺവീനറും ചെയർമാനും തുക കൈപ്പറ്റിയത് തെളിയിക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാജയപ്പെട്ടിരിക്കുകയാണെന്ന് ജഡ്ജ്മെന്റിൽ പറഞ്ഞിരിക്കുന്നുവെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

249. ഇതിൽ പ്രിസംപ്ഷനായി വരുന്നത് റേഷൻകാർഡിൽ പേരുള്ളയാൾ കുടുംബവീട്ടിൽ കഴിയുന്ന ആളാണെങ്കിൽ അവിടെയുള്ള സാധനസാമഗ്രികൾ ഇയാളുടെ

വകയാണെന്നും അത് റിക്കവർ ചെയ്യണമെന്നും ആരെങ്കിലും മുൻകൈയെടുത്ത് നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെടുകയും റവന്യൂ റിക്കവറി നടപടികൾ ആവർത്തിക്കണമെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് നിർദ്ദേശിക്കുകയും ചെയ്തു.

### നിഗമനങ്ങൾ/ശിപാർശകൾ

250. **പാറപ്പുറം മന-ആറാംപീടിക റോഡുപണിക്ക് ഗുണഭോക്തൃ സമിതി കൺവീനർക്ക് 75,500 രൂപ മുൻകൂർ നല്കിയ രേഖകൾ കോടതിയിൽ ഹാജരാക്കാതിരുന്നതുമൂലമോ രേഖകളുടെ പിൻബലമില്ലാതെ പദ്ധതിപ്പണം നല്കിയതുമൂലമോ ആണ് ഈ വിഷയത്തിൽ പഞ്ചായത്തിനെതിരായി വിധിന്യായം ഉണ്ടായതെന്ന് സമിതി മനസ്സിലാക്കുന്നു. കോടതി വിധിക്കെതിരെ സമർപ്പിച്ചിട്ടുള്ള അപ്പീലിന്റെ പരിഗണനാവേളയിൽ കൺവീനർ തുക കൈപ്പറ്റിയതുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും കോടതിയിൽ ഹാജരാക്കി പഞ്ചായത്തിന് അനുകൂലമായ വിധിക്ക് സാഹചര്യമൊരുക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. മതിയായ രേഖകളില്ലാതെയാണ് കൺവീനർക്ക് തുക നല്കിയതെന്ന് തെളിയുന്നപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, റവന്യൂ റിക്കവറി നടപടിയുമായി മുന്നോട്ടു പോകുവാനും റേഷൻ കാർഡിൽ പേരുള്ള വ്യക്തി കുടുംബവീട്ടിൽ കഴിയുന്നയാളാണെങ്കിൽ അവിടെയുള്ള സാധനസാമഗ്രികൾ ടി വ്യക്തിയുടെ വകയാണെന്നും ആയത് ജപ്തി ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2014 ജനുവരി 23.

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 5 | ഉദയഗിരി ഗ്രാമപഞ്ചായത്ത് തദ്ദേശസ്വയംഭരണ വകുപ്പ് | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനാ സമയത്ത് ആധികാരിക രേഖയായ എം.ബുക്ക് ഹാജരാക്കാത്തതാണ് 'ചട്ടം ലംഘിച്ച് മണ്ണിന് അധിക വില നൽകി' യെന്ന ഓഡിറ്റ് പരാമർശത്തിന് ഇടയാക്കിയതെന്ന് സമിതി മുൻപാകെ ഹാജരാക്കിയ രേഖകളിൽ നിന്നും തെളിവെടുപ്പുവേളയിൽ നൽകിയ മറുപടിയിൽ നിന്നും സമിതിക്ക് ബോധ്യമായി. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ സമയത്ത് സമർപ്പിച്ച രേഖകളിൽ നിന്നും ആവശ്യമായ മണ്ണിന്റെ അളവ് കണക്കാക്കിയാണ് കൺവീനർക്ക് തുക നൽകിയതെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർചാർജ് നടപടികളിൽ നിന്നും ഒഴിവാക്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശിച്ചിട്ടുള്ളതായും സമിതി നിരീക്ഷിച്ചു. |
| 2 | 6 | ,, | ഓഡിറ്റ് സമയത്ത് ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ രേഖപ്പെടുത്തിയ മിനിട്സ് ബുക്ക് ഹാജരാക്കാത്തതാണ് 'ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയതുവഴി നഷ്ടം സംഭവിച്ചുവെന്ന' ഓഡിറ്റ് പരാമർശത്തിന് വഴിതെളിച്ചതെന്ന് സമിതി വിലയിരുത്തുന്നു. ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ രേഖപ്പെടുത്തിയ മിനിട്സ് ബുക്ക് ഉദയഗിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി തെളിവെടുപ്പുവേളയിൽ സമിതി മുൻപാകെ ഹാജരാക്കുകയും ആയത് സമിതിക്ക് നേരിട്ട് ബോധ്യപ്പെടുകയും ചെയ്തു. |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| 3 | 7 | ഉദയഗിരി ഗ്രാമപഞ്ചായത്ത് . തദ്ദേശസ്വയംഭരണ വകുപ്പ് | ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചതിൻപ്രകാരമുള്ള നഷ്ടം പദ്ധതി നടത്തിപ്പിൽ സംഭവിച്ചിട്ടില്ലെന്നും മറിച്ച് ഓഡിറ്റിന് രേഖകൾ സമർപ്പിക്കുന്നതിൽ വീഴ്ചയാണുണ്ടായിരിക്കുന്നതെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഓഡിറ്റ് ഖണ്ഡികയിലെ തുകകൾക്കുള്ള തടസ്സങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, ലോക്കൽ ഫണ്ട് ഓഡിറ്റിനെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതാണെന്നും പരിശോധനാ വേളയിൽ മതിയായ രേഖകൾ യഥാസമയം സമർപ്പിച്ച് ഇത്തരം തടസ്സങ്ങൾ ഒഴിവാക്കുവാൻ ബദ്ധശ്രദ്ധരാകണമെന്നും സമിതി ആവശ്യപ്പെടുന്നു. |
| 4 | 18 | കീഴല്ലൂർ (ത.സ്വ.ഭ.വ.) | കീഴല്ലൂർ ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട അഞ്ച് ഓഡിറ്റ് ഖണ്ഡികകളും അവയ്ക്ക് ലഭ്യമാക്കിയ ന്യൂനതാപരിഹാര നടപടി പത്രികയും തെളിവെടുപ്പ് യോഗത്തിൽ ലഭിച്ച മറുപടിയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടും സമിതി വിശദമായി പരിശോധിക്കുകയുണ്ടായി. പുനഃപരിശോധനാ റിപ്പോർട്ട് പ്രകാരം ആകെ 9,36,556.80 രൂപയുടെ നഷ്ടമുണ്ടായിട്ടുള്ളതായി കാണുന്നു. ഇതിൽ നരിപ്പോട്ടുകരികുളം അഭിവൃദ്ധി പ്രവൃത്തിക്കു നൽകിയ 10,000 രൂപ ഒഴികെയുള്ള മുഴുവൻ നഷ്ടത്തിനും അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മാത്രമാണ് ഉത്തരവാദിയെന്ന് സമിതി മനസ്സിലാക്കുന്നു. ടി 10,000 രൂപയുടെ നഷ്ടത്തിന് പഞ്ചായത്ത് സെക്രട്ടറിയും പ്രസിഡന്റും തുല്യ ഉത്തരവാദികളാണെന്നും സമിതി കരുതുന്നു. |
| 5 | 19 | ,, | ഉദ്യോഗസ്ഥരുടെ ബോധപൂർവ്വമോ അല്ലാത്തതോ ആയ അനാസ്ഥ, അലംഭാവം, വീഴ്ച എന്നിവമൂലം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാൻ |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | | ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്. ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം യഥാസമയം കണ്ടെത്തി അവ ഒഴിവാക്കാനോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുവാനോ ആയതിന് ബാധ്യസ്ഥരായ മേലധികാരികൾക്കായില്ല എന്ന് സമിതി വിലയിരുത്തുന്നു. ഇത്രയും ഭീമമായ തുക ക്രമവിരുദ്ധമായി ചെലവഴിക്കപ്പെട്ടിട്ടും ഒരു തലത്തിലും അവ ശ്രദ്ധിക്കപ്പെട്ടില്ല എന്നത് സമിതിയെ അത്ഭുതപ്പെടുത്തുന്നു. ക്രമക്കേടുകൾ ഓഡിറ്റ് വകുപ്പ് ചൂണ്ടിക്കാട്ടിയതിനുശേഷം സസ്പെൻഷനിലായ ഉദ്യോഗസ്ഥൻ സസ്പെൻഷനിലിരിക്കെ വിരമിക്കുകയും തുടർന്ന് മരണപ്പെടുകയും ചെയ്തതായി സമിതി മനസ്സിലാക്കുന്നു. ടി ഉദ്യോഗസ്ഥന്റെ പേരിലുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിനുശേഷം ആയതിൻമേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് യാതൊരു രേഖകളും സമിതി മുൻപാകെ സമർപ്പിക്കപ്പെട്ടിട്ടില്ല. സസ്പെൻഷൻ എന്നത് ഒരു ശിക്ഷാനടപടിയല്ല. ജോലിയിൽ നിന്നും വിരമിച്ചാൽ, വിരമിക്കുന്ന ഉദ്യോഗസ്ഥന്റെ പേരിൽ എന്തെങ്കിലും ബാധ്യതയുണ്ടെങ്കിൽ ആയത് തിട്ടപ്പെടുത്തി മൂന്നുവർഷത്തിനകം ഈടാക്കണമെന്ന് വ്യവസ്ഥയുള്ളതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെടുന്നു. പ്രസ്തുത പരിമിതി വ്യവസ്ഥകളുടെ ആനുകൂല്യം ലഭിക്കുമെന്ന പ്രതീക്ഷയിലായിരിക്കാം പരാമർശവിധേയനായ സെക്രട്ടറിയുടെ പേരിലുള്ള ബാധ്യത തിട്ടപ്പെടുത്താതെ ടിയാൻ വിരമിച്ചതിനുശേഷം ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ലഭ്യമായ തുകയെങ്കിലും ഈടാക്കുവാനുള്ള നടപടിപോലും സ്വീകരിക്കാത്തതെന്ന് സമിതി സംശയിക്കുന്നു. എന്നാൽ, ഒരു സർക്കാർ ഉദ്യോഗസ്ഥൻ ഗവൺമെന്റിന് ബാധ്യതപ്പെട്ട |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | തുകയ്ക്ക് ഈ പരിമിതി വ്യവസ്ഥ ഇല്ലെന്നാണ് സമിതി മനസ്സിലാക്കുന്നത്. പൊതുപ്പണം ക്രമവിരുദ്ധമായി ചെലവഴിച്ചത് ഓഡിറ്റ് ശ്രദ്ധയിൽപ്പെടുത്തിയിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്ത മേലധികാരികളുടെ നിലപാട് തികച്ചും അപലപനീയമാണ്. ടിയാന്റെ ഡി.സി.ആർ.ജി. യിൽ രണ്ട് ലക്ഷത്തിൽ താഴെയുള്ള തുക മാത്രമാണുള്ളതെന്ന് തെളിവെടുപ്പ് വേളയിലെ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ഉദ്യോഗസ്ഥൻ പഞ്ചായത്തിന് നഷ്ടം വരുത്തിയ ഭീമമായ തുകയുമായി താരതമ്യം ചെയ്യുമ്പോൾ നാമമാത്രമായി വരുന്ന ഈ തുകപോലും ഈടാക്കുവാൻ നടപടി സ്വീകരിക്കാത്തത് അക്ഷന്തവ്യമായ കുറ്റമായി സമിതി വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ, ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം, ഉദ്യോഗസ്ഥന്റെ ഡി.സി.ആർ.ജി. വിതരണം ചെയ്തിട്ടില്ലെങ്കിൽ ആയതിൽ നിന്നും, ടിയാന്റെ പേരിലുള്ള സ്ഥാവരജംഗമ സ്വത്തുക്കളിൽ നിന്നും ഈടാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 20 | കീഴല്ലൂർ (ത.സ്വ.ഭ.വ.) | ഗവൺമെന്റിലേക്ക് ബാധ്യതപ്പെട്ട തുക ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കുന്ന കാര്യത്തിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ബോധപൂർവ്വമായ കാലതാമസം ഉണ്ടായിട്ടുള്ളതായി സമിതി കരുതുന്നു. ഇതിന്റെ ഫലമായി ഡി.സി.ആർ.ജി. വിതരണം ചെയ്യപ്പെട്ടിട്ടുണ്ടോയെന്നും സമിതി സംശയിക്കുന്നു. ഇത്തരമൊരു ഓഡിറ്റ് തടസ്സം നിലവിലുള്ളപ്പോൾ അതിൽ തീർപ്പുകൽപ്പിക്കാതെ ഡി.സി.ആർ.ജി. വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയതിലേക്ക് നയിച്ച കാരണങ്ങളും വിതരണം ചെയ്ത തുകയും തീയതിയും കൈപ്പറ്റിയവരുടെ പേരുവിവരവും അറിയിക്കുവാൻ സമിതി ആവശ്യപ്പെടുന്നു. കൂടാതെ, വിരമിച്ച ഉദ്യോഗസ്ഥന്റെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പേരിലുള്ള ബാധ്യത യഥാസമയം തിട്ടപ്പെടുത്താതെ സാങ്കേതികത്വത്തിന്റെ പേരിൽ ബാധ്യതയിൽ നിന്നും രക്ഷപ്പെടുവാനനുവദിച്ച ഉദ്യോഗസ്ഥരുടെ പേരിൽ കർശന നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 21 | കീഴല്ലൂർ (ത.സ്വ.ഭ.വ.) | നരിപ്പോട്ടുകരികുളം അഭിവൃദ്ധി പ്രവൃത്തിയുമായി ബന്ധപ്പെട്ട് അധികം നൽകിയ 10,000 രൂപയിൽ 5000 രൂപയുടെ ബാധ്യത തദവസരത്തിലെ പ്രസിഡന്റിൽ നിന്നും ഈടാക്കി റിപ്പോർട്ടു ചെയ്യുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 27 | കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | ടോയ്‌ലെറ്റ് സോപ്പ് നിർമ്മാണ പ്രോജക്ടിനുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായ ₹ 50,000 അനുവദിക്കുകയും ആയത് ചെലവാക്കുകയും ചെയ്തുവെങ്കിലും ചെലവുകൾക്കാധാരമായ വൗച്ചറുകൾ ശരിയായ രീതിയിൽ സൂക്ഷിക്കപ്പെട്ടിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ വിഹിതത്തിനുപുറമേ പ്രോജക്ടിന് ജില്ലാ വ്യവസായ കേന്ദ്രം മുഖേന ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച ₹88,000 ടി.പി. അക്കൗണ്ടിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി തുകയുടെ വിനിയോഗം സംബന്ധിച്ച യാതൊരു വിവരവും ഓഡിറ്റിനോ സമിതിക്കോ നല്കിയിട്ടില്ല. പ്രോജക്ടിന് ആകെ 1,38,000 രൂപ ലഭ്യമായതായി സമിതി മനസ്സിലാക്കുന്നു. ഗ്രാമപഞ്ചായത്ത് അനുവദിച്ച 50,000 രൂപയിൽ 10,274.50 രൂപയ്ക്കുള്ള വൗച്ചർ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ. എന്നാൽ, ഓഡിറ്റ് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചതിനു ശേഷം 2008-ൽ നിലവിലുണ്ടായിരുന്ന പഞ്ചായത്ത് ഭരണസമിതി 41,422 രൂപയ്ക്കുള്ള വൗച്ചറുകൾക്ക് സാധൂകരണം നൽകി. ഓഡിറ്റിന്റെ കണ്ടെത്തലിൽ പ്രോജക്ടിന്റെ പ്രവർത്തനം 2001-ൽ നിലച്ചതായി പരാമർശിക്കുമ്പോൾ 2005 വരെ പ്രോജക്ട് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പ്രവർത്തിച്ചിരുന്നതായി പഞ്ചായത്ത് സെക്രട്ടറി അവകാശപ്പെടുന്നു. പ്രോജക്ടിന് ലഭിച്ച 1,38,000 രൂപയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ഒരു മാസത്തിനകം ഓഡിറ്റിന് നല്കണമെന്ന് 23-10-2008-ലെ സമിതി യോഗത്തിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് സമിതി ആവശ്യപ്പെട്ടുവെങ്കിലും നാളിതുവരെയായിട്ടും ആയത് നല്കിയിട്ടില്ല എന്നത് ഗൗരവമായാണ് വീക്ഷിക്കുന്നത്. |
| 9 | 28 | കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകളുടെ ഉന്നമനം ലക്ഷ്യമാക്കിയാണ് ഇത്തരം പ്രോജക്ടുകൾ വിഭാവനം ചെയ്യുന്നത്. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ അവയുടെ പ്രായോഗികതയും വിജയ സാധ്യതയും വിലയിരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. പ്രോജക്ടുകൾക്ക് ലഭ്യമാകുന്ന ഫണ്ടുകൾ വിനിയോഗിക്കുമ്പോൾ ആവശ്യമായ രേഖകൾ സൂക്ഷിക്കുകയും ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്യേണ്ടത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ചുമതലയാണ്. ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള മതിയായ രേഖകളില്ലാതെ, പ്രോജക്ടിനു അനുവദിച്ച തുക നൽകിയതിനെയും ഗൗരവത്തോടെ സമിതി വീക്ഷിക്കുന്നു. ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 88,000 രൂപയുടെ വിനിയോഗം സംബന്ധിച്ച യാതൊരു വിവരവും ഓഡിറ്റിനോ സമിതിക്കോ ലഭ്യമാക്കുവാൻ കഴിയാത്തത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനാസ്ഥയാണ് വെളിവാക്കപ്പെടുന്നത്. ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനാ വേളയിൽ ഹാജരാകുന്ന ഉദ്യോഗസ്ഥർക്ക് പരാമർശവിധേയമായ വിഷയങ്ങൾ സംബന്ധിച്ച സമിതിയുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും മറുപടി പറയുവാൻ സാധിക്കുന്നവിധം വ്യക്തമായ ധാരണയുണ്ടാകണമെന്ന് സമിതി ആവശ്യപ്പെടുന്നു. സമിതി ആവശ്യപ്പെട്ട വിവരങ്ങൾ തെളിവെടുപ്പുവേളയിൽ നൽകുവാൻ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | കഴിയാതെവന്ന സാഹചര്യത്തിലാണ് അവ ഒരുമാസത്തിനകം നല്കണമെന്ന് 23-10-2008-ലെ യോഗത്തിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് സമിതി ആവശ്യപ്പെട്ടത്. നാളിതുവരെയായിട്ടും പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കാത്തത് സമിതിയോടുള്ള കടുത്ത അനാദരവായി സമിതി വിലയിരുത്തുന്നു. സമിതി ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാത്ത കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം പ്രോജക്ടിനു നല്കിയ 1,38,000 രൂപയുടെ വിനിയോഗം സംബന്ധിച്ച മുഴുവൻ രേഖകളും അടിയന്തരമായി ഓഡിറ്റിന് സമർപ്പിക്കണമെന്നും ഓഡിറ്റ് അവ പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും ശിപാർശ ചെയ്യുന്നു. കൂടാതെ, പ്രോജക്ടിനായി ജില്ലാ പഞ്ചായത്ത് നല്കിയ ₹ 88,000 ആരുടെ പേരിലാണ് ലഭ്യമാക്കിയതെന്നും പ്രോജക്ടിനുശേഷം മാച്ചിംഗ് ഫണ്ടായിട്ടാണോ കിട്ടിയതെന്നും ടി തുക ചെലവാക്കാതെ ടി.പി. അക്കൗണ്ടിൽത്തന്നെയുണ്ടോ യെന്നുമുള്ള വിവരങ്ങൾ അടിയന്തരമായി സമർപ്പിക്കണമെന്നും ആവശ്യപ്പെടുന്നു. |
| 10 | 29 | കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | 2002-2003-ലെ സമാഹൃത റിപ്പോർട്ടിൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയായ 41,422 രൂപയ്ക്കുള്ള 'വൗച്ചറുകൾക്ക് 21-4-2008-ൽ ചേർന്ന പഞ്ചായത്ത് ഭരണസമിതി യോഗം അംഗീകാരം നൽകിയ നടപടി ഉചിതമെന്ന് സമിതി കരുതുന്നില്ല. സഭ മുൻപാകെ സമർപ്പിക്കപ്പെട്ടതും സമിതിയുടെ പരിശോധനയ്ക്ക് വിധേയമാക്കപ്പെടേണ്ടതുമായ ഒരു സംഗതി പഞ്ചായത്ത് ഭരണസമിതി മുൻപാകെ പരിഗണനയ്ക്ക് വരുമ്പോൾ അവയ്ക്ക് അംഗീകാരം നൽകുവാൻ ചട്ടങ്ങളിൽ വ്യവസ്ഥകൾ ഉണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് നല്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 11 | 30 | മയ്യിൽ ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്ന തുക പലിശ സഹിതം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെന്ന ഗവൺമെന്റ് മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 35 | ,, | അഞ്ചു ലക്ഷം രൂപ അടങ്കൽ ചെലവ് പ്രതീക്ഷിച്ച് തയ്യാറാക്കിയ പ്രോജക്ടിന്റെ അടിസ്ഥാന പ്രവൃത്തി ആരംഭിക്കുകപോലും ചെയ്യാതെയാണ് 3,58,000 രൂപ ചെലവാക്കി ട്രാക്ടർ വാങ്ങിയതെന്ന് സമിതി മനസ്സിലാക്കുന്നു. ഖരമാലിന്യം ശേഖരിച്ച് കമ്പോസ്റ്റ് ഉണ്ടാക്കി കർഷകർക്ക് വിതരണം ചെയ്യുന്നതിന് വിഭാവനം ചെയ്ത പദ്ധതിയുടെ നടത്തിപ്പിനായി ട്രാക്ടർ വാങ്ങി അഞ്ചു വർഷം കഴിഞ്ഞാണ് സ്ഥലം വാങ്ങുന്നത്. തദ്ദേശവാസികളുടെ എതിർപ്പു കാരണം പദ്ധതി പ്രാവർത്തികമാക്കുവാനായില്ല എന്നാണ് സർക്കാരിന്റെ മറുപടിയിൽ നിന്നും വെളിപ്പെടുന്നത്. അടിസ്ഥാന പ്രവൃത്തിയുടെ സ്ഥലം വാങ്ങലും മറ്റു ക്രമീകരണങ്ങളും ആദ്യമേ തന്നെ ആരംഭിച്ചിരുന്നുവെങ്കിൽ പദ്ധതിയുടെ പ്രായോഗികക്ഷമത തിരിച്ചറിയുവാൻ സാധിക്കുമായിരുന്നു. പ്രായോഗിക ബുദ്ധിയും ദീർഘവീക്ഷണവും ഇല്ലാതെ ധൃതിയിൽ ട്രാക്ടർ വാങ്ങിയതിന്റെയും പദ്ധതി പ്രാവർത്തികമാക്കാത്തതിന്റെയും ഫലമായി വിനിയോഗിച്ച തുക ഉപയോഗശൂന്യമാകുന്നതിനും പദ്ധതിപ്പണം പാഴായി പോകുന്നതിനും കാരണമായതായി സമിതി നിരീക്ഷിക്കുന്നു. നിരവധി പഞ്ചായത്തുകളുടെ ഭാഗത്തുനിന്നും ഇത്തരം പ്രവണത കൂടി വരുന്നതായി സമിതി മനസ്സിലാക്കുന്നു. പദ്ധതിപ്പണത്തിന്റെ പാഴ്ചെലവ് ഒഴിവാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജാഗ്രതയുണ്ടാവണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പദ്ധതിയിലൂടെ വിഭാവനം ചെയ്ത പ്രോജക്ട് ഇനി പ്രാവർത്തികമാക്കുവാൻ സാധിക്കുകയില്ല എന്ന് സമിതി മനസ്സിലാക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഈ സാഹചര്യത്തിൽ, പദ്ധതിപണം ചെലവഴിച്ച് വാങ്ങിയ ട്രാക്ടർ കാർഷികാവശ്യത്തിനായി പഞ്ചായത്തിലെ പാടശേഖര സമി തിക്ക് കൈമാറണമെന്നും ആവിധത്തിലെങ്കിലും പൊതുപ്പണം ഉപയുക്തമാക്കണമെന്നും ശിപാർശ ചെയ്തുകൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 13 | 42 | മയ്യിൽ ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | വിവിധ പ്രവൃത്തികളിലായി നിശ്ചയിക്കപ്പെട്ട ബാദ്ധ്യത തുകയായ 11,473 രൂപ സംബന്ധിച്ച് തെളിവെടുപ്പുവേളയിലും രേഖാമൂലവും മുൻ സെക്രട്ടറിയും പുനഃപരിശോധനാ റിപ്പോർട്ടിലൂടെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറും നൽകിയ വിശദീകരണങ്ങൾ സമിതി വിശദമായി പരിശോധിച്ചു. കൺവീനർ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ നിഗമനത്തിലെത്തിയതായും ആദ്യം നിശ്ചയിച്ചിരുന്ന ബാദ്ധ്യത തുകയായ 52,473 രൂപ പിന്നീട് 11,473 രൂപയായി കുറവ് ചെയ്തു കൊടുത്തതായും സമിതി നിരീക്ഷിക്കുന്നു. എഞ്ചിനീയർ നൽകിയ മെഷർമെന്റ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുള്ളതും എസ്റ്റിമേറ്റിലുള്ളതുമായ തുക മാത്രമാണ് താൻ നൽകിയതെന്നും പരാമർശവിധേയമായ പ്രവൃത്തിക്ക് എത്ര മണ്ണ് വേണമായിരുന്നുവെന്ന് വിലയിരുത്തുവാനുള്ള സാങ്കേതിക അറിവ് തനിക്കില്ലെന്നുമാണ് മുൻ സെക്രട്ടറിയുടെ വാദം. പ്രസ്തുത മറുപടികൾ പരിശോധിച്ച സമിതി എഞ്ചിനീയർ സർട്ടിഫൈ ചെയ്ത തുക നൽകിയ സെക്രട്ടറിയുടെ നടപടിയിൽ തെറ്റ് കാണുവാൻ സാധിക്കുകയില്ലായെന്ന് വിലയിരുത്തുന്നു. ആയതിനാൽ ഓഡിറ്റ് ഉന്നയിച്ച ബാധ്യതയിൽ നിന്നും മുൻ സെക്രട്ടറിയെ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 14 | 52 | കൊളച്ചേരി ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ. ലോ.ഫ.ഓ.വ.) | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 30-3-2004-ലെ കത്തുപ്രകാരം, ഓഡിറ്റ് ഖണ്ഡികയിൽ പരാമർശവിധേയമായ വിഷയത്തിന് ഉത്തരവാദിയായ സെക്രട്ടറിയെ സർച്ചാർജ്ജ് നടപടികളിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇതിൽ നിന്നും ഈ വിഷയം സാമ്പത്തിക ബാധ്യതയില്ലാത്തതാണെന്ന് അനുമാനിക്കാവുന്നതാണ്. നാലു പ്രവൃത്തികൾ ചെയ്തതിൽ രണ്ടു പ്രവൃത്തികൾക്ക് സർച്ചാർജ് നോട്ടീസ് നൽകുകയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവ ഒഴിവാക്കുകയും ചെയ്തതിനു ശേഷം മുൻ സെക്രട്ടറിയെ അറിയിക്കാത്ത ഒരു ഓഡിറ്റ് തടസ്സമാണ് സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ കടന്നുകൂടിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചതിനുശേഷം സർച്ചാർജ്ജ് നോട്ടീസ് നൽകിയതായും സമിതി നിരീക്ഷിച്ചു. സഭ മുൻപാകെ സമർപ്പിക്കപ്പെടുന്ന റിപ്പോർട്ടുകളിലെ ഓഡിറ്റ് ഖണ്ഡികകൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കുറ്റമറ്റരീതിയിലുള്ളതായിരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പരാമർശവിധേയമായ ഈ ഓഡിറ്റ് ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള പ്രവൃത്തി നടന്ന കാലയളവിലെ നാലു പ്രവൃത്തികൾക്ക് സർച്ചാർജ് നോട്ടീസ് പുറപ്പെടുവിച്ചതിനും പിന്നീട് അവ പിൻവലിച്ചതിനും ഇടയായ സാഹചര്യം സംബന്ധിച്ച വിശദമായ റിപ്പോർട്ടും മുൻ സെക്രട്ടറിയെ അറിയിക്കാത്ത ഓഡിറ്റ് തടസ്സം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടതിനെ സംബന്ധിച്ചും ടി ഓഡിറ്റ് പരാമർശം പുനഃപരിശോധിച്ചതിന്റെ റിപ്പോർട്ടും അടിയന്തരമായി നല്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതി ആവശ്യപ്പെടുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 15 | 53 | കൊളച്ചേരി ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ. ലോ.ഫ.ഓ.വ.) | ഭവന പുനരുദ്ധാരണത്തിനായി ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചതിന് ഗവൺമെന്റ് സാധൂകരണം നൽകിയ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 56 | എരുവേശ്ശി ഗ്രാമപഞ്ചായത്ത് | പഞ്ചായത്തുതല മുൻഗണനാ ലിസ്റ്റിൽ ഉണ്ടായിരുന്ന 50 പേരിൽ ഗുണഭോക്തൃവിഹിതം അടച്ച് പദ്ധതി പൂർത്തീകരിച്ച ആദ്യത്തെ ഇരുപതുപേർക്കാണ് ധനസഹായ തുക നൽകേണ്ടിയിരുന്നതെങ്കിലും അവരിൽ പല ഗുണഭോക്താക്കളും തൻവർഷം പ്രസ്തുത ആനുകൂല്യം ആവശ്യമില്ലെന്ന് അറിയിച്ച പശ്ചാത്തലത്തിലാണ് മറ്റുള്ള 8 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത 8 ഗുണഭോക്താക്കളും ടി 50 പേർ അടങ്ങുന്ന ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുന്നവരാണെന്ന് സമിതിക്ക് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു. |
| 17 | 63 | കോളയാട് ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | പദ്ധതിയിൽ സ്റ്റോർ പർച്ചേസ് നിയമങ്ങൾ ലംഘിച്ചാണ് കൂടിയ ക്വട്ടേഷൻ സ്വീകരിച്ചതെന്നും, കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനമാണ് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് എന്ന് പഞ്ചായത്ത് മിനിട്സിൽ രേഖപ്പെടുത്തിയതിനുശേഷം ആഡിറ്റ് വകുപ്പ് ക്രമക്കേട് കണ്ടുപിടിച്ചപ്പോഴാണ് ഗുണമേന്മ മുൻനിർത്തി കൂടിയ ക്വട്ടേഷൻ സ്വീകരിച്ചതെന്ന വാദവുമായി പഞ്ചായത്ത് മുന്നോട്ടു വന്നതെന്നും ഇത് ന്യായീകരിക്കത്തക്കതല്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. ഇക്കാര്യത്തിൽ പഞ്ചായത്തിനുവേണ്ടി ക്വട്ടേഷൻ സ്വീകരിച്ച പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചതായി തെളിവെടുപ്പുവേളയിൽ കണ്ടെത്തിയ സമിതി പഞ്ചായത്തിനുണ്ടായ നഷ്ടം തദവസരത്തിലെ സെക്രട്ടറിയിൽ നിന്നും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. ബാധ്യത തുക യായ 10,926 രൂപ മുൻ സെക്രട്ടറി 19-9-2009-ൽ 62802/14 നമ്പർ രസീത് പ്രകാരം ഗ്രാമപഞ്ചായ ത്തിൽ അടച്ചതായി സർക്കാരിൽ നിന്നും മറുപടി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിലുള്ള ഓഡിറ്റ് തടസ്സം ഒഴിവാ ക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 18 | 64 | കോളയാട് ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | ആഡിറ്റ് പരാമർശത്തിന് വിധേയമായ 1999-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ ക്രമവിരു ദ്ധമായ ഒരു പ്രവൃത്തിക്ക്, നിയമസഭാ സമിതിയുടെ പരിഗണനയിലിരിക്കെ 2008-ലെ പഞ്ചായത്തു ഭരണ സമിതി സാധൂകരണം നല്കിയ നടപടി ഉചിതമായില്ലെന്നും ഇത്തരം പ്രവണതകൾ തെറ്റായ കീഴ്‌വഴക്കങ്ങൾ സൃഷ്ടിക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു. പഞ്ചായത്തു ഭരണ സമിതിയുടെ പ്രസ്തുത തീരുമാനത്തിന്മേൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ഇവ ആവർത്തി ക്കുന്നില്ലെന്ന് ഭരണവകുപ്പ് ഉറപ്പുവരുത്തണ മെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. |
| 19 | 67 | ,, | ഓഡിറ്റ് ഖണ്ഡികയിൽ പരാമർശ വിധേയമായ ഫർണിച്ചറുകൾ പഞ്ചായത്ത് ഭരണ സമിതിയുടെ 25-7-2007-ലെ 131/07-ാം തീരുമാന പ്രകാരം പ്രസ്തുത പഞ്ചായത്തിന് കീഴിലുള്ള സാംസ്കാരിക നിലയത്തിന് നല്കിയിട്ടുണ്ടെന്ന ഗവൺ മെന്റ് മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 20 | 71 | പേരാവൂർ ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | ഗുണഭോക്തൃ ലിസ്റ്റിലെ വ്യക്തികൾ മാർച്ച് മാസമായിട്ടും പൂർണ്ണമായി പ്രവൃത്തി ഏറ്റെടുക്കാത്തതുകൊണ്ട് പഞ്ചായത്ത് ഭരണസമിതി പുതിയ ലിസ്റ്റ് തയ്യാറാക്കി ആനുകൂല്യം നല്കുകയും ആയതിന് ബന്ധപ്പെട്ട ഗ്രാമസഭകളുടെ സാധൂകരണം വാങ്ങുകയും ചെയ്തിട്ടുള്ളതായി സമിതി |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | | മനസ്സിലാക്കുന്നു. ഓഡിറ്റ് വേളയിൽ ഇതു സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ലെങ്കിലും ഓഡിറ്റ് തടസ്സം ഉന്നയിച്ചതിനുശേഷം ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിനു ലഭ്യമാക്കിയിട്ടുള്ളതായും ആയതിന്റെ അടിസ്ഥാനത്തിൽ സർച്ചാർജിൽ നിന്നും ഒഴിവാക്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുള്ളതായും സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. സമിതിയുടെ തെളിവെടുപ്പു യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥർ ബന്ധപ്പെട്ട രേഖകൾ സമിതി മുമ്പാകെ ഹാജരാക്കുകയും ചെയ്തു. ആയതിനാൽ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നിർദ്ദേശം അംഗീകരിച്ചുകൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 21 | 78 | അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | ഗ്രാമപഞ്ചായത്ത് വാങ്ങികൊടുത്ത ടാറിന് എസ്റ്റിമേറ്റ് നിരക്ക് പ്രകാരമുള്ള തുക ഈടാക്കിയിട്ടുള്ളതിനാൽ തുടർനടപടികൾ ഒഴിവാക്കാവുന്നതാണെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പുനഃ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 22 | 85 | ന്യൂമാഹി ഗ്രാമപഞ്ചായത്ത് | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് എം. ബുക്കിൽ പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തി രേഖപ്പെടുത്തിയിട്ടില്ലെന്നും ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ഭരണസാങ്കേതികാനുമതികൾ നേടിയിരുന്നില്ലെന്നും സമിതി കണ്ടെത്തി. കൂടാതെ തുക നല്കിയത് പ്രവൃത്തിയുടെ മൂല്യം നിർണ്ണയിച്ച് മെമ്മോ ഓഫ് പേമെന്റ്സ് രേഖപ്പെടുത്തിയോ പ്രസിഡന്റും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തിയോ അല്ലെന്നും സമിതി മനസ്സിലാക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പത്തുവർഷം മുമ്പുള്ള പ്രവൃത്തി വാല്യുവേഷൻ നടത്തി സാധൂകരിച്ചത് മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണെന്ന് സമിതി വിലയിരുത്തുന്നു. |
| 23 | 86 | ന്യൂമാഹി ഗ്രാമപഞ്ചായത്ത് | പുതിയ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ബാദ്ധ്യത തിട്ടപ്പെടുത്തി ആയതിന്റെ റിപ്പോർട്ട് നല്കുവാൻ തെളിവെടുപ്പ് യോഗത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടതിന്റെ വെളിച്ചത്തിൽ സമിതി മുമ്പാകെ സമർപ്പിക്കപ്പെട്ട റിപ്പോർട്ടിൽ ഈ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് 66,058 രൂപ അധികം ചെലവായിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. 12% നിരക്കിലുള്ള പലിശയായ 85,933 രൂപ കൂടി ചേർക്കുമ്പോൾ ആകെ ബാധ്യത തുക 1,51,991 രൂപയാണ് പ്രസ്തുത റിപ്പോർട്ട് പ്രകാരം ഈടാക്കേണ്ടതെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ബാധ്യത തുകയായ 1,51,991 രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനും ആയതു സംബന്ധിച്ച നടപടികളുടെ വിശദാംശങ്ങൾ നല്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 24 | 88 | ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്ന 2001-2002 സാമ്പത്തിക വർഷത്തിൽ മുൻകൂർ നൽകിയ 13 മരാമത്ത് പണികൾ 2002-2003, 2003-2004 വർഷങ്ങളിലായി, ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നുള്ള ഗവൺമെന്റ് മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ സ്ഥിരീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 25 | 95 | ,, | പദ്ധതി സംബന്ധിച്ച ഫയൽ ലഭ്യമല്ലെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ വെളിപ്പെടുത്തൽ സമിതി ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. തെളിവെടുപ്പുവേളയിൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സമിതി ഉന്നയിച്ച ചോദ്യങ്ങൾക്ക് മതിയായ മറുപടി ലഭ്യമാക്കുവാൻ, ഹാജരായ ഉദ്യോഗസ്ഥർക്ക് സാധ്യമാക്കാത്തതിന്റെ പശ്ചാത്തലത്തിൽ പദ്ധതിക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്നും പദ്ധതിയുടെ ഇംപ്ലിമെന്റിംഗ് ഓഫീസർ ആരായിരുന്നുവെന്നും, ഓട്ടോറിക്ഷയുടെ ഇൻവോയ്സ് തീയതി, പണം നല്കിയ തീയതി എന്നിവ സംബന്ധിച്ചും പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതി നിർദ്ദേശിക്കുകയുണ്ടായി. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും പദ്ധതിയുടെ ഇംപ്ലി മെന്റിംഗ് ഓഫീസർ പഞ്ചായത്ത് സെക്രട്ടറിയായിരുന്നുവെന്നും ഗുണഭോക്താക്കൾക്ക് നേരിട്ട് ചെക്ക് മുഖാന്തിരം തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും സമിതി മനസ്സി ലാക്കുന്നു. പരിശോധനാ സമയത്ത് ആർ.സി.ബുക്ക് സമർപ്പിക്കാത്ത ഗുണ ഭോക്താക്കൾ പിന്നീട് ആർ.സി. ബുക്കിനു പകരം ആർ.ടി.ഒ. യുടെ സാക്ഷ്യപത്രമാണ് സമർപ്പിച്ചതെന്നും സമിതി നിരീക്ഷിച്ചു. അഞ്ചു ഗുണഭോക്താക്കളിൽ ഒരാളുടെ വണ്ടി നമ്പർ കെ.ആർ.സി. 7416 ആണെന്നും ആയത് ടിയാൻ സ്വന്തമാക്കിയ തീയതി 28-2-08 ആണെന്നും കാണുന്നു. പദ്ധതിക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചിരുന്നോയെന്ന കാര്യം ഇപ്പോഴും അവ്യക്തമാണ്. |
| 26 | 96 | ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | ഗ്രാമപഞ്ചായത്തിന്റെ, ഓട്ടോറിക്ഷാ വാങ്ങൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ സൂക്ഷി ക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സർക്കാരിന്റെ ധന വിനിയോഗം സംബന്ധിച്ച ഫയലുകളും അനുബന്ധ രേഖകളും നിലവിലുള്ള ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ചുമതലയാണ്. ആഡിറ്റ് തടസ്സം ഉന്നയിക്കപ്പെടുന്ന ഫയലുകൾ കാണാതെപോകുന്നത് അതീവ ഗൗരവത്തോടെയാണ് സമിതി വീക്ഷിക്കുന്നത്. ഓഡിറ്റ് തടസ്സങ്ങൾക്ക് വിധേയമാകുന്ന ഫയലുകൾ അവയിന്മേലുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്നതുവരെ സൂക്ഷിക്കേണ്ടതാണെന്ന് സമിതി നിഷ്കർഷിക്കുന്നു. അവ പാലിക്കാത്ത പക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ കർശന ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 27 | 97 | ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിലെ മേൽ പരാമർശ വിധേയമായ ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട ഫയൽ കണ്ടെത്തുവാനും പദ്ധതി നടത്തിപ്പിലെ വ്യവസ്ഥകൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കുവാനും സമിതി ആവശ്യപ്പെടുന്നു. ഈ പദ്ധതി പ്രകാരം പുതിയ ഓട്ടോറിക്ഷാ വാങ്ങുവാനായിരുന്നോ വ്യവസ്ഥയെന്നും അങ്ങനെയെങ്കിൽ ഗുണഭോക്താക്കൾ വാങ്ങിയത് പുതിയവ തന്നെയായിരുന്നോ യെന്നുമുള്ള വിവരങ്ങളും ഗുണഭോക്താക്കൾക്കാണോ ഓട്ടോറിക്ഷാ ലഭ്യമാക്കിയ കമ്പനിക്കാണോ പഞ്ചായത്ത് തുക കൈമാറേണ്ടിയിരുന്നത്, വ്യവസ്ഥകൾ പ്രകാരമുള്ള നടപടിക്രമങ്ങളെല്ലാം പാലിച്ചായിരുന്നോ തുക കൈമാറിയത്, പദ്ധതിക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചിരുന്നോ എന്നിവ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെടുന്നു. കൂടാതെ, ഗുണഭോക്താക്കളിൽ ഒരാൾ വണ്ടി സ്വന്തമാക്കിയ തീയതി 28-2-2008 എന്നത് സംശയാസ്പദമാകയാൽ ആയത് സംബന്ധിച്ച വിശദീകരണവും ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 28 | 100 | ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | ഗ്രാമപഞ്ചായത്ത് അനുവദിച്ച കൺവീനേഴ്സ് കമ്മീഷനിൽ, മരണപ്പെട്ട ഒരു കൺവീനറുടെ പേരിലുണ്ടായിരുന്ന ബാദ്ധ്യത തുകയായ 2,605 രൂപ എഴുതിത്തള്ളുന്നതിനും ബാധ്യത തുകയ്ക്ക് മേലുള്ള പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കുന്നതിനും തീരുമാനിച്ച പഞ്ചായത്തിന്റെ നടപടിക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമായതിന്റെ അടിസ്ഥാനത്തിലും മരണപ്പെട്ട കൺവീനർ ഒഴികെയുള്ള കൺവീനർമാരിൽ നിന്നും ബാദ്ധ്യത തുക ഈടാക്കിയെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പ്രസ്തുത തുകയ്ക്കുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. ഓഡിറ്റ് ഖണ്ഡികയിന്മേൽ സർക്കാർ നല്കിയ മറുപടിയിൽ പരാമർശിച്ചിട്ടുള്ള 4,237 രൂപ തിരിച്ചുപിടിക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തുന്നതിനും ആയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 29 | 102 | ,, | പഞ്ചായത്ത് ഹാജരാക്കിയ വൗച്ചറുകൾ പരിശോധനാ വിധേയമാക്കി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ തടസ്സം ഒഴിവാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 30 | 104 | ,, | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ പുനരഭിപ്രായ പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നടപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 31 | 109 | കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | പദ്ധതി നിർവ്വഹണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചതിൽ കാലതാമസം ഉണ്ടായതായി സമിതി |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | | മനസ്സിലാക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നടത്തിപ്പ് സംബന്ധിച്ച മാനദണ്ഡങ്ങൾ യഥാസമയം പുറപ്പെടുവിക്കുന്നതിനും അവ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിലും ഭരണ വകുപ്പ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 32 | 110 | കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | പദ്ധതിപ്രകാരമുള്ള വീട് അറ്റകുറ്റപ്പണിക്ക് ആനുകൂല്യം പണമായി നല്കരുതെന്ന സർക്കാർ ഉത്തരവ് 18-6-2001 ലാണ് പുറപ്പെടുവിച്ചതെന്ന് സമിതി മനസ്സിലാക്കുന്നു. ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച് ഗുണഭോക്താക്കളെ കണ്ടെത്താതെ അടിസ്ഥാനവർഗ്ഗത്തിന് ആനുകൂല്യം നഷ്ടപ്പെടാതിരിക്കാനാണെന്ന വാദത്തിൽ പഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടിന്റെയും എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ പ്രയോജനം അർഹരായവർക്ക് ലഭിച്ചോയെന്നും തുക ശരിയാംവിധം വിനിയോഗിച്ചോയെന്നും സമിതി സംശയിക്കുന്നു. സമിതി നിർദ്ദേശത്തെ തുടർന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ നല്കിയ പുനഃപരിശോധനാ റിപ്പോർട്ട് പ്രകാരം ഗുണഭോക്തൃ സമിതി രൂപീകരിക്കാൻ ഗുണഭോക്താക്കൾ തയ്യാറായില്ലെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ഗ്രാമപഞ്ചായത്തിനു ഹാജരാക്കുവാനായില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഗുണഭോക്തൃ സമിതി രൂപീകരിക്കാൻ ഗുണഭോക്താക്കൾ തയ്യാറായില്ല എന്ന് തെളിയിക്കുന്ന രേഖകളും, ആനുകൂല്യം വിനിയോഗിച്ചത് സംബന്ധിച്ച റിപ്പോർട്ടും ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | കൂടാതെ, സർക്കാർ ഉത്തരവുകളും മാനദണ്ഡങ്ങളും പാലിക്കാതെ പദ്ധതികൾ നടപ്പാക്കുന്നത് ആശാസ്യകരമായ നടപടിയല്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. |
| 33 | 112 | കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | പഞ്ചായത്ത് ഫണ്ടിൽ നിന്ന് നഷ്ടമായ 2,640 രൂപ 30-6-2008-ലെ 25979/08 നമ്പർ റസീപ്റ്റ് പ്രകാരം വരവ് വന്നിട്ടുള്ളതായുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. മണൽ വില്പനയുമായി ബന്ധപ്പെട്ട് വലിയ ക്രമക്കേടുകൾ നടക്കുന്നതായാണ് ഓഡിറ്റ് ഖണ്ഡികയിലെ നിരീക്ഷണത്തിൽ നിന്നും സമിതി മനസ്സിലാക്കുന്നത്. ഇത് ഒരു ഗ്രാമപഞ്ചായത്തിൽ മാത്രം ഒതുങ്ങുന്ന വിഷയമായി സമിതി കാണുന്നില്ല. മണൽ വില്പനയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കാതിരിക്കൽ, സൂക്ഷിക്കുന്ന രജിസ്റ്ററുകളിൽ തന്നെ ക്രമക്കേടുകൾ വരുത്തൽ, വിതരണം ചെയ്യുന്ന പാസ്സുകളിൽ മതിയായ വിവരങ്ങൾ രേഖപ്പെടുത്താതെ ദുരുപയോഗത്തിന് അവസരമൊരുക്കൽ എന്നിവ വ്യാപകമായി നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഗ്രാമപഞ്ചായത്തുകൾക്ക് വൻ നഷ്ടമുണ്ടാക്കുന്ന ഇത്തരം അപാകതകൾ പരിഹരിക്കുവാനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും ആയതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 34. | 115 | ഉളിക്കൽ ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശ പ്രകാരം ഭൂജല വകുപ്പ് അനുയോജ്യമാണെന്ന് രണ്ടാമത് കണ്ടെത്തിയ രണ്ട് കുഴൽ കിണറുകളുടെ നിർമ്മാണത്തിന് വേണ്ടിയാണ് 54,655 രൂപ ചെലവഴിച്ചതെന്നും ചെലവഴിക്കാത്ത തുക ഭൂജല വകുപ്പ് പഞ്ചായത്ത് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഫണ്ടിൽ തിരികെ അടച്ചിട്ടുണ്ടെന്നും പദ്ധതി തുക വിനിയോഗിച്ച് നിർമ്മിച്ച 8 കുഴൽ കിണറുകളും പ്രവർത്തനക്ഷമമാണെന്ന് ഭൗതിക പരിശോധന നടത്തി ബോധ്യപ്പെട്ടു വെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 35 | 123 | ഇരിക്കൂർ ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | സമിതി, തെളിവെടുപ്പ് വേളയിൽ നൽകിയ നിർദ്ദേശത്തെ തുടർന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തിയ പരിശോധനയിൽ 50 വീടുകളുടെ പുനരുദ്ധാരണത്തിന്റെ പൂർത്തീകരണം സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയറുടെ സർട്ടിഫിക്കറ്റും മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടും ലഭ്യമായിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. വിവിധ വാർഡുകളിലായി സ്ഥിതി ചെയ്തിരുന്ന വീടുകൾ ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കാൻ വിഷമതകളുണ്ടായിരുന്നു വെന്നതും പദ്ധതി തുക ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ സാന്നിദ്ധ്യത്തിലാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം കണക്കിലെടുത്തും പദ്ധതി ലക്ഷ്യം കൈവരിച്ചുവെന്ന ഓഡിറ്റിന്റെ പുനരഭിപ്രായം പരിഗണിച്ചും ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 36 | 129 | പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് | ജനകീയാസൂത്രണത്തിന്റെ പ്രാരംഭഘട്ടത്തിൽ പി.ഡബ്ല്യൂ.ഡി. നോംസ് അനുസരിച്ചാണ് മരാമത്ത് പണികൾ നിർവ്വഹിച്ചിരുന്നതെന്നും പ്രസ്തുത നോംസിൽ ഷ്രിങ്കേജ് കുറയ്ക്കുവാൻ വ്യവസ്ഥയില്ലെന്നുമുള്ള എഞ്ചിനീയറുടെ വാദം മണ്ണ് നിറയ്ക്കുമ്പോൾ കൺസോളിഡേറ്റ് ചെയ്തിട്ടില്ലെങ്കിൽ ഷ്രിങ്കേജ് കുറയ്ക്കാമെന്ന് പി.ഡബ്ല്യൂ.ഡി. നോംസിൽ ഉണ്ടെന്ന സ്റ്റേറ്റ് പെർഫോമൻസ് ഓഫീസറുടെ വെളിപ്പെടുത്തലിലൂടെ അപ്രസക്തമാണെന്ന് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സമിതി കാണുന്നു. സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ ഉണ്ടെന്ന് സമ്മതിക്കുന്ന എഞ്ചിനീയർ അത് നടപ്പിലാക്കേണ്ടതില്ല എന്ന് ഓർഡർ പുറപ്പെടുവിച്ചതായി തെളിവെടുപ്പ് വേളയിൽ വാദിച്ചുവെങ്കിലും ആയത് സംബന്ധിച്ച് സമിതി ആവശ്യപ്പെട്ട യാതൊരു രേഖയും തെളിവെടുപ്പ് വേളയിലോ പിന്നീടോ ഹാജരാക്കിയില്ല. ഷ്രിങ്കേജുമായി ബന്ധപ്പെട്ട ഇത്തരം ഓഡിറ്റ് തടസ്സങ്ങൾ നിരവധി പഞ്ചായത്തുകളിൽ നിലനില്ക്കുന്നതായി സമിതി മനസ്സിലാക്കുന്നു. രേഖകളുടെ പിൻബലമില്ലാതെയുള്ള എഞ്ചിനീയറുടെ വാദം അംഗീകരിക്കുവാൻ സാധിക്കില്ല. ആയതിനാൽ, ഷ്രിങ്കേജ് കുറയ്ക്കാതെ അധികം നൽകിയതും ഓഡിറ്റ് തടസ്സം ഉന്നയിച്ചതുമായ 38,805 രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, സമാന സ്വഭാവമുള്ള ഓഡിറ്റ് തടസ്സങ്ങളിൻമേലും ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 37 | 132 | എരഞ്ഞോളി ഗ്രാമപഞ്ചായത്ത് | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വനിതകളുടെ വരുമാന മാർഗ്ഗവും സാമ്പത്തിക ഭദ്രതയും ഉറപ്പുവരുത്താനുതകുമായിരുന്ന പദ്ധതി, പ്രായോഗികമായി പരാജയപ്പെടുന്നതിന് ആസൂത്രണത്തിലെ പിഴവ് കാരണമായതായി സമിതി വിലയിരുത്തുന്നു. ഇക്കാര്യത്തിൽ വിപണന സാധ്യതകൾ കൂടി കണക്കിലെടുത്ത് വ്യക്തമായ പദ്ധതി രൂപരേഖയും വിദഗ്ദ്ധോപദേശവും വിജയം ലക്ഷ്യമിട്ടുള്ള സമയോചിതമായ പ്രവർത്തനവും ഉണ്ടാകേണ്ടതായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഭാവിയിൽ ഇത്തരത്തിലുള്ള നല്ല വികസന സംരംഭങ്ങൾ ആവിഷ്ക്കരിക്കുമ്പോൾ അവയുടെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിച്ച് വിജയപ്രദമാക്കുന്നതിനുള്ള നടപടികൾകൂടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 38. | 133 | എരഞ്ഞോളി ഗ്രാമപഞ്ചായത്ത് | വനിതാ വസ്ത്രനിർമ്മാണ യൂണിറ്റിന് ആവശ്യമായ 22 തയ്യൽ മെഷീനുകൾ ഗുണമേൻമ മുൻനിർത്തിയാണ് കൂടിയ തുകയ്ക്കുള്ള ക്വട്ടേഷൻ രേഖപ്പെടുത്തിയ 'മെറിറ്റ്' എന്ന കമ്പനിക്ക് നൽകിയതെന്നും യന്ത്രത്തിന്റെ ഗുണമേന്മ സംബന്ധിച്ച് കണ്ണൂർ പോളിടെക്നിക് സർട്ടിഫൈ ചെയ്തിട്ടുണ്ടെന്നുമുള്ള മുൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതും സാമ്പത്തിക സ്ഥിതി വളരെ മോശപ്പെട്ടതുമായ വനിതകളുടെ ഉന്നമനം ലക്ഷ്യമിട്ട് നടപ്പിലാക്കിയ ഒരു പദ്ധതി എന്നത് പരിഗണിച്ചും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 39. | 136 | പയ്യാവൂർ ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണനാക്രമമനുസരിച്ചാണ് മൂന്നേക്കറിൽ കൂടുതലും അഞ്ചേക്കർ വരെയുള്ളതുമായ കർഷകരെ കേര/കശുമാവ് പദ്ധതിയിൽ ഉൾപ്പെടുത്തി പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും കിണർ നിർമ്മാണത്തിനുമുള്ള സബ്സിഡി ആനുകൂല്യത്തിനായി തെരഞ്ഞെടുത്തതെന്ന മുൻ കൃഷി ഓഫീസറുടെ വിശദീകരണത്തിന്റെയും ഗ്രാമസഭയും പഞ്ചായത്ത് ഭരണസമിതിയും അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ ഹാജരാക്കിയതിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 40. | 143 | ,, | ജെ. ജി. എസ്. വൈ. പദ്ധതി പ്രകാരമുള്ള പണികൾ കരാറുകാർ വഴിയോ ടെൻഡർ വഴിയോ ചെയ്യരുതെന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥ ലംഘിച്ചത് സമിതി ഗൗരവമായി വീക്ഷിക്കുന്നു. സർക്കാർ ഉത്തരവിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായി നിർമ്മാണ പ്രവൃത്തി ടെൻഡർ ചെയ്ത പഞ്ചായത്തിന്റെ തീരുമാനം |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | അംഗീകരിക്കാനാവില്ല. സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമുള്ള പ്രവൃത്തി ആയതിനാലാണ് ടെൻഡർ ചെയ്തതെന്ന പഞ്ചായത്തിന്റെ വാദഗതി നിലനിൽക്കുന്നതല്ല. പദ്ധതികളുടെ വിവിധവശങ്ങൾ പരിഗണിച്ച ശേഷം പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകൾ പാലിക്കുവാൻ ബന്ധപ്പെട്ട അധികാര സ്ഥാനങ്ങൾക്ക് ബാദ്ധ്യതയുണ്ട്. ഏതെങ്കിലുമൊരു പദ്ധതി പ്രായോഗിക തലത്തിലെത്തിക്കുവാൻ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ വിഘാതമാണെന്നോ അപാകതകളുള്ളതാണെന്നോ അനുഭവപ്പെടുന്നപക്ഷം അവ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹരിച്ചു കൊണ്ടായിരിക്കണം പദ്ധതികൾ പ്രാവർത്തിക മാക്കേണ്ടതെന്ന് സമിതി അഭിപ്രായപ്പെടുന്നു. സ്വേച്ഛാപ്രകാരം സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ലംഘിക്കുന്നത് അഭികാമ്യമല്ല. ആയതിനാൽ, പഞ്ചായത്തുകൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടായിരി ക്കണമെന്ന് സമിതി നിഷ്കർഷിക്കുന്നു. |
| 41. | 144 | പയ്യാവൂർ ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | ഓഡിറ്റിന്റെ പരാമർശത്തിന് വിധേയമായ റോഡ് പണി സർക്കാർ ഉത്തരവിന് വിരുദ്ധമായി ടെൻഡർ മുഖേന കരാറുകാരന് നൽകിയെന്നു മാത്രമല്ല എസ്റ്റിമേറ്റ് നിരക്കിനെക്കാൾ കൂടുതൽ തുക നൽകുകയും ചെയ്തതായി സമിതി മനസ്സി ലാക്കുന്നു. കരാറുകാരനിൽ നിന്നും ചട്ടപ്രകാരം ഈടാക്കേണ്ട നികുതികൾ ഈടാ ക്കിയിട്ടില്ലെന്നും അനർഹമായി സബ്സിഡി നിരക്കിൽ അരി നൽകിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. കരാറുകാരന് അനർഹമായി ഇത്തരം ആനുകൂല്യം നൽകിയതിലൂടെ ഗ്രാമപഞ്ചായത്തിന് ആകെ 3,14,019 രൂപ നഷ്ടമുണ്ടായിട്ടുള്ളതായി ഓഡിറ്റിന്റെ പുനഃപരിശോധനാ റിപ്പോർട്ടിൽ നിന്നും സമിതി വിലയിരുത്തുന്നു. ഈ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ബാധ്യതാതുകയിൽ 21,686 രൂപ കരാറുകാരന്റെ ഡെപ്പോസിറ്റ് തുകയിൽ നിന്നും തിരിച്ചുപിടിച്ചതായി സമിതിക്ക് ബോധ്യമായി. മൂല്യനിർണ്ണയത്തിൻമേൽ അധികം തുക നൽകിയതിന് തദവസരത്തിലെ സെക്രട്ടറി മാത്രവും പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് പ്രവൃത്തി ടെൻഡർ ചെയ്തതിനും അരി നൽകിയതിനും അന്നത്തെ സെക്രട്ടറിയും സെക്രട്ടറിയുടെ ചാർജ്ജ് നിർവ്വഹിച്ചിരുന്ന ഹെഡ് ക്ലാർക്കും തുല്യമായി ഉത്തരവാദികളാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടത്തുകയിൽ ഇനിയും അവശേഷിക്കുന്ന 2,92,333 രൂപ ഉത്തരവാദികളായ പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്നും ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഓരോരുത്തരുടെയും ബാധ്യത തിട്ടപ്പെടുത്തി ചട്ടപ്രകാരമുള്ള നടപടികളിലൂടെ ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 42 | 148 | പയ്യാവൂർ ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | കണ്ണൂർ ജില്ലാ എഞ്ചിനീയറിംഗ് ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് പദ്ധതി വിഹിതത്തിൽ നിന്നും പഞ്ചായത്ത് കൈമാറിയ 50,000 രൂപ തിരിച്ച് പിടിക്കുന്നതിനുള്ള ആർബിട്രേഷൻ കേസ് എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 43 | 151 | കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | മരാമത്ത് പണിക്ക് ഷ്രിങ്കേജ് കുറവ് ചെയ്തതുമായി ബന്ധപ്പെട്ട് തിരിച്ചടയ്ക്കേണ്ട തുകയായ 5,903 രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തിരിച്ച് പിടിച്ചിട്ടുണ്ടെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 44 | 157 | പിണറായി ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | പദ്ധതിപ്പണം വിനിയോഗിച്ച് യൂണിഫോം തുണിത്തരങ്ങൾ വിതരണം ചെയ്യാൻ പാടില്ലെന്ന സർക്കാർ ഉത്തരവ് പാലിക്കാതെയാണ് പിണറായി ഗ്രാമപഞ്ചായത്ത് പ്രസ്തുത ആവശ്യത്തിലേക്കായി പദ്ധതി വിഹിതത്തിൽ നിന്നും 25,464 രൂപ ചെലവഴിച്ചതെന്ന് സമിതി മനസ്സിലാക്കുന്നു. യൂണിഫോം വിതരണ പദ്ധതി സംബന്ധിച്ച ചർച്ചാവേള യിൽ പ്രസ്തുത പദ്ധതി സർക്കാർ ഉത്തര വിലെ ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന വസ്തുത ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയോ അല്ലാത്തപക്ഷം സർക്കാ രിന്റെ അനുമതി നേടുകയോ ചെയ്യേണ്ടതായി രുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഓഡിറ്റ് തടസ്സത്തെത്തുടർന്ന് ടി ചെലവ് സാധൂകരിക്കുന്നതിന് സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തിരിച്ചയച്ചതായി കാണുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായുള്ള ഒരു പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയത് സമിതിയെ അംഗീക രിക്കുന്നില്ല. ദരിദ്രരായ കുട്ടികൾക്കാണ് യൂണിഫോം വിതരണം ചെയ്തതെന്ന വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ, കൈപ്പറ്റ് രസീത് ഓഡിറ്റിന് ഹാജരാക്കി ബോധ്യമാക്കുന്നതിന് തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടിരുന്നു. എന്നാൽ, സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകണ മെന്നഭ്യർത്ഥിച്ച് ഗ്രാമപഞ്ചായത്ത് സർക്കാരിന് സമർപ്പിച്ച നിവേദനം നിരസിച്ചതായും ചെലവഴിച്ച തുക പഞ്ചായത്തു ഫണ്ടിലേക്ക് തിരിച്ചടയ്ക്കുവാൻ ആവശ്യപ്പെട്ടതായുമാണ് സർക്കാരിൽ നിന്നും ലഭിച്ച മറുപടിയിൽ നിന്നും ബോധ്യമാകുന്നത്. ആയതിനാൽ, പ്രസ്തുത തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി, റിപ്പോർട്ട് ചെയ്യുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 45 | 163 | പിണറായി ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | പട്ടികജാതിക്കാർക്ക് വീട് അറ്റകുറ്റപ്പണിക്ക് സബ്സിഡി നൽകാൻ സർക്കാർ ഉത്തരവിൽ വ്യവസ്ഥയില്ലെന്നിരിക്കെ ആ ഇനത്തിൽ 46,572 രൂപയും എസ്റ്റിമേറ്റ് ഫീസായി 1,350 രൂപയും ചെലവഴിച്ചത് ക്രമവിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു. സർക്കാർ ഉത്തരവിലെ വ്യവസ്ഥ ശ്രദ്ധയിൽപ്പെടാത്തതിനാലും ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചതിനാലുമാണ് പദ്ധതി നടപ്പാക്കിയതെന്ന പഞ്ചായത്തിന്റെ വാദം ന്യായീകരിക്കത്തക്കതല്ല. എന്നാൽ, അവശതയനുഭവിക്കുന്ന പട്ടികജാതി വിഭാഗത്തിന് നൽകിയ ഒരു ആനുകൂല്യമെന്നത് പരിഗണിച്ച് മോണിറ്ററിംഗ് കമ്മിറ്റിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ്, വാല്യുവേഷൻ സർട്ടിഫിക്കറ്റ്, ഗുണഭോക്താക്കൾക്ക് തുക കിട്ടി എന്നതിന്റെ രേഖകൾ എന്നിവ ഓഡിറ്റ് മുൻപാകെ ഹാജരാക്കുവാൻ തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടിരുന്നു. ചട്ടവിരുദ്ധമായി ചെലവഴിച്ച തുകയ്ക്കുള്ള സാധൂകരണത്തിന് ഗ്രാമപഞ്ചായത്ത് സർക്കാരിന് നിവേദനം സമർപ്പിച്ചുവെങ്കിലും ഗുണഭോക്താക്കൾ വീട് റിപ്പയർ ചെയ്തുവെന്നതിനും തുക കൈപ്പറ്റിയെന്നതിനുമുള്ള തെളിവുകൾ സർക്കാരിന് മുമ്പാകെ പഞ്ചായത്തിന് സമർപ്പിക്കുവാനായില്ല എന്നും അതിനാൽ സർക്കാരിനോടുള്ള പഞ്ചായത്തിന്റെ അഭ്യർത്ഥനയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ലായെന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ, മാർഗ്ഗനിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി ചെലവഴിച്ച മുഴുവൻ തുകയും ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 46 | 169 | ,, | പ്രോജക്ടുമായി ബന്ധപ്പെട്ട ഫയലുകൾ, ഡി.പി.സി. അംഗീകാരം ലഭിച്ച രേഖകൾ എന്നിവ ലോക്കൽ ഫണ്ട് ഓഡിറ്റിന് സമർപ്പിച്ച് ബോദ്ധ്യപ്പെടുത്തി ബാധ്യതയിൽ നിന്ന് ഒഴിവാകുവാനോ അല്ലെങ്കിൽ പ്രോജക്ട് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പ്രകാരം വാങ്ങിയ ആസ്തികൾ ഏറ്റെടുക്കുവാനോ നടപടി സ്വീകരിക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടുവെങ്കിലും ആയതു സംബന്ധിച്ച യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായുള്ള ഈ പദ്ധതി നിർവ്വഹണത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും അക്ഷന്തവ്യമായ വീഴ്ച സംഭവിച്ചതായും ഇതിനായി ചെലവഴിച്ച 25,000 രൂപ ടിയാനിൽ നിന്നും ഈടാക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതായും ഭരണ വകുപ്പ് അറിയിച്ചിരിക്കുന്നു. ആയതിനാൽ പ്രസ്തുത തുക ഈടാക്കുന്നതിനുള്ള നടപടി അടിയന്തിരമായി പൂർത്തിയാക്കി വിശദാംശങ്ങൾ അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 47 | 176 | പിണറായി ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ചെലവഴിച്ച തുകയ്ക്ക് സർക്കാരിന്റെ സാധൂകരണം വാങ്ങി റിപ്പോർട്ട് ചെയ്യുവാൻ സമിതി തെളിവെടുപ്പ് വേളയിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ, സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി പണം പത്ര പരസ്യത്തിനും യൂണിഫോം വിതരണത്തിനും ചെലവാക്കിയത് അംഗീകരിക്കാനാവില്ല എന്നും ഈ രണ്ടിനത്തിനുമായി ചെലവഴിച്ച 36,941 രൂപ തനതു ഫണ്ടിൽ നിന്നും സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണെന്നുമാണ് സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നത്. പദ്ധതി പണം ചട്ടവിരുദ്ധമായി ചെലവഴിച്ച പഞ്ചായത്തിന്റെ നടപടിക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. അങ്ങനെ ചെലവഴിച്ച തുക പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും സർക്കാരിലേക്ക് തിരിച്ചടയ്ക്കണമെന്നാണ് സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്. ആയതിനാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചതിന് ഉത്തരവാദികളായവരിൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നിന്നും ആയത് ഈടാക്കി സർക്കാരിലേക്ക് തിരിച്ചടയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 48 | 180 | തില്ലങ്കേരി ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും നല്കിയ 43,750 രൂപ ചെലവാക്കി രൂപീകരിച്ച പട്ടികജാതി വനിതാ പലഹാര നിർമ്മാണ യൂണിറ്റ് സംബന്ധിച്ച് മോണിറ്ററിംഗ് സർട്ടിഫിക്കറ്റ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത യൂണിറ്റ് നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നുവെന്നും ഉള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 49 | 183 | ,, | സ്വയംതൊഴിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയ സംരംഭകർക്ക് സമഗ്രമായ പരിശീലനവും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളും നല്കിയിരുന്നുവെങ്കിൽ, അയൽക്കൂട്ടങ്ങളുടെ സാമ്പത്തികാടിത്തറ വർദ്ധിപ്പിക്കുന്നതിനും ഗുണഭോക്താക്കൾക്ക് തൊഴിലും വരുമാനവും പ്രദാനം ചെയ്യുന്നതിനുമായി വിഭാവനം ചെയ്ത ഈ പദ്ധതി വിജയപ്രദമാകുമായിരുന്നുവെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതി നിർവ്വഹണത്തിൽ പ്രായോഗിക സമീപനം പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ഇത്തരം യൂണിറ്റുകൾവഴി നിർമ്മിക്കുന്ന ഉത്പന്നങ്ങൾക്ക് വിപണിയും ന്യായവിലയും ഉറപ്പുവരുത്തേണ്ടത് യൂണിറ്റുകളുടെ വിജയകരമായ നടത്തിപ്പിന് അനിവാര്യമായ ഘടകമാണ്. ദീർഘവീക്ഷണത്തോടുകൂടിയുള്ള സമീപനത്തിന്റെ അഭാവം പദ്ധതി വിഹിതം പാഴാക്കുന്നതിന് കാരണമായതായി സമിതി കരുതുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിഷ്കർഷിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 50 | 184 | തില്ലങ്കേരി ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിംഗിന് ഹാജരാക്കാത്തതും ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിക്കാത്തതിലും അതൃപ്തി രേഖപ്പെടുത്തിക്കൊണ്ട് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 51 | 190 | കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | സർക്കാർ ഉത്തരവിന് വിരുദ്ധമായാണ് ഗ്രാമപഞ്ചായത്ത്, സൊസൈറ്റിക്ക് ഷെയർ/ ഗ്രാന്റ് ഇനത്തിൽ തുക നൽകിയതെന്ന് സമിതി മനസ്സിലാക്കുന്നു. ഷെയർ ഇനത്തിൽ തുക നൽകുന്നവർക്ക്, ഷെയർഹോൾഡർ എന്ന നിലയ്ക്ക്, നല്കിയ തുക തിരികെ ആവശ്യപ്പെടാമെന്ന് സമിതി വിലയിരുത്തുന്നു. ഷെയർ ഇനത്തിൽ നല്കിയ തുക തിരികെ നല്കാതിരിക്കുന്ന സൊസൈറ്റിയുടെ നടപടി ന്യായീകരിക്കത്തക്കതല്ല. ഗ്രാമപഞ്ചായത്ത് ഷെയർ ആയി നല്കിയ 50,000 രൂപ തിരിച്ച് പിടിക്കുന്നതിന് കണ്ണൂർ ജില്ലാ കോ-ഓപ്പറേറ്റീവ് ജോയിന്റ് രജിസ്ട്രാർ മുമ്പാകെ ഫയൽ ചെയ്ത കേസ് തീർപ്പാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നും ആയതു സംബന്ധിച്ച വിശദാംശങ്ങൾ നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 52 | 194 | പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | മണ്ണ് മാറ്റുന്നതിന് ഉയർന്ന നിരക്ക് അനുവദിച്ചതുവഴി നഷ്ടമുണ്ടായ 10,397 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ച് പിടിച്ചതിന്റെ രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടുവെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 53 | 198 | ആലക്കോട് ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | സാമൂഹ്യജലസേചന പദ്ധതിയിൽ വിഭാവനം ചെയ്ത ഒൻപതു കുളങ്ങളിൽ 5 എണ്ണവും ജലലഭ്യതയില്ലാത്തതിനാൽ പാതിവഴിയിൽ ഉപേക്ഷിച്ചതായി സമിതി മനസ്സിലാക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പദ്ധതിയിലെ ഒന്നാംഘട്ടമായ കുളം നിർമ്മാണം സംബന്ധിച്ച രേഖകളൊന്നും തന്നെ ഹാജരാക്കിയതായി കാണുന്നില്ല. രണ്ടാംഘട്ടമായി ചെയ്യേണ്ടിയിരുന്ന പമ്പ് സെറ്റും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങൽ ഒന്നാംഘട്ടം പൂർത്തിയാകുന്നതിന് മുമ്പ് തന്നെ നടത്തിയതിലൂടെ പദ്ധതി വിഭാവനം ചെയ്ത ലക്ഷ്യത്തെക്കാൾ പദ്ധതിപ്പണം ചെലവഴിക്കുന്നതിനുള്ള വ്യഗ്രത മാത്രമാണ് വെളിവാകുന്നതെന്ന് സമിതി വിലയിരുത്തുന്നു. ജലലഭ്യത സംബന്ധിച്ച് സാങ്കേതിക ഉപദേശം തേടിയതിനുശേഷം കുളം നിർമ്മാണം ആരംഭിച്ചിരുന്നുവെങ്കിൽ പദ്ധതികൾ വിജയത്തിലെത്തിക്കാൻ കഴിയുമായിരുന്നുവെന്ന് സമിതി കരുതുന്നു. വളരെയധികം നിശ്ചയദാർഢ്യത്തോടെ പ്രാവർത്തികമാക്കേണ്ട ഇത്തരം പദ്ധതികൾ പരാജയപ്പെടുന്നതിൽ നിർവ്വഹണോദ്യോഗസ്ഥർക്ക് മാത്രമല്ല പഞ്ചായത്ത് സമിതിക്കും തുല്യ ഉത്തരവാദിത്വമുള്ളതായി സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ, പദ്ധതിപ്പണം ചെലവഴിച്ച് നടപ്പാക്കുന്ന പ്രോജക്ടുകളുടെ പ്രായോഗികത ഉറപ്പു വരുത്തിയതിനുശേഷം മാത്രമേ ചെലവ് നടത്താവൂ എന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 54 | 199 | ആലക്കോട് ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | ആറാട്ടുകടവ് പദ്ധതിയുമായി ബന്ധപ്പെട്ട എം.ബുക്ക് സമർപ്പിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയത് അടിയന്തരമായി സമർപ്പിക്കണമെന്നും പരിശോധനയ്ക്ക് വിധേയമാക്കി റിപ്പോർട്ട് നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 55 | 200 | ,, | കഴുക്കൽ പദ്ധതി പൂർത്തീകരിച്ചെങ്കിലും എം.ബുക്ക് പരിശോധനയിൽ 73,308 രൂപയുടെ പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളതായി കാണുന്നത്. ആയതിനാൽ വാല്യുവേഷൻ പ്രകാരം യഥാർത്ഥത്തിൽ ചെലവായ പ്രസ്തുത തുകയെക്കാൾ അധികമായി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നല്കിയ 12,292 രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 56 | 201 | ആലക്കോട് ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | ബിംബുകാട് പദ്ധതിയിൽ രണ്ടാംഘട്ടത്തിലെ ചെലവ് സംബന്ധിച്ച എം.ബുക്കും, മറ്റു രേഖകളും ഓഡിറ്റ് വകുപ്പിന് സമർപ്പിച്ച് ബോദ്ധ്യപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 57 | 202 | ,, (ത.സ്വ.ഭ.വ. ലോ.ഫ.ഒ.വ.) | കുളം ഇടിഞ്ഞ് വീഴുന്നതുമൂലം പാതിവഴിയിൽ ഉപേക്ഷിച്ച തോക്കാട് പദ്ധതിയിൽ കൺവീനർക്ക് നൽകിയ 10,000 രൂപയിൽ 4,138 രൂപ ഈടാക്കിയതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ കൺവീനർ ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിന് നല്കിയ അവശേഷിച്ച തുകയായ 5,862 രൂപയ്ക്കുള്ള പാർട്ട് ബില്ലോ, എം.ബുക്കോ ഓഡിറ്റിന് ഹാജരാക്കിയതായി കാണുന്നില്ല. ആയതിനാൽ പ്രസ്തുത രേഖകൾ പരിശോധനയ്ക്കായി ഓഡിറ്റ് വകുപ്പിന് നൽകണമെന്നും അവ പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 58 | 203 | ,, | നിയമപ്രകാരം ഈടാക്കേണ്ട വിൽപ്പന നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കാതിരുന്നത് ഗുരുതരമായ വീഴ്ചയായി സമിതി വീക്ഷിക്കുന്നു. ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 59 | 204 | ,, | പദ്ധതിക്ക് ആദ്യ മുൻകൂർ നല്കിയതിനുശേഷം മൂല്യനിർണ്ണയം നടത്തി, ക്രമപ്പെടുത്തിയശേഷം പദ്ധതിപ്പണം കൈമാറുക എന്ന സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതും പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായും ലംഘിച്ചതും പ്രായോഗിക സമീപനമില്ലാതെയുള്ള പദ്ധതി ആസൂത്രണവും നിമിത്തമാണ് ജനോപകാരപ്രദ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | മാകേണ്ടിയിരുന്ന സാമൂഹ്യ ജലസേചന പദ്ധതി പരിപൂർണ്ണ വിജയത്തിലെത്തിക്കുവാൻ സാധിക്കാതെ പോയതെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതി വിജയിപ്പിക്കുവാൻ സാധിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കുവാനുള്ള ജാഗ്രത എല്ലാ പഞ്ചായത്തുകളുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും സമിതി നിഷ്കർഷിക്കുന്നു. |
| 60 | 207 | കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | സാംസ്കാരിക നിലയ നിർമ്മാണത്തിനായി 1999-2000-ൽ മുൻകൂർ കൈപ്പറ്റി, 8 വർഷത്തിനുശേഷവും നിർമ്മാണം പൂർത്തിയാക്കുവാൻ കഴിയാത്തതിനാൽ തുക പാഴായതായി സമിതി വിലയിരുത്തി. സാംസ്കാരിക നിലയത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനുള്ള വസ്തുവിന്റെ ഉടമസ്ഥത ഉറപ്പുവരുത്തിയതിനുശേഷമാണ് കൺവീനർക്ക് തുക നല്കിയതെന്നും മൂല്യനിർണ്ണയ സർട്ടിഫിക്കറ്റു പ്രകാരം 60,650 രൂപ ചെലവഴിച്ച പദ്ധതിയിൽ നാട്ടുകാരുടെ സഹായമുണ്ടായിരുന്നെന്നും 2007-ൽ പ്രോജക്ട് വച്ചിരുന്നെങ്കിലും ടെണ്ടർ എടുക്കാൻ ആരും തയ്യാറായില്ലെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 61 | 210 | മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് | പഞ്ചായത്ത്, കൂടിയ നിരക്കിൽ അനുവദിച്ച് നൽകിയ വീട്ടുവാടകബത്ത തിരിച്ചടച്ചതു സംബന്ധിച്ച രേഖകൾ കണ്ണൂർ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ ബോധ്യപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ആയതിനുവിധേയമായി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 62 | 213 | ചിറക്കൽ ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | ഗ്രാമപഞ്ചായത്ത് നിർമ്മിച്ച ഷോപ്പിംഗ് സെന്ററിൽ പ്രവർത്തിപ്പിക്കാവുന്ന സ്ഥാപനങ്ങളിലെ വിപണന സാധ്യതകൾ ഉറപ്പു |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വരുത്തുന്നതിനാവശ്യമായ റോഡ് സൗകര്യം ഒരുക്കാത്തതും വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാതിരുന്നതും തികച്ചും അലംഭാവത്തോടെയുള്ള സമീപനമാണെന്ന് സമിതി വലിയിരുത്തുന്നു. ഭാവിയിലുണ്ടായേക്കാവുന്ന അസൗകര്യങ്ങൾ മുൻകൂട്ടികണ്ട് ആരംഭത്തിലേ പരിഹരിക്കുന്നതിന് ആത്മാർത്ഥമായ ശ്രമം പഞ്ചായത്തധികൃതരുടെ ഭാഗത്ത് നിന്നുണ്ടായില്ലെന്ന് സമിതി കരുതുന്നു. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിരുന്നുവെങ്കിൽ പഞ്ചായത്തിനെ സംബന്ധിച്ച് മികച്ച വരുമാന മാർഗ്ഗമായി മാറേണ്ടിയിരുന്ന ഷോപ്പിംഗ് സെന്ററിലെ 48 മുറികളിൽ കേവലം 6 എണ്ണം മാത്രമാണ് വാടകയ്ക്ക് നൽകാൻ കഴിഞ്ഞിട്ടുള്ളത് എന്ന് ബന്ധപ്പെട്ട അധികൃതരുടെ മറുപടിയിൽനിന്നും വ്യക്തമാകുന്നു. ഈയൊരു സാഹചര്യത്തിൽ ഗ്രാമവികസന ബോർഡിൽ നിന്നും എടുത്ത ഭീമമായ തുകയും അതിനുള്ള പലിശയും തിരിച്ചടയ്ക്കുന്നതെങ്ങനെയെന്ന കാര്യത്തിൽ സമിതി ഉൽക്കണ്ഠ പ്രകടിപ്പിച്ചു. |
| 63. | 214 | ചിറക്കൽ ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | പ്രായോഗികതയും വിജയസാധ്യതയും ഉറപ്പുവരുത്താതെ പദ്ധതി നടപ്പിലാക്കിയതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചതായി സമിതി വിലയിരുത്തുന്നു. ഇത്തരം സംഭവങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണമെന്നും ഷോപ്പിംഗ് സെന്ററിന്റെ വിജയകരമായി നടത്തിപ്പിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. പ്രാരംഭഘട്ടത്തിൽ കുറഞ്ഞ വാടകയ്ക്ക് മുറികൾ നല്കിയാൽ വ്യക്തികൾ മുന്നോട്ട് വരുമെന്നും അത്തരം സാധ്യതകൾ കൂടി പരിശോധിച്ച് പരമാവധി മുറികൾ വാടകയ്ക്ക് നൽകാൻ നടപടികൾ സ്വീകരിക്കണമെന്നും സെന്ററിലേക്കുള്ള നടപ്പാത |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | | നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കണമെന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 64 | 217 | അഴീക്കോട് ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | എഗ്ഗർ നഴ്സറിയുടെ വിജയസാധ്യതകൾ അറിയാതെ പദ്ധതി ആസൂത്രണം ചെയ്തതാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുവാൻ സാധിക്കാതെ പോയതിന് കാരണമെന്ന് സമിതി വിലയിരുത്തുന്നു. ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത മുൻകൂട്ടി ഉറപ്പുവരുത്തി ദീർഘവീക്ഷണത്തോടെ പദ്ധതി നിർവ്വണം നടത്തിയിരുന്നുവെങ്കിൽ പദ്ധതി വിജയമാക്കുവാൻ കഴിയുമായിരുന്നുവെന്ന് സമിതി കരുതുന്നു. ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ ലഭിക്കാത്തതാണ് പദ്ധതി പരാജയപ്പെടാൻ ഇടയാക്കിയതെന്ന സീനിയർ വെറ്ററിനറി സർജന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 65 | 223 | അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | ഗ്രാമപഞ്ചായത്തിന്റെ വിവിധ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഇല്ലാതെയും സ്റ്റോർ പർച്ചേസ് മാന്വലിലെ ചട്ടങ്ങൾ പാലിക്കാതെയും പഞ്ചായത്തിലെ ഒരു ഉദ്യോഗസ്ഥൻ ഫർണ്ണിച്ചർ വാങ്ങിയെന്ന ഓഡിറ്റിന്റെ കണ്ടെത്തൽ സമിതിയെ അത്ഭുതപ്പെടുത്തുന്നു. ചട്ടങ്ങൾ ലംഘിച്ചുകൊണ്ടുള്ള പ്രസ്തുത പ്രവൃത്തിയിൽ 69,900 രൂപയ്ക്കുള്ള ഫർണ്ണിച്ചറിന് 73,900 നല്കിയതായാണ് ഓഡിറ്റ് പരാമർശിച്ചിട്ടുള്ളത്. ടെൻഡർ ക്ഷണിക്കാതെയും നിരതദ്രവ്യം, ജാമ്യനിക്ഷേപം എന്നിവ കെട്ടിവെയ്ക്കാതെയും ക്വട്ടേഷനുമായി പൊരുത്തമില്ലാതെയും വാങ്ങിയ സാധനങ്ങൾ വിതരണം ചെയ്തതിന് രേഖകൾ പോലുമില്ല എന്ന കണ്ടെത്തൽ തികച്ചും ഞെട്ടിക്കുന്നതാണ്. ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നല്കിയ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | മറുപടിയിൽ, ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ഡി. സി. ആർ. ജി. യിൽ നിന്നും ഇതിന്റെ പേരിൽ തടഞ്ഞുവെച്ച തുക കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവുപ്രകാരം തിരികെ നല്കിയെന്നാണ് അറിയിച്ചിട്ടുള്ളത്. തെളിവെടുപ്പ് വേളയിലാകട്ടെ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടി തുക നല്കിയതെന്നും പ്രസ്താവിക്കുന്നു. സമിതി നിർദ്ദേശത്തെ തുടർന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് പരിശോധിച്ച് സമർപ്പിച്ച പുനഃപരിശോധനാ റിപ്പോർട്ടിൽ ബ്യൂട്ടീഷ്യൻ പരിശീലനം നല്കിയ വകയിൽ ചെലവഴിക്കപ്പെട്ട തുക സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേലുള്ള ബാധ്യതയെക്കുറിച്ച് മാത്രമേ പ്രതിപാദിച്ചിട്ടുള്ളൂ. |
| 66 | 224 | അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഇല്ലാതെയും സ്റ്റോർ പർച്ചേസ് മാന്വലിലെ ചട്ടങ്ങൾ പാലിക്കാതെയും നടത്തിയ ഫർണ്ണിച്ചർ വാങ്ങൽ അംഗീകരിക്കുവാൻ സാധിക്കില്ല. ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ഡി.സി. ആർ.ജി.യിൽ നിന്നും തടഞ്ഞുവെച്ച തുക തിരികെ നല്കുന്നതിന് ടിയാന് അനുകൂലമായ കോടതി വിധി ഉണ്ടായതിന്റെ പശ്ചാത്തലം അറിയിക്കുവാൻ സമിതി ആവശ്യപ്പെടുന്നു. കൂടാതെ പ്രസ്തുത ഇടപാടിലൂടെ വാങ്ങിയ ഫർണ്ണിച്ചറുകൾ ഏതൊക്കെയെന്നും അവ എന്തിന് ഉപയോഗിച്ചുവെന്നും രേഖാമൂലം അറിയിക്കുവാനും സമിതി ആവശ്യപ്പെടുന്നു. ഫർണ്ണിച്ചർ വാങ്ങൽ ഇടപാടിൽ പഞ്ചായത്തിനുണ്ടായ സാമ്പത്തിക നഷ്ടം തിട്ടപ്പെടുത്തി ഇതു സംബന്ധിച്ച് കോടതിയുടെ എന്തെങ്കിലും കണ്ടെത്തലുകളുണ്ടെങ്കിൽ അവ കൂടി പരിശോധിച്ച്, പ്രസ്തുത തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പലിശ സഹിതം ഈടാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 67 | 225 | അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | ബ്യൂട്ടിഷ്യൻ പരിശീലനത്തിന്റെ പേരിൽ ചെലവഴിച്ചതായി പറയപ്പെടുന്ന തുകയായ 34,200 രൂപയിൽ 17,100 രൂപ ജോലിയിൽ നിന്നും വിരമിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പെൻഷൻ ആനുകൂല്യത്തിൽനിന്നും ഈടാക്കിയതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ പദ്ധതിപ്പണം നഷ്ടപ്പെട്ടതിൽ പദ്ധതി നടത്തിപ്പുകാരനും ഉദ്യോഗസ്ഥനെ പോലെ തുല്യ പങ്കാളിത്തം ഉള്ളതായി പറയുന്നുവെങ്കിലും ടിയാളിന്റെ ബാധ്യതാ തുകയായ 17,100 രൂപ ഈടാക്കിയതു സംബന്ധിച്ച് യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. ആയതിനാൽ, പ്രസ്തുത തുക പദ്ധതി നടത്തിപ്പുകാരനിൽ നിന്നും ചട്ടപ്രകാരമുള്ള പലിശ സഹിതം ഈടാക്കി റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 68 | 228 | കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | നിർവ്വഹണോദ്യോഗസ്ഥനായ വെറ്ററിനറി സർജൻ ഗുണഭോക്തൃ പിരിവിൽ നടത്തിയതായി പറയപ്പെടുന്ന 62,709 രൂപയുടെ അപഹരണം സംബന്ധിച്ച് വിജിലൻസ് കേസ് നിലവിലുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത കേസിന്റെ അന്വേഷണം അടിയന്തിരമായി പൂർത്തിയാക്കി ആയതിന്മേൽ നടപടി സ്വീകരിച്ച് നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 69 | 233 | ചെങ്ങളായി ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗുണഭോക്താക്കൾക്ക് 75% സബ്സിഡി നല്കാവുന്നതാണെന്ന് വ്യവസ്ഥയുള്ളതായി സമിതി മനസ്സിലാക്കുന്നു. സമിതി മുമ്പാകെ സമർപ്പിക്കപ്പെട്ട ന്യൂനതാ പരിഹാര നടപടി പത്രികയുടെയും തെളിവെടുപ്പ് വേളയിൽ ഹാജരായ ഉദ്യോഗസ്ഥരുടെ മറുപടിയുടെയും വെളിച്ചത്തിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | റിപ്പോർട്ട് സമർപ്പിക്കുവാൻ ഓഡിറ്റ് വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച മേലുദ്ധരിച്ചിട്ടുള്ള പുനഃപരിശോധനാ റിപ്പോർട്ടിൽ, ഹാജരാക്കിയ ദാരിദ്ര്യാ രേഖാലിസ്റ്റും നിർവ്വഹണോദ്യോഗസ്ഥന്റെ മറുപടിയും പരിഗണിച്ച് തുടർ നടപടികൾ ഒഴിവാക്കാമെന്ന് ശുപാർശ ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ, ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 70 | 236 | ചെങ്ങളായി ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | പെരിയങ്ങോത്ത് ലിഫ്റ്റ് ജലസേചന പദ്ധതി പൂർത്തീകരണം സംബന്ധിച്ച രേഖകളും വൗച്ചറുകളും പരിശോധനയ്ക്കായി കണ്ണൂർ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് ഹാജരാക്കി ബോധ്യപ്പെടുത്തിയതിനുശേഷം റിപ്പോർട്ട് നൽകുവാനും ടി പരിശോധനയ്ക്ക് വിധേയമായി ഓഡിറ്റ് തടസ്സം ഒഴിവാക്കാനും സമിതി ശിപാർശ ചെയ്യുന്നു. |
| 71 | 241 | മലപ്പട്ടം ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | മിനി വ്യവസായ എസ്റ്റേറ്റ് ചുറ്റുമതിൽ പണിയുമായി ബന്ധപ്പെട്ട് ആവശ്യത്തിലുമധികം മണ്ണ് വാങ്ങിയ ഇനത്തിൽ 28,099 രൂപ ചെലവഴിച്ചത് ന്യായീകരിക്കുന്നതിനുള്ള യാതൊരുവിധ രേഖകളും നിർവ്വഹണോദ്യോഗസ്ഥനായ മുൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ഹാജരാക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരിശോധന റിപ്പോർട്ട് പ്രകാരം മനസ്സിലാക്കുന്നു. ആയതിനാൽ, പ്രസ്തുത തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ച് പിടിക്കുന്നതിനും ആയതു സംബന്ധിച്ച നടപടികളുടെ റിപ്പോർട്ട് നല്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 72 | 244 | ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | കോറക്കുളം, കുഞ്ഞൻചാൽ ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തിയാക്കി ജല വിതരണം ആരംഭിച്ചുവെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെയും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | അക്കാര്യം പരിശോധനയിൽ ബോദ്ധ്യപ്പെട്ടുവെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സ്ഥിരീകരണത്തിന്റേയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 73. | 247 | മൊകേരി ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | മൊകേരി ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്ന പദ്ധതിക്ക് ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെ ശിപാർശയും ഡി.പി.സി. അംഗീകാരവും ഉണ്ടെന്നും 97,645 രൂപ പദ്ധതി വിഹിതം വകയിരുത്തിയ പ്രസ്തുത പദ്ധതിക്ക് കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ അംഗീകാരം നൽകിയിട്ടുണ്ടെന്നും കെ.എസ്.ഇ.ബി. നൽകിയിട്ടുള്ള പൂർത്തീകരണ സാക്ഷ്യപത്രവും തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ രേഖകളും പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നുമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 74. | 250 | നാറാത്ത് ഗ്രാമപഞ്ചായത്ത് (ത.സ്വ.ഭ.വ.) | പാറപ്പുറം മന-ആറാംപീടിക റോഡ് പണിക്ക് ഗുണഭോക്തൃ സമിതി കൺവീനർക്ക് 75,500 രൂപ മുൻകൂർ നല്കിയ രേഖകൾ കോടതിയിൽ ഹാജരാക്കാതിരുന്നതുമൂലമോ രേഖകളുടെ പിൻബലമില്ലാതെ പദ്ധതിപ്പണം നല്കിയതുമൂലമോ ആണ് ഈ വിഷയത്തിൽ പഞ്ചായത്തിനെതിരായി വിധിന്യായം ഉണ്ടായതെന്ന് സമിതി മനസ്സിലാക്കുന്നു. കോടതി വിധിക്കെതിരെ സമർപ്പിച്ചിട്ടുള്ള അപ്പീലിന്റെ പരിഗണനാവേളയിൽ കൺവീനർ തുക കൈപ്പറ്റിയതുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും കോടതിയിൽ ഹാജരാക്കി പഞ്ചായത്തിന് അനുകൂലമായ വിധിക്ക് സാഹചര്യമൊരുക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. മതിയായ രേഖകളില്ലാതെയാണ് കൺവീനർക്ക് തുക നല്കിയതെന്ന് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | തെളിയുന്നപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, റവന്യൂ റിക്കവറി നടപടിയുമായി മുന്നോട്ടുപോകുവാനും റേഷൻ കാർഡിൽ പേരുള്ള വ്യക്തി, കുടുംബ വീട്ടിൽ കഴിയുന്നയാളാണെങ്കിൽ അവിടെയുള്ള സാധനസാമഗ്രികൾ ടി വ്യക്തിയുടെ വകയാണെന്നും ആയത് ജപ്തി ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

## അനുബന്ധം II

## സർക്കാരിൽ നിന്ന് ലഭിച്ച മറുപടി

## ഉദയഗിരി ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002-2003 | VII. 1. 13.1. (i) | | M. book നമ്പർ 10/07-08 ന്റെ 6 മുതൽ 10 വരെ പേജുകളിൽ രേഖപ്പെടുത്തിയ ആവശ്യകതയും അളവും അടിസ്ഥാനമാക്കിയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളതെന്നും ബന്ധപ്പെട്ട രേഖകളുടെ പുസ്തകം ഓഡിറ്റ് സമയത്ത് ഹാജരാക്കുവാൻ സാധിക്കാതെ പോയതാണെന്നും മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ലോക്കൽ ഫണ്ട് എക്സാമിനർ പ്രസ്തുത മറുപടി അംഗീകരിച്ച് നടപടിയിൽനിന്നും ഒഴിവാക്കുവാൻ ലോക്കൽ ഫണ്ട് ഡയറക്ടറോട് 14.11.08ന്റെ എൽ.എഫ്.സി. 13/1336/08 നമ്പർ കത്തായി അപേക്ഷിച്ചിട്ടുണ്ട്.<br><br>സമ്പൂർണ്ണ ശുചിത്വപദ്ധതിയുടെ ഭാഗമായാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത്. 2007-08 വർഷം മുതൽ സമ്പൂർണ്ണ ശുചിത്വ പഞ്ചായത്തായി പ്രഖ്യാപിക്കുകയും നിർമ്മൽഗ്രാമ പുരസ്കാരത്തിനായി അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്ത് 15.1.99ന്റെ 314/99, 16.3.99ന്റെ 237/5 നമ്പർ തീരുമാനങ്ങൾ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. |

## കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 2 | 2002-2003 | VI.I.18.2(i) | ॥ | 1996-97 മുതൽ 2001-02 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ ഈ ആഫീസിൽ ലഭ്യമായിരുന്നില്ല. ആയത് ഉൾപ്പെടെയുള്ള എന്തൊന്നും ഫയലുകൾ 24-5-20.. ന് ഈ ആഫീസിലെ മുൻ സെക്രട്ടറിയും ക്രമക്കേടുകൾക്ക് സസ്പെൻഷനിലുമായ ശ്രീ ബാലചന്ദ്രന്റെ വീട്ടിൽ നിന്നും കണ്ടെടുക്കുകയാണ് ചെയ്തത്. ടി കാലയളവിലെ ബന്ധപ്പെട്ട രജിസ്റ്ററുകളും, റിക്കാർഡുകളും എല്ലാതിനും പൂർണ്ണമായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ശ്രീ ബാലചന്ദ്രൻ 31-10-05 ന് സർവ്വീസിൽ നിന്ന് വിരമിക്കുകയും, ടിയാന്റെ പേരിലുള്ള അച്ചടക്ക നടപടികൾ തുടർന്നുവരുന്നതിനിടയിൽ 3-6-08 ന് മരണപ്പെടുകയും ചെയ്തു. ടിയാന് NLC നൽകുകയോ റിട്ടയർമെന്റ് ആനുകൂല്യം നൽകുകയോ ചെയ്തിട്ടില്ല. തുക ചെലവിചെയ്തതു സംബന്ധിച്ച രേഖകൾ ഒന്നും ലഭ്യമല്ലാത്ത സാഹചര്യത്തിൽ സൃഷ്ടിക്കപ്പെട്ട ആസ്തികൾ നേരിൽ പരിശോധിച്ചതിൽ നിന്നും കെട്ടിടങ്ങളും 8 നടപ്പാതകളും, ഒരു റോഡിന്റെ പാർശ്വഭിത്തി നിർമ്മാണം, മിനിസ്ട്രിയൽസ്റ്റാഫിനായി എസ്റ്റേറ്റിന്റെ ചുറ്റുമതിൽ നിർമ്മാണം, മിനിസ്റ്റേഡിയം സൈഡ് ഭിത്തി നിർമ്മാണം, ഒരു കുളത്തിന്റെ പാർശ്വഭിത്തി നിർമ്മാണം എന്നിവ നടന്നതായി കാണുന്നു. ഒരുതോടിന്റെ സൈഡ് കെട്ടൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഇതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തുന്നതിന് വേണ്ടി ടി നിർമ്മാണ പ്രവൃത്തികൾക്ക് മൊത്തത്തിൽ ചെലവായ സംഖ്യയും സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യവും ഒരു സാങ്കേതിക വിദഗ്ദ്ധ സമിതിയെക്കൊണ്ട് പരിശോധിപ്പിച്ച് കണ്ടെത്താവുന്നതാണെന്ന് ബോധിപ്പിക്കുന്നു. നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടവും വായനശാല കെട്ടിടവും അതാത് ആവശ്യത്തിന് ഉപയോഗിച്ച് വരുന്നു. 8 നടപ്പാതകളും ഒരു റോഡ് പാലവും ഉപയോഗിച്ചു വരുന്നതും ഇപ്പോഴും ഉപയോഗ യോഗ്യമായിട്ടുള്ളതും ആകുന്നു. 8 റോഡ് പ്രവൃത്തികളിൽ തുടർന്നും വികസന പ്രവർത്തനങ്ങൾ നടന്നതിനാലും കാലപ്പഴക്കമുള്ളതിനാലും പ്രവൃത്തി ചെയ്ത സമയത്തെ അവസ്ഥ ഇപ്പോൾ മനസ്സിലാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും ബോധിപ്പിക്കുന്നു. |

**ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ കീഴല്ലൂർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക**

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 178 3 | 2003-2004 | 3-13-16 | | 1996-97 മുതൽ 2001-02 വരെയുള്ള ആഡിറ്റ് റിപ്പോർട്ടുകൾ ഈ ആഫീസിൽ ലഭ്യമായിരുന്നില്ല. ആയത് ഉൾപ്പെടെയുള്ള എല്ലാറ്റും ഫയലുകൾ 24-5-2007 ന് ഈ ആഫീസിലെ മുൻ സെക്രട്ടറിയും ക്രമക്കേടുകൾക്ക് സസ്പെൻഷനിലുമായ ശ്രീ ബാലചന്ദ്രന്റെ വീട്ടിൽ നിന്നും കണ്ടെടുക്കുകയാണ് ചെയ്തത്. ടി കാലയളവിലെ ബന്ധപ്പെട്ട രജിസ്റ്ററുകളും, റിക്കാർഡുകളും എഴുതിസൂക്ഷിച്ചതായി കാണുന്നതിന് കഴിഞ്ഞിട്ടില്ല. ശ്രീ ബാലചന്ദ്രൻ 31-10-05 ന് സർവ്വീസിൽ നിന്ന് വിരമിക്കുകയും, ടിയാന്റെ പേരിലുള്ള അച്ചടക്ക നടപടികൾ തുടർന്നുവരുന്നതിനിടയിൽ ശ്രീ ബാലചന്ദ്രൻ 3-8-06 ന് മരണപ്പെടുകയും ചെയ്തു. ടിയാന് നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകുകയോ റിട്ടയർമെന്റ് ആനുകൂല്യം നൽകുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ മറ്റു തുടർനടപടികളൊന്നും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ള വിവരം സവിനയം ബോധിപ്പിച്ചുകൊള്ളുന്നു. |

# കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 197 | 2004-2005 | 3-13-1-3-1 | | 1996-97 മുതൽ 2001-02 വരെയുള്ള ആഡിറ്റ് റിപ്പോർട്ടുകൾ ഈ ആഫീസിൽ ലഭ്യമായിരുന്നില്ല. ആയത് ഉൾപ്പെടെയുള്ള ഏതാനും ഫയലുകൾ 24-8-2007 ന് ഈ ആഫീസിലെ മുൻ സെക്രട്ടറിയും ക്രമക്കേടുകൾക്ക് സസ്പെൻഷനിലുമായ ശ്രീ ബാലചന്ദ്രന്റെ വീട്ടിൽ നിന്നും കണ്ടെടുക്കുകയാണ് ചെയ്തത്. ടി കാലയളവിലെ ബന്ധപ്പെട്ട രജിസ്റ്ററുകളും, റിക്കാർഡുകളും എഴുതിസൂക്ഷിച്ചതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.<br>ശ്രീ ബാലചന്ദ്രൻ 31-10-06 ന് സർവ്വീസിൽ നിന്ന് വിരമിക്കുകയും, ടിയാന്റെ പേരിലുള്ള അച്ചടക്ക നടപടികൾ തുടർന്നു വരുന്നതിനിടയിൽ ശ്രീ ബാലചന്ദ്രൻ 3-8-08 ന് മരണപ്പെടുകയും ചെയ്തു. ടിയാന് നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകുകയോ റിട്ടയർമെന്റ് ആനുകൂല്യം നൽകുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ഒരു തുടർനടപടികളൊന്നും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ള വിവരം സവിനയം ബോധിപ്പിച്ചുകൊള്ളുന്നു. |

# കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 199-5 | 2004-2005 | 3-13-1-3-2 | | 1996-97 മുതൽ 2001-02 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ ഈ ആഫീസിൽ ലഭ്യമായിരുന്നില്ല. ആയത് ഉൾപ്പെടെയുള്ള ഏതാനും ഫയലുകൾ 24-5-2007 ന് ഈ ആഫീസിലെ മുൻ സെക്രട്ടറിയും ക്രമക്കേടുകൾക്ക് സസ്പെൻഷനിലുമായ ശ്രീ ബാലചന്ദ്രന്റെ വീട്ടിൽ നിന്നും കണ്ടെടുക്കുകയാണ് ചെയ്തത്. ടി കാലയളവിലെ ബന്ധപ്പെട്ട രജിസ്റ്ററുകളും, റിക്കാർഡുകളും എഴുതിസൂക്ഷിച്ചതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ശ്രീ ബാലചന്ദ്രൻ 31-10-05 ന് സർവ്വീസിൽ നിന്ന് വിരമിക്കുകയും, ടിയാന്റെ പേരിലുള്ള അച്ചടക്ക നടപടികൾ തുടർന്നു വരുന്നതിനിടയിൽ ശ്രീ ബാലചന്ദ്രൻ 3-8-06 ന് മരണപ്പെടുകയും ചെയ്തു. ടിയാന് നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകുകയോ റിട്ടയർമെന്റ് ആനുകൂല്യം നൽകുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ മറ്റു തുടർനടപടികളൊന്നും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ള വിവരം സവിനയം ബോധിപ്പിച്ചുകൊള്ളുന്നു. |

# കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 199 6 | 2004-2005 | 3-13-1-3-3 | | 1996-97 മുതൽ 2001-02 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ ഈ ആഫീസിൽ ലഭ്യമായിരുന്നില്ല. ആയത് ഉൾപ്പെടെയുള്ള എല്ലാന്നും ഫയലുകൾ 24-6-2007 ന് ഈ ആഫീസിലെ മുൻ സെക്രട്ടറിയും ക്രമക്കേടുകൾക്ക് സസ്പെൻഷനിലുമായ ശ്രീ ബാലചന്ദ്രന്റെ വീട്ടിൽ നിന്നും കണ്ടെടുക്കുകയാണ് ചെയ്തത്. ടി കാലയളവിലെ ബന്ധപ്പെട്ട രജിസ്റ്ററുകളും, റിക്കാർഡുകളും എഴുതിസൂക്ഷിച്ചതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ശ്രീ ബാലചന്ദ്രൻ 31-10-08 ന് സർവ്വീസിൽ നിന്ന് വിരമിക്കുകയും, ടിയാന്റെ പേരിലുള്ള അച്ചടക്ക നടപടികൾ തുടർന്നു വരുന്നതിനിടയിൽ ശ്രീ ബാലചന്ദ്രൻ 3-6-08 ന് മരണപ്പെടുകയും ചെയ്തു. ടിയാന് ലോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകുകയോ റിട്ടയർമെന്റ് ആനുകൂല്യം നൽകുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ മറ്റു തുടർനടപടികളൊന്നും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ള വിവരം സവിനയം ബോധിപ്പിച്ചുകൊള്ളുന്നു. |

# കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 7 | 2002-03 | V11.1.13.3 (1) | | 1998-1999 ലെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് പഞ്ചായത്തിൽ ലഭിച്ചതിനുശേഷം തടസ്സം സംബന്ധിച്ച റിപ്പോർട്ട് A588/02 പ്രകാരം 17-01-03 ന് സെക്രട്ടറിയായിരുന്ന ടി ദാമോദരന് അയച്ചുനൽകി. ആയതിന് ടി യാൾ 11-04-03 ന് മറുപടി നൽകിയിട്ടുണ്ട്. സെക്രട്ടറി തയ്യാറാക്കിയ പ്രഥമ മറുപടി 06-02-03 ന് A588/02 ആയി ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂരിന് സമർപ്പിച്ചിട്ടുണ്ട്. ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 18-01-03 എൽ എഫ് സി 114/519/02 പ്രകാരമുള്ള പുനരഭിപ്രായ കുറിപ്പിൽ തടസ്സം നീക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിൽ നടപടി സ്വീകരിച്ചിട്ടില്ല. 01-08-07 ന് കൃഷ്ണപിള്ള ചാരിറ്റബിൾ സൊസൈറ്റി സെക്രട്ടറിക്ക് നോട്ടീസ് നൽകിയതിൽ അടച്ചുനൽകിയ 41422/രൂപയ്ക്കുള്ള വൗച്ചർ ഹാജരാക്കുകയും ആയത് 21-04-08 ലെ പഞ്ചായത്ത് ഭരണസമിതിയുടെ 74/08 ലെ തീരുമാന പ്രകാരംഅംഗീകരിക്കുകയുംചെയ്തിട്ടുണ്ട്.തുടർന്ന് ഓഡിറ്റിൽ തടസ്സപ്പെടുത്തിയ 41422/ തുകയ്ക്കുള്ളവൗച്ചറുകൾ28-05-2008ലെ എ-732/08 കത്ത്പ്രകാരം കണ്ണൂർ ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്കും സമർപ്പിച്ചിട്ടുണ്ട്. |

മയ്യിൽ ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സ്ഥാപന ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് പാരഗ്രാഫ് നമ്പർ | | ഓഡിറ്റ് പരാമർശത്തിൻ മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 8 | 2002-03 | VII.1.13. 5(i) | | 15000/- രൂപയും പലിശ 1200/- രൂപയും [illegible]<br>Rt No:45704/52<br>12/10/2004 |
| 49 | 2002-03 | VII.1. 13. 5(ii) | | [illegible] 10/06/08 [illegible] 94/ 08-08 [illegible] 2007-08 [illegible] |

| | | | | |
|---|---|---|---|---|
| 10 | 2002-2003 | VII.113. 5(III) | | [illegible] 01/01/2004 [illegible] 17/05/2008 [illegible] 11473/- [illegible] 121/08-09 [illegible] |

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002 - 03
കൊളച്ചേരി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002-03 | VIII:3:9(F) VI.I.18.6(i) | 6. കൊളച്ചേരി ഗ്രാമപഞ്ചായത്ത് (1998 - 1999)<br>1. കമ്പ്യൂട്ടർ കോടിപ്പള്ളിൽ റോഡ് ടാറിംഗ് - അധിക ചെലവ്<br>2,20,000/- രൂപ പണി വിഹിതവും 17,000/- രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുന്ന അടങ്കൽ തുകയിലുള്ള പണി ഗുണഭോക്തൃ സമിതി ഏറ്റെടുക്കാൻ തയ്യാറാകാതിരുന്നതിനാൽ ഉപയോഗിച്ച ടാറിന്റെ മാർക്കറ്റ് വില പ്രകാരം ആവശ്യമായ സാധനസാമഗ്രികൾ കമ്പനി പ്രകാരമാണ് വാങ്ങി കൺവീനറുടെ നേതൃത്വത്തിൽ പഞ്ചായത്ത് നേരിട്ട് നിർവ്വഹിക്കുകയായിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിക്ക് ആവശ്യത്തിലധികം മെറ്റൽ (36 എം.എം., 12 എം.എം) വാങ്ങിയിട്ടുള്ളതായി ആഡിറ്റിൽ ബോദ്ധ്യപ്പെട്ടു. മാത്രവുമല്ല ഉപയോഗിച്ച ടാർ മാർക്കറ്റ് വില പ്രകാരമാണ് പ്രവൃത്തി നിർവ്വഹിക്കപ്പെട്ടതെങ്കിലും സാധനങ്ങൾ അംഗീകരിക്കപ്പെട്ട ക്വട്ടേഷൻ നിരക്ക് പ്രകാരം വാങ്ങി വില നൽകിയപ്പോൾ ക്രമപ്രകാരമുള്ള നികുതികൾ വസൂൽ ചെയ്യുകയുണ്ടായില്ല.<br>സാധനങ്ങൾ അധികമായി വാങ്ങിയ ഇനത്തിലുള്ള 18,730/- രൂപ വാങ്ങൽ നികുതി ഇനത്തിലെ 6,618 (വാങ്ങൽ നികുതി 5656+ കൈകാര്യ 962) എന്നിവ ഉത്തരവാദികളിൽ നിന്നും ഈടാക്കി ഫണ്ടിൽ അടവു വരുത്തണം. | തെറ്റുകൾക്ക് ഉത്തരവാദിയായ മുൻസെക്രട്ടറി പി.പി. മോഹനൻ നൽകിയ മറുപടി ലോക്കൽ ഫണ്ട് ഡയറക്ടർ അംഗീകരിക്കുകയുണ്ടായില്ല. ആയതിനാൽ മുൻ സെക്രട്ടറി പി.പി.മോഹനനിൽ നിന്നും 25367/- രൂപ തിരിച്ചുപിടിക്കുന്നതിന് ആർ ആർ നോട്ടീസിന് മുന്നോടിയായിട്ടുള്ള നോട്ടീസ് 27.9.06 ന് A1.285/02 പ്രകാരം ശ്രീ.മോഹനന് അയക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുക തിരിച്ചടക്കുന്നില്ലെങ്കിൽ ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുവാൻ ഗ്രാമപഞ്ചായത്ത് 27.9.06 ലെ 172/06 നമ്പർ പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. |

## കൊളച്ചേരി ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 11 | 2002-03 | VII·I·B·6(i) | | ബഹു. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 10-03-2004 LF 5885/സ്പെഷ്യൽ സെൽ (Sc-6) 2003 കത്ത് പ്രകാരം 98-99 സാമ്പത്തിക വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ശ്രീ. പി. പി. മോഹനൻ, സെക്രട്ടറിയുടെ പേരിൽ സ്വീകരിച്ച ചാർജ്, സർചാർജ് നടപടികൾ ടിയാന്റെ മറുപടി പ്രകാരം ലോക്കൽ ഫണ്ട് ഒഴിവാക്കിയിരിക്കുന്നു. |

# കൊളച്ചേരി ഗ്രാമപഞ്ചായത്ത്

| [illegible] | [illegible] | [illegible] | | [illegible] |
|---|---|---|---|---|
| 12 | 2003 2004 | 3.13.6 | | 04.06.2007 [illegible] 126/07 (2) [illegible] 25.03.08 [illegible] 879/2008/[illegible] 1999-2000 [illegible] 1,65,000 [illegible] 1,25,000 [illegible] |

# ഏരുവേശ്ശി ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൽ മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 13 | 2002-03 | VII.L.13.7(1) | | പ്രസ്തുത ഓഡിറ്റിന്റെ പ്രസക്തഭാഗം ഇംപ്ലിമെന്റ് ഓഫീസറായ വെറ്റിനറി സർജന് 16.12.02ന് എ1-1646/02 നമ്പറായി അയച്ചു കൊടുത്തു. എന്നാൽ പ്രസ്തുത ഇംപ്ലിമെന്റ് ഓഫീസർ 12.07.07 നാണ് ആയതിന് മറുപടി ഈ ആഫീസിൽ നൽകിയത്.<br>പ്രസ്തുത മറുപടിയിൽ, പഞ്ചായത്ത് തല മുൻഗണനാ ലിസ്റ്റിലുള്ള ആദ്യത്തെ 20 പേരിൽ ആർക്ക് വേണമെങ്കിലും ഗുണഭോക്തൃ വിഹിതം അടച്ച് പദ്ധതി പൂർത്തീകരിക്കുകയും ചെയ്യുന്ന മുറക്ക് ധനസഹായ തുക നൽകാവുന്നതാണെന്നും റിപ്പോർട്ടിൽ മെസ്സും വെച്ച 4 മുതൽ 8 വരെ ക്രമനമ്പരിലുള്ള ഗുണഭോക്താക്കൾ മേൽ പറഞ്ഞ പഞ്ചായത്ത് തല ഗുണഭോക്തൃ ലിസ്റ്റിൽ 20 നുള്ളിൽ വരുന്നതാണെന്നും അറിയിച്ചിരിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | | 20ശതമാനത്തിൽ വരുന്ന ഗുണഭോക്താക്കൾ ആനുകൂല്യം അധികം ആവശ്യമില്ലെന്ന് അറിയിച്ചതിനെതുടർന്ന് 04.03.99 ന് പഞ്ചായത്തിൽ പ്രസ്തുത പ്രോജക്ടിന്റെ ഗുണഭോക്താക്കളുടെ യോഗം വിളിച്ചു ചേർക്കുകയും ആയതിൽ പ്രസ്തുത ഗുണഭോക്താക്കൾ ആരും തന്നെ പങ്കെടുക്കാതിരിക്കുകയും ചെയ്തു. തുടർന്ന് വാർഷിക മിച്ചമായവ ഭേദഗതിയിൽ 20 നു ശേഷം 60 വരെയുള്ള വർക്ക് ഗുണഭോക്തൃവിഹിതം അടച്ച് കുഴിക്കാനും പൂർത്തിയാക്കി നിർവ്വഹണ ഉദ്യോഗസ്ഥന്റെ മുമ്പിൽ റിപ്പോർട്ട് ചെയ്യുന്ന മുറക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതിന് 45/99 (3) നമ്പർ 11-03-99 പഞ്ചായത്ത് തീരുമാനത്തിൽ മേൽനോട്ടത്തിന് നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിരുന്നു എന്നും വിശദീകരിച്ചിരിക്കുന്നു.<br><br>നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി പഞ്ചായത്ത് ഭരണ സമിതി 28.07.2007ൽ ചേർന്ന യോഗത്തിൽ വിശദമായി ചർച്ച ചെയ്ത് 185/07-)ം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. |

| | | | | |
|---|---|---|---|---|
| | | | | പ്രസ്തുത തീരുമാനവും വെറ്ററിനറി സർജന്റെ 18.07.07 ലെ റിപ്പോർട്ടും ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണ ഓഫീസ്, കണ്ണൂർ അവർകൾക്ക് അയച്ചു കൊടുത്തിരുന്നു. എന്നാൽ എൽ. എസ്. സി2/1458/07 dtd 20.02.08 കത്ത് പ്രകാരം സർക്കാരിൽ നടപടികൾക്കായി മൃഗസംരക്ഷണ ഡയറക്ടർ, തിരുവനന്തപുരം അവർകൾക്ക് അയച്ചു കൊടുക്കുന്നതിനാൽ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കണമെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പ്രശ്നത്തിൽ തിരുവനന്തപുരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് A-680/08 dt 02.06.08 കത്ത് പ്രകാരം അയച്ചു കൊടുത്തിട്ടുണ്ട്. |

## കോളയാട് ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സാമൂഹ്യ ഓഡിറ്റ് റിപ്പോർട്ട് | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 14 | 2002-2003 | VIII.III 8(1) | | [illegible] FerokeStandrd Tiles [illegible] 9.6.2008[illegible] 124/2008[illegible] |

| ക്രമനമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| z ട | 2002-2003 | VIII.B. 13 8.(ii) | | 13(ii)ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി<br><br>പഞ്ചായത്തിലെ കുളങ്ങളുടെ പ്രവർത്തനം മെച്ചപ്പെടു ത്തുന്നതിനു ,ഒരു ഹെക്ടർ വിസ്തൃതിയുള്ള 3 കുള ങ്ങൾ കണ്ടെത്തി വാങ്ങിച്ചതിൽ ധനനഷ്ടം നില നിൽക്കുന്നതായി ഇതുമൂലം കാണിച്ച് ചൂണ്ടിക്കാണിച്ചിരിക്കുന്നത് . പഞ്ചായത്തി നുള്ള നഷ്ടം ഉണ്ടായിട്ടില്ല പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിലൂടെ കോടതിക്ക് ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഭൂമി പരിശോധിച്ച് നഷ്ടം നികത്തുന്നതിനു വേണ്ടി പഞ്ചായത്തുകമ്മിറ്റിയുടെ 25.07.2007ലെ 131/07ാം നമ്പർതീരുമാനപ്രകാരം കോളയാട് ഗ്രാമപഞ്ചായ ത്തിന്റെ കീഴിൽപ്രവർത്തിക്കുന്ന കോളയാട് സാംസ്കാരികനിലയത്തിന് നൽകിയിട്ടുണ്ട് |

**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സമാഹൃത റിപ്പോർട്ടിന്മേൽ**
**പേരാവൂർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന**
**ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക**

| ക്രമനമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1/16 | 2002-03 | VII. 1 13.9 (i) | | സാഹചര്യങ്ങളെ വിലയിരുത്തിക്കൊണ്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അദ്ദേഹത്തിന്റെ 27-7-05 തീയതിയിലെ L.F4555 / സി3/ ഓഡിറ്റ്/ (എസ്.സി)/6/2005 നമ്പർ ഉത്തരവ് പ്രകാരം വി.ഇ.ഒ. ശ്രീ. രമേശന്റെ മേൽ ചുമത്തിയിരുന്ന 25000 രൂപയുടെ സർചാർജ്ജ് ബാധ്യതയിൽ നിന്ന് ടി. യാളെ ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>സാഹചര്യങ്ങളെ വിലയിരുത്തിക്കൊണ്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അദ്ദേഹത്തിന്റെ 27-7-05 തീയതിയിലെ L.F4555 / സി3/ ഓഡിറ്റ്/ (എസ്.സി)/6/2005 നമ്പർ ഉത്തരവ് പ്രകാരം എൻ. വി.ഇ. ഒ. ശ്രീമതി എ. ജി. ഇന്ദിരയുടെ മേൽ ചുമത്തിയിരുന്ന 119000 രൂപയുടെ സർചാർജ്ജ് ബാധ്യതയിൽ നിന്ന് ടി. യാളെ ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>(വി. ഇ. ഒ. ശ്രീ കെ. രമേശന്റെ പേരിൽ 25000 രൂപയുടെയും എൻ. വി. ഇ. ഒ. ശ്രീമതി ഇന്ദിരയുടെ പേരിൽ 119000 രൂപയുടെയും കൂടി ആകെ 144000 രൂപയുടെ ബാധ്യതയാണ് കണ്ണൂർ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ടിൽ കാണിച്ചിരുന്നത്. ആയത് ഓഡിറ്റ് റിപ്പോർട്ട് [illegible] 119000 രൂപ എന്ന് [illegible] പ്രകാരം 119000 രൂപ എന്ന് [illegible] 144000 രൂപ എന്ന് (25000+119000) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03 ലെ സമാഹൃത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. |

| ക്രമ നമ്പർ | ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | 2002–03 | VII 1 13.9 (i) | | [illegible] |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-2003-അഞ്ചരക്കണ്ടി ഗ്രാമ പഞ്ചായത്ത്

സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക.

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് പത്രിക | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് റിപ്പോർട്ടിൻ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 96 / 18 | 2002-2003 | VII- I 13(10)1 | | 1. ഓഡിറ്റ് റിപ്പോർട്ട് 22.10.2003 ലെ സമിതി യോഗ ത്തിൽ വച്ച് ചർച്ച ചെയ്തു.<br>2. ബന്ധപ്പെട്ട സെക്രട്ടറിയുടെ വിശദീകരണ റിപ്പോർട്ട് സഹിതം 15.10.2003 പ്രഥമ മറുപടി സമർപ്പിച്ചു.<br>3. സെക്രട്ടറിയുടെ പ്രഥമ മറുപടിയുടെ അടിസ്ഥാനത്തിൽ 18.6.2004 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ എഫ്. സി. 7/1617/03 നമ്പർ പുനരഭിപ്രായ കുറിപ്പിൽ ഖണ്ഡിക 26 ലെ ഓഡിറ്റ് വിഷയത്തിൽ വന്ന നഷ്ടം ഒഴിവാക്കിയിട്ടുണ്ട്. |

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സമാഹൃത റിപ്പോർട്ട് 200-2008

### തദ്ദേശസ്വയംഭരണ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പട്ടിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് പട്ടിക | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് റിപ്പോർട്ടിൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 20 19 | 2002-2003 | VII-13(10)1 | | 1. ഓഡിറ്റ് റിപ്പോർട്ട് 22.10.2008 ലെ ഭരണസമിതിയോഗം അംഗീകരിച്ചു.<br>2. ബന്ധപ്പെട്ട സെക്രട്ടറിയുടെ വിശദീകരണ റിപ്പോർട്ട് സഹിതം 18.10.2008 ൽ പ്രഥമ മറുപടി സമർപ്പിച്ചു.<br>3. സെക്രട്ടറിയുടെ പ്രഥമ മറുപടിയുടെ അടിസ്ഥാനത്തിൽ 18.08.2004 ലെ ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ എൻക്വയറി സി/1617/2008 നമ്പർ പത്ര ത്രൈമാസറിപ്പോർട്ടിൽ ഖണ്ഡിക 30ലെ ഓഡിറ്റ് വിഷയത്തിൽ വന്ന നഷ്ടം 12442 രൂപ ബാധ്യതയായി പരാമർശിച്ചിട്ടില്ല.<br>4. 12442രൂപ പഞ്ചായത്ത് ഫണ്ടിൽ അടക്കുന്നതിന് ഉത്തരവാദിയായ അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. സദാനന്ദൻ എന്നയാൾക്ക് 12.08.2007 A732/07 നമ്പർ കത്ത് മുഖേന നിർദ്ദേശിച്ചിട്ടുണ്ട്.<br>5. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും തുക ഈടാക്കി കിട്ടുന്നതിന് 12.08.2007 ലെ A 732/07 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക്, കണ്ണൂരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു. |

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ
ന്യൂമാഹി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന
ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| [illegible] | 20 -03 | VII – I 13 II (i) | | 1997-98 വർഷത്തെ ഉപാധിരഹിത ഫണ്ടുപയോഗിച്ച് നിർമ്മിച്ച പഞ്ചായത്ത് ഓഫീസ് കെട്ടിടം പൂർത്തിയായി 20-7-2000-ാം തിയ്യതി ഉദ്ഘാടനം ചെയ്തു. ഈ കെട്ടിടത്തിൽ തന്നെ അനുബന്ധ സ്ഥാപനങ്ങളായ കൃഷി, മൃഗസംരക്ഷണം, വില്ലേജ്-യുടെ ഓഫീസ്, കോൺഫറൻസ് ഹാൾ, ഹോമിയോ ഡിസ്പെൻസറി ഇവ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തി ഉപാധിരഹിത ഫണ്ടുപയോഗിച്ച് പ്രാദേശിക നിരക്കിൽ സാധനങ്ങളുടെ വിലയും കൂലിയും കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി പഞ്ചായത്ത് നേരിട്ട് ചിലവ് ചെയ്ത് പൂർത്തീകരിച്ചതാണ്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഓരോ ഐറ്റം പ്രവൃത്തി ചെയ്യുമ്പോൾ അത് അതാത് സമയം അളവ് പുസ്തകങ്ങളിൽ രേഖപ്പെടുത്തി തുക നൽകിയതായിട്ടാണ് കാണുന്നത്. അപ്രകാരം അളവ് പുസ്തകം നമ്പർ 1/98-99 ൽ പേജ് 2 മുതൽ 45 വരെയും അളവുപുസ്തകം നമ്പർ 3/98-99 ൽ പേജ് 1 മുതൽ 54 വരെയും അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. പേജ് നമ്പർ 56 |

| | | | | |
|---|---|---|---|---|
| | | | | മുതൽ 01 വരെ കൈമാറൽ ബില്ല് കൈപ്പറ്റിയിട്ടുണ്ടെങ്കിലും അപൂർണ്ണമാണ്. ആയതു പൂർത്തിയാക്കി പ്രവൃത്തിയുടെ ആകെ മൂല്യം കണക്കാക്കി.<br><br>ഡേറ്റാ ബേസ് പോർട്ടൽ സെക്യൂരിറ്റി സംബന്ധപ്പെട്ടതാണ് ഈ ഓഡിറ്റ് തടസ്സം പരിഹരിക്കാനുള്ള പ്രധാന തടസ്സം. അതിനുത്തരവാദി ഈ പ്രവൃത്തിയുടെ നിർവ്വഹണം നടത്തിയ ശ്രീമതി സി.പി. ഷൈജു ആം (റിട്ടയേർഡ് സെക്രട്ടറി), പ്രവൃത്തിയുടെ മെയിന്റനൻസ് റിക്കാർഡ് ചെയ്ത ഈ പഞ്ചായത്തിലെ മുൻ അപ്രന്റീസ് എൻജിനീയർ ശ്രീ. പി. ബിജോഷും, പിന്നീട് മെയിന്റനൻസ് നടത്തിയ ശ്രീ കെ. ഗോപാലൻ പഴയ ഗ്രേഡ് അസിസ്റ്റന്റ് എൻജിനീയർ (റിട്ടയേർഡ്) ചാല വെസ്റ്റ്, കണ്ണൂർ- 670007 എന്നിവരുമാണ്. ശ്രീമതി സി.പി. ഷൈജു ആം (റിട്ടയേർഡ് സെക്രട്ടറി) ഈ കാര്യം പലതവണ അറിയിച്ചിരുന്നുവെങ്കിലും മറുപടിയോ നടപടിയോ ഒന്നും ഉണ്ടായിട്ടില്ല. ഉടൻ അപാകത പരിഹരിച്ച് ഓഡിറ്റ് തടസ്സം പരിഹരിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>എന്നിരുന്നാലും, 20/07/2008-ാം തീയ്യതി ഉദ്ഘാടനം കഴിഞ്ഞതും ഇപ്പോൾ നിലവിൽ പ്രവർത്തിക്കുന്നതും [illegible] കോൺഫറൻസ് ഹാൾ എന്നിവയും |

| | | | | |
|---|---|---|---|---|
| | | | | തുടർന്നുള്ള നിലയിൽ പഞ്ചായത്തംഗങ്ങളും പ്രസിഡന്റും വരുന്ന ഈ കെട്ടിടത്തിന്റെ ആകെ മൂല്യവും നിർമ്മാണച്ചെലവിന്റെ മൂല്യവും തമ്മിൽ വ്യത്യാസം വരാനിടയില്ലെന്നാണ് പഞ്ചായത്തിന്റെ അഭിപ്രായം. ആയതിനാൽ ഈ കെട്ടിടത്തിന്റെ മൂല്യം നിർണ്ണയിച്ചു തരുന്നതിന് ബന്ധപ്പെട്ട LSGD എഞ്ചിനീയറിംഗ് വിഭാഗത്തോട് ആവശ്യപ്പെടുന്നതിന് 18/05/2008 ലെ 236/08 (10) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. അപ്രകാരം കെട്ടിടത്തിന്റെ മൂല്യം നിർണ്ണയിക്കപ്പെട്ടതിന് ശേഷം അതിനനുസൃതമായി ആഡിറ്റ് പരാമർശ വിഷയത്തിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള അനുവാദത്തിനു വേണ്ടി തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നതിനും പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. |

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻ മേൽ
ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ
ഉൾക്കൊള്ളുന്ന
ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 21 | 2003-2004 | 3.18.1.1 | | 18/07/08 ലെ എൽ എഫ് സി 9/231/04 നമ്പർ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ കത്ത് അഭിപ്രായ പ്രകാരം തടസ്സം ഒഴിവാക്കി. |
| 22 | 2003-2004 | 3.18.1.2 | | 18/07/08 ലെ എൽ എഫ് സി 9/231/04 നമ്പർ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ കത്ത് അഭിപ്രായ പ്രകാരം തിരികെ ലഭിച്ചു. സർട്ടിഫിക്കറ്റ് നടത്തിയ പരിശോധനകൾ ഹാജരാക്കണമെന്ന വ്യവസ്ഥ അനുസരിച്ച് തടസ്സം ഒഴിവാക്കി. |

| | | | | |
|---|---|---|---|---|
| 23 | -2004 | 3.12.13 | | [illegible] |
| 4<br>24 | 2003-2004 | 3.12.14 | [illegible] | [illegible] |

## ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് റിപ്പോർട്ടിൻ മേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 206 | 2004-2006 | 3.13.1.9.1 | | 19/07/06 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ,ഡെപ്യൂട്ടി ഡയറക്ടറുടെ എൽ.എഫ്.സി. 9/231/04 നമ്പർ പുനർ അഭിപ്രായപ്രകാരം തടസ്സം ഒഴിവാക്കി |

## കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്
## ന്യൂനത പരിഹാര പത്രിക

| ക്രമ നമ്പർ | ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1<br>26 | 2003-04 | 3:13:2 | | എസ്.എസ് 17/01/ ആസൂത്രണം (ഖണ്ഡിക 3(1)) 18-6-01 സർക്കാർ ഉത്തരവ് പ്രകാരം റിട്ട് ആനുകൂല്യങ്ങൾ ഗുണഭോക്തൃ സമിതി മുഖേന വേണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ വാർഡിലും ഗുണഭോക്തൃ സമിതി രൂപീകരിക്കാൻ അനുയോജ്യ ഗുണഭോക്താക്കൾ ഉണ്ടായിരുന്നില്ല. അടിയന്തര സന്ദർഭത്തിൽ അനുവദിച്ച ആനുകൂല്യം നഷ്ടപ്പെട്ടു പോകാതിരിക്കുന്നതിനും പഞ്ചായത്ത് തന്നെ സമിതി രൂപീകരിച്ചതിനാലും ഗുണഭോക്തൃ സമിതി മുഖേനയല്ലാതെ തന്നെ പ്രസ്തുത ആനുകൂല്യം അനുവദിച്ചിട്ടുണ്ടെങ്കിൽ പരാതിപ്പെടാൻ ഇടയില്ലെന്നും കണ്ടതിനാലും വ്യക്തികൾക്ക് തന്നെ ആനുകൂല്യം നൽകാൻ തന്നെ സമിതി തീരുമാനിക്കുകയായിരുന്നു. |

# കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്
## ന്യൂനത പരിഹാര പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 200 27 | 2004-2005 | 3:13:1:4:1 | | ഓഡിറ്റ് റിപ്പോർട്ട് വർഷത്തിൽ സർവ്വീസിൽ ഉണ്ടായിരുന്ന സെക്രട്ടറി പി. നാരായണൻ 31.03.2005 ന് സർവ്വീസിൽ നിന്ന് വിരമിച്ചു. അദ്ദേഹത്തിന്റെ ബാദ്ധ്യതാ സാക്ഷ്യപത്രത്തിൽ പ്രസ്തുത തുകയായ 2640 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. സംഖ്യ ഇതുവരെ കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. |

# ഉളിക്കൽ ഗ്രാമപഞ്ചായത്ത്
## (കണ്ണൂർ ജില്ല)

| | | | | |
|---|---|---|---|---|
| I<br>28 | 2003-04 | 3-13-3 | | 2001-02 വർഷം 9 കുഴൽകിണർ കുഴിക്കുന്നതിന് രണ്ട് പ്രോജക്ടുകൾ തയ്യാറാക്കി. ഭൂജലവകുപ്പ് സ്ഥലപരിശോധന നടത്തി കിണർ കുഴിക്കാൻ ഏഴ് സ്ഥലങ്ങൾ അനുയോജ്യമാണെന്ന് കണ്ടെത്തുകയും ആയതിന്റെ എസ്റ്റിമേറ്റ് തുകയായ 189879 രൂപ കെട്ടിവെയ്ക്കാൻ കത്ത് നൽകുകയും ചെയ്തു. എന്നാൽ പഞ്ചായത്തിന്റെ നിർദ്ദേശപ്രകാരം ഭൂജലവകുപ്പ് രണ്ട് സ്ഥലങ്ങൾ കൂടി അനുയോജ്യമാണെന്ന് കണ്ടെത്തുകയും ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. ആദ്യം അനുയോജ്യമാണെന്ന് കണ്ടെത്തിയ 7 കുഴൽകിണറുകളുടെ എസ്റ്റിമേറ്റ് തുക 189879 രൂപയും പിന്നീട് തയ്യാറാക്കിയ 2 കുഴൽകിണറുകളുടെ എസ്റ്റിമേറ്റ് തുക 54665 രൂപയും ഉൾപ്പെടെ 9 കുഴൽകിണറുകൾ നിർമ്മിക്കുന്നതിന് ഭൂജലവകുപ്പ് തയ്യാറാക്കിയ ആകെ എസ്റ്റിമേറ്റ് തുകയായ 244544 രൂപയാണ് പഞ്ചായത്ത് ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തത്. പിന്നീട് പ്രവൃത്തി നിർവ്വഹണ ഘട്ടത്തിൽ ടെണ്ടർ അധികം വന്ന 54243 രൂപ കൂടി ഒടുക്കാൻ ഭൂജല വകുപ്പ് നിർദ്ദേശിച്ചതനുസരിച്ച് 2002-03 വർഷം 54243 രൂ കൂടി പഞ്ചായത്ത് ഒടുക്കി. ആകെ പഞ്ചായത്ത് ഭൂജലവകുപ്പിൽ ഒടുക്കിയത് 298287 രൂപയാണ്. 8 കിണറുകൾ പൂർത്തീകരിച്ചു. ഭൂജലവകുപ്പ് നൽകിയ ചെലവ് പട്ടികപ്രകാരം 8 കിണറുകളുടെ ചെലവ് 273847 രൂപയാണ്. ചെലവഴിക്കാത്ത 24261 രൂപ ഭൂജലവകുപ്പ് തിരിച്ചടച്ചു. ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള 54665 രൂപ രണ്ടാമത് ഭൂജലവകുപ്പ് അനുയോജ്യമാണെന്ന് കണ്ടെത്തിയ രണ്ട് കുഴൽകിണറുകൾ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുകയാണ്. 8 കുഴൽ കിണറുകളും പ്രവർത്തനക്ഷമമാണ്. ഓഡിറ്റിൽ പരാമർശിച്ചത് പോലെ 54665 രൂ. അധികമായി ഒടുക്കിയിട്ടില്ല. പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്നിട്ടില്ല. 8 കുഴൽകിണറുകളും പ്രവർത്തനക്ഷമമാണ്. |

# ഇരിക്കൂർ ഗ്രാമപഞ്ചായത്ത്

| ക്രമനമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 29 | 2003-04 | 3-13-4 | | 2000-01വർഷത്തെ പരാതി വിഹിതത്തിൽ ഉള്ള ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിന്റെ 8ാം ഖണ്ഡികപ്രകാരമുള്ളഓഡിറ്റ് തടസ്സത്തിന്റെ ബന്ധപ്പെട്ട രേഖയുടെ പകർപ്പ് നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ [illegible] ടി.പി [illegible] (പി.ഒ) കണ്ണൂർ ജില്ല എന്നവർക്ക് 23-04-04-ലെ A 283/04 നമ്പർ കത്ത് പ്രകാരം നൽകിയിരുന്നു. ടിയാൾ ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം സംബന്ധിച്ച് 4-6-2004 ന് ഈ ആഫീസിൽ നൽകിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതിനാവശ്യമായരേഖകൾ ബന്ധപ്പെട്ടവരിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ആയത് ഹാജരാക്കുന്നതിന് അവസരം കൂടി നൽകണമെന്നും പറഞ്ഞിട്ടുണ്ട്. മറുപടി ഈ ആഫീസിലെ No A 283/04 നമ്പർ 8-6-04 ന്റെ കത്ത് സഹിതം ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് കണ്ണൂർ അവർകൾക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ആയതിന് പുനരഭിപ്രായ കുറിപ്പു ലഭിച്ചിട്ടില്ല. |

## പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| ~~196~~ 50 | 2003/04 | 3.13.5 | | ഓഡിറ്റ് പരാമർശിച്ച പ്രകാരം തുക എത്രയും പെട്ടെന്നു അടക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് ഖണ്ഡികയുടെ പകർപ്പ് സഹിതം മെമ്മോയും ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ശ്രീ.പി. ശ്രീധരനെ 16/04/2004 അറിയിച്ചിരുന്നു. പ്രസ്തുത കാര്യം പ്രഥമ മറുപടിയിൽ അറിയിച്ചിരുന്നു. എന്നാൽ നാളിതുവരെ ടിയാൻ മറുപടി ഒന്നും നൽകിയിട്ടില്ല.<br>ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 28/9/06 ലെ 1006/04നമ്പർ ഫർദർ റിമാർക്സ് പ്രകാരം സർച്ചാർജ് നടപടിയിലൂടെ തുക ഈടാക്കുന്നതിനു വേണ്ടി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് ശുപാർശ ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർച്ചാർജ് നോട്ടീസ് ലഭിച്ചിട്ടില്ല. |

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ
എരമത്തൊളി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക.

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിൻ മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 31 | 2003–04 | [redacted] 3-13.7 | ഉത്തരവ് ലംഘിച്ച് തയ്യൽ യന്ത്രം വിതരണം<br>തദ്ദേശ ഭരണ വകുപ്പിന്റെ 10.08.98 ലെ 37804/ പി.3/98 നമ്പർ സർക്കുലറിനു വിരുദ്ധമായി എരമത്തൊളി ഗ്രാമ പഞ്ചായത്ത് തയ്യൽ യന്ത്രം വിതരണം ചെയ്തു. 1998–99 മുതൽ ജനകീയാസൂത്രണ പദ്ധതിയിൽ തയ്യൽ യന്ത്രം വിതരണം ചെയ്യുന്നത് സർക്കാർ വിലക്കുന്നുണ്ട്. 22 തയ്യൽ യന്ത്രത്തിന്റെ വിലയായി 48180/ രൂപ പഞ്ചായത്ത് വിതരണക്കാരന് നൽകി. സ്റ്റോർ പർച്ചേസ് നിയമം പാലിച്ചിട്ടില്ല. കുറഞ്ഞ വില 1980.36 രൂപയുടെ ക്വട്ടേഷൻ അകാരണമായി തള്ളി 2190/ രൂപ വിലക്കാണ് യന്ത്രം വാങ്ങിയത്. മാത്രമല്ല പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. സർക്കാർ ഉത്തരവിന്റെ ലംഘനമായതിനാൽ ചെലവ് നിയമ വിരുദ്ധമാണ്. നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും തുക ഈടാക്കണം. | നിലവിലുള്ള വസ്ത്ര നിർമ്മാണ യൂണിറ്റ് വിപുലീകരിച്ച് വനിതകൾക്ക് കൂടുതൽ തൊഴിലവസരം ഉണ്ടാക്കുക എന്നതായിരുന്നു പ്രോജക്ട് കൊണ്ട് ഉദ്ദേശിച്ചത്. ദാരിദ്ര്യ രേഖക്ക് താഴെയുള്ളതും സാമ്പത്തിക സ്ഥിതി വളരെ മോശപ്പെട്ടതുമായ 22 വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം ചെയ്യാനും അവർ വീട്ടിൽ വെച്ച് ഉണ്ടാക്കുന്ന വസ്ത്ര ഉൽപന്നങ്ങൾ കുടുംബശ്രീ സംഘടനയായ പ്രസ്തുത വനിതാ വസ്ത്രനിർമ്മാണ യൂണിറ്റിലൂടെ വിറ്റഴിക്കാനുമാണ് പ്രോജക്ട് തയ്യാറാക്കിയത്. ഗ്രാമസഭ അംഗീകരിച്ചവർക്കാണ് തയ്യൽ മെഷീൻ വിതരണം ചെയ്തത്. ഇവർ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ മാർക്കറ്റ് ചെയ്യുന്നതിൽ പ്രവൃത്തി പരിചയക്കുറവ് കാരണം സ്ഥാപനത്തിന് കഴിഞ്ഞില്ലെങ്കിലും ഇന്നും ഗുണഭോക്താക്കളായ ടി വനിതകൾ ഈ തയ്യൽ മെഷീനുകൾ ഉപയോഗിച്ചു തന്നെയാണ് ജീവിത മാർഗ്ഗം കണ്ടെത്തുന്നത്. സ്ഥാപനം ഇപ്പോൾ നിലവിലില്ല. ഗുണമേന്മ ഉള്ള മെഷീനുകൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടിയാണ് കൂടുതൽ നിരക്ക് കാണിച്ച ക്വട്ടേഷൻ പ്രകാരം മെഷീൻ വാങ്ങിയത്. ആയത് സംബന്ധിച്ച് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി 11.6.2008 ലെ 98/08 നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. |

## പയ്യാവൂർ പഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 32 | 2003-04 | 3.13.8 | | നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ഗ്രാമ സഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ പട്ടികയിലെ മുൻഗണനാക്രമം അനുസരിച്ചാണ് പദ്ധതി നിർവ്വഹണം നടത്തിയതെന്നും ഗുണഭോക്തൃ പട്ടിക സംബന്ധിച്ച് യാതൊരു തരത്തിലുള്ള ഉത്തരവാദിത്വവും തനിക്കില്ലെന്ന് കാണിച്ച് മറുപടി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി 15-10-2004 ലെ പഞ്ചായത്ത് ഭരണ സമിതി 185/04 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്തിലെ കർഷകരെ ഗ്രാമ സഭയിലൂടെ കണ്ടെത്തി സബ്സിഡി ഉപയോഗപ്പെടുത്തി മെച്ചപ്പെട്ട കാർഷിക അന്തരീക്ഷം യഥാസമയങ്ങളിൽ ഉണ്ടാക്കുവാൻ സാധിക്കുന്ന കർഷകർക്കാണ് സബ്സിഡി നൽകിയത്. ടി കർഷകരെല്ലാം ചെറുകിട കർഷകരാണ്. പ്രതിസന്ധിയിലായ കർഷകരിൽനിന്നും തുക തിരിച്ചുപിടിക്കുക പ്രായോഗികമല്ലാത്തതിനാൽ നടപടി സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ തുടർ നടപടി ഒഴിവാക്കിത്തരണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു. |

| | | | | |
|---|---|---|---|---|
| | | | | 31-08-2006 ൽ ഈ ഓഫീസിൽ നിന്ന് അയച്ച എ/06 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് സെക്രട്ടറി ജില്ലാ എഞ്ചിനീയറിംഗ് ലേബർ കോൺട്രാക്ട് സൊസൈറ്റി, പൊടിക്കുണ്ട്, കണ്ണൂർ എന്ന സ്ഥാപനത്തിനോട് ഷെയർ സംഖ്യ തിരിച്ചടക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിൽ നിന്ന് 18-09-2006 ന് ലഭിച്ച മറുപടിയിൽ സംഘത്തിന്റെ കണക്ക് പുസ്തകത്തിൽ 10,000 രൂപ ഗ്രാന്റായാണ് വകയിരുത്തിയതെന്നതുകൊണ്ടും സഹകരണ വകുപ്പ് ആഡിറ്റ് കഴിഞ്ഞതിനാലും ടി തുക തിരിച്ചു നൽകാൻ നിർവ്വാഹമില്ലെന്ന് അറിയിച്ചിട്ടുണ്ട്. പട്ടുവം ഗ്രാമ പഞ്ചായത്തിന്റെ 98-99 വർഷത്തെ വികസന പ്രോജക്ടുകളിൽ പ്രോജക്ട് നമ്പർ 12 ആയി കണ്ണൂർ ജില്ല എഞ്ചിനീയറിംഗ് ലേബർ കോൺട്രാക്ട് സൊസൈറ്റി എന്ന പ്രോജക്ടിനുവേണ്ടി 10,000 രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതി 15-10-98 ൽ ചേർന്ന പഞ്ചായത്ത് ഭരണസമിതി 88/98 നമ്പർ ആയി അംഗീകരിച്ചിട്ടുണ്ട്. ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ഒ നപ്പെട്ടുപോയ വിവരം ബോധിപ്പിക്കുന്നു. പ്രസ്തുത തുക ലേബർ കോൺട്രാക്ട് സൊസൈറ്റിയിൽനിന്ന് ഈടാക്കിയെടുക്കുന്നതിന് കോഓപ്പ: ജോയിന്റ് രജിസ്ട്രാർ കണ്ണൂർ പേർക്ക് 25-09-07 ന് എ. 1043/04 ആയി കത്ത് നൽകിയിട്ടുണ്ട്. |

## പയ്യാവൂർ പഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക പേജ് | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി . |
|---|---|---|---|---|
| 33 | 2004–05 | 3.13.1.2.1 | | സാങ്കേതിക വൈദഗ്ധ്യം വളരെയേറെ വേണ്ടി വരുന്നതിനാൽ പഞ്ചായത്ത് നേരിട്ട് ചെയ്യുന്നത് പ്രായോഗിക വിഷമങ്ങൾ സൃഷ്ടിക്കുമെന്നതിനാൽ 11-12-01ലെ 144/01 (1) നമ്പർ പഞ്ചായത്ത് തീരുമാന പ്രകാരമാണ് പഞ്ചായത്ത് ബൈപാസ് റോഡ് നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് തീരുമാനിച്ചത്.<br>എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 30% തുക അധികം നല്കിയിട്ടില്ല. മേൽ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് അളവിനേക്കാൾ കൂടുതൽ പണി ആവശ്യമായി വരികയും പുതുക്കിയ എസ്റ്റിമേറ്റ് നിരക്കിൽ ബന്ധപ്പെട്ട എഞ്ചിനീയർ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയും, ആയതിന് BLTC യുടെ അംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു. |

തുടർച്ച

| | | | | |
|---|---|---|---|---|
| | | | | വിവിധ നികുതിയിനങ്ങളിൽ കരാറുകാരനിൽനിന്നും പിടിക്കാനുള്ള നികുതിയിൽ 21686/-രൂപ കരാറുകാരന്റെ ഡെപ്പോസിറ്റ് ഇനത്തിൽവെച്ച തുകയിൽനിന്നും പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടുണ്ട്.<br>SGRY പദ്ധതി പ്രകാരം അംഗീകാരം ലഭിച്ച ആക്ഷൻ പ്ലാൻ പ്രകാരമാണ് പ്രസ്തുത പ്രവൃത്തിക്ക് അരി നൽകിയത്. ആയതിന് കിലോഗ്രാമിന് 7 രൂപ പ്രകാരം കരാറുകാരനിൽനിന്നും വസൂലാക്കിയിട്ടുണ്ട്.<br>പ്രസ്തുത പ്രവൃത്തിയുടെ തുടക്കത്തിൽ ഉണ്ടായിരുന്ന സെക്രട്ടറി ശ്രീ. എം. കെ. ഭാസ്കരൻ മരണപ്പെട്ടുപോയിരിക്കുകയാണ്. പിന്നീട് വന്ന സെക്രട്ടറി ശ്രീമതി സ്റ്റെല്ല കാമി ഇപ്പോൾ സർവ്വീസിൽനിന്നും വിരമിച്ചു. ടിയാന്റെ DCRG ഇതുവരെ നൽകിയിട്ടില്ല. ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കികിട്ടുന്നതിന് ശ്രീമതി. സ്റ്റെല്ല കാമി ഗവൺമെന്റിലേക്ക് ബി2 3271/05 നമ്പറായി 19-08-07ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 34 | 2004-05 | 3.12.1.2.2 | | 31-08-2006-ൽ ഈ ഓഫീസിൽ ലഭിച്ച A/06 കത്ത് പ്രകാരം പഞ്ചായത്ത് സെക്രട്ടറി ജില്ലാ എഞ്ചിനീയറിംഗ് ലേബർ കോൺട്രാക്ട് സൊസൈറ്റി, പൊടിക്കുണ്ട് കണ്ണൂർ എന്ന സ്ഥാപനത്തിലേക്ക് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ടി. സ്ഥാപനത്തിൽനിന്ന് 19-09-2006ന് ലഭിച്ച മറുപടി ഇതോടൊപ്പം അയക്കുന്നു. പയ്യാവൂർ ഗ്രാമപഞ്ചായത്തിന്റെ 98-99 വർഷത്തെ വികസന പ്രോജക്ടുകളിൽ പ്രോജക്ട് നമ്പർ 12 ആയി കണ്ണൂർ ജില്ലാ എഞ്ചിനീയറിംഗ് ലേബർ കോൺട്രാക്ട് സൊസൈറ്റി എന്ന പ്രോജക്ടിനുവേണ്ടി 60,000/- രൂപ നീക്കിവച്ചിട്ടുണ്ട്. ടി പദ്ധതി 15-10-98 ചേർന്ന പഞ്ചായത്ത് ഭരണസമിതിയുടെ 66/98 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചതാണ്. തെളിവുകൾ ഇതോടൊപ്പം സമർപ്പിക്കുന്നു. ഉത്തരവാദിയായ ഉദ്യോഗസ്ഥൻ മരണപ്പെട്ടുപോയ വിവരം അറിയിക്കുന്നു. പ്രസ്തുത തുക ലേബർ കോൺട്രാക്ട് സൊസൈറ്റിയിൽ നിന്നും ഈടാക്കിത്തരുന്നതിന് കോ-ഓപ്പ് ജോയിന്റ് രജിസ്ട്രാർ കണ്ണൂർ പേർക്ക് 26-09-07ന് എ 1043/04 ആയി കത്ത് നൽകിയിട്ടുണ്ട്. |

## കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 95 | 2003–04 | 2.12.9 | | പരാമർശത്തിലുള്ള ഓഡിറ്റ് റിപ്പോർട്ട് പ്രകാരം23679/-രൂപയാണ് പഞ്ചായത്ത് തിരിച്ചടക്കേണ്ടതായിട്ടുണ്ടായിരുന്നത്. ഇതിന് പഞ്ചായത്ത് നൽകിയ പ്രാഥമിക മറുപടിയുടെ അടിസ്ഥാനത്തിൽ, തിരിച്ചടക്കേണ്ട തുക 5903 രൂപയായി കുറച്ചു തന്നിട്ടുണ്ട്. ഇതിൽ ശ്രീ കെ. വാസു, എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതെന്നു നിർദ്ദേശിച്ച 339/- രൂപ 12/09/07 ാം തീയതി 88883/90 നമ്പർ രസീത് പ്രകാരവും ശ്രീമതി കെ. ഉമാവതി എഞ്ചിനീയർ, പാറശ്ശിനിക്കടവ്, എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതെന്ന് നിർദ്ദേശിച്ച 5564/-രൂ 2/07/08 ാം തീയതി 27092/83 നമ്പർ രസീത് പ്രകാരവും ഈ പഞ്ചായത്തിൽ തിരിച്ചടച്ചിട്ടുണ്ട്. മേൽ പ്രകാരം, ഓഡിറ്റ് പാര 8 ൽ പരാമർശിച്ച 5903/- രൂപയും തിരിച്ചടച്ചിട്ടുണ്ട് എന്ന് ബോധിപ്പിക്കുന്നു. |

## പിണറായി ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശ വിഷയത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 36 | 2003-2004 | 3-13-10(1) | | 1999-2000 വർഷത്തിൽ ജില്ലാ ആസൂത്രണസമിതിയിൽ നിന്നും അംഗീകാരം ലഭിച്ച സമഗ്രവിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സ്കൂൾ കുട്ടികൾക്ക് യൂനിഫോറം വിതരണം ചെയ്തത് എന്നും, ആയത് കുട്ടികൾക്ക് വിതരണം ചെയ്യുകയും കൈപ്പറ്റ് രശീതി വാങ്ങി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ടെന്നും ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്നും അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥനുമായ ശ്രീ. പി.കെ.കുഞ്ഞി കൃഷ്ണൻ, വിശദീകരണം നൽകിയിട്ടുണ്ട്. 06-04-1999 ലെ എം.എസ് 20/99 നമ്പർ ഉത്തരവ് പ്രയോജനപ്പെടുത്തിയതിനാലും, സദുദ്ദേശത്തോടെ ചെയ്ത ചെലവായതിനാലും ആയതിന്റെ ആനുകൂല്യം ബന്ധപ്പെട്ട ഗുണഭോക്താക്കൾ അനുഭവിച്ചതിനാലും ഓഡിറ്റ് തടസ്സപ്രകാരമുള്ള ചെലവ് സാധൂകരിക്കുന്നതിനും, സർചാർജ്ജ് നടപടി ഒഴിവാക്കുന്നതിനും ബഹു: കേരള സർക്കാരിനോട് അപേക്ഷിക്കുന്നതിന് പഞ്ചായത്ത് തീരുമാനിക്കുകയും, അത്പ്രകാരം 1-08-2007 ന് എ-1034/2003 നമ്പരായി പ്രൊപ്പോസൽ തയ്യാറാക്കി (ഉചിതമാർഗ്ഗേന) സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ബഹു പഞ്ചായത്ത് ഡയറക്ടറുടെ 11-07-07 ലെ എച്ച് 1-21344/07 നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ നിയമസഭാ സമിതിയുടെ പരിഗണനയിലിരിക്കുന്ന ഓഡിറ്റ് തടസ്സങ്ങളിൽ സാധൂകരണത്തിനായി ഗവൺമെന്റിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കരുതെന്ന നിർദ്ദേശം നിലവിലുള്ളതിനാൽ പ്രൊപ്പോസൽ ശുപാർശ ചെയ്യാതെ പഞ്ചായത്ത് അസി.ഡയറക്ടർ തിരിച്ചയച്ചിരിക്കുന്നു. |

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശ വിഷയത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 37 | 2003-2004 | 3-12-18(2) | | 1999-2000 വർഷത്തിൽ ജില്ലാ ആസൂത്രണസമിതിയിൽ നിന്നും അംഗീകാരം ലഭിച്ച പട്ടികജാതിക്കാർക്ക് വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകുന്ന പ്രോജക്ട് നിർവ്വഹണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റിൽ വന്ന തടസ്സം ഒഴിവാക്കുന്നതിന് അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥനുമായ ശ്രീ. പി കെ കുഞ്ഞികൃഷ്ണൻ, ഒരു [illegible] സമർപ്പിച്ചിരുന്നു. ആയത് ഭരണ വകുപ്പിന്റെ 14-10-1999 ലെ (പി) 200/99 ഉത്തരവ് പ്രസിദ്ധപ്പെടുത്തിയതിനാലും, ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച പ്രോജക്ട് പഞ്ചായത്ത് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹണം നടത്തിയതെന്നും ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും അവർക്കത് ലഭിക്കുകയും ചെയ്തിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും, ഓഡിറ്റ് തടസ്സപ്രകാരമുള്ള ചെലവ് സാധൂകരിക്കുന്നതിന് 01-06-2007 ന് എ-1834/2003 നമ്പരായി പ്രൊപ്പോസൽ സർക്കാരിലേക്ക് (ഉപഡയറക്ടർ മുഖേന) സമർപ്പിച്ചിരുന്നു. എന്നാൽ ബഹു. പഞ്ചായത്ത് ഡയറക്ടറുടെ 11-07-07 ലെ എച്ച് 1-21344/07 നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ നിയമസഭാ സമിതിയുടെ പരിഗണനയിലിരിക്കുന്ന ഓഡിറ്റ് തടസ്സങ്ങൾ സാധൂകരണത്തിനായി ഗവൺമെന്റിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കരുതെന്ന നിർദ്ദേശം നിലവിലുള്ളതിനാൽ പ്രൊപ്പോസൽ ശുപാർശ ചെയ്യാതെ പഞ്ചായത്ത് അസി.ഡയറക്ടർ തിരിച്ചയച്ചിരിക്കുന്നു. |

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശ വിഷയത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 38 | 2003-2004 | 3-13-10(3) | | നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ടി വിഷയം ഭരണ സമിതി ചർച്ച ചെയ്തിരുന്നു. ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പിന്റെ 3-04-2000 ലെ എം.എസ് 17/2000 ഉത്തരവ് ശ്രദ്ധയിൽപ്പെടാത്തതിനാലും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പ്രോജക്ട് പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹണം നടത്തിയതെന്ന് ബോദ്ധ്യപ്പെട്ടതിനാലും, അധികരിച്ച നൽകിയ സബ്സിഡി പ്രീമിയർ യൂണിറ്റിന് വിതരണം ചെയ്തതിനാലും ഓഡിറ്റ് തടസ്സപ്രകാരമുള്ള ചെലവ് സാധൂകരിക്കുന്നതിന് ബഹു.കേരള സർക്കാരിന് ഉചിത മാർഗ്ഗേന 11-06-2007 തീയതിയിലെ എ 1034/07(2) നമ്പർ കത്ത് പ്രകാരം ഉചിത മാർഗ്ഗേന പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ ബഹു. പഞ്ചായത്ത് ഡയറക്ടറുടെ 11-07-07 ലെ ഇ1 1-21944/07 നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ നിയമസഭാ സമിതിയുടെ പരിഗണനയിലിരിക്കുന്ന ഓഡിറ്റ് തടസ്സങ്ങൾ സാധൂകരണത്തിനായി ഗവൺമെന്റിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കേണ്ടതില്ലെന്ന നിർദ്ദേശം ലഭിച്ചിട്ടുള്ളതിനാൽ പ്രൊപ്പോസൽ ശുപാർശ ചെയ്യാതെ പഞ്ചായത്ത് അസി.ഡയറക്ടർക്ക് തിരിച്ചയച്ചിരുന്നു. |

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശം വിഷയത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 39 | 2003-2004 | 3-13-10(4) | | നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ടി വിഷയം ഉപസമിതി ചർച്ച ചെയ്തിരുന്നു. ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പിന്റെ 3-04-2000 ലെ എം.എസ് 17/2000 ഉത്തരവ് പ്രതിപാദിച്ചിട്ടുള്ളതനുസരിച്ചും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പ്രോജക്ട് പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹണം നടത്തിയതെന്ന് ബോധ്യപ്പെട്ടിട്ടുള്ളതും, വികസന ഫണ്ടിന്റെ പ്രമാണത്തിന് നൽകിയതും എസ്.സി. വിദ്യാർത്ഥികൾക്ക് ട്യൂഷൻഫീസ് നൽകിയതിനും ഓഡിറ്റ് തടസ്സപ്രകാരമുള്ള ചെലവ് സാധൂകരിക്കുന്നതിന് ബഹു.കേരള സർക്കാരിന് ഉപസമർപ്പിച്ച 11-06-2007 തീയതിയിലെ എ 1834/03(2) നമ്പർ കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ ബഹു പഞ്ചായത്ത് ഡയറക്ടറുടെ 11-07-07 ലെ എച്ച് 1-21344/07 നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ നിയമസഭാ സമിതിയുടെ പരിഗണനയിലിരിക്കുന്ന ഓഡിറ്റ് തടസ്സങ്ങളിൽ സാധൂകരണത്തിനായി ഗവൺമെന്റിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കരുതെന്ന നിർദ്ദേശം നിലവിലുള്ളതിനാൽ പ്രൊപ്പോസൽ ശുപാർശ ചെയ്യാതെ പഞ്ചായത്ത് അസി.ഡയറക്ടർ തിരിച്ചയച്ചിരുന്നു. |

തില്ലങ്കേരി ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് റിപ്പോർട്ടിൽ സ്വീകരിച്ച നടപടികൾ |
| --- | --- | --- | --- | --- |
| [illegible] | 2003–2004 | 3–13–11–1 | | ഉത്തരവാദിയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായ ശ്രീ . ഇ.വി.നാരായണൻ എന്നവർ ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂർ അവർകൾക്ക് സമർപ്പിച്ച പ്രഥമ മറുപടി പ്രകാരം പുറപ്പെടുവിച്ച പുനരഭിപ്രായക്കുറിപ്പിൽ ഒന്നും ശിപാർശയിട്ടില്ല. ഉൽപ്പാദിപ്പിക്കപ്പെട്ട ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിലുണ്ടായ പരാജയം കാരണം പ്രോജക്ടിൽ ഉദ്ദേശിച്ച ലക്ഷ്യം നേടാൻ കഴിഞ്ഞില്ല. അതുപോലെ സംഘത്തിനുണ്ടായ ഭീമമായ നഷ്ടം കാരണം ഉപഭോക്താക്കൾ ഉപേക്ഷിച്ചുപോകുകയാണുണ്ടായത്. |

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | ഓഡിറ്റ് ഖണ്ഡികം നമ്പർ | | ഓഡിറ്റ് റിപ്പോർട്ടിൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 1 | 3-4 | 3-13-11-2 | | 4-11-05 ലെ ലോക്കൽഫണ്ട് ഓഡിറ്റർ ഡയറക്ടറുടെ ഉത്തരവ് പ്രകാരം സർച്ചാർജ്ജ് നടപടിയിൽ നിന്ന് ഒഴിവാക്കി. ഉത്തരവ് നമ്പർ എൽ.എസ്.18808 തീയ്യതി 4-11-05. |

ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗത്തിന്റെ സമാഹൃത റിപ്പോർട്ടിന്മേൽ
കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2003–04 | 03.13.12 | | ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. കെ. കുഞ്ഞിക്കണ്ണൻ എന്നവരുടെ 21.05.07ാം തിയതിയിലെ കത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക ഈടാക്കുന്നതിന് 29.05.2007 നും 01.06.2007 നും കണ്ണൂർ ജില്ലാ എഞ്ചിനീയറിംഗ് ലേബർ കോൺട്രാക്റ്റ് സൊസൈറ്റിക്ക് നോട്ടീസ് അയച്ചു. 29.05.07ാം തിയതിയിലെ കത്ത് 02.06.07 നും 01.06.2007ാം തിയതിയിലെ കത്ത് 10.06.07 ന് കൈപ്പറ്റി. മറുപടി ലഭിക്കാത്തതിൽ 11.9.07 ലെ എ 463/07 നമ്പർ കത്തു പ്രകാരം തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് വേണ്ടി രജിസ്ട്രാർ ഓഫ് കോ ഓപ്പറേറ്റീവ് സൊസൈറ്റീസ് തിരുവനന്തപുരത്തിന് അപേക്ഷിച്ചിട്ടുണ്ട്. മറുപടി ലഭിക്കാത്തതിനാൽ 12.6.08 ന് ഓർമ്മക്കുറിപ്പ് അയച്ചു. മറുപടി ലഭിക്കാത്തതിനാൽ നിർവഹണ ഉദ്യോഗസ്ഥനായ ശ്രീ.കെ.കുഞ്ഞിക്കണ്ണൻ എന്നവരുടെ പേരിൽ റവന്യൂറിക്കവറി നടപടി സ്വീകരിക്കാതിരിക്കാൻ കാരണം ബോധിപ്പിക്കാൻ ഈ ആഫീസിലെ 20.6.08 ലെ എ 463/07 നമ്പർ കത്തു പ്രകാരം ടിയാനെ അറിയിച്ചു. ടിയാന്റെ 21.6.08 ലെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റിൽ തടസ്സപ്പെടുത്തിയ 50,000 രൂപ സൊസൈറ്റിയിൽ നിന്നും ഈടാക്കുന്നതിനും പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനും 24.6.2008 ലെ 133/08 നമ്പർ തീരുമാനപ്രകാരം ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്.<br>ആയത് പ്രകാരം ജില്ലാകലക്ടർക്ക് 30.5.2008 ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സൊസൈറ്റിയിൽ നൽകിയ 50,000 രൂപയ്ക്ക് 19/12/1999 തീയ്യതിയിലെ 002664 നമ്പർ ഡ്യൂപ്ലിക്കേറ്റ് രസീതി ലഭിച്ചിട്ടുണ്ട്. |

ലോക്കൽ ഫണ്ട് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2003 - 04)മേൽ

പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് പത്രിക | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് റിപ്പോർട്ടിൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1<br>43 | 2003–2004 | 3.13.13 | | ഓഡിറ്റ് പരാമർശത്തിന്റെ കോപ്പി സഹിതം 26.4.2004ന് അപാകത പരിഹരിക്കുന്നതിനായി ശ്രീ.കെ.ശ്രീധരൻ അസിസ്റ്റന്റ് എൻജിനീയർ പി.ഡബ്ല്യു.ഡി. എന്നവർക്ക് അറിയിപ്പ് നൽകുകയുണ്ടായി. ഡയറക്ടർ ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം അവർകളുടെ 22.7.2009 എൽ.എഫ്.20387 സ്പെഷൽ സെൽ/എസ്.സി. 8/04ലെ ഓഡിറ്റ് കത്ത് പ്രകാരം 2001–02 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട 14 (1) 14. (2) ഖണ്ഡികകൾ പ്രകാരമുള്ള സർചാർജ്ജ് നടപടികളിൽ നിന്ന് ശ്രീധരനെ ഒഴിവാക്കിയിട്ടുണ്ട്. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഇതേ ഓഡിറ്റ് വർഷത്തെ സമാനസ്വഭാവമുള്ള ഖണ്ഡിക 15ലെ പരാമർശം 2003–04 വർഷത്തെ സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ബഹു നിയമസഭാസമിതിയുടെ തീരുമാനത്തിന് അനുസൃതമായി മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന വിവരവും പ്രസ്തുത നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ബഹുമാനപ്പെട്ട നിയമസഭാ സമിതിയുടെ നിർദ്ദേശമനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ ആലക്കോട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക.

| ക്രമനമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2003 - 2004 | 3 . 13,14 | | **ജലസേചന പദ്ധതി : കുളം നിർമ്മാണം**<br><br>(1) ആറാട്ടുകടവ് ജല സേചനം, കുളം-നിർമ്മാണം<br><br>കുളം നിർമ്മിക്കുകയും അതോടൊപ്പം പമ്പ് സെറ്റും അനുബന്ധ സാധനങ്ങളും വാങ്ങിക്കുകയും ചെയ്തു. എന്നാൽ ആവശ്യത്തിന് ജല ലഭ്യമല്ലാത്തതിനാൽ പഞ്ചായത്തിന്റെ 20.12.2004 ലെ 91/04 (9) നമ്പർ തീരുമാനപ്രകാരം ഉപേക്ഷിക്കുകയും പമ്പ് സെറ്റും പൈപ്പും അനുബന്ധ സാധനങ്ങളും പഞ്ചായത്തോഫീസിൽ കൊണ്ടുവന്നു സൂക്ഷിക്കുകയും പഞ്ചായത്തിന്റെ 29/11/07 -ലെ 88/07-00 നമ്പർ തീരുമാനപ്രകാരം പുതിയ കുടിവെള്ള പദ്ധതികളായ തെള്ളിപ്പാറ, നരിയൻപാറ എന്നീ പദ്ധതികൾക്കു വേണ്ടി പൈപ്പുകളും മറ്റും വിതരണം ചെയ്തു.<br><br>2. കരുക്കൽ കുളം നിർമ്മാണം<br><br>പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| **3. ആമക്കുന്ന് കുളം നിർമ്മാണം.**<br>കുളം നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. നന്നായി പ്രവർത്തിച്ചു വരുന്നു.<br>**4. വായം തണ്ണി കുളം നിർമ്മാണം**<br>ജല ലഭ്യതയില്ലാത്തതിനാൽ പഞ്ചായത്തിന്റെ 22/12/2004 - ലെ 01/04(3) -ാം നമ്പർ തീരുമാനപ്രകാരം പദ്ധതി ഉപേക്ഷിച്ചു. കൺവീനർക്ക് നൽകിയ അഡ്വാൻസ് തുക 10000/- രൂപ 24/01/2007 ന് 88723/38 -ാം നമ്പർ രസീത് പ്രകാരം തിരിച്ചടച്ചിട്ടുണ്ട്.<br>**5. തൊടാക്കോട് കുളം നിർമ്മാണം**<br>പ്രവർത്തി തുടങ്ങിയിരുന്നു. 10000/- രൂപ അഡ്വാൻസ് നൽകിയിരുന്നു. പ്രവർത്തി തുടങ്ങിയതു മുതൽ കുളം തുടർച്ചയായി ഇടിയുന്നതു കാരണം പഞ്ചായത്തിന്റെ 22/12/2004 - ലെ 01/04(3) -ാം നമ്പർ തീരുമാനപ്രകാരം പദ്ധതി ഉപേക്ഷിച്ചു. പാർട്ട് ബിൽ പ്രകാരമുള്ള തുക 5802/- രൂപ കൺവീനർക്ക് നൽകി ബാക്കി 4198/- രൂപ 06/12/2003 ന് 88711/38 -ാം നമ്പർ രസീത് പ്രകാരം തിരിച്ചടപ്പിച്ചിട്ടുണ്ട്. | | | | |

| | | | | |
|---|---|---|---|---|
| | | | | **5. [illegible] കുളം നിർമ്മാണം**<br><br>കുളം നിർമ്മാണം പൂർത്തിയാക്കി ചെക്ക്ഡാമും ഷട്ടറും നിർമ്മിച്ചിട്ടുണ്ട്. ആവശ്യത്തിന് വെള്ളം ലഭ്യമല്ലാത്തതിനാൽ പഞ്ചായത്തിന്റെ 22/12/2004 – ലെ 91/04(9) –ാം നമ്പർ തീരുമാനപ്രകാരം പമ്പ് ഉപേക്ഷിച്ചു. ഇതിനായി വാങ്ങിയ പമ്പ് സെറ്റും മറ്റു പൊതുപ്രവർത്തികൾക്ക് ഉപയോഗിക്കുന്നതിന് പഞ്ചായത്ത് ഭരണ തീരുമാനപ്രകാരം തീരുമാനിച്ചിട്ടുണ്ട്. എം ബുക്കും മറ്റ് രേഖകളും ഹാജരാക്കുന്നതിനായി ഓഡിറ്റിൽ അന്നും ഉന്നയിച്ചിട്ടുള്ളത്. അതും ഹാജരാക്കുന്നതിനുവേണ്ടി നിർവഹണ ഉദ്യോഗസ്ഥനായ ഇപ്പോൾ ചെറുവത്തൂർ കൃഷി ഓഫീസർ ആയ ശ്രീ. പി.കെ. ഗോപാലകൃഷ്ണനോട് 13/08/08 – ലെ 1003/04 – ാം നമ്പർ കത്തിലൂടെ ആവശ്യപ്പെട്ടിരുന്നു. ഇതുവരെ നടപടികൾ ഒന്നും എടുക്കാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് പ്രിൻസിപ്പൽ കൃഷി ഓഫീസർ കണ്ണൂർ, കൃഷി വകുപ്പ് ഡയറക്ടർ എന്നിവരോട് പഞ്ചായത്ത് സെക്രട്ടറി [illegible] മുഖേന യഥാക്രമം 07/07/07, 05/09/07 എന്നീ തീയതികളിൽ A1 - 1003/04 – ാം നമ്പർ കത്തിലൂടെ അപേക്ഷിച്ചിട്ടുണ്ട്.<br><br>**6. വെള്ളയിൽ കുണ്ട് കുളം നിർമ്മാണം**<br><br>പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്. വിജയകരമായി പ്രവർത്തിച്ചുവരുന്നു. |

| | | | | |
|---|---|---|---|---|
| | | | | **8. കണ്ണോടിപ്പാറ ജലസേചന പദ്ധതി**<br><br>പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. വിജയകരമായി പ്രവർത്തിച്ചു വരുന്നു. എം. ബുക്കും മറ്റ് രേഖകളും ഓഡിറ്റിന് ഹാജരാക്കാത്തതിനാലാണ് ഓഡിറ്റിൽ തടസ്സം ഉന്നയിച്ചിട്ടുള്ളത്. രേഖകൾ ഹാജരാക്കി തടസ്സം നിവാരണം ചെയ്യുന്നതിനു വേണ്ടി ചെറുവത്തൂർ കൃഷി ഓഫീസർ ആയ ശ്രീ. പി.കെ രാധാകൃഷ്ണനോട് 3/09/06 -ലെ 1003/04- ാം നമ്പർ കത്തിലൂടെ ആവശ്യപ്പെട്ടിരുന്നു. ഇതുവരെ നടപടികൾ ഒന്നും എടുക്കാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് പ്രിൻസിപ്പൽ കൃഷി ഓഫീസർ, കണ്ണൂർ കൃഷി ഡയറക്ടർ എന്നിവരോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന യഥാക്രമം 07/07/07, 05/09/07 എന്നീ തിയ്യതികളിൽ A1 - 1003/04 - ാം നമ്പർ കത്തിലൂടെ അപേക്ഷിച്ചിട്ടുണ്ട്.<br><br>**9. വടക്കുംപൊയിൽ**<br><br>കുളം നിർമ്മിച്ചു വാല്യുവേഷൻ പ്രകാരമുള്ള തുക മാത്രമേ കൺവീനർക്ക് നൽകിയിട്ടുള്ളൂ. ജലലഭ്യതയില്ലാത്തതിനാൽ പഞ്ചായത്തിന്റെ 22/12/2004 ലെ 91/04(9) - ാം നമ്പർ തീരുമാനപ്രകാരം പദ്ധതി ഉപേക്ഷിച്ചു. ടാങ്ക് നിർമ്മിച്ചിട്ടില്ല. റെയ്ഡ്കോവിൽ നിന്നും വാങ്ങിയ പൈപ്പുകളും മറ്റും പദ്ധതികൾക്കു വിതരണം ചെയ്യുന്നതിന് പഞ്ചായത്തിന്റെ 29-11-07ലെ 65/07 നമ്പർ തീരുമാനപ്രകാരം തീരുമാനിച്ചിട്ടുണ്ട്. |

# ആലക്കോട് ഗ്രാമപഞ്ചായത്ത്

| ക്രമനമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2004 - 2005 | 3 . 13.1.7.1 | | **ജലസേചന പദ്ധതി & കുളം നിർമ്മാണം**<br><br>(1) **ആറാട്ടുകടവ് ജല സേചനം, കുളം-നിർമ്മാണം**<br><br>കുളം നിർമ്മിക്കുകയും അതോടൊപ്പം പമ്പ് സെറ്റും അനുബന്ധ സാധനങ്ങളും വാങ്ങിക്കുകയും ചെയ്തു. എന്നാൽ ആവശ്യത്തിന് ജലമില്ലാത്തതിനാൽ പദ്ധതി പഞ്ചായത്തിന്റെ 20-12-2004ലെ 91/04 (9) നമ്പർ തീരുമാനപ്രകാരം ഉപേക്ഷിക്കുകയും പമ്പ് സെറ്റും പൈപ്പും അനുബന്ധ സാധനങ്ങളും പഞ്ചായത്താഫീസിൽ കൊണ്ടുവന്നു സൂക്ഷിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ 28/11/07-ലെ 85/07-00 നമ്പർ തീരുമാനപ്രകാരം കുടിവെള്ള പദ്ധതികളായ നെല്ലിപ്പാറ, നിരത്തുംപാറ എന്നീ പദ്ധതികൾക്കു വേണ്ടി പൈപ്പുകളും മറ്റും വിതരണം ചെയ്തു.<br><br>**2. കണ്ടകത്ത് കുളം നിർമ്മാണം**<br><br>പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | **3. വായം തണ്ണി കുളം നിർമ്മാണം**<br>ജല ലഭ്യതയില്ലാത്തതിനാൽ പഞ്ചായത്തിന്റെ 22/12/2004 - ലെ 31/04(5) -ാം നമ്പർ തീരുമാനപ്രകാരം പദ്ധതി ഉപേക്ഷിച്ചു. കൺവീനർക്ക് നൽകിയ അഡ്വാൻസ് തുക 10000/- രൂപ 24/01/2007 ന് 88723/30 -ാം നമ്പർ രസീത് പ്രകാരം തിരിച്ചടച്ചിട്ടുണ്ട്.<br>**4. തൊടാരെ കുളം നിർമ്മാണം**<br>പ്രവൃത്തി തുടങ്ങിയിരുന്നു. 10000/- രൂപ അഡ്വാൻസ് നൽകിയിരുന്നു. പ്രവൃത്തി തുടങ്ങിയതു മുതൽ കുളം തുടർച്ചയായി ഇടിയുന്നതു കാരണം പഞ്ചായത്തിന്റെ 22/12/2004 - ലെ 31/04(1) -ാം നമ്പർ തീരുമാനപ്രകാരം പദ്ധതി ഉപേക്ഷിച്ചു. പാർട്ട് ബിൽ പ്രകാരമുള്ള തുക 5862/- രൂപ കൺവീനറിൽ നിന്ന് ബാക്കി 4138/- രൂപ 06/12/2003 ന് 88711/30 -ാം നമ്പർ രസീത് പ്രകാരം തിരിച്ചുപിടിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| **6. ബീംബ്യൂംകോട് കുളം നിർമ്മാണം**<br><br>കുളം നിർമ്മാണം പൂർത്തിയാക്കി പൈപ്പ്ലൈനും ടാങ്കും നിർമ്മിച്ചിട്ടുണ്ട്. ആവശ്യത്തിന് വെള്ളം ലഭ്യമല്ലാത്തതിനാൽ പഞ്ചായത്തിന്റെ 22/12/2004 - ലെ 81/04(8) -ാം നമ്പർ തീരുമാനപ്രകാരം പദ്ധതി ഉപേക്ഷിച്ചു. ഇതിനായി വാങ്ങിയ പമ്പ് സെറ്റും മറ്റും പുതിയ പ്രവർത്തികൾക്ക് ഉപയോഗിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം തീരുമാനിച്ചിട്ടുണ്ട്. എം ബുക്കും മറ്റ് രേഖകളും ഹാജരാക്കാത്തതിനാലാണ് ഓഡിറ്റിൽ തടസ്സം ഉന്നയിച്ചിട്ടുള്ളത്. തടസ്സം നീക്കം ചെയ്യുന്നതിനുവേണ്ടി നിർവഹണ ഉദ്യോഗസ്ഥനായ ഇപ്പോൾ ചെറുവത്തൂർ കൃഷി ഓഫീസർ ആയ ശ്രീ. പി.കെ. രാധാകൃഷ്ണനോട് 12/09/08 -ലെ 1003/04- ാം നമ്പർ കത്തിലൂടെ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് നടപടികൾ ഒന്നും എടുക്കാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് പ്രിൻസിപ്പൽ കൃഷി ഓഫീസർ കണ്ണൂർ, കൃഷി ഡയറക്ടർ എന്നിവരോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന യഥാക്രമം 07/01/07, 08/09/07 എന്നീ തീയതികളിൽ A1 - 1003/04 - ാം നമ്പർ കത്തിലൂടെ അപേക്ഷിച്ചിട്ടുണ്ട്.<br><br>**7. വെള്ളൂരിൽ കുണ്ട് കുളം നിർമ്മാണം**<br><br>പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്. വിജയകരമായി പ്രവർത്തിച്ചുവരുന്നു. | | | | |

| | | | | |
|---|---|---|---|---|
| | | | | **7. കണ്ണാടിപ്പറം ജലസേചന പദ്ധതി**<br>പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്, വിജയകരമായി പ്രവർത്തിച്ചു വരുന്നു. എം. ബുക്കും മറ്റ് രേഖകളും ഓഡിറ്റിന് ഹാജരാക്കാത്തതിനാലാണ് ഓഡിറ്റിൽ തടസ്സം ഉന്നയിച്ചിട്ടുള്ളത്. രേഖകൾ ഹാജരാക്കി ഉദ്യോഗസ്ഥൻ ആരാണെന്നറിയുന്നതിന് വേണ്ടി ചെറുകുന്ന് കൃഷി ഓഫീസർ ആയ ശ്രീ. പി.കെ രാധാകൃഷ്ണനോട് 9/09/06 -ലെ 1003/04- ാം നമ്പർ കത്തിലൂടെ ആവശ്യപ്പെട്ടിരുന്നു. ഇതുവരെ നടപടികൾ ഒന്നും എടുക്കാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് പ്രിൻസിപ്പൽ കൃഷി ഓഫീസർ, കണ്ണൂർ കൃഷി ഡയറക്ടർ എന്നിവരോട് പഞ്ചായത്ത് സെക്രട്ടറി ഡയറക്ടർ മുഖേന യഥാക്രമം 07/07/07, 01/08/07 എന്നീ തീയതികളിൽ A1 – 1003/04 – ാം നമ്പർ കത്തിലൂടെ അപേക്ഷിച്ചിട്ടുണ്ട്.<br><br>**8. വടക്കുംപൊയിൽ**<br>കുളം നിർമ്മിച്ചു വാല്യുവേഷൻ പ്രകാരമുള്ള തുക മാത്രമേ കൺവീനർക്ക് നൽകിയിട്ടുള്ളൂ. അസിസ്റ്റന്റ് എഞ്ചിനീയറുടെ പഞ്ചായത്തിന്റെ 22/12/2004 ലെ 11/04(a) – ാം നമ്പർ തീരുമാന പ്രകാരം പദ്ധതി ഉപേക്ഷിച്ചു. ടാങ്ക് നിർമ്മിച്ചിട്ടില്ല. ഗുണഭോക്താക്കളിൽ നിന്നും വാങ്ങിയ രൊക്കം തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. ഭരണസമിതി പഞ്ചായത്തിന്റെ 29-11-2007ലെ 15/07 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. |

-4-

# ലോക്കൽ ഫണ്ട് ആഡിറ്റ് [illegible] സമാഹൃത റിപ്പോർട്ടിൻമേൽ

[illegible] ആലപ്പുഴ [illegible] സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന

ആഡിറ്റ് ന്യൂനതാ [illegible] Remedial measures Taken Statement)

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 169 146 | 2003-04 | 3-13-15 | | ഗുണഭോക്തൃ കമ്മിറ്റി കൺവീനർക്ക് 12-2-2004 ൽ ആഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നോട്ടീസ് നൽകി. സ്ഥലം പഞ്ചായത്തിന് സൗജന്യമായി ലഭ്യമാക്കിയതാണ്. ലാന്റ് റിലിങ്ക്വിഷ്മെന്റ് ഫോറത്തിൽ സ്ഥലമുടമ ശ്രീ എം.കമലാക്ഷൻ സ്ഥലം വിട്ടു നൽകിയിട്ടുണ്ട്. 1999-2000 വർഷത്തെ 44 നമ്പർ പ്രോജക്ടായി 20000/ രൂപ പദ്ധതി വിഹിതവും 80000/ രൂപ സന്നദ്ധ സേവനവും 100000/ രൂപ അടങ്കലുമായിട്ടാണ് ജില്ലാ പ്ലാനിംഗ് കമ്മിറ്റി അംഗീകാരം നൽകിയത് . സാങ്കേതികാനുമതിയും കെട്ടിട പ്രവൃത്തിക്ക് 100000/ രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കിയത് . പ്രോജക്ടിൽ വിഭാവനം ചെയ്തത്രയും ഗുണഭോക്തൃ വിഹിതം ഗുണഭോക്തൃ കമ്മിറ്റിക്ക് ശേഖരിക്കാൻ സാധിക്കാത്തതിനാൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. പഞ്ചായത്തിന്റെ നിർമ്മാണ പ്രവൃത്തികളുടെ മേൽ നോട്ടം വഹിക്കുന്ന ബി.എൽ.ടി.സി അംഗമായ ശ്രീ.പി.നാരായണൻ റിട്ട. അസി. എഞ്ചിനീയർ പ്രസ്തുത പ്രവൃത്തി പരിശോധിച്ചു 60660/ രൂപയുടെ പ്രവൃത്തി നടന്നതായി വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകുകയുണ്ടായി. 20000/ രൂപമാത്രമേ പഞ്ചായത്തിൽ നിന്നും ഗുണഭോക്തൃ സമിതിക്ക് നൽകിയിട്ടുള്ളൂ. 60660/ രൂപയുടെ പ്രവൃത്തി നടന്നതായി വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുമുണ്ട്. 2007-08 വർഷത്തെ പദ്ധതിയിൽ പ്രസ്തുത പ്രവൃത്തി ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിന് പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2004-05) മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് പരിഹാര നടപടി പത്രിക

Remedial Measures Taken Statement

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻ മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 194 | 2004-05 | 3-13-1-1-1 | | ആഡിറ്റിൽ പരാമർശിക്കപ്പെട്ട 18 പേരിൽ 16 പേർ അധികമായി കൈപ്പറ്റിയ വീട്ടുവാടക അലവൻസ് തിരിച്ചടച്ചിട്ടുണ്ട്. [illegible] ആഡിറ്റിൽ പരാമർശിക്കപ്പെട്ട ശ്രീ എൻ. മുഹമ്മദ്, സെക്രട്ടറി എന്നവരിൽ നിന്നും തുക ഈടാക്കിത്തരുന്നതിന് മലപ്പുറം ഡി. ഡി. പി ക്കും, ശ്രീ ഇ.പി വേണുഗോപാലൻ, എൽ.ഡി.സി യിൽ നിന്ന് തുക ഈടാക്കിത്തരുന്നതിന് ചൊക്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും രജിസ്റ്റേർഡ് കത്ത് നൽകിയിട്ടുണ്ട്. |

# ചിറക്കൽ ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡികാ നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 201 | 2004-05 | 3-13-1-5-1 | 1 | ചിറക്കൽ ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സ് കം മാർക്കറ്റ് 5-03-2005 ൽ ഉദ്ഘാടനം ചെയ്തിരുന്നു. പ്രസ്തുത കെട്ടിടത്തിലെ മുറികൾ 9-3-05 ന് ലേലം ചെയ്തെങ്കിലും മൂന്ന് മുറികൾ മാത്രം മൂന്ന് പേർ ലേലം കൊണ്ടു. 11-3-2005ലെ 108/05 തീരുമാനപ്രകാരം ലേലം സ്ഥിരപ്പെടുത്തി അറിയിച്ചുവെങ്കിലും മൂന്ന് പേരും എഗ്രിമെന്റ് വെച്ച് മുറി ഏറ്റെടുക്കാൻ തയ്യാറാകാത്തതിനാൽ ലേല ഡെപ്പോസിറ്റ് 30,000/- രൂപ കണ്ടുകെട്ടി. പിന്നീട് 11-3-2005ലെ 108/05 (4) നമ്പർ തീരുമാനപ്രകാരം 28-3-2006 ന് ലേലം ചെയ്തെങ്കിലും ആരും ലേലത്തിൽ പങ്കെടുത്തില്ല. 16-10-2006 ന് വീണ്ടും ലേലം ചെയ്തപ്പോൾ 12 മുറികൾ ലേലം കൊണ്ടു. 27-10-2006 ലെ 284/06 തീരുമാനപ്രകാരം അംഗീകരിച്ച് അവയിൽ 7 മുറികൾ എഗ്രിമെന്റ് വെച്ച് ഏറ്റെടുത്തു. ബാക്കി അഞ്ചു മുറികൾ ഏറ്റെടുക്കാൻ തയ്യാറാകാത്തതിനാൽ കെട്ടിവെച്ച തുക 50,000/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടി. 16-10-2006ലെ ലേലത്തിൽ ഏതാനും മുറികൾ നല്കാൻ കഴിഞ്ഞതിനാൽ 28-3-2007 |

| | | | | |
|---|---|---|---|---|
| | | | | തിയ്യതി ഒരിക്കൽ കൂടി ലേലം ചെയ്തപ്പോൾ ഒരുമുറിമാത്രമാണ് ലേലംകൊണ്ടത്. പ്രസ്തുലേലം 29-3-2007ലെ 37/07(3) തീരുമാനപ്രകാരം അംഗീകരിച്ചു. ജനകീയാസൂത്രണ പദ്ധതി പ്രകാരം രൂപീകരിച്ച് പ്രവർത്തിച്ചുവരുന്ന പിറക്കൽ പഴം പച്ചക്കറി ഉൽപാദക വിപണന സഹകരണ സംഘത്തിന് നെഗോസിയേഷൻ വഴി പ്രതിമാസം 2,500/- രൂപ വാടകയ്ക്ക് ഒരു മുറി അനുവദിച്ചിട്ടുണ്ട്. ആകെ 9 മുറികൾ നല്കിയിട്ടുണ്ട്. കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെയും കെട്ടിടത്തിന്റെ ഘടനയിലുള്ള പ്രത്യേകത കാരണമുള്ള ചില അസൗകര്യങ്ങളാണ് കച്ചവടക്കാരെ പിന്തിരിപ്പിക്കുന്നത്. അതിനാൽ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിലേക്ക് എത്തിച്ചേരുന്നതിന് മുന്നിൽ നിന്ന് രണ്ട് നീളൻ സ്റ്റെപ്പ് കെട്ടി വിപുലമായ സൗകര്യം ഉണ്ടാക്കുകയും ഒന്നാം നിലയിലേക്കു പോകുന്നതിനായി ഇരുഭാഗത്ത് നിന്നും നടപ്പാത നിർമ്മിക്കുകയും ഒന്നാം നിലയിൽ നിലവിലുള്ള ഒരു മീറ്റർ വീതിയിലുള്ള പാരപ്പെറ്റ് വീതികൂട്ടി സൗകര്യം ഏർപ്പെടുത്തുകയും ചെയ്താൽ മുറി ഏറ്റെടുക്കാൻ ആവശ്യക്കാർ ഉണ്ടാകും എന്നതിനാൽ നടപ്പുസാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ പ്രസ്തുത പ്രവർത്തി ഉൾപ്പെടുത്താൻ 16-05-2007ലെ 63/07 നമ്പർ റസലൂഷൻ പ്രകാരം പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. ഏറ്റവും മുൻഗണനാടിസ്ഥാനത്തിൽ പ്രസ്തുത പ്രവർത്തി നടത്തുന്നതിന് 2007-2008 വർഷത്തെ പദ്ധതി രേഖയിൽ ഉൾപ്പെടുത്തുമെന്ന് ബോധിപ്പിക്കുന്നു. |

| ക്രമ നമ്പർ | സാമാഹ്യത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 202<br>49 | 2004 – 05 | 3.13.1.6.1 | | തിരുവനന്തപുരം ലോക്കൽ ഫണ്ട് ഡയറക്ടറുടെ 23-4-2007 ലെ എൽ.എഫ്/22765/ എസ് പി എൽ സെൽ/എസ് സി 6/06 നമ്പർ കത്ത് പ്രകാരം ഡോ: കെ. ഹരികുമാറിൽ നിന്നും തുക ഈടാക്കുന്നതിന് സർചാർജ് നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. |

# അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത്

| [illegible] | [illegible] | [illegible] | | [illegible] |
|---|---|---|---|---|
| 204<br>50 | 2004/2005 | 2.12.1.2.3 | | [illegible] 24.1.2007 [illegible] 72004/- [illegible] 5.2.07 [illegible] 3.1.07 [illegible] |

| [illegible] | [illegible] | [illegible] | | [illegible] |
|---|---|---|---|---|
| 205 51 | 2004/2005 | 3.13.1.8.2 | | [illegible] |

കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 207 52 | 2004 - 05 | 3 - 13 - 1 - 10 - 1 | | ആഡിറ്റ് റിപ്പോർട്ടിന്റെ പ്രസക്തഭാഗങ്ങളുടെ പകർപ്പ് ഉത്തരവാദിയായ വെറ്ററിനറി സർജൻ ഡോക്ടർ എ.ജി.ഗോവിന്ദന് രജിസ്ട്രേർഡ് തപാലായി 12.11.2004, 05.06.2007 എന്നീ തീയതികളിൽ ഈ ഓഫീസിൽ നിന്നും അയച്ചുകൊടുത്തിട്ടുണ്ട്. മറുപടി ലഭിച്ചില്ല. ഇതുമായി ബന്ധപ്പെട്ട് കണ്ണൂർ വിജിലൻസ് പോലീസ് 06/07 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ട്. |

# ചെങ്ങളായി ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 208 53 | 2004-05 | 3.13.1.11.1 | | ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പിന്റെ 03-04-2000 ലെ ജി. ഒ. എം. എസ്. 17/2000 പ്രകാരമുള്ള ഉത്തരവിലെ 3-ാം ഖണ്ഡികയിലെ സബ്സിഡി 3.7 ഖണ്ഡികയിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് 75% സബ്സിഡിയും ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് 25% സബ്സിഡിയും ബാധകമാണെന്നും, ഇതേതിനകം 3.8 ഖണ്ഡികയിൽ പരാമർശിച്ച . . , വിഷയത്തിനും ബാധകമാണെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വെറ്റിനറി സർജൻ, ഗുണഭോക്താക്കൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണെന്നതിനാൽ 8000/- രൂപയുടെ 75% ആയ 6000/-രൂ യിൽ അധികരിക്കാതെ 6000/- രൂ യാണ് നൽകിയിട്ടുള്ളത്. ഗുണഭോക്താക്കൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. |

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 209 54 | 2004—05 | 3.13.1.11.2 | | ചെലവ് രേഖകൾ ഹാജരാക്കിയിട്ടുണ്ട്. പമ്പ് സെറ്റ് പ്രവർത്തനക്ഷമമാണെന്ന് കൺവീനർ അറിയിച്ചിട്ടുണ്ട്. നേരിട്ടുള്ള പരിശോധനയിൽ പമ്പ് പ്രവർത്തനക്ഷമമാണെന്ന് കാണാനും സാധിച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരമുള്ള പ്രവർത്തികൾ പൂർത്തീകരിച്ചതായി ബോധ്യപ്പെട്ടു. |

## മലപ്പട്ടം ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 210<br>55 | 2004-05 | 3-13-1-12-1 | | 1. 13.10.2004 ലെ എ1 505/2004 നമ്പർ പ്രകാരം അന്നത്തെ സെക്രട്ടറി ശ്രീ. ടി.വി. നാരായണന് ഇതു സംബന്ധിച്ച് വിവരം ഓഡിറ്റ് റിപ്പോർട്ടിലെ ബന്ധപ്പെട്ട ഖണ്ഡികയുടെ പകർപ്പ് സഹിതം നൽകി<br>2. 21.10.04 തീയതിയിലെ ഇതേ നമ്പർ കത്ത് പ്രകാരം പ്രസ്തുത മറുപടി നൽകിയില്ല.<br>3. ബന്ധപ്പെട്ട സെക്രട്ടറിമാരിൽ നിന്നും ലഭിച്ച മറുപടി ലോക്കൽഫണ്ട് ഓഡിറ്റ് അധികാരികൾക്ക് എ1 505/04 തീ. 16.05.07 പ്രകാരം അയച്ചു കൊടുത്തു. പുനരഭിപ്രായം ലഭിച്ചിട്ടില്ല.<br>4. 2002 മേയ് 20 ന് അവസാനിച്ച ഇൻഡെമ്നിറ്റി ബോണ്ടിന്റെ അടിസ്ഥാനത്തിൽ ബാധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. |

## ഏഴംകുളം ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 211<br>56 | 2004-2005 | 3-[illegible]-1-13 | | കോന്നക്കുഴി, കുഞ്ഞനാൽചാൽ ശുദ്ധജലവിതരണ പദ്ധതികൾക്കുവേണ്ടിയാണ് കെ.എസ്.ഇ.ബി. പമ്പ്ഹൗസുകളിൽ യഥാക്രമം 14207/-, 27965/-രൂ. അടച്ചിരിക്കുന്നത്. ഓഡിറ്റ് വെളിപ്പെടുത്തിയ പ്രസ്തുത ജലവിതരണ പദ്ധതികൾ പൂർത്തിയാക്കി ജലവിതരണം ആരംഭിച്ചിട്ടില്ല. 2003-04 വർഷം പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കി ശുദ്ധജലവിതരണം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ജലവിതരണ പദ്ധതികളുടെ കറന്റ് ചാർജ് യഥാക്രമം 14543രൂ, 19265രൂ ആണ്. |

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്റ്ററുടെ സമാഹൃത റിപ്പോർട്ടിലെ(2004-2005)
മൊകേരി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന
ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 212 | 2004-2005 | 3-13-1-14-1 | | മൊകേരി ഗ്രാമപഞ്ചായത്തിലെ 1.8.2001 ലെ [illegible] 130/01(2) തീരുമാനപ്രകാരം നിർവ്വഹിച്ച 43-ാം നമ്പർ പ്രോജക്ടായ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള [illegible] പദ്ധതിയിൽ പരാമർശിച്ച സ്ട്രീറ്റ് ലൈറ്റുകൾ 11 സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനും ആവശ്യമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പാനൂർ ഇലക്ട്രിസിറ്റി ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും 1.8.2001 ലെ 130/01 (1) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് [illegible] ആയത് പ്രകാരം ലഭിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് ഇലക്ട്രിസിറ്റി ബോർഡിൽ 37446 രൂപ 27.3.2002-ൽ അടച്ചിട്ടുള്ളത്. 2002-2003 വർഷം പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിർവ്വഹണ [illegible] ചെയ്തിട്ടുണ്ട് |

# നാറാത്ത് ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡികാ നമ്പർ | | ഓഡിറ്റ് പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 213. | 2004-06 | 3-19-1-15-1 | | ടി തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി സ്വീകരിച്ചിരുന്നു. ടി തടസ്സങ്ങളിന്മേൽ ബഹു: ജില്ലാ കലക്ടറുടെ 18-03-2008 ഉത്തരവിലെ എൽ. 2-386/02-03 ഡിസ്ക്, എൽ. 2-387/2-03/ഡിസ്ക് നമ്പർ കത്ത് പ്രകാരം കുടിശ്ശികക്കാരനിൽനിന്നു തുക വസൂൽ ചെയ്യുന്നത് സാധിക്കാത്തതിനാൽ 12-12-2006 ൽ റവന്യൂ റിക്കവറിയെക്കുറിച്ചുള്ള പ്രവൃത്തികൾ നിർത്തിവെക്കുകയുണ്ടായി. അതിനെ തുടർന്ന C.C. നമ്പർ 333/03 നമ്പറായി കണ്ണൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി II ൽ ഫയൽ ചെയ്തു. ടി കേസ് 30-01-06 നുള്ള വിധിയിൽ പഞ്ചായത്തിന് എതിരായതിനാൽ 3-6-07 നു Cr. R.P. NO. 22/2007 നമ്പറായി തലശ്ശേരി ജില്ലാ കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. കേസ് 6-9-07 നു വെച്ചിട്ടുണ്ട്. |